KOTTAYAM PUBLIC LIBRARY

Call No M04 SIV.C Acc. No 22667

Author ശിവദാസമേനോൻ എം.പി.

Title ചില്ലറ ചില്ലറ നാണ്യങ്ങൾ.

## BOOK To READER

* Thank you for not tearing my pages.
* Grateful for not Writing Comments or putting unsightly markings.

## CALLING URGENT ATTENTION

1. Tearing of pages causes permanent damage to the Book. Please think of the Reader who finds missing pages after reading that far. It is cruelty to the innocent.

2. Writing Comments and putting markings disfigure the Book. Please take care.

**Secretary**

# ചില ചില്ലറ നാണ്യങ്ങൾ

ഗ്രന്ഥകർത്താ:

**എം. പി. ശിവദാസമേനോൻ**

**ശിവദാസമേനോൻെറ എഴുപതാം**
**പിറന്നാൾക്കമ്മിററി പ്രസിദ്ധീകരണം**

1961

വില ക. 5/-

അച്ചടി
സേവിയർ പ്രസ്സ്, കോഴിക്കോട്.

NATIONAL BOOK STALL SPCS LTD. KOTTAYAM

M04

# CHILA CHILLARA NANNYANGAL

*By*

M. P. SIVADAS MENON

M04
SIV-C

*Edited by*

Kozhikkote Appukuttan Nair

22667.

*For copies apply to:*

The Secretary,
M. P. Sivadas Menon 70th Birthday Celebration Committee,
Calicut-7.

First Edition January 1961 All Rights Reserved

PRINTED AT
XAVIER PRESS, CALICUT-1


To be pure is to be happy
Sivadas Menon

22667

# അവതാരിക

ഒരു നല്ല പുസ്തകത്തിന്റെ ആദ്യപ്രസാധനം സാഹിത്യകുടുംബത്തിന്നു് ഒരുത്സവമാണു്; ഈ 'ചില ചില്ലറനാണ്യങ്ങ'ളാകട്ടെ ഒരു നല്ല പ്രസാധനമാണെന്നതിന്നപ്പുറമേ, ആരാധ്യമായ ഗുരുശിഷ്യബന്ധത്തിന്റെ ഒരു സാക്ഷാല്ക്കാരംകൂടിയാണു്. നമ്മുടെ സുപ്രശസ്തരായ ഇംഗ്ലീഷ് പ്രഫസർമാരിലൊരാളായ ശ്രീ. എം. പി. ശിവദാസമേനോൻ അന്നന്നായി കുറേ പ്രബന്ധങ്ങളെഴുതി അശ്രദ്ധമായിവിട്ടിരുന്നതിൽ കുറേ എണ്ണം, അദ്ദേഹത്തിന്റെ ഉററ ശിഷ്യന്മാർചേൎന്നു സമാഹരിച്ച്, ആ മാസ്റ്ററുടെ എഴുപതാം വയസ്സിനെ സാക്ഷിയാക്കി നമ്മുടെ സാഹിത്യലോകത്തിന്നു സമൎപ്പിക്കുന്നതാണല്ലോ ഇതു്.

ഈ ശുഭകൎമ്മത്തിൽ ഒരു പങ്കുവഹിക്കാൻ ഞാൻകൂടി ക്ഷണിക്കപ്പെട്ടതു്, ഈ ഗുരുശിഷ്യന്മാൎക്കു് എന്നോടുള്ള സ്നേഹവാത്സല്യങ്ങൾകൊണ്ടുതന്നെ. എങ്കിലും, ആലോചിച്ചുനോക്കുമ്പോൾ എനിക്കും ശ്രീ. ശിവദാസമേനോനോടു് അല്പം ശിഷ്യഭാവമുള്ളതായി പറയാൻ തോന്നുന്നു.

എന്റെ സാഹിത്യപരിശ്രമങ്ങൾക്കിടയിൽ, ഹാസ്യസാഹിത്യമെന്നു പലരും വാഴ്ത്തുന്ന ചില കൃതിവിശേഷങ്ങളെ ആ നിലയ്ക്കംഗീകരിപ്പാൻ എന്റെ മനസ്സു കൂട്ടാക്കാതായി. അവയെ നിഷേധിച്ചു പറയണമെങ്കിൽ, ഹാസ്യസാഹിത്യത്തിന്റെ തത്ത്വം ഇന്നതാണെന്നും, അതു് ആ കൃതികളിൽ പ്രവൎത്തിക്കുന്നില്ലെന്നും സമൎത്ഥിക്കണമല്ലോ. സംസ്കൃതത്തിലെ സാഹിത്യശാസ്ത്രഗ്രന്ഥങ്ങളിൽ ശൃംഗാരത്തെപ്പററിയല്ലാതെ, മററു രസങ്ങളെപ്പററി അത്ര വിശദമായ ചൎച്ചയൊന്നുമില്ല. മലയാളത്തിലെ കഥ അതിലും കഷ്ടം; വല്ലതുമുണ്ടെങ്കിൽ അതു പടിഞ്ഞാറൻ ഭാഷാസാഹിത്യങ്ങളിൽനിന്നു വകതിരിവില്ലാതെ പകൎത്തവ മാത്രമാണു്. പാശ്ചാത്യപണ്ഡിതന്മാരിൽ ഇന്ന ആൾ ഇന്നവിധം പറയുന്നു, മറെറാരാൾ മറെറാരുവിധം പറയുന്നു എന്നൊക്കെ എടുത്തെഴുതുന്നവരെ വിശ്വസിച്ചാൽ ചതി പിണയുമെന്നു് എനിക്കു പലപ്പോഴും അനുഭവപ്പെട്ടുമിരിക്കുന്നു. അതിനാൽ വ്യാസകാളിദാസപ്രഭൃതികളുടെ ചില ഹാസ്യപ്രയോഗങ്ങളെ എടുത്തപഗ്രഥിച്ചു ഹാസ്യപ്രയോഗത്തിന്നു് ഒരു തത്ത്വനിൎവ്വചനമുണ്ടാക്കുവാൻ പരിശ്രമിച്ചുവരികയായിരുന്നു ഞാൻ. ആയിടെയാണു് ശ്രീ. ശിവദാസമേനോന്റെ ചില യുവശിഷ്യന്മാർമുഖേന അദ്ദേഹത്തിന്റെ സാഹിത്യപാണ്ഡിത്യത്തേയും നൎമ്മബോധത്തെയും പററി ഞാൻ കേട്ടറി

ഞ്ഞതു്. പ്രഥമസൌകര്യത്തിൽ ഞാൻ അദ്ദേഹത്തെ ശിഷ്യഭാവേന ഉപസ്ഥാനം ചെയ്തു. ഫലം പ്രതീക്ഷിച്ചതിലും കവിഞ്ഞതായിരുന്നുതാനും.

ആളുകളെ പച്ചയായി ശകാരിക്കുന്നതുപോലും ക്ഷന്തവ്യമാണ്; എന്നാൽ ശകാരമുഠംക്കൊള്ളിച്ചുകൊണ്ടു ഹസിക്കുന്നതു കേവലം നിന്ദ്യമാണെന്നാണ് എൻെറ വാദം. അതുകൊണ്ടു്, ഇന്നു നമ്മുടെ ഹാസ്യകാരന്മാരെന്നുവെച്ചവൎക്കുള്ള ഗായത്രീമന്ത്രത്തെ —

"പരിഹാസപ്പുതുപനീർച്ചെടിയ്ക്കേടോ
ചിരിയത്രേ പുഷ്പം ശകാരം മുള്ളുതാൻ"

എന്ന ഈരടിയെ — പ്രത്യക്ഷരം എതിൎക്കുന്നതായിരുന്നു എൻെറ ചിന്താഗതി. ഇതു പുതിയൊരു കണ്ടുപിടുത്തമൊന്നുമല്ല, പാശ്ചാത്യപണ്ഡിതന്മാരിൽ പ്രാമാണികരായവർ പണ്ടേ ഈ നിഗമനത്തിലെത്തിയിരിക്കുന്നു എന്നു ശിവദാസമേനോൻ വിവരിച്ചുതന്നപ്പോഠം, എനിക്കു ലജ്ജയും തോന്നി, ധന്യതയും തോന്നി. ഈ പുതുപുസ്തകത്തിലുള്ള 'ചിരി' എന്ന ഉപന്യാസത്തിൽനിന്നു ശിവദാസമേനോൻെറ വാക്കുകഠംതന്നെ ഇവിടെ ഉദ്ധരിക്കാം: "വെറുപ്പും നിന്ദയും നമ്മുടെ വികാരത്തിന്നടിസ്ഥാനമാകുന്ന സന്ദൎഭങ്ങളിൽ സഹജമായി ചിരി വെറും ഇളിയും, നാഠം ദുശ്ശബ്ദവുമായിരിക്കും. . . . . വെറുപ്പുള്ള വ്യക്തികളെക്കുറിച്ചു് ഉള്ളിൽ തട്ടുന്ന ഫലിതങ്ങഠം നാമെല്ലാവരും ധാരാളം പറയാറുണ്ടു്. പക്ഷെ അവ എത്രതന്നെ രസമുള്ളതാണെങ്കിലും യഥാൎത്ഥഹാസ്യമായി ഗണിക്കപ്പെടാറില്ല." (ഭാഗം 68, 69).

ഇവിടെ ഞാൻ, നമ്മുടെ മറെറാരു സുപ്രശസ്ത ഇംഗ്ലീഷ് പ്രഫസറായിരുന്ന എം. പി. പോളിനെ അനുസ്മരിക്കുന്നു. അദ്ദേഹമെഴുതിയ 'ഹാസ്യത്തിൻെറ ഉൽപത്തി'യാണ്, ഞാൻ വായിച്ചിട്ടുള്ള ഹാസ്യവിവരണോപന്യാസങ്ങളിൽ കൊള്ളാവുന്ന ഒററ ലേഖനം; രണ്ടാമതിതാ, 'ചില ചില്ലറനാണ്യങ്ങ'ളിലെ ഈ 'ചിരി'യും. ഈ ഒടുക്കത്തേതിന്നു മുന്നേതിനെക്കാഠം ഒരു മാററു കൂടുമെങ്കിലേ ഉള്ളു. എം. പി. പോഠം ആ ഉപന്യാസം തുടങ്ങുന്നതിങ്ങിനെയാണ്: "ചിരിയെക്കുറിച്ചുള്ള ലേഖനം ചിരിപ്പിക്കുന്ന ലേഖനമായിരിക്കണമെന്നില്ല; നേരേ മറിച്ചാണു്. ഇത്ര ദുൎഘടമായ വിഷയം വേറെ അധികമില്ല.". ശിവദാസമേനോൻ അതു തുറന്നുപറയുന്നില്ലെന്നേ ഉള്ളു. ആ ദീൎഘലേഖനത്തിൽ, അന്യത്ര സുലഭമായ അദ്ദേഹത്തിൻെറ ചിരി ഒരിടത്തും കാണില്ല; വിഷയം കൂടുതൽ ദുൎഘടമാണെന്നു് ഉടനീളം തെളിയിക്കുകയും

ചെയ്തിരിയ്ക്കുന്നു. വിഖ്യാതരായ ഈ രണ്ട് ഇംഗ്ലീഷ് പ്രഫസർമാർ ഇങ്ങിനെ പറയുമ്പോഠം, ഹാസ്യസാഹിത്യത്തെപ്പററി പുല്ലുപോലെ ലേഖനമെഴുതിക്കൂട്ടുന്ന നമ്മുടെ ആളുകളെപ്പററി എന്തു പറയാനാണ്!

ഈ 'ചിരി'പ്രബന്ധത്തോളമോ അതിലധികമോ ഗൌരവം കൂടിയതാണ് ഇതിലുള്ള 'ഇംഗ്ലീഷ്ഭാഷ—ഇന്ത്യയിൽ' എന്ന പ്രബന്ധം. അതു് വായിച്ചപ്പോഠം, ഞാൻ മുമ്പു കേട്ടിട്ടുള്ള ഒരു മഹദ്വചനം അനുസ്മരിച്ചു: 'അനശ്വരമായ ഗ്രന്ഥമെഴുതണമോ, എങ്കിൽ നിങ്ങളുടെ തൂലിക നിങ്ങളുടെ ജീവരക്തത്തിൽ മുക്കുക'. ശിവദാസമേനോൻ ആ പ്രബന്ധമെഴുതുമ്പോഴെങ്കിലും അതു ചെയ്തിട്ടുണ്ട്, തീർച്ച.

ഇങ്ങിനെ രണ്ടോ മൂന്നോ ഉപന്യാസങ്ങഠം ഈ കൊച്ചുപുസ്തകത്തിന്ന് നല്ല കനം വെപ്പിയ്ക്കുന്നുണ്ടെങ്കിൽ, മറുവശത്ത് 'എസ്സേ' എന്ന വകുപ്പിൽപെടുന്ന ഒട്ടധികം ലഘൂപന്യാസങ്ങഠം ഇതിനെ മധുരകോമളമാക്കുന്നു. അവ ഓരോ വിധത്തിൽ ആത്മകഥകളുടെയും ചെറുകഥകളുടെയും കവിതയുടെ പോലും സുഖാസ്വാദ്യതയുംകൊള്ളുന്നു. നിങ്ങഠംക്കു തത്ത്വജ്ഞാനോന്മുഖമായ ജീവിതവീക്ഷണമാണ് വേണ്ടതെങ്കിൽ, അതും അവയിൽ മാത്രയേറിപ്പോകാത്തേടത്തോളമുണ്ട്. മുൻകാലത്തേതും ഇന്നത്തേതുമായ കേരളീയജീവിതത്തിൻെറ ലഘുചിത്രങ്ങഠം വേണ്ടവക്ക്, അവയ്ക്കു പുറമേ, കാട്ടുകളിലെ മനുഷ്യരുടെയും മൃഗങ്ങളുടെയും ജീവിതത്തിൻെറ ലഘുചിത്രങ്ങഠംകൂടി കിട്ടും. നാടു നീളെ നാനാവിധങ്ങളായ നാടകാഭിനയങ്ങഠം നടക്കുന്ന ഇക്കാലത്ത് ഏവരും വായിച്ചുവെയ്ക്കേണ്ട ഒരു ലേഖനമാണ് 'സ്ത്രീകളും നാടകങ്ങഠം.' എല്ലാററിന്നും പുറമേ, മുൻസൂചിപ്പിച്ചതുപോലെ, ഗ്രന്ഥകാരൻെറ ഉദാത്തമായ നർമ്മബോധം സർവ്വത്ര ഒളി വീശിക്കൊണ്ടു് നടക്കുകയും ചെയ്യുന്നു.

''വെള്ളക്കാരുടെ 'മുട്ടതാങ്ങി' നടക്കുന്ന ശിവദാസമേന്നെ ആക്ക്ാണറിയാത്തത്'' എന്നു ശിവദാസമേനോനോടു മുഖത്തുനോക്കിപ്പറഞ്ഞ ഒരു പെൺകിടാവുണ്ടിതിൽ; ''മാസ്റ്റർ എന്നും ഉള്ളതു പറയുന്ന ആളാണ്'' എന്നു പറഞ്ഞ ഒരു മാന്യകുടുംബിനിയുമുണ്ട്—ആ ചീനമുളകും ഈ തേന്മാമ്പഴവും ഒരേ നിപുണഹസ്തത്തിൻെറ നിർമ്മാണവൈചിത്ര്യമാണെന്നു് കണ്ടു രസിയ്ക്കാൻ തക്ക നർമ്മബോധവും തത്ത്വജ്ഞാനവുമുള്ള ഒരു ഗ്രന്ഥകാരനുമായി പരിചയപ്പെടുന്നത് ആക്കും ശ്രേയസ്കരമത്രേ.

ഞാനറിഞ്ഞേടത്തോളം, ഇതിലെ മിക്ക പ്രബന്ധങ്ങളും ശിവദാസമേനോൻ ഇംഗ്ലീഷിലെഴുതി, തൻെറ ചില ശിഷ്യരെക്കൊണ്ടു തർജ്ജമ ചെയ്യിച്ച

താണ്. ഇതിങ്ങിനെയാണെന്നു വായിച്ചാൽ ആക്കം തോന്നില്ലെന്നതു് തജ്ജമക്കാരുടെ വിജയമായി കണക്കാക്കാം. എന്നാൽ അങ്ങിങ്ങു ചില പദപ്രയോഗങ്ങൾ, 'മക്കാറി'നെന്ന ഭാവത്തിൽ പ്രയോഗിച്ചവ, വേണ്ടുവോളം ഉചിതമായോ എന്നെനിയ്ക്കു സംശയമുണ്ട്.—പക്ഷെ ഗ്രന്ഥകാരൻ അവയെ അംഗീകരിച്ച സ്ഥിതിയ്ക്കു്, ഞാനതിൽ ആവലാതിപ്പെടുന്നില്ല.

ചുരുക്കിപ്പറയട്ടെ: ഡോക്ടർ, അദ്ധ്യക്കെററ്, പ്രിൻസിപ്പാൾ, മന്ത്രി മുതലായ ഉന്നതസ്ഥാനങ്ങളിലെത്തിയ കുറേ ശിഷ്യന്മാരാണ് ഈ പ്രസിദ്ധീകരണത്തിനു് ഏർപ്പാടു് ചെയ്തതു്; അവക്കു്, സ്വന്തം പദവിയ്ക്കൊത്ത ഒരു സംഭാവന തന്നെയാണ് തങ്ങൾ മലയാളസാഹിത്യത്തിനു് നല്കുന്നതെന്നു് തികച്ചും അഭിമാനം കൊള്ളാം. ഇതിൻെറ അവതാരകനാകുവാൻ ഭാഗ്യമുണ്ടായതിൽ എനിയ്ക്കും

കോഴിക്കോട്

30—12—1960 കുട്ടികൃഷ്ണമാരാര്

# ഉള്ളടക്കം

അവതാരിക

| | |
|---|---|
| ജീവിതം—എന്റെ നോട്ടത്തിൽ | 1 |
| 'സമ്മന്തം, സന്താനം, സന്തോഷം!' | 6 |
| മലനായന്മാർ * | 16 |
| എസ്സേ | 28 |
| ചെന്നായ്ക്കളുടെ ശിക്കാർ? * | 35 |
| സാഹിത്യത്തിലെ ചില്ലറ നാണ്യങ്ങൾ | 46 |
| നരിക്കുത്ത് * | 53 |
| ചിരി | 63 |
| 'രണ്ടും വീരന്മാർ' * | 84 |
| സ്ത്രീകൾ നാടകങ്ങൾ | 97 |
| 'ഞാനും വെച്ചിട്ടുണ്ട് വെടി' * | 109 |
| പ്രാചീന കേരളത്തിലെ പരസ്പരസഹായ വ്യവസ്ഥ | 116 |
| ഇംഗ്ലീഷുഭാഷ—ഇന്ത്യയിൽ | 126 |
| വരന്റെ വരവ് (ഏകാങ്കം) | 151 |


---

* ഇവ "മലബാറിലെ ശിക്കാറി"ൽ നിന്നെടുത്തു ചേർത്തവയാണ്. അതിന്നനുവാദം നൽകിയ "ഉദയാ പബ്ലിക്കേഷൻസി"ന്നു (പാലക്കാട്) നന്ദി.

# ജീവിതം—എന്റെ നോട്ടത്തിൽ

ജീവിതത്തിൽ വലിയ വലിയ കാര്യങ്ങൾ നേടിയ മഹാന്മാരാണ് ഇതേ വരെ ഈ പംക്തിയെ അലങ്കരിച്ചുപോന്നതു്. എടുത്തുകാട്ടാൻമാത്രം യാതൊന്നും സാധിക്കാത്ത എന്നേയും എഴുതാൻ ക്ഷണിച്ചതു്, ഒരുപക്ഷെ പത്രാധിപക്കു് ഒരു പരാജിതന്റെ വീക്ഷണവുംകൂടി കിട്ടിയാൽ കൊള്ളാമെന്നു കരുതിയായിരിക്കാം. ശരി, ഇതാ.

ഒരു ധനികകുടുംബത്തിലെ കാന്നോരായിട്ടുതന്നെയാണ് ജനിച്ചതെങ്കിലും പല കാരണത്താലും കാലേക്കൂട്ടിത്തന്നെ ആവക എല്ലാ ആനുകൂല്യങ്ങളും ഉപേക്ഷിച്ചു് അനിഷ്ടപരിതസ്ഥിതികളിൽ തുച്ഛമായ ഒരധ്യാപകജോലിയിൽ പ്രവേശിക്കേണ്ടിവന്നു. ഈ കാലങ്ങളിൽ പലതരം കഷ്ടപ്പാടുകളും സുഖക്കേടുകളും അപമാനങ്ങളും ആപത്തുകളും എനിയ്ക്കു നേരിടുകയുണ്ടായിട്ടുണ്ടു്. എങ്കിലും ഇന്നും എന്റെ പ്രാർത്ഥന, ഇനിയും ജന്മങ്ങളുണ്ടെന്നതു പരമാർത്ഥമാണെങ്കിൽ, അഴകുള്ള ഈ കൊച്ചുനാട്ടിൽ ഇതേ ജോലിനോക്കിക്കൊണ്ടുതന്നെ, പക്ഷെ ഇത്രതന്നെ കയറിട്ടുപിടിക്കാതെ, ജീവിക്കാൻ ഒരൊററ ജന്മംകൂടി കിട്ടിയെങ്കിൽ! — എന്നാണ്.

'മാഷ്ഷ'ടെ ഈ ജീവിതം വിടാൻവേണ്ടി നാട്ടുകാരും വെള്ളക്കാരുമായ എന്റെ ചങ്ങാതികൾ ഏറെക്കുറെ നിബ്ബന്ധിച്ചിട്ടുണ്ടു്. 'മാഷ്ഷാ'യതിന്നു ശേഷം നമ്മുടെ നാട്ടിലെ പാരമ്പര്യത്തിന്നനുസരിച്ചു് പൊതുജനങ്ങൾ എന്നോടും പുച്ഛഭാവത്തിൽ പെരുമാറി. അതൊന്നും ഗണിയ്ക്കാതെ ഞാനെന്റെ ജോലി നോക്കി. കാരണം എനിക്കു പററിയ ജോലി അതു മാത്രമാണെന്നു്

എനിക്കറിയാമായിരുന്നു. എൻെറ കഴിവുകളുടെ പരിമിതിയെക്കുറിച്ചുള്ള ഈ ബോധം മററു പദവികളിലേയ്ക്കുള്ള ഇച്ഛ ഇല്ലാതാക്കുകയും പ്രാപഞ്ചികപരാജയങ്ങളുടെ കണ്ണിതങ്ങളിൽനിന്നും എന്നെ രക്ഷിക്കുകയും ചെയ്തു. അതെനിയ്ക്കു നല്കിയ സംതൃപ്തിയിൽ ഞാനെന്നും കൃതജ്ഞനാണ്.

ഒരു ജോലിയിൽ 'ആകെ മുങ്ങിയാൽ കുളിരില്ലെ'ന്നു മാത്രമല്ല അതിൽപ്പരമൊരാനന്ദം മററില്ലെന്നും എനിക്കു മനസ്സിലായി.

ചിലപ്പോൾ ചില ദുർമ്മോഹങ്ങൾ എനിക്കും ഉണ്ടായി. സാധ്യമെങ്കിലും നിഷേദ്ധ്യമായതിനാൽ അവയെ ഞാൻ ഒതുക്കി. വേണ്ടെന്നുവെയ്ക്കുന്നതു് പലപ്പോഴും സ്മരണയെ സുഖപ്രദമാക്കും.

ഞാനെന്നും ചെറുപ്പക്കാരുടെ നടുവിലായിരുന്നുവല്ലോ. അവരുടെ നിഷ്കളങ്കതയും ആത്മാർത്ഥതയും എൻെറ സകല ശല്യങ്ങളേയും ആട്ടിയകററി അത്ഭുതാവഹമായ ആനന്ദവും വിനോദവും പ്രദാനം ചെയ്തു. സ്വന്തം കഷ്ടപ്പാടുകൾ മാത്രമല്ല ലോകത്തിൻെറ പ്രാരബ്ധങ്ങൾതന്നെ ഞാൻ മറന്നുപോയി. അത്രയ്ക്കു സുഖപ്രദമായ സുഹൃൽബന്ധമായിരുന്നു അതു്. നൂറുനൂറുകണക്കിൽ എൻെറ മുന്നിലൂടെ കടന്നുപോയ ഇവരാരെങ്കിലും എൻെറ ഈ തീരാക്കടത്തെപ്പററി വല്ലപ്പോഴും ആലോചിച്ചിട്ടുണ്ടായിരിക്കുമോ?

'സങ്കടങ്ങളിൽനിന്നൊഴിഞ്ഞുമാറാനുള്ള നിരന്തരപരിശ്രമമാണ് ജീവിതം' എന്നു ഡോക്ടർ ജോൺസൺ ഒരിക്കൽ അഭിപ്രായപ്പെടുകയുണ്ടായിട്ടുണ്ട്. രോഗം ദാരിദ്ര്യം മാനഹാനി ഇവകൊണ്ടെല്ലാം വ്യാകുലപ്പെട്ട ഒരാളായിരുന്നു അദ്ദേഹം. പക്ഷെ, അക്കാലത്തുതന്നെ ജീവിക്കുകയും അതേവിധം കഷ്ടപ്പാടുകളനുഭവിക്കുകയും ചെയ്ത ഗോൾഡ്സ്മിത്തിൻെറ നോട്ടത്തിൽ ജീവിതം നേരെ വിപരീതമായിരുന്നു. മനുഷ്യൻെറ വൈവിധ്യങ്ങളും ആന്തരഗുണങ്ങളും സ്നേഹദാർഢ്യവും സഹനശക്തിയും ബഹുമാനിച്ചുകൊണ്ടുള്ളതായിരുന്നു അതു്. ജാതി, മതം, 'രാഷ്ട്രീയം' — ഇതിലേതിലെങ്കിലും തന്നിൽനിന്നു ഭിന്നരായവരോടു് ജോൺസനുണ്ടായിരുന്ന വെറുപ്പും പുച്ഛവും ഉഗ്രമായിരുന്നു. എന്നാൽ, ഗോൾഡ്സ്മിത്ത് എല്ലാവരേയും തുല്യനിലയിൽ സ്നേഹിച്ചു: ഏതു കാര്യത്തിലും ശാന്തതയും സഹിഷ്ണുതയും പരിപാലിച്ചു. സമകാലികർ ദുർവ്വാസസ്സായ ജോൺസനെ ഒരു ജ്ഞാനിയായും യഥാർത്ഥലോകപൌരനായ ഗോൾഡ്സ്മിത്തിനെ ഒരു വിഡ്ഢ്യാസുരനായും കരുതിപ്പോന്നു. ഈ അഭിപ്രായം തന്നെയല്ലേ അധികംപേരും ഇന്നും ഏററുപാടുന്നതു്?

ജീവിതം ഒരു സ്വപ്നമല്ല. എല്ലിലിലകൾക്കുവേണ്ടി വഴക്കടിക്കുന്ന പട്ടിണിപ്പേക്കോലങ്ങൾ; കുഷ്ഠം തുടങ്ങി ഭയങ്കരമാററാവ്യാധികൾ പിടിപെട്ടു പിടയുന്ന രോഗികൾ; ആദർശത്തിന്റേയോ ദൈവത്തിന്റേയോ പേരിൽ പെണ്ണുങ്ങളേയും കുട്ടികളേയും കൊത്തി കണ്ടംതുണ്ടമാക്കുന്ന ചെഞ്ചോരപ്പിശാചുക്കൾ; പ്രകൃതികോപങ്ങൾ; ഇവയെല്ലാം കണ്ടിട്ടുള്ള ഒരുവന്ന് ഒരിക്കലും ഈയഭിപ്രായം തോന്നുകയില്ല. മനുഷ്യന്റെ കഷ്ടപ്പാടുകൾക്ക് ആദിയും അന്തവുമില്ല ഇതെല്ലാം ശരിയെങ്കിലും മറെറാരു വശംകൂടി നാം നോക്കേണ്ടതുണ്ട്. വ്യാധിയോടും പ്രകൃതിയോടും മല്ലിട്ടു ജയം നേടിക്കൊണ്ടാണ് മനുഷ്യന്റെ സുന്ദരങ്ങളും സാഹസികങ്ങളുമായ എല്ലാ ഗുണങ്ങളും പുറത്തുവന്നതു്; അങ്ങനെ ജീവിതത്തിലെ എല്ലാ തുറകളിലും പുരോഗതി നേടുവാനും കഴിഞ്ഞിട്ടുള്ളതു്. ജീവിതായോധനത്തിൽനിന്നു തികച്ചും വിമുക്തരാവുകയെന്നുവെച്ചാൽ, മനുഷ്യൻ നിശ്ചലതയിലേയ്ക്കും കിരാതത്വത്തിലേയ്ക്കും വഴുതിവീഴുകയെന്നാണർത്ഥം. ഐശ്വര്യപ്രമത്തതയിൽ അന്ധമായി വിലസിയിരുന്ന സാമ്രാജ്യങ്ങൾ ബലഹീനങ്ങളായി മണ്ണടിഞ്ഞതെങ്ങിനെയാണെന്നു ചരിത്രം പറയുന്നുണ്ട്. അതിസുഖത്താൽ ജീവിതസമരത്തിന്നു വയ്യാതായി തോററ പലരേയും നാംതന്നെ കാണാറുണ്ട്. പടച്ചവന്നു തന്റെ പണി അറിയാമെന്നു വിശ്വസിക്കാതെ വയ്യ!

ഏതു ദോഷത്തിന്നും ഒരു ഗുണമുണ്ട്. വിശപ്പാണ് ഭക്ഷണത്തിന്ന് ആർത്തിയും രുചിയും നല്കുന്നതു്; നമുക്ക് ഊക്കും പൗരുഷവും നല്കുന്നതു് അദ്ധ്വാനവും. ദൈവം പ്രകൃതിക്ക് ഇത്രമാത്രം സൗന്ദര്യം നല്കിയതുതന്നെ ജീവിതവൈരുപ്യങ്ങളുടെ ബീഭത്സത മയപ്പെടുത്തുവാനല്ലേ? മനുഷ്യപ്രകൃതി വിശ്വാസമായും സ്നേഹമായും പ്രതികൂലപരിതസ്ഥിതിയിൽ പരാക്രമമായും രൂപാന്തരപ്പെടുന്നതും നാം കാണുന്നു. ദൈവസാന്നിധ്യത്തിന്റെ ഓരോ സാന്ത്വനസൂചനകളാണ് ഇവയെല്ലാം. അദ്ദേഹത്തിൽ ലേശമെങ്കിലും വിശ്വാസമില്ലാത്ത ഒരാളുണ്ടോ. നാസ്തികന്മാർ എന്നഭിമാനിക്കുന്നവർ ഒന്നുകിൽ 'കണ്ണുണ്ടായിട്ടും കാണാതെയും ചെകിടുണ്ടായിട്ടും കേൾക്കാതേയും' ഇരിക്കുന്ന വിഡ്ഢികൾ; അല്ലെങ്കിൽ വിജ്ഞാനംകൊണ്ടു നമ്മെ വ്യാമോഹിപ്പിക്കാൻ ശ്രമിക്കുന്ന 'വിദ്വാന്മാർ' ആണ്.

ലോകം പുരോഗമിച്ചുകൊണ്ടേയിരിക്കുകയാണ്. ആർക്കുമിതു നിഷേധിയ്ക്കാൻ വയ്യ. നമ്മുടെ നാട്ടിൻപുറത്തെ നിത്യജീവിതംതന്നെ നോക്കു: കേരളത്തിൽ ഇന്നു കാണുന്നവർ നമ്പൂതിരിപ്പാടന്മാർ നാടുവാഴിപ്പാടന്മാർ തുടങ്ങിയ

'കഷ്ടപ്പാട'ന്മാരുടെ കീഴിൽ ഓച്ഛാനിച്ച് ജീവിച്ചിരുന്ന 'എറാനടിയ'ന്മാരാണോ? പണ്ടത്തെ കെട്ടഴിഞ്ഞ ജീവിതത്തിൽനിന്നു വിട്ടു നമ്മുടെ സ്ത്രീകളും ശരിയായ സതീത്വം നേടിക്കൊണ്ടുവരികയല്ലേ?

യുവാക്കളും ഇതുപോലെതന്നെ. മുപ്പതു വഷങ്ങളിലധികം അവരുടെ ഇടയിൽ ജീവിച്ച എനിക്കു് ഉറപ്പിച്ചുപറവാൻ കഴിയും അവരൊട്ടും മോശക്കാരായിട്ടില്ല എന്നു്. അമ്പതു കൊല്ലങ്ങൾക്കപ്പുറമുള്ള ചെറുപ്പക്കാരേക്കാൾ അവരെന്തുകൊണ്ടും മെച്ചപ്പെട്ടവർതന്നെ. പ്രസന്നവദനരായ ഇവരെപ്പററി സാധാരണ കിഴവന്മാർ സപൂച്ഛം പഴിക്കലാണു് പതിവു്; അവരോ അവരുടെ നല്ലപ്പൻകാലത്തുപോലും ശുദ്ധ 'കാററു'കളായിരുന്നു. ഇന്നത്തെ ചെറുപ്പക്കാർ ഇവരേക്കാൾ കാര്യവിവരവും കാര്യഗൗരവവും ഉള്ളവരാണു്. തെല്ലൊരു ചാപലൃവും 'കൗരങ്ങ്യു'വും അവക്കുണ്ടെങ്കിൽ അതാപ്രായത്തിന്നു പറഞ്ഞതാണു്. അതു കാണുമ്പോൾ എനിക്കു ചിരിക്കാനേ തോന്നാറുള്ളു. ഭാവിയിൽ അവരിൽ നിന്നു ഞാൻ വളരെയേറെ പ്രതീക്ഷിക്കുന്നു.

മനുഷ്യഹൃദയത്തെ ദഹിപ്പിക്കുന്ന രണ്ടു കാളക്കൂടങ്ങൾ, സ്വാത്ഥവും സിദ്ധാന്തഭ്രാന്തുമാണു്. ഇവ വ്യക്തിപരമാവാം; വഗ്ഗപരമാവാം; ജാതിപരമാവാം. നമ്മുടെ ഉത്തമാദശ്ങ്ങളെല്ലാം ഇവമൂലം നശിക്കുന്നു. ഔദാര്യം ആരംഭിയ്ക്കുന്നതു് പടിഞ്ഞാററയിൽവെച്ചാവണം; പക്ഷെ അതവിടംകൊണ്ടവസാനിപ്പിച്ചുകൂട. മാനവസമുദായത്തിൻെറ നന്മ അവകാശപ്പെട്ടുകൊണ്ടുള്ള പല പ്രവത്തനങ്ങളും ഒരാളുടേയോ ഒരു സംഘത്തിൻേറയോ മാത്രം ഉൽക്കഷത്തിൽ ചെന്നു കലാശിക്കുന്നതു് വളരെ കഷ്ടം.

ഇവയ്ക്കൊന്നും മറുമരുന്നില്ല. ദ്വേഷ്യപ്പെട്ടു വെളിച്ചപ്പെടുന്നതു വെറുതെ; ഭേദം ചിരിക്കുകയാണു്. അതാണെളുപ്പവും; പ്രത്യേകിച്ചു് നമുക്കും ഈ കുററങ്ങളുണ്ടെന്നു മനസ്സിലാവുമ്പോൾ. ഗൌരവമധികമായതാണു് നമുക്കൊക്കെയുള്ള തകരാറും ബുദ്ധിമുട്ടും. അതുതന്നെയാണു് ക്രമേണ നമ്മെ സഹിഷ്ണുതയില്ലാത്ത ക്രൂരന്മാരാക്കുന്നതു്. ഏതഭിപ്രായവും കക്ഷിവാദവും മുക്കാലും തെററാണെന്നറിഞ്ഞാലെങ്കിലും അതു സമ്മതിക്കാൻ നാം സന്നദ്ധരാവണം. കുറച്ചു കളിയും ചിരിയും വിട്ടുവീഴ്ചയുമില്ലാത്ത ജീവിതം ദുസ്സഹമാണു്.

മററുള്ളവരെ വേണ്ടപോലെ സ്നേഹിക്കയും ആദരിക്കുകയും മാത്രമാണു്, നാം സ്നേഹിക്കപ്പെടാനും മാനിക്കപ്പെടാനുമുള്ള ഒരേയൊരു വഴി. വാസ്തവങ്ങൾ നിഷേധിക്കാതിരിക്കുക; മാററാൻെറ അഭിപ്രായങ്ങൾ മാനിക്കുക; ആരും

വികാരവിധേയരാണെന്നു് ഓക്കുക. ഇവ മാത്രമാണു് സാധാരണക്കാരനു് ലോകത്തിൽ ശാന്തിയും സമാധാനവും നേടാനുള്ള ഉപായങ്ങൾ.

കമ്യൂണിസം വന്നുചേരുമോ എന്ന ഭയമാണു് ഇന്നു് ആളുകൾക്കാകെ. എന്നാലെന്തു്? ആ കുട്ടികൾ എച്ചിലിലകൾക്കുവേണ്ടി ശണ്ഠകൂടാതിരിക്കുമെങ്കിൽ!—എന്നാലതോടൊപ്പംതന്നെ രക്തച്ചൊരിച്ചിലും സ്വാതന്ത്ര്യഹാനിയും വരും. റഷ്യ നശിച്ചാലും കമ്യൂണിസം ലോകത്തിൽ വല്ല രൂപത്തിലും നിലനില്ക്കാനാണവകാശം. പക്ഷെ പരിവൎത്തനം അവിടംകൊണ്ടും അവസാനിച്ചില്ല. സ്വാതന്ത്ര്യകോലാഹലം ശമിക്കുന്നതിന്നു മുമ്പുതന്നെ ഏതെങ്കിലും ഒരു ഭയങ്കരരൂപത്തിൻെറ കാൽക്കീഴിലമൎന്നു് മനുഷ്യൻ പിന്നേയും നരകിക്കുന്നതാണു് കാണുന്നതു്. വിപ്ലവത്തെത്തുടൎന്നു് അടിമത്തം; വീണ്ടും വിപ്ലവം; ഇതത്രേ പരിവൎത്തനരീതി. ഏതായാലും ഒന്നു തീൎച്ച: ഈശ്വരൻ നമുക്കായി ഒരു സുഖപൗൎണ്ണമി ഉദ്ദേശിച്ചിട്ടില്ല. . . . പിന്നെ, നാമെന്തിനു് ചിരിക്കാതിരിയ്ക്കണം!

# "സമ്മന്തം, സന്താനം, സന്തോഷം!"

സ്വാതന്ത്ര്യാവേശം കത്തിപ്പടൎന്നു് നാടാകെ പൊട്ടിത്തെറിച്ചിരുന്ന കാലം. ഘോഷയാത്രകളും ജാഥകളും ആഹ്വാനങ്ങളും അവയുടെ മാറെറാലിയുംകൊണ്ടു് അന്തരീക്ഷം സദാ മുഖരിതമായിരുന്നു. സ്കൂളുകളിലും പള്ളിക്കൂടങ്ങളിലും ഹാജർ നന്നേ കുറവായി — എന്നല്ല, പലതും തീരെ പൂട്ടിയിടുകതന്നെ ചെയ്തു. സ്കൂൾപിള്ളരെക്കൂടി കൂട്ടിയാൽ മാത്രമേ 'പ്രസ്ഥാന'ത്തിന്നു മേനിയും മുഴക്കവും കിട്ടുകയുള്ളുവെന്നു് നമ്മുടെ നേതാക്കന്മാർ ആരോടും ചോദിക്കാതെ, എങ്കിലും അഭിപ്രായഭേദമില്ലാതെ, തീരുമാനിച്ചുകഴിഞ്ഞു. കുട്ടികളോ, പാതി ആത്മാൎത്ഥത, പാതി അധ്യാപകന്മാരോടങ്കംവെട്ടി ദേഷ്യശമനം ചെയ്യാനുള്ള അസുലഭചാൻസു് ഇങ്ങിനെ കോലാഹലത്തിൽ മുങ്ങി ലഹളക്കൂട്ടിയെന്നേയുള്ളു.

ഏതായാലും അങ്ങിനെയിരിക്കുന്ന കാലത്തു് — കാലനിൎദ്ദേശമാണിവിടെക്കാര്യം — ഒരു ദിവസം എന്റെ കോളേജിന്നടുത്തുള്ളൊരു ഹൈസ്കൂളിലെ വാൎഷികോത്സവത്തിന്നു് എനിക്കൊരു ക്ഷണം കിട്ടി — പ്രസംഗത്തിന്നോ സമ്മാനദാനത്തിന്നോ ഒന്നുമല്ല, അന്നത്തെ നാടകത്തിൽ 'ചൊട്ടിപ്പണി'ക്കു്.

കോളേജു വിട്ട ഉടനെ ഞാൻ നേരെ ആ സ്കൂളിലേക്കു തിരിച്ചു. ഗേറ്റു് കടന്നകത്തുചെന്നതും, ഒരു വശത്തു രണ്ടുമൂന്നു പെൺകുട്ടികൾ ചുമരിന്മേൽ എന്തോ എഴുതി, അതുംനോക്കി ചിരിച്ചും ചിലച്ചും നില്ക്കുന്നതാണു് കണ്ടതു്. ഞാനടുക്കെച്ചെന്നു. 'സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം' എന്ന മുദ്രാവാക്യമാണു്, ആ കൊച്ചുവിപ്ലവകാരിണികൾ കരിക്കട്ടകൊണ്ടു കുറിച്ചുവെച്ചിരു

ന്നതു്. അതെഴുതിയ പെണ്ണിൻെറ കയ്യിൽനിന്നു് ആ കരിക്കട്ടപ്പൊട്ടു വാങ്ങി ഞാനതിൻെറ ചുവട്ടിൽ കുറേക്കൂടി വലുതാക്കി എഴുതി: ''സമ്മന്തം, സന്താനം, സന്തോഷം!'' വെറും ഒരു കുസൃതി അപ്പോൾ അങ്ങനെ തോന്നി.

''കഷ്ടം. കുറവില്ലല്ലോ. നമ്മുടെ എല്ലാ നല്ല ആദർശങ്ങൾക്കും നിങ്ങൾ സദാ എതിരാണല്ലോ'' — അവൾ ശുണ്ഠിയെടുത്തു് എൻെറ നേരെ വെട്ടു കണ്ണിട്ടു.

''അപ്പോ, ഞാനാരാണെന്നറിയോ?'' ചോദിച്ചു ഞാൻ.

''ഓഹോ, അറിയും. വെള്ളക്കാരുടെ 'മൂടുതാങ്ങി' നടക്കുന്ന ശിവദാസ മേനെന്നെ ആർക്കാണറിയാത്തതു്?''

ആ മറുപടി അത്ര ക്ഷണത്തിൽ 'ഉരുളയ്ക്കുപ്പേരി'പോലെ ഞാൻ പ്രതീക്ഷിച്ചതല്ല. പെട്ടന്നെടുത്തുകൊടുപ്പാൻ ഒരു മറുപടിയും ഇല്ലായ്കയാൽ ഞാൻ വിഷമിച്ചു. അതിലൊട്ടൊക്കെ പരമാൎത്ഥമുണ്ടായിരുന്നതുകൊണ്ടു തലയും താഴ്ത്തി ഞാൻ ചെന്ന കാര്യത്തിന്നു് അണിയറ നോക്കി അങ്ങു വേഗം നടന്നു.

കഥ ഇവിടംകൊണ്ടവസാനിച്ചില്ല. എട്ടോ ഒമ്പതോ കൊല്ലം കഴിയേണ്ടിവന്നു അതു തുടരാൻ.

ഇൻടർമീഡിയററു പരീക്ഷ കഴിഞ്ഞു് പരീക്ഷകന്മാരുടെ അവസാന തീൎപ്പിൻെറ മാൎക്കു്ലിസ്റ്റും ജയാപജയപ്പട്ടികയും റജിസ്ത്രാറുടെ കാൽക്കൽ വെച്ചു നമിച്ചു ഞാൻ കോഴിക്കോട്ടേയ്ക്കു മടങ്ങുകയായിരുന്നു. വണ്ടി ഈറോഡിലെത്തി. നേരം പുലൎന്നിട്ടില്ല. എങ്കിലും നല്ല വിശപ്പുണ്ടായിരുന്നതുകൊണ്ടു്, വല്ലതും അകത്താക്കിയില്ലെങ്കിൽ അവൻ ഇരിയ്ക്കപ്പൊറുതി തരില്ലെന്നു കരുതി ഞാൻ അവിടെ ഇറങ്ങി. ഒരുവശത്തൊരു നീണ്ട മേശമേൽ പലപല വിഭവങ്ങൾ — കാപ്പി ചായാദികൾ — ജോറിൽ നിരത്തിവെച്ചു് ഒരു ഇസ്റ്റ്ലി സ്വാമിയാർ നില്ക്കുന്നതു കണ്ടു. അയാളുടെ നേൎക്കു നടക്കാൻ തുടങ്ങി. പെട്ടെന്നൊരു സ്ത്രീ എൻെറ മുമ്പിൽ വന്നതാ ഒരു പുഞ്ചിരി സമ്മാനിയ്ക്കുന്നു. ഞാനമ്പരന്നുപോയി. ആ ഇരുളിൻെറ നേരിയ പശ്ചാത്തലത്തിലും മലയാളിയാണവർ എന്നു നല്ലപോലെ തെളിഞ്ഞുവെങ്കിലും എനിയ്ക്കവരെ മുമ്പു കണ്ടതായിട്ടോ പരിചയമുള്ളതായിട്ടോ ഒരു ധൂമ്രസ്മരണപോലും പിടികിട്ടിയില്ല. അതായിരുന്നു പരിഭ്രമം. പിറകെ ഭൃത്യന്മാരും പെട്ടി_സാമാനങ്ങൾ ഏററി പോൎട്ടർമാരും വരുന്നുണ്ടു്. മൂന്നു വയസ്സു തോന്നിയ്ക്കുന്ന ഒരു പെൺതയ്യൽ ചുമലിലുറങ്ങുന്നു, വലതുകൈ, അഞ്ചോ ആറോ വയസ്സായ ഒരു വികൃതിക്കുട്ടപ്പനു നല്കിയിരിയ്ക്കയാണു്.

പുഞ്ചിരി സമ്മാനിയ്ക്കുക മാത്രമല്ല ഉണ്ടായുള്ളു. കൂടെയൊരു 'ഗുഡ് മോർണിങ്ങ് സേറും' കിട്ടി. ലവലേശം മനസ്സിലായില്ല എനിയ്ക്കാളെ. ആളെ മാറിപ്പോയതാവും എന്നുതന്നെ ഞാൻ ഊഹിച്ചു, അവരെ വലംവെച്ചു ഞാൻ മുന്നോട്ടു നീങ്ങി.

"എന്താ മാസ്റ്റക്ക് എന്നെ തീരെ ഓർമ്മയില്ല, അല്ലേ?"— എന്നായി അവരുടെ കുണ്ഠിതവും ഉൽക്കണ്ഠയും നിറഞ്ഞ ചോദ്യം.

"ഇല്ലല്ലോ, അയാം സോറി" എന്നു പറഞ്ഞു ഞാൻ തിരിഞ്ഞുനിന്നു വിവരങ്ങൾ ചോദിയ്ക്കാൻ തുടങ്ങി. അപ്പോഴാണ് ഇതന്നത്തെ കഥയുടെ ബാക്കിയാണെന്നു മനസ്സിലായതു്. അന്നു്, സ്വാതന്ത്ര്യസമരസമാരംഭകാലത്തു സ്കൂളിന്റെ ചുമരിന്മേൽ പരന്ത്രീസുവിപ്ലവമുദ്രാവാക്യങ്ങളെഴുതിയ ചീനമുളകാണിവൾ. ചുവട്ടിൽ ഞാനെഴുതിയ കുസൃതിയും അവളോർമ്മപ്പെടുത്താതിരുന്നില്ല. എന്നിട്ടൊടുവിൽ ഇങ്ങിനെയും: "മാസ്റ്റർ എല്ലായ്പ്പോഴും ഉള്ളതു പറയുന്നാളാണ്. അന്നെഴുതീലേ, അതാ വാസ്തവം. എന്നെസ്സംബന്ധിച്ചു് അതു പ്രത്യക്ഷാനുഭവമാണ്."

അന്നത്തെ ചീനമുളകല്ല ഇന്നവൾ. അന്നത്തെ മെലിഞ്ഞു 'പരോശാ'യ ദേഹവും, ഊറാമ്പിലിക്കൈകാലുകളും, ഗ്രഹണിപ്പെണ്ണിന്റെ കണ്ണും ഒന്നുമല്ലിപ്പോൾ. നല്ല പൊക്കംവെച്ചിരിയ്ക്കുന്നു, പ്രൌഢിയും. വെളുപ്പും തടിയും ചേർന്ന് എന്തെന്നില്ലാത്ത ഒരന്തസ്സ്. തന്നേയുമല്ല, മുഖത്തുള്ള പ്രസാദവും സുഖദസൂചനകളും വളരെ ആകർഷകമായി എനിയ്ക്കു തോന്നി.

പിന്നെ കാര്യമെല്ലാം വെളിപ്പെടുത്തി: "'അദ്ദേഹം' ഒരു ഡോക്ടർ. അസിസ്റ്റൻട് സർജ്ജനായിട്ടു തൃശ്ശിനാപ്പള്ളിയ്ക്കു മാററം പോവുകയാണ്. ഈ രണ്ടു കുട്ടികളേയുള്ളു." ഇങ്ങിനെ പറഞ്ഞുനില്ക്കുമ്പോഴേയ്ക്കു് 'അദ്ദേഹ'മതാ വരുന്നു — വിശേഷപ്പെട്ട ഉടുപ്പുകളും മററും ധരിച്ചു തടിച്ചു വെളുത്തു തല കഷണ്ടിയായ ഒരു ഭവ്യൻ. എന്നെ 'അദ്ദേഹത്തി'ന്നു പരിചയപ്പെടുത്തിക്കൊടുത്തു — "കണ്ടതു വളരെ സന്തോഷം."

കഥകൾ പലതും പറഞ്ഞു. ഇതിലിടയ്ക്കവളൊരു നൂറെററു പ്രാവശ്യം 'അദ്ദേഹ'ത്തിന്റെ മുഖത്തു നോക്കിയിട്ടുണ്ടാവും. നോക്കുമ്പോഴെല്ലാം നില്ല്ജ്ജം നില്ലോഭം കാണിച്ചിരുന്ന വാത്സല്യത്തെ പ്രായംചെന്ന എന്റെ കണ്ണുകൾ കണ്ടുപിടിയ്ക്കാതിരുന്നില്ല.

"കുറച്ചു കാപ്പി കൊണ്ടുവരീയ്ക്കട്ടെ" അവരെ വണ്ടിയിൽക്കയററി ഞാൻ ചോദിച്ചു.

"വേണ്ട — ഞാൻ കൊണ്ട്രീക്കാം" എന്നു പറഞ്ഞു ഡോക്ടർ പുറത്തു ചാടി ഇസ്ക്ലിസ്വാമിയാരുടെ നേരെ നടകഴിഞ്ഞു.

'അദ്ദേഹത്തിൻേറയും ഈ രണ്ടു ചെറിയ കുട്ടികളുടേയും സൌകര്യങ്ങളും സുഖങ്ങളും' മാത്രമാണവളുടെ ചിന്ത. അയാൾ പറയുന്നതും ചെയ്യുന്നതും അതേപ്പററി മററുള്ളവരോടു പറയുന്നതും മാത്രം കൌതുകം. അവക്കുവേണ്ടി തൻെറ ആവശ്യങ്ങൾ പലതും വേണ്ടെന്നുവെച്ചു ജീവിക്കുന്നതിൽ മുഖ്യ സൌഖ്യം. അതിൻെറ സുഖം ഒന്നു വേറെത്തന്നെയാണെന്ന്, അവൾ പറയാതെത്തന്നെ മനസ്സിലാക്കാൻ വിഷമമുണ്ടായിരുന്നില്ല.

ത്യാഗങ്ങളിൽനിന്നാണ് സുഖങ്ങളിൽ മികച്ച സുഖം നമുക്കു ലഭിക്കുന്നതെന്ന് എനിക്കു ബോധ്യമായി. അവളുടെ സ്ഥിതി, ഒരു വേള അടിമത്തമായിക്കരുതുന്ന ഒരു കൂട്ടരുണ്ടാവാം. എന്നാൽ സ്വാതന്ത്ര്യം മൂക്കററം കോരിക്കുടിച്ചു രാഷ്ട്രീയകാര്യങ്ങളിൽ ഓലോലം മുങ്ങി കീത്തിയുടെ കെട്ടേററാൻ ഒരു ചുമട്ടുകാരനേക്കൂട്ടി നടക്കുന്ന സുപ്രശസ്തകൾക്കും ഈ അടിമത്തം കാണുമ്പോൾ അസൂയകൊണ്ടു കണ്ണു ചുവക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

അവരുടെ വണ്ടി പോയി. എൻെറ വണ്ടിയും ഓടുകയാണ്. വളരെ വേഗത്തിൽ ഞങ്ങളകന്നുതുടങ്ങി. പക്ഷേ, അതറിയാത്തവിധം എൻെറ ബുദ്ധി ഈ മാതിരി കാര്യങ്ങളെക്കുറിച്ചാലോചിച്ചാലോചിച്ചു കാടു കയറി. മലഞ്ചെരിവുകളിലും ഗിരിനിരകളിലും അവൻെറ നായാട്ടു തുടങ്ങി.

'സ്വാതന്ത്ര്യമോ?'—കഷ്ടം! സ്ത്രീകളുടെ സാക്ഷാൽ സ്വാതന്ത്ര്യം അനുരൂപനായ ഭത്താവിനോടുള്ള ചേച്ച്യും അദ്ദേഹത്തോടു വേണ്ടിവരുന്ന വിധേയത്വവുമല്ലാതെ മറെറന്താണ്? ഇതു തന്നെ — സമ്മന്തം, സന്താനം, സന്തോഷം. അങ്ങിനെയൊരു ഭത്താവും കുട്ടികളുമാണ് വാസ്തവത്തിൽ ജീവിതത്തിലെ യഥാൎത്ഥ ദേവന്മാരും ദേവികളും.

സ്ത്രീകൾക്കങ്ങനെയാണ്, പോകട്ടെ. എന്നാൽ പുരുഷന്മാക്കോ? ഇതിലും മെച്ചപ്പെട്ടൊരു സ്ഥിതി ഈശ്വരൻ ഇച്ഛിച്ചിട്ടുണ്ടോ എന്ന കാര്യത്തിലും സംശയമുണ്ട്.

ഒന്നാലോചിച്ചു നോക്കുക.

കാററും വെളിച്ചവും ഒന്നും തട്ടാൻ നിവൃത്തിയില്ലാതെ "ഹെർമെററിക്ക"ലായി തുന്നിക്കൂട്ടിയ ഒരു സഞ്ചിയിൽനിന്നാണ് നമ്മുടെ 'സ്വാതന്ത്ര്യ'ത്തിൻെറ തുടക്കം. പത്തു മാസക്കാലമാണ് അതു്. ഭക്ഷണവുംകൂടി അമ്മയുടെ

രക്തത്തിൽനിന്നു പൊക്കിൾവഴി വലിച്ചെടുക്കണം. ഇതിൽപ്പരമൊരു സ്വാതന്ത്ര്യമുണ്ടോ!

പത്തു മാസം കഴിഞ്ഞു ഭൂസ്പർശമേററാൽ രണ്ടാണ്ടുകൾ മലൻകിടന്നു കാലും കയ്യും എറിഞ്ഞും കുടഞ്ഞും, വിശക്കുമ്പോൾ കരഞ്ഞും, മററു സമയങ്ങളിൽ അർത്ഥവ്യവസ്ഥയില്ലാത്ത ഒച്ചകൾ പുറപ്പെടുവിച്ചും ആണ് സ്വതന്ത്രജീവിതം നയിയ്ക്കുന്നതു്. ഒരു പൂച്ചക്കുട്ടിയോ എലിക്കുട്ടിയോ അതെ പ്രായത്തിൽ ഇതിലേറെ സ്വതന്ത്രരാണ്; കഴിവുററവരും, വിരുതന്മാരും. മനുഷ്യക്കുഞ്ഞുങ്ങൾ വെള്ളത്തിൽ വീഴുക തുടങ്ങിയ ആപത്തുകളിൽപ്പെട്ടു് ആരും കാണാതെ പോയാൽ, ചത്തുപോകയല്ലാതെ ഗത്യന്തരമില്ല.

ചത്തില്ല, ജീവിച്ചുവെന്നുതന്നെ കരുതുക. കമിഴ്ന്നുരുണ്ടും മുട്ടുകുത്തിയും നീന്തിയും പിച്ചവെച്ചും പുരോഗമനാത്മകമായ ജീവിതം തുടങ്ങിയാൽ അധികമായി കഷ്ടപ്പാടു്. മൂക്കും മുഖവും ഓരോ സ്ഥലത്തു തട്ടിയും മുട്ടിയും, വീണു വേദനിച്ചും, കരഞ്ഞും എത്രകാലം ഉന്തിത്തള്ളണം! തൊട്ടതിനും പിടിച്ചതിനുമെല്ലാം കരയുക മാത്രമാണ് രക്ഷ. സ്വന്തമായി വല്ല ഭക്ഷണവും തേടിപ്പിടിയ്ക്കാനോ അനുഭവിയ്ക്കാനോ സാധ്യമല്ല. സകലത്തിനും വേണം മററുള്ളവർ. മനുഷ്യരേപ്പോലെ ഇങ്ങിനെ പരവശരും പരാധീനരുമായി ജീവിതം തുടങ്ങുന്ന മറെറാരു ജീവിയും ലോകത്തിലില്ല.

ഈശ്വരൻ സഹായിച്ചിട്ടിക്കാലവും കഴിഞ്ഞുകിട്ടി. കുറേശ്ശെ തപ്പിപ്പിടിച്ചു നടക്കാനും ചില വാക്കുകൾ പുറപ്പെടുവിയ്ക്കാനും ചിലതെല്ലാം മനസ്സിലാക്കാനും കളിയ്ക്കാനും തുടങ്ങിയെന്നുവെച്ചാലോ? അപ്പോൾ ഒന്നും ആശിച്ച വിധമാവില്ല. ശുണ്ഠി വരും. ചിലതുടയാനും മറിയാനും തൂവാനും തുടങ്ങും. ഇവയ്ക്കെല്ലാം ചുററുമുള്ളവർ ശകാരിയ്ക്കാനും ലഹളകൂട്ടാനും, ചിലപ്പോൾ ചന്തിയ്ക്കൊരു നുള്ളുവെച്ചുകൊടുക്കാനും സദാ സന്നദ്ധന്മാരുമാണ്. എന്തു ചെയ്താലും തെററ്; ചെയ്തില്ലെങ്കിലും തെററ്. എന്നും, എല്ലായ്പ്പോഴും കുററക്കാരൻ. ഇക്കാലമത്രയും കരഞ്ഞും പിഴിഞ്ഞും ശുണ്ഠിയെടുത്തും കുണ്ഠിതപ്പെട്ടും ആണ് ദിവസങ്ങൾ തള്ളിമാററുന്നതു്.

പിന്നെയാണ് സ്കൂൾപ്പോക്കു തുടങ്ങുന്നതു്. വീട്ടിലെ ശല്യത്തിൽനിന്നു വിമോചനം തേടാനാണവിടെപ്പോകുന്നതു്. 'പട പേടിച്ചു പന്തളത്തു ചെന്നപ്പോൾ അവിടെ പന്തം കൊളുത്തിപ്പട' എന്നു പറഞ്ഞ കൂട്ടത്തിൽ 'മാസ്റ്റർ' എന്നൊരന്തകച്ചാരെയാണ് അവിടെച്ചെന്നാൽ എതിരിടേണ്ടിവരുന്നതു്. ആ

'വിദ്വാന്നു്' നാമെന്തു ചെയ്താലും 'ശരി ബോധി'യ്ക്കുകയില്ല. ബെഞ്ചിന്മേൽ നിത്തും, ചന്തിയ്ക്കടിയ്ക്കും, മണ്ടയ്ക്കു കിഴുക്കും, പിച്ചും, നുള്ളും. ഞാൻ പറഞ്ഞില്ലേ, സകലമാനദണ്ഡനക്രമങ്ങളും പയററി ഒരുവിധം നാലു മണിയാക്കി മണിയടിയ്ക്കും. സർക്കാറിനോടും മേലാളരോടുമുള്ള വിദ്വേഷം പലപ്പോഴും ചൊരിയുന്നതു കുട്ടികളുടെ ശിരസ്സിലാണു്. കരച്ചിൽ വിട്ട കുട്ടികളുടെ മനസ്സു കഠിന കോപപ്രതികാരങ്ങളിലേയ്ക്കു മാറുകയാണു് അതിൻെറ ഫലം. അധ്യാപകകുലം മാത്രമല്ല, വളൎന്നുവരുമ്പോഠം കണ്ട മനുഷ്യവൎഗ്ഗമാകെ ശത്രുക്കളാണെന്നൊരു ധാരണ നമ്മുടെ പിഞ്ചുമനസ്സിൽ രൂപം കൊള്ളുകയും ചെയ്യുന്നു.

ഉയൎന്നതരം സ്കൂളുകളിലേയ്ക്കോ കോളേജുകളിലേയ്ക്കോ പോയാലും ഗതി യിതുതന്നെയാണു്. മനസ്സിൻെറ അജാഗരിതമൂലയിൽ മുളച്ചുവരുന്ന വികാരവൈകൃതങ്ങഠംക്കു് പററിയ പശിമയും പരിതോവസ്ഥയുംതന്നെയാണവിടെയും. ശിക്ഷാക്രമങ്ങഠംക്കു് അല്പസ്വല്പം വ്യത്യാസങ്ങളുണ്ടാവാമെന്നു മാത്രം.

ഒടുവിൽ പഠിപ്പു കഴിഞ്ഞു വിമുക്തനായി എന്നുള്ള ജയഭാവത്തോടെ ലോകരംഗത്തു പ്രവേശിച്ചുവെന്നു വെയ്ക്കുക. വല്ലതും ഒരു ജോലിയാണല്ലോ പിന്നീടാവശ്യം. ഇതിന്നെത്രപേരുടെ കാലു തലോടണം! ഓ, ആ അധ്യായം മറിയ്ക്കാത്തതാണു് നല്ലതു്. ഉദ്യോഗാൎത്ഥം അലഞ്ഞുനടന്നവരോടു ചോദിച്ചാലല്ലേ അക്കഥ മുഴുവനറിഞ്ഞുകൂടു? ജോലിയില്ലാതെ വിഷമിയ്ക്കുന്ന നാട്ടിലെ ചെറുപ്പക്കാരോടു ചോദിയ്ക്കു, ലോകത്തിൽ പദവിയിൽ ഇരിയ്ക്കുന്ന പ്രതാപികളുടെ മനുഷ്യത്വമില്ലായ്മ എത്രത്തോളമുണ്ടെന്നു്. ജീവിതത്തോടാകെ വെറുപ്പും നിരാശതയും ഇത്ര ചെറുപ്പത്തിൽത്തന്നെ വന്നാലത്തെ കഥയെന്താണു്?

വല്ലതും രണ്ടു മുക്കാലിന്നു വക കിട്ടി, വീണ്ടും സ്വതന്ത്രജീവിതം സമാരംഭിയ്ക്കാൻ തുടങ്ങിയേയ്ക്കാമെന്നു വിചാരിയ്ക്കുമ്പോഴാണു്, മേലുദ്യോഗസ്ഥൻ എന്ന ഒരുതരം—എന്താണു് പറയേണ്ടതു് ഒരു,—ഒരു,—ഒരുതരം ചെയ്ത്താനുമായി—പടയൊരുക്കം വേണ്ടിവരുന്നതു്. നല്ലൊരുദ്യോഗസ്ഥൻ എന്നു്, കീഴ്ജീവനക്കാരെക്കൊണ്ടെങ്കിലും പറയിക്കാൻ (കണ്ണുരുട്ടിപ്പേടിപ്പിച്ചിട്ടല്ല) കഴിവുള്ളവർ എത്രപേരുണ്ടു്?

കുന്നു കയറിമറിഞ്ഞു് കുണ്ടിറങ്ങിക്കയറി ഒരു വിധം ഒരു സ്ഥലത്തു് കാൽ നീട്ടി ഇരിപ്പുറപ്പിയ്ക്കാറായാൽ പിന്നെ ഏഴാമെടത്തിൻെറ വാളിളക്കലായി. ഒരു പെണ്ണിനേയും ആണിനേയും കൂട്ടിക്കെട്ടി വിടുന്നതുവരെ ചുററുപാടുമുള്ളവർ എല്ലാവരും വേണ്ടിയുള്ളവരാണു്. അതു കഴിഞ്ഞാൽ ഇവൻെറ സ്വാതന്ത്ര്യം പരിപൂൎണ്ണവുമായി.

മുമ്പാണെങ്കിൽ തിരിച്ച വീട്ടിൽ വന്നാലെങ്കിലും കുറച്ചുനേരം സ്വൈരമായി ഇരിയ്ക്കുകയോ കിടക്കുകയോ ഉറങ്ങുകയോ ആവാമായിരുന്നു. അല്ലെങ്കിൽ വെളിയിൽപ്പോയി അലഞ്ഞുനടക്കുകയോ കടപ്പുറത്തു പോയി തിരയെണ്ണുകയോ ചെയ്യാമായിരുന്നു. ഇപ്പോഠം അതിന്നു നിവൃത്തിയില്ലാതായി. രണ്ടു തരം 'കമാൻഡിങ്ങ് ഓഫീസർമാരെ'യാണ് കണ്ടിട്ടുള്ളതു്: ക്രോധതാമ്രാക്ഷിയായി ഉച്ചത്തിൽ ആജ്ഞാപിയ്ക്കുകയും നിരനുക്രോശമായി ആക്രോശിക്കുകയും ചെയ്യുന്ന ഒരു പടപ്പ്. അല്ലെങ്കിൽ വൈമുഖ്യം സൂചിപ്പിച്ച് തിരിഞ്ഞുനടന്ന് വല്ല മൂക്കിലോ മൂലയിലോ പോയി മുഖം കൂർപ്പിയ്ക്കുന്ന ഒരു ജാതി. ഇതിലേതാണ് ഏറെ ഭയങ്കരമെന്നു പറവാൻ വയ്യ. രണ്ടിനും ഒപ്പമാണ് വിഷം. കടിച്ചാൽ പിന്നെ വെള്ളംകൂടി ചോദിയ്ക്കില്ല. ഒരു നോട്ടം മതി, അല്ലെങ്കിൽ ഒരു വാക്കു മതി അവക്ക് ഒരു ദിവസഫലം മുഴുവൻ കട്ടക്കച്ചേർത്താക്കിത്തീക്കാൻ. 'ജീവിതം — എൻെറ നോട്ടത്തിൽ' കയറിൻെറ തലപ്പത്തവസാനിപ്പിയ്ക്കുന്നതാണ് എത്രയും നല്ലതെന്നു തോന്നാത്ത നിമിഷം വളരെച്ചുരുക്കമായിരിയ്ക്കും, അത്രയ്ക്കുണ്ടു് ചില ഗൃഹേശികളുടെ കേമത്തം.

''ഈശ്വരാ ഞാനിതിനാണോ ഈ കമ്മം ചെയ്തതു്'' എന്നു തോന്നിപ്പോവും, പറഞ്ഞുംപോവും. ഗൃഹസ്ഥാശ്രമം എന്ന പദത്തിൻെറ സൌന്ദര്യമാധുര്യങ്ങഠം വേണ്ടതിലേറെ ഘോഷിയ്ക്കുന്ന ഒരു സ്വഭാവവും പതിവും നമ്മഠംക്കുണ്ടു്. എന്നാൽ ആശ്രമത്തിന്നു തീവെച്ച കാശിയ്ക്കു പോകാൻ തോന്നും, അതിൽ പ്രവേശിച്ചാൽ പലപ്പോഴും.

പരിപൂർണ്ണമായ സന്തോഷത്തിൽ ചെന്നുനില്ക്കുന്ന ദാമ്പത്യം ഇല്ലെന്നിതിന്നത്ഥമില്ല. പതിനായിരത്തിലൊന്നേ അതുള്ളു. അങ്ങിനെയുള്ളവരും മററു കഷ്ടപ്പാടുകളിൽനിന്നു — ദാരിദ്ര്യം, രോഗം മുതലായവയിൽനിന്നു — സ്വതന്ത്രരായിയെന്നു വരില്ല. പോയില്ലേ?

വൺ — ടു — ത്രീ — ഫോർ അങ്ങിനെ കുട്ടികളുടെ വരവായി പിന്നെ. ആവശ്യങ്ങളും കഷ്ടപ്പാടുകളും അതോടെ 'ഞാൻ ഞാൻ മുമ്പിൽ' എന്നു പറഞ്ഞു മത്സരവും തുടങ്ങും. സന്താനങ്ങഠംക്കെന്തെങ്കിലും ആപത്തു പററിയാൽ അതു നമുക്കുവന്നപ്പോളുണ്ടായതിൽ പത്തിരട്ടി സങ്കടമുഠംച്ചേക്കുന്നതാണ്. ആവാത്തതുകൊണ്ടു വേണ്ടെന്നുവെച്ച ഇനങ്ങഠം, ഒരുഭാഗത്തങ്ങിനെ കുന്നുകൂടി കിടക്കും. കഷ്ടവും നഷ്ടവും വന്നാലും, അതിലൊരു ത്യാഗത്തിൻെറ വെള്ളി

നക്ഷത്രം മിന്നിമിനുങ്ങുന്നതു കാണാം. അതു മാത്രമാണ് അച്ഛനമമ്മയുമായാലത്തെ സുഖം. പക്ഷെ അതു മനസ്സിലാക്കി അനുഭവിയ്ക്കാൻ മനസ്സുവേണം; അതിലുപരി മനക്കരുത്തും വേണം.

അവിടുന്നും പോന്നു മധ്യവയസ്കരായിത്തീരുന്നു നാം. ഭാരങ്ങളും ദുരിതങ്ങളും കഷ്ടങ്ങളും അരിഷ്ടകളും അപ്പോഠ ഏറാനല്ലാതെ കുറയാനല്ല ഭാവം. മുമ്പാക്കം വെയ്ക്കുന്ന ചിലവു്, പിറകോട്ടു പോകുന്ന വരവു്. ഈ നശിച്ച ചുമതലബോധം വിട്ടു് അടിയൊന്നു പിഴച്ചുവെച്ചാൽ നോക്കിക്കോ എന്നു പറഞ്ഞു്, നിയമം ആയുധമേന്തി തുറിച്ചുനോക്കുന്നു. പോരാ, പൊതുജനാഭിപ്രായം അരുകിലും മുക്കിലും നിന്നു മുറുമുറുക്കുകയും ഇടയ്ക്കോരോന്നു ജല്പിയ്ക്കുകയും ചെയ്യുന്നു — അതാണു നമ്മുടെ സ്വാതന്ത്ര്യം.

ഇന്ത്യാരാജ്യത്തിൽനിന്നു നാം ബ്രിട്ടീഷുകാരെ തുരത്തിപ്പായിച്ചു; നമ്മഠ ആരാന്റെ ദാസന്മാരാണെന്നുള്ള കുററവും തീൻ. അന്യരാജ്യങ്ങളിൽപ്പോയാൽ നമുക്കും ഇന്നു തലപൊക്കി നെഞ്ചുന്തി നടക്കാം. മററെല്ലാ കൊടികഠക്കൊപ്പം നമ്മുടെ മൂവൺകൊടിയും ആകാശവീഥിയിൽ ആവേശത്തോടെ പറന്നുപാറുന്നു. നമ്മേയും മററുള്ളവരെപ്പോലെ വൈദേശികർ ക്ഷണിയ്ക്കാനും ബഹുമാനിയ്ക്കാനും ആദരിയ്ക്കാനും തുടങ്ങി. ഇതെല്ലാം, അഭിമാനോൽപ്ഫുല്ലമായ, പുളകോദ്ഗമകാരിയായ നേട്ടങ്ങഠതന്നെ, സംശയമില്ല. അക്കാര്യമൊന്നും ആരും നിഷേധിയ്ക്കുന്നില്ല. അതിനെപ്പററിയല്ല ഞാൻ പറയുന്നതും.

വേദാന്തവിത്തുക്കളും ഋഷീശ്വരന്മാരും പ്രഘോഷണം ചെയ്യുന്ന ഒരു സാമ്പിഠ സ്വാതന്ത്ര്യമുണ്ടു്. ആശാപാശങ്ങഠ കൊത്തിയറുത്തു ലൌകികജീവിതം ത്യജിച്ചു ഹിമാലയമഹാചലത്തിന്റെ പ്രാന്തങ്ങളിൽപ്പോയി ഇന്നോളം ആക്കും തീച്ചയാക്കാൻ സാധിച്ചിട്ടില്ലാത്ത സൃഷ്ടി–സ്ഥിതി–സംഹാരകാര്യങ്ങളെക്കുറിച്ചു ചിന്തിച്ചുകൊണ്ടു മഴയെ പ്രതീക്ഷിച്ചിരിയ്ക്കുന്ന തവളയെപ്പോലെ ഇരുന്നു നരയ്ക്കാനുള്ള സ്വാതന്ത്ര്യമാണതു്. അതാക്കു വേണം? എനിയ്ക്കു വേണ്ട, നിശ്ചയം. പ്രായമായാലും ഇനിയും ഒരിരുപതു കൊല്ലംകൂടി 'ലൌകിക'ത്തിലിരുന്നാനന്ദിയ്ക്കാനാണു മോഹം. ബ്രഹ്മപദക്കൊതി ലവലേശവുമില്ല. ഉണ്ടെന്നു പറയുന്നവക്കു് എത്രത്തോളം ആത്മാത്ഥതയുണ്ടു് എന്നെനിയ്ക്കറിഞ്ഞുകൂടതാനും. അതുകൊണ്ടു് ആ സ്വാതന്ത്ര്യത്തെപ്പററിയുമല്ല ഞാൻ പറയുന്നതു്. പിന്നെയെന്താണതു്? അതു നമ്മുടെയോരോരുത്തരുടേയും സ്വാതന്ത്ര്യത്തെപ്പററിയാണു്—വ്യക്തിസ്വാതന്ത്ര്യത്തെപ്പററി.

ആകെക്കൂടി ഇത്രയേ ഉള്ളോ ആ സ്വാതന്ത്ര്യം? ജീവിതത്തിൽ ആകെക്കൂടി ഏതെങ്കിലും ഒരു രംഗത്തിൽ യഥേഷ്ടം നടക്കുവാനോ പ്രവർത്തിയ്ക്കുവാനോ സാധിച്ചിട്ടുണ്ടോ? പുറമോടിയ്ക്ക്, ലോകാഭിരാമത്തിന്നുവേണ്ടി നാം എന്തു തന്നെ നടിച്ചാലും കാട്ടിക്കൂട്ടിയാലും നമ്മുടെ ഉള്ളിലുള്ള ചിന്തകളും ആശകളും മൃഗപ്രായങ്ങളും കഠോരങ്ങളുമാണെന്ന സത്യം ഏവനും സമ്മതിയ്ക്കേണ്ടതാണ്. ചിലൎക്കു മുതലിനോടാണ്, മററു ചിലൎക്കു സ്ത്രീകളോടാണ്, വേറെ ചിലൎക്കു വേറെ ചിലതോടാണ് ആശയും ഭ്രമവും എന്നേ വ്യത്യാസമുള്ളു. പലപ്പോഴും നമ്മുടെ മോഹങ്ങൾ നിയമമര്യാദകൾക്കു വിരുദ്ധമായിരിയ്ക്കുകയും ചെയ്യും. എല്ലാ മോഹങ്ങളും എല്ലാവൎക്കും സാധിയ്ക്കുകയാണെങ്കിൽ അഞ്ചഞ്ചു മിനു ട്ടുകൊണ്ടു ലോകം ഒലിയ്ക്കുന്ന ചോരയിലും ജ്വലിയ്ക്കുന്ന തീയ്യിലും പെട്ടു നശി ച്ചുപോകും. സംശയമൊന്നും വേണ്ട, അക്കാര്യത്തിൽ.

തെരുവിൽ നടക്കുമ്പോൾ ഒരു സുരസുന്ദരിയെക്കണ്ടു് അവളെ കെട്ടിപ്പി ടിയ്ക്കാൻ തുനിഞ്ഞാൽ പോലീസ്സുകാർ സ്ഥലത്തില്ലെങ്കിലും അപ്പുറത്തും ഇപ്പു റത്തും നില്ക്കുന്നവർ നമ്മെ വെറുതെ വിടുകയില്ല. ചുരുങ്ങിയതു് അവർ നമ്മുടെ പല്ലടിച്ചുകൊഴിയ്ക്കുകയെങ്കിലും ചെയ്യും.

ഒരു ബാങ്കിൻെറ മുമ്പിൽക്കൂടി കടന്നുപോകയാണെന്നിരിയ്ക്കട്ടെ, അവിടെ പണം പിടിപ്പതുണ്ടു്. നമുക്കാണെങ്കിൽ ബഹുതിടുക്കവും. എന്നുവെച്ചകത്തു കയറി ഒന്നോ രണ്ടോ കെട്ടു് പച്ചനോട്ടുകൾ എടുത്തു പോക്കററിലിടാൻ നമുക്കു പാടുണ്ടോ? വേണമെന്നു തോന്നായ്കയില്ല ഭയംമൂലം മര്യാദക്കാരനായി കടന്നു പോകുന്നുവെന്നു മാത്രം.

അതു പോകട്ടെ, നല്ല ഭക്ഷ്യപദാൎത്ഥങ്ങൾ കൂട്ടിവെച്ചു കാണാം ചിലേട ങ്ങളിൽ. രുചിപ്രദമായ അതിൻെറ വാസന മൂക്കിന്നുള്ളിൽ തിരിപ്പുറക്കും. ഇഷ്ടംപോലെ അതു വാരിപ്പോക്കി അടിച്ചുമാറിയാലോ? മറെറല്ലാം പോക ട്ടെ, രണ്ടു മണിക്കൂറിന്നുള്ളിൽ അതിസാരം, കഠിനവേദന, പിന്നാലെ ഡോക്ട രുടെ ബില്ലും അഭിമുഖീകരിയ്ക്കേണ്ടിവരില്ലേ?

നമുക്കൊരിടത്തേയ്ക്കു കഴിയുന്ന വേഗം എത്തണം. പത്തോ ഇരുപതോ നാഴിക ദൂരെയാണ് സ്ഥലം. അവിടെ എത്തുന്നതുവരെ കുതിച്ചു മണ്ടിയെക്കാ മെങ്കിൽ അതിന്നുപോലും സാദ്ധ്യമല്ല; സ്വാതന്ത്ര്യമില്ല, എന്നിട്ടുവേണ്ടെ? ആവശ്യങ്ങളും സുഖങ്ങളും നീതിപരിമിതികളാലപ്രാപ്യമാണ്. ഇന്ത്യാ റിപ്പ ബ്ലിക്കിലെ ഒരു പൗരൻ എന്ന നിലയ്ക്കു് എതേതെങ്കിടത്തേയ്ക്കു് നേരെ നടന്നു പോകാനുള്ള അവകാശം നിയമപ്രകാരമുണ്ടു്. എന്നാലിതു ശരിയ്ക്കു കൊണ്ടു

നടത്തിയാലോ? ചെന്നെത്തുന്നതു് അവസാനം പോല്ലീസ്സ്റ്റേഷനിലാവും, അല്ലെങ്കിൽ 'കുതിരവട്ട'ത്താവും. പത്തടി നടക്കുമ്പോഴേയ്ക്കു് എത്ര ആളുകളും വാഹനങ്ങളും മററുമായി കൂട്ടിമുട്ടി തടി 'പഞ്ചറാകണം.' അപ്പോഠം നിരത്തിൽ നടക്കുമ്പോഠം നമ്മുടെ ജന്മാവകാശങ്ങഠം കെട്ടിവെച്ച് വഴി മാറിയും തെററിയും അടങ്ങിയും ഒതുങ്ങിയും വളഞ്ഞും തിരിഞ്ഞും റോഡുബോധത്തോടെ പോകേണ്ടിവരുന്നു, ഉദ്ദിഷ്ടസ്ഥലത്തെത്താൻ.

ഇതാണു് ജീവിതത്തിലെ സ്വാതന്ത്ര്യത്തിന്റെ സാമ്പിഠം—മററുള്ളവർക്കുമുണ്ടു് നമുക്കുള്ള സ്വാതന്ത്ര്യങ്ങളെല്ലാം. തമ്മിലേററുമുട്ടിയാലവ തകരുമെന്നു മാത്രം. ആർക്കും അസ്വാതന്ത്ര്യം വരാത്ത മട്ടിലേ നമ്മുടെ സ്വാതന്ത്ര്യം നടക്കൂ. ഇതാദരിച്ചാണു്, അഥവാ ആകണം ജീവിതം. നാം ഇത്രയും ത്യാഗമനുഭവിയ്ക്കണമെന്നിരിയ്ക്കേ, നമ്മുടെ സ്വാതന്ത്ര്യം വെറും ഭോഷ്ക്കാണെന്നു പറയാതെ നിവൃത്തിയില്ല.

ഒരു സംഗീതഭ്രാന്തൻ തന്റെ സ്വനഗ്രാഹിയോ ആകാശവാണിയോ തിരിച്ചുവെച്ച് രാത്രി മുഴുവൻ ഉച്ചത്തിൽ പാടിച്ചാൽ, അവനവന്റെ സ്വാതന്ത്ര്യം കൊണ്ടുനടക്കുകയാണെങ്കിലും മററുള്ളവർക്കു് ഉറങ്ങാനുള്ള സ്വാതന്ത്ര്യത്തെ നശിപ്പിയ്ക്കുകയോ ദൂഷണം ചെയ്യുകയോ ചോദ്യം ചെയ്യുകയോ കുതിരകയറുകയോ ഒക്കെ ആയതുകൊണ്ടു് ശകാരത്തിലോ കല്ലേറിലോ ആയെന്നുവരാം കലാശം.

ഇങ്ങിനെ ആലോചിച്ചാൽ, നമ്മുടെ ശരീരത്തിന്റെ അവശതകഠംക്കു പുറമെ, നിയമം, നാട്ടാചാരം, നടപടി തുടങ്ങി പലതുംകൂടി നമ്മെ വരിഞ്ഞു കെട്ടി ഞെരിയ്ക്കുന്നതു കാണാം. ആ കെട്ടു പൊട്ടിയ്ക്കാനോ, മാനിയ്ക്കാതിരിയ്ക്കാനോ ഒട്ടു നിവൃത്തിയുമില്ല.

"സ്വാതന്ത്ര്യം തന്നെയമൃതം

സ്വാതന്ത്ര്യം തന്നെ ജീവിതം" എന്നൊക്കെ കേഠംക്കുന്നില്ലേ, അതോ? അദ്ദേഹം കവിത വന്നു, എഴുതിയെന്നല്ലാതെ വളരെയൊന്നും ആലോചിച്ചിരിയ്ക്കുകയില്ല. ഒടുവിൽ, എന്തേ പറഞ്ഞതു് എന്നുവെച്ചാൽ, ഇഷ്ടംപോലെ വേണ്ടത്ര ഭക്ഷണം കഴിയ്ക്കാനുള്ള സ്വാതന്ത്ര്യംപോലും നമുക്കു കിട്ടിയിട്ടില്ല. എന്നിരിയ്ക്കേ, മനുഷ്യനെ പൂർണ്ണസ്വതന്ത്രനായി കൊണ്ടുവരണമെന്നു്, ഏതു കതിക്കനം വീണ രാഷ്ട്രീയകോവിദൻ പ്രസംഗിച്ചാലും, പരിശ്രമിച്ചാലും, പടച്ചവൻ ഉദ്ദേശിച്ചിട്ടില്ല എന്ന കാര്യം ഉറപ്പായിപ്പറയാം.

# മലനായന്മാർ

തെക്കെ മലബാറിലെ നാട്ടിൻപുറത്ത് പന്നിക്കടെവ് എന്ന പ്രദേശത്തു നടന്നുകൊണ്ടിരിക്കുമ്പോൾ എന്റെ ഒന്നിച്ചുണ്ടായിരുന്ന ഒരാൾ ഇങ്ങിനെ പറകയുണ്ടായി: ''ഈ സ്ഥലത്തിന്ന് ഈ പേർ വരാൻ കാരണം പണ്ട് ഇവിടങ്ങളിൽ ധാരാളം പന്നികൾ ഇറങ്ങി വന്നിരുന്നതായിരിക്കും. എന്നാൽ ഇപ്പോൾ ഇവിടെ ഒന്നിനെയെങ്കിലും കണ്ടു കിട്ടാൻ കഴിയുന്നില്ല.'' ഇതുകേട്ടു ചുററും നോക്കിയപ്പോൾ അടുത്തുള്ള ഒരു പറമ്പിൽ കൌപീനധാരികളായ ചിലർ മധുരക്കിഴങ്ങ്, ചേന, മുതലായവ കൈക്കോട്ടുകൊണ്ടു കുത്തിപ്പറിച്ച് എടുത്തു കൊട്ടകളിൽ ആക്കുന്നതു കണ്ടു. ഈ പ്രവൃത്തിയും ഏതാണ്ട് സൂകരധർമ്മംതന്നെ ആണെന്ന് എനിക്കു തോന്നി. ഞാൻ മറുപടി പറഞ്ഞു: ''ഇതാ, ഇവരും ഒരു കൂട്ടം പന്നികൾ തന്നെയല്ലെ? ഇരുക്കാലികളാണ് എന്നു മാത്രമേ വ്യത്യാസം ഉള്ളു.''

കാടുകളിലും ഇതുപോലെയുള്ള ഇരുക്കാലികൾ പലരുണ്ട്. അനേകായിരം കൊല്ലമായി അവിടങ്ങളിൽത്തന്നെ താമസിച്ചു പന്നിയുടെ മാതിരി വേരുകളും കിഴങ്ങുകളും കുത്തിപ്പറിച്ചു, പലമാതിരി ഫലങ്ങൾ വീണുകിടക്കുന്നത് പെറുക്കിത്തിന്നു, പലേ ജീവികളേയും നായാടി ഭക്ഷിച്ച് കഴിയുന്നവരാണ് ഇവർ. ഇവരിൽത്തന്നെ പല തരക്കാരും ഉണ്ട്. ആഫ്രിക്കൻ നീഗ്രോവിന്റെ നിറവും മുഖപ്രകൃതിയും ആയ പണിയർ ആണിവരിൽ പ്രധാനികൾ. ഇവക്കു പുറമെയാണ് ഏതാണ്ട് കാക്കേഷ്യൻ മുഖഛായയായ അനേകം ജാതിക്കാർ. ഇവരിൽ ഏററവും പ്രാകൃതരായ ഒരു വർഗ്ഗമാണ്

ആളർ, കുറച്ചുകൂടി ഭേദപ്പെട്ടവരാണ് നായ്ക്കന്മാർ, അറനാടന്മാർ മുതലായവർ. എന്നാൽ കാട്ടുപ്രദേശങ്ങളിൽ കണ്ടിട്ടുള്ള മറേറതു ജാതിക്കാരേക്കാളും ഉത്തമന്മാരാണ് മലനായന്മാർ. ഇവരെ മുത്തർ എന്നും മലമുത്തർ എന്നും കൂടി പറയുന്നുണ്ട്. ഏതാണ്ടിവരെപ്പോലെത്തന്നെയാണ് വയനാട്ടിലുള്ള കുറിച്ച്യർ. നമ്മുടെ നാട്ടിൽത്തന്നെ പല സ്ഥലങ്ങളും കുറിശ്ശി എന്ന പദത്തിൽ അവസാനിയ്ക്കുന്നത് എല്ലാവക്കും അറിവുണ്ടായിരിയ്ക്കും. അതിൻെറ ആദ്യകാലത്തെ അത്ഥം സ്ഥലം അല്ലെങ്കിൽ പ്രദേശം എന്നായിരുന്നിരിയ്ക്കണം. അതുപോലെത്തന്നെ മുത്തൻ എന്ന പദത്തിന്നു മുഖ്യസ്ഥൻ അല്ലെങ്കിൽ പ്രമാണി എന്നുള്ള അത്ഥമായിരിയ്ക്കണം ആദികാലങ്ങളിൽ ഉണ്ടായിരുന്നത്. ഇതിൽ നിന്ന് ഊഹ്യമായ ഒരു സംഗതി, ഈ ജാതിക്കാർ ഒരു കാലത്ത് നാട്ടിൽ പ്രമാണപ്പെട്ടവരായിരുന്നുവെന്നും പിൽക്കാലങ്ങളിൽ എന്നോ ഒരിയ്ക്കൽ അവർ യുദ്ധത്തിൽ പരാജയപ്പെട്ടോ മറേറാ കാട്ടുപ്രദേശങ്ങളിൽ അഭയം പ്രാപിച്ചവരാണെന്നും ആകുന്നു. ഇതിന്നു മററു പല തെളിവുകളും ഉണ്ടുതാനും.

പ്രാചീനകേരളത്തിലെ ആചാരവിശേഷങ്ങളും ജീവിതസമ്പ്രദായങ്ങളും എല്ലാം തന്നെ യാതൊരു മാററവുമില്ലാതെ അനുഷ്ഠിച്ചു ജീവിതം നയിയ്ക്കുന്ന ഒരു കൂട്ടം നായന്മാർ പശ്ചിമഘട്ടപംക്തിയുടെ പടിഞ്ഞാറു കിടക്കുന്ന നിലമ്പൂർ–മുക്കം മലകളിൽ ഇപ്പോഴും പാത്തുവരുന്നുണ്ടെന്നു പറഞ്ഞാൽ നമുക്കു വിശ്വസിയ്ക്കാൻ പ്രയാസമായിരിയ്ക്കും. ലോകദൃഷ്ടിയിൽ നിന്നെത്രയോ അകലത്തിലും ഉയരത്തിലും കിടക്കുന്ന കാടുകളിൽ കാട്ടാന, കരടി, പുലി, ചെന്നായ, കാട്ടുപോത്ത്, കരിമ്പുലി മുതലായ ഹിംസ്രമൃഗങ്ങളുടെ കൂട്ടങ്ങൾക്കിടയിൽ എല്ലാത്തരം കഷ്ടപ്പാടുകളോടും നേരിട്ടു ജീവിതം കഴിച്ചുകൂട്ടുന്ന ഈ ചെറുസമുദായം ഓരോ കൊല്ലവും എണ്ണം കുറഞ്ഞു കുറഞ്ഞു വരികയാണ്. കേരളചരിത്രത്തിൻെറ ഒരു സവിശേഷഘട്ടത്തിൻെറ അവശിഷ്ടങ്ങളായി ഗണിയ്ക്കാവുന്ന ഇവരെപ്പററി കണ്ടുകിട്ടിയ ചില വിവരങ്ങൾ ചരിത്രാന്വേഷകക്കെങ്കിലും ഉപകരിയ്ക്കുമല്ലോ.

ഞാൻ ഇവരെക്കണ്ടു പരിചയപ്പെടാനിടവന്നത് പെട്ടെന്നുണ്ടായ ഒരു സംഭവം നിമിത്തമാണ്. ശിക്കാറിൽ ഭ്രാന്തുപിടിച്ചു നടക്കുന്ന ഒരു കാലമായിരുന്നു എനിയ്ക്ക്. കാട്ടിയെ അതിന്ന് മുമ്പു വെടി വെച്ചിട്ടില്ല. ഒന്നിനെ ക്കിട്ടിയാൽ കൊള്ളാമെന്ന മോഹത്തോടു കൂടി രണ്ടാഴ്ചയോളം രാപ്പകൽ തെണ്ടിത്തിരിഞ്ഞു. അപ്പോഴാണ് കാട്ടിൽത്തന്നെ ജോലിയായ ഒരു സുഹൃത്ത് വേണ്ട സഹായങ്ങൾ ചെയ്തുതരാമെന്നു പറഞ്ഞത്. അത്യുത്സാഹത്തോടു

കൂടി അതിരാവിലെ അദ്ദേഹത്തിൻെറ ബംഗ്ലാവിൽ ഞാൻ എത്തി. എന്നെ കണ്ടപ്പോൾ സ്നേഹിതൻ മറുവശത്തേയ്ക്കു തിരിഞ്ഞു 'രാമാ' എന്നുച്ചത്തിൽ ഒന്നു വിളിച്ചു. ഉടനെ ബംഗ്ലാവിൻെറ പിറകിൽ നിന്നു് ഒരാൾ മുന്നോട്ടു വന്നു. വെറും ഒരു കാട്ടുമനുഷ്യനല്ല. പണിയർ, കുറുമ്പർ മുതലായ വനവർഗ്ഗക്കാരെ മാത്രം കണ്ടു പരിചയിച്ചിരുന്ന എനിയ്ക്കു് ഈ വന്നവൻെറ യോഗ്യത വളരെ അത്ഭുതകരമായിത്തോന്നി. ആറടിയിൽ അധികം പൊക്കം, നല്ല നിറം, നീണ്ട മുഖം, ഉയൎന്ന നാസിക, വിശാലമായ കണ്ണുകൾ, മുറുക്കി ചുവപ്പിച്ചു ചിരിയ്ക്കുന്ന ചുണ്ടുകൾ, തലയുടെ നിറുകയിൽ മാത്രം ഒരു ചെറിയ കുടുമ അതൊഴിച്ചു മുഴക്ഷൌരം—ഒട്ടാകെ ഒരു നമ്പൂതിരിഛായ, അരയിൽ ഒരു കത്തി തിരുകിയിരുന്നതു മാത്രം ഇതിന്നു വിരുദ്ധമായിരുന്നു. നമ്പൂതിരി എന്നു പറയുമ്പോൾ സദ്യയിൽ ഊണുകഴിച്ചു തടിച്ചു പള്ള തൂങ്ങിയ ഒരു രൂപം ധരിച്ചു പോകരുതു്. ഇവൻ അത്യദ്ധ്വാനം ചെയ്തു കഴിയുന്നവനാണെന്നു് അവൻെറ വിശാലമായ മാറും ഓരോ ഇളക്കത്തിലും ശരീരമാസകലം കല്ലുപോലുറച്ചു് അങ്ങുമിങ്ങും തുള്ളുന്ന മാംസപേശികളും വിളിച്ചുപറഞ്ഞു.

"നിൻെറ ജാതി എന്തു്? എന്ന എൻെറ ചോദ്യത്തിന്നു "ഞാൻ നായരല്ലി?" എന്നാണു് അവൻ മറുപടി പറഞ്ഞതു്. ഇതു കേട്ടപ്പോൾ ഞാൻ അവനെ കുറച്ചധികം ശ്രദ്ധയോടെ നോക്കി. ആ മുഖപ്രകൃതിയും ചെറുകുടുമയും മുട്ടിന്നല്പം താഴെ ഇറക്കിച്ചുററിയ ചുവന്ന കരയോടുകൂടിയ പഴയ മുണ്ടും കത്തിയും എല്ലാം കണ്ടപ്പോൾ കുട്ടിക്കാലത്തു ഞാൻ നാട്ടുപുറങ്ങളിൽ സാധാരണയായി കണ്ടുവന്നിരുന്ന നായന്മാരെയാണു് ഓൎത്തതു്.

ഇതൊരു നായാട്ടുലേഖനമല്ല. എങ്കിലും രാമനേയും ജാതിക്കാരേയും കുറച്ചുകൂടി പരിചയപ്പെടുവാൻ ഇട ഉണ്ടാക്കിത്തന്ന ചില സംഭവങ്ങളെ ഇവിടെ പറയേണ്ടിവന്നിരിയ്ക്കുന്നു.

ഞങ്ങൾ പുറപ്പെട്ടു—രാമൻ മുമ്പിലും ഞാൻ പിന്നിലും. കുറച്ചു പോയതിന്നുശേഷം രാമൻ ഒരുവശത്തു നിന്നു ചുററുപാടും നോക്കിക്കൊണ്ടു്, "കാട്ടി ഇവിടെ മേഞ്ഞിരുന്നുവല്ലോ" എന്നു പറഞ്ഞു. പിന്നെ "നിശ്ശബ്ദമായിരിയ്ക്കണം" എന്നു് ആംഗ്യംകാണിച്ചു് അവൻ അതിവേഗത്തിൽ മലകയറുവാൻ തുടങ്ങി. നമ്മുടെ കണ്ണുകളിൽ പെടാത്ത അനേകം ചെറുസൂചനകളെ മണ്ണിലും ചെടികളുടെ ഇടയിലും നോക്കിക്കൊണ്ടു യാതൊരു സംശയവും ഇല്ലാതെ കാട്ടിക്കൂട്ടം പോയവഴിയ്ക്കുതന്നെ അയാൾ എന്നെക്കൊണ്ടുപോയി. വഴി അതിദുർഘടമായിരുന്നു. പാറകൾ കയറിമറിഞ്ഞും, കുത്തിയൊലിച്ചു വരുന്ന ആറു

കഠം ഇറങ്ങിക്കടന്നും മേലോട്ടു മേലോട്ടുതന്നെ ഞങ്ങഠം കുതിച്ചു കയറി. ഒരു മണിക്കൂറിന്നുള്ളിൽ വമ്പിച്ച ഒരു കാട്ടിക്കൂട്ടത്തെ അവൻ എനിയ്ക്കു കാണിച്ചു തന്നു. എന്നാൽ ക്ഷീണംനിമിത്തം കൈകാലുകഠം വേണ്ടുംവണ്ണം അനക്കുവാൻ കഴിവില്ലാതെ ആയിപ്പോയിരുന്നതുകൊണ്ട് വെടിവെയ്ക്കാൻ എനിയ്ക്കു സാധിയ്ക്കാതെവന്നു. കാട്ടിക്കൂട്ടം മലമുഴവൻ ഇളക്കമാറ് ഓടിപ്പോവുകയും ചെയ്തു.

ഞങ്ങഠം താമസിച്ചിരുന്ന കളത്തിൽ നിന്ന്, അപ്പോഠഴയ്ക്കും പതിനാഞ്ചു നാഴികയിലധികം ദൂരം കയറിപ്പോന്നു കഴിഞ്ഞിരിയ്ക്കണം. വിശപ്പും ദാഹവും സഹിയ്ക്കാതെ ഞാനാ പാറപ്പുറത്തിരുന്നു കയ്യിലുള്ള സഞ്ചിയഴിച്ചു പലഹാരങ്ങഠം ചിലതു കഴിയ്ക്കാമെന്നുവെച്ചു. പകുതി രാമന്നു നീക്കിവെച്ചു പക്ഷേ, ഫലമുണ്ടായില്ല. എത്ര നിർബ്ബന്ധിച്ചിട്ടും രാമനതൊന്നു തൊടാൻ പോലും കൂട്ടാക്കിയില്ല. എനിയ്ക്കു വല്ലാത്ത ആശ്ചര്യം തോന്നി. "മററുള്ളവർ തൊട്ടതു ഞങ്ങഠം തിന്നില്ല—കുളിയ്ക്കാതെ ഞങ്ങളൊന്നും കഴിയ്ക്കില്ല." ഇതായിരുന്നു ആ മാന്യന്റെ മറുപടി. അങ്ങിനെ തക്കിച്ചുകൊണ്ടിരിയ്ക്കുമ്പോഠം തൊട്ടടുത്ത ചെരുവിൽനിന്നു ആരോ ഉച്ചത്തിൽ കൂക്കുന്നതു കേട്ടു. നായാട്ടു സമ്പ്രദായത്തിൽ ഞാനതിന്നൊരു മറുകൂക്കും കൊടുത്തു. തൽക്ഷണം രാമനെന്റെ സമീപത്തണഞ്ഞു, "മിണ്ടരുത് . . . കരടിയാണ്" എന്നു പറഞ്ഞു. എനിയ്ക്കു ചിരി പൊട്ടിപ്പോയി. അവൻ എന്റെ വായ കൈകൊണ്ടു പൊത്തി, പതുക്കെ: "ഇതു വെററിലക്കൊല്ലിയല്ലി? ഇവിടെ ആള് ആര്? നമ്മഠം മാത്രമല്ലെ ഉള്ളു?" എന്നു ചോദിച്ചു. അതുകേട്ടപ്പോഠം എനിയ്ക്കും പേടിയായി. തോക്കെടുത്ത ഒരുങ്ങിനിന്നു.

നേരം ഇരുട്ടിത്തുടങ്ങി. കളത്തിലേയ്ക്കു തിരിച്ചുപോവാൻ 'രാമൻ' എന്നെ തിരക്കി. ആ കുററാക്കുററിരുട്ടിൽ പതിനഞ്ചു നാഴിക ഇനിയും നടക്കുക എന്നത് എനിയ്ക്കൊട്ടും ഇഷ്ടമായില്ല. അതു തന്നെ കാട്ടിലൂടെ രാമന്റെ വീട്ടിലേയ്ക്കാകട്ടെ അവിടുന്നു ഒരു നാലു നാഴികയെ അകലമുണ്ടായിരുന്നുള്ളു. 'രാമനൊന്നിച്ചാവാം ഇന്നെ'ന്ന് ഞാനഭിപ്രായപ്പെട്ടപ്പോഠം, അവന്റെ മുഖത്തൊരസുഖമാണ് പ്രത്യക്ഷപ്പെട്ടത്. തിരക്കിച്ചോദിച്ചപ്പോഠം കാര്യം ഒട്ടൊക്കെ മനസ്സിലായി. അവരുടെ 'ഇല്ല'ങ്ങളിലേയ്ക്ക് അന്യജാതിക്കാർ പ്രവേശിയ്ക്കുമാറില്ലത്രെ. ഇല്ലം മററുള്ളവർ തൊടേണ്ട; മുററത്തുവന്നു നിന്നാൽ പോലും അതു തീ വെച്ചു ചുട്ടു നശിപ്പിയ്ക്കയേ നിവ്വാഹമുള്ളു! അത്രയ്ക്കുണ്ട് അവരുടെ ശുദ്ധാശുദ്ധം. പെട്ടന്നിങ്ങനെ വല്ലവരും വന്നു പെട്ടാൽ, അവരെല്ലാവരും കാടുകയറി ഒളിച്ചോടുകയാണത്രെ പതിവ്. എന്റെ തല്ക്കാലസ്ഥിതി,

നടക്കാനുള്ള ബുദ്ധിമുട്ടോർക്കുമ്പോൾ വളരെ പരുങ്ങലിലായിരുന്നെങ്കിലും ആ അഭിമാനികളെപ്പററി അതിയായ ബഹുമാനമാണെനിയ്ക്കു തോന്നിയതു്. രാമനു രണ്ടുറുപ്പികയും കൊടുത്തു ഞാൻ കീഴ്പോട്ടിറങ്ങിത്തുടങ്ങി. എന്തു പറഞ്ഞിട്ടും വിട്ടുപോകാതെ എനിയ്ക്കു വഴികാട്ടിക്കൊണ്ടു് അവനും ഒപ്പംപോന്നു. രാവിലെത്തുടങ്ങി അതുവരെ ഒരിറക്കു വെള്ളം പോലും കുടിയ്ക്കാതെ നടന്ന അവൻ, എന്നെ കളത്തിലാക്കി തൽക്ഷണം സ്വന്തം ഇല്ലത്തേയ്ക്കുതന്നെ മടങ്ങി എന്നു പറഞ്ഞാൽ നിങ്ങൾ വിശ്വസിയ്ക്കുമോ, എന്തോ! പണിയരോ മററു വല്ല ജാതിക്കാരോ ആയിരുന്നെങ്കിൽ, കിട്ടാവുന്നതൊക്കെത്തട്ടി, എന്നെ കാട്ടിലിട്ടു 'ചിപ്പി'ക്കളയുമായിരുന്നില്ലേ എന്നെനിയ്ക്കു തോന്നി.

ഈ സംഭവം, അവരെപ്പററി കൂടുതലറിവാൻ എന്നെ ഉൽസുകനാക്കി; സുഹൃത്തുക്കൾ വഴി അവരിൽ തലവന്മാരെ ആളയച്ചുവരുത്തി സമ്മാനങ്ങളും അപൂർവ്വവസ്തുക്കളും കൊടുത്തും അവരുടെ ആവശ്യങ്ങളന്വേഷിച്ചറിഞ്ഞ് വേണ്ടതെല്ലാം ചെയ്യിപ്പിച്ചും അങ്ങിനെ ഒരൊന്നരകൊല്ലം കൊണ്ടു് അവരെനിയ്ക്കു് സുപരിചിതന്മാരായിത്തീർന്നു. മാത്രമല്ല, ഒരിയ്ക്കൽ അവരുടെ വലിയൊരടിയന്തരത്തിന്നു് എന്നെ കേമമായി ക്ഷണിക്കുകയും ചെയ്തു. അവരുടെ സംഘത്തിൽ ഇടയ്ക്കിടെ പോയും, ഒന്നും രണ്ടും ദിവസം താമസിച്ചു അടുത്തിടപെട്ടും ഞാൻ അവരുടെ സമ്പ്രദായങ്ങൾ കഴിയുന്നേടത്തോളം നോക്കിപ്പഠിച്ചു. അന്നു ഞാൻ 'ഡയറി'യിൽ കുറിച്ച ചില കുറിപ്പുകളും ഉള്ളിലപ്പപ്പോൾ തോന്നിയ അഭിപ്രായങ്ങളുമാണു് ഈ ലേഖനത്തിന്നു നിദാനം.

അക്ഷരജ്ഞാനമില്ലാത്തതു കൊണ്ടായിരിയ്ക്കാം, സ്വന്തചരിത്രത്തെപ്പററി ഇവർക്കു വ്യക്തമായൊരു വിവരവുമില്ല. മലയിൽ ജീവിതം നയിപ്പാൻ യോഗം വന്ന ഒരു കുലീനവർഗ്ഗമാണു് തങ്ങളെന്നാണവരുടെ അഭിമാനം. അതേറെക്കുറെ പരമാർത്ഥവുമാണ്. പലവിധത്തിലും അർത്ഥം കല്പിയ്ക്കാവുന്ന ഇതിഹാസങ്ങളിൽ നിന്നും, പാട്ടുകളിൽനിന്നും അവരുടെ പഴയ ചരിത്രം അഭിപ്രായവ്യത്യാസത്തിനിടയില്ലാതെ സംഗ്രഹിക്കുക ദുഷ്കരമാണ്. എന്നാലും ഇവർ പുരാതന കേരളത്തിലെ ഭൂമിയുടമക്കാരും പ്രബലന്മാരായ പ്രമാണികളുമായിരുന്നുവെന്നും ആര്യന്മാരുടെ കുടിയേറിപ്പാർപ്പു് തുടങ്ങിയപ്പോൾ അവരോടു് പടപൊരുതിയവരാണെന്നും, പരാജയപ്പെട്ടു കീഴടങ്ങുന്നതിനേക്കാൾ പതിന്മടങ്ങു മെച്ചം നാടുവിട്ടു മല കയറിപ്പോകുകയാണെന്നും ഉറച്ചവരാണെന്നും ഉള്ള സംഗതികൾ സ്പഷ്ടമാണ്.

മററൊരു പ്രധാന കാര്യം: ഇവർ ഇവരുടെ വീരനേതാവായി ഇന്നും പൂജിച്ചുവരുന്നത് 'രാമൻകോമ്മനെ'യാണ്; രാമൻകോമ്മൻ തന്നെയാണ് കൊച്ചി രാജകുടുംബത്തിലെ പരദേവതയും. അതിന്നും പുറമെ തെക്കെ മലബാറിലെ പെരുമ്പിലാവ് എന്ന നായർ തറവാട്ടിൽ മൂത്ത കാരണവക്കു ഇന്നും 'രാമൻകോമ്മ'നെന്നൊരു സ്ഥാനപ്പേരുണ്ടത്രെ. ഒരു കൂട്ടർ ക്ഷത്രിയരും മററൊരുവർ മേനോന്മാരും, മൂന്നാമതൊരു വർഗ്ഗം മലയരുമായി പിരിഞ്ഞത് എങ്ങിനെയായിരുന്നാലും ഈ സംഗതി അവരുടെ ജീവിതവും ചരിത്രവുമായി എവിടേയോ ഘടിപ്പിയ്ക്കുന്നുണ്ടെന്നു തീച്ചയാണ്.

അഞ്ച് ഗോത്രങ്ങളായി പിരിഞ്ഞു വേറെ വേറെ മലഞ്ചെരുവുകളിലായിട്ടാണിവരുടെ താമസം. തലവനായി ഓരോ കൂട്ടക്കാക്കും 'ജന്മക്കാരൻ' എന്നു സ്ഥാനപ്പേരുള്ള ഒരാളുണ്ട്. ഇവർ അവിടങ്ങളിൽ പാർപ്പുറപ്പിച്ചതിന്നു ശേഷം മഞ്ചേരിക്കോവിലകം തുടങ്ങിയ രാജസ്വരൂപങ്ങൾ അവരുടെ വിത്തപ്രഭാവകാലത്ത് ഈ പ്രദേശങ്ങൾ കൈയടക്കി. പണ്ടത്തെ വൈരമൊക്കെ മറന്നു ബ്രാഹ്മണവംശജന്മാരായ ഈ തമ്പുരാന്മാക്കു കപ്പം കൊടുത്തുപോരുന്ന ഇവക്കു 'ജന്മക്കാരൻ' എന്നൊരു സ്ഥാനപ്പേർ ഇന്നു് പേരിന്നുണ്ടെന്ന് മാത്രമേയുള്ളു.

കാടന്മാർ മിയ്ക്കവാറും മരുമക്കത്തായികളാണ്. മലമുത്തന്മാരുടെ മക്കത്തായസമ്പ്രദായം, അവരുടെ വംശോല്പത്തിയുടെ സൂചനയാണെന്ന് വേണം കരുതാൻ. മുഖ്യോപജീവനമാഗ്ഗം കൃഷിതന്നെ. പ്രധാനമായി നെല്ലും തുവരയും. കൊയ്ത്തു കഴിഞ്ഞാലവിടെ പച്ചക്കറികളുണ്ടാക്കുന്നു. മലമ്പ്രദേശങ്ങളിലുണ്ടാവുന്ന പദാത്ഥങ്ങളുടെ രുചിഭേദം ആദ്യം നമുക്കു് അത്ര പിടിയ്ക്കുകയില്ല. ഉപ്പു കിട്ടാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടും മലയന്മാക്കു പറഞ്ഞാൽ തീരില്ല. ക്രമേണ പരിചയപ്പെട്ടപ്പോൾ എനിയ്ക്കവരുടെ ഭക്ഷ്യപദാത്ഥങ്ങൾ എല്ലാററിന്നുമൊരു പുത്തൻ രുചി അനുഭവപ്പെട്ടു. സമനിരപ്പുള്ള പ്രദേശങ്ങളുടെ അഭാവം മൂലം മലയന്മാക്കു കൃഷിയ്ക്കു സ്ഥിരമായൊരു സ്ഥലമൊരുക്കാൻ കഴിയാതെവരുന്നു. ചെങ്കുത്തായ മലഞ്ചെരുവുകൾ വെട്ടി നികത്തി പള്ളിമഞ്ഞായലുകളാക്കുവാൻ ഉതകിയ ആയുധങ്ങളും അവക്കില്ല. ഇമ്മാതിരി ചെരിവുകൾ വളം ചേത്തു ഫലഭൂയിഷ്ഠമാക്കുവാൻ അതിലേറെ വിഷമമാണ്. അതിനാൽ കൊല്ലംതോറും പുതിയ സ്ഥലങ്ങൾ തയ്യാറാക്കേണ്ടിവരുന്നു. ഇതിനെല്ലാം പുറമെ കാട്ടുമൃഗങ്ങളിൽനിന്നു് കന്നുകാലികളെ സംരക്ഷിച്ചുകൊണ്ടുപോരാനും ഈ നിരായുധക്കു അസാദ്ധ്യമാണ്. ഞങ്ങളുടെ കളത്തിൽനിന്നുപോലും വില

പിടിച്ച രണ്ടു് മൂന്നു പോത്തുകളെ നട്ടുച്ചയ്ക്കു നരി പിടിച്ചു കൊണ്ടുപോയതു് ഞാൻ അനുഭവിച്ചറിവുള്ളതാണു്. അത്യദ്ധ്വാനം ചെയ്തു ചെറിയ ആയുധങ്ങൾകൊണ്ടു് ഉഴുതു മറിച്ചു വിത്തു വിതച്ചാൽ, പിന്നെ ആയിരക്കണക്കിൽ കുരുവികൾ വരുകയായി കൊത്തിത്തിന്മാൻ. വിത്തുറച്ചു മുള പൊട്ടിയാൽ മുയലിൻെറ ഉപദ്രവമായി. വളച്ചു തുടങ്ങിയാൽ കണക്കില്ലാതെ കാട്ടുകാലകളുടെ മേച്ചിലായി. കതിരിട്ടുതുടങ്ങിയാൽ പകൽ മുഴുവൻ തത്തക്കൂട്ടങ്ങളുടെ വിഹാരരംഗമാണവിടം. രാത്രിയായാൽ ആനയ്ക്കും പന്നിയ്ക്കും തപ്പണം വെയ്ക്കാനുള്ള സ്ഥലവും. രാവും പകലും ഒഴിവില്ലാതെ കാത്തുനിന്നിട്ടൊടുക്കം കാലംശം കിട്ടിയാൽത്തന്നെ അതൊരു വമ്പിച്ച നേട്ടമായിട്ടാണവർ കരുതിപ്പോരുന്നതു്. കൊയ്ത്തു കഴിഞ്ഞാൽ ആദ്യത്തെപ്പണി കടം വീട്ടലാണു്. പറഞ്ഞാൽ പറഞ്ഞ ദിവസം കടക്കാരനു തൻെറ ധാന്യം തിരികെ കിട്ടുമെന്നതു് തീച്ചയാണു്. ഈ സത്യസന്ധത അല്ലെങ്കിൽ കൃത്യനിഷ്ഠ എത്രയോ തവണ ലേഖകനു ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. രണ്ടു് മൂന്നു ദിവസം കഴിയുമ്പോഴേയ്ക്കും ഓരോ അവകാശികൾ വരികയായി. നികുതി പിരിപ്പിയ്ക്കാൻ വരുന്ന സക്കാരുദ്യോഗസ്ഥൻെറ നാട്യത്തിൽച്ചിലരും ജന്മികളുടെ കാര്യസ്ഥന്മാരെന്നു ഭാവിച്ചു മററുചിലരും വന്നു ധിക്കാരത്തോടെ കവച്ചു നടത്തിപ്പോകുന്നതു് കണ്ടാൽ കഷ്ടം തോന്നും. സവ്വേക്കുടി കഴിയാത്ത പ്രദേശങ്ങളിലാണു് തങ്ങൾ വസിയ്ക്കുന്നതെന്നു് ഈ പാവങ്ങൾ എന്നാണാവോ മനസ്സിലാക്കാൻ പോകുന്നതു്. ഗവമ്മേണ്ടിൽനിന്നാകട്ടെ, ജന്മികളിൽനിന്നാകട്ടെ യാതൊരാനുകൂലുവും ലഭിയ്ക്കാറില്ലാത്ത ഇവരുടെ "ഇല്ല"ങ്ങളിലെ കാര്യം അങ്ങിനെ നാലഞ്ചുനാൾ കഴിയുമ്പോഴേയ്ക്കുതന്നെ പരുങ്ങലിലാകുന്നു. പ്രജാസംരക്ഷണത്തിൻെറ പേരിൽ, എട്ടത്താൽ പൊന്താത്തത്ര കനമേറിയ കിഴികൾ മാസപ്പടിയായി വാങ്ങിവരുന്ന മഹാഭവ്യന്മാരുടെ, തൃക്കണ്ണുകൾ ഈ മലഞ്ചെരിവുകളിലേയ്ക്കൊന്നു ചെന്നു പതിഞ്ഞെങ്കിൽ!

'ഇല്ല'മെന്നു പറഞ്ഞുവല്ലോ, മലയാളികളുടെ ഇടയിൽ ആ പദം നമ്പൂതിരിഗൃഹത്തെ മാത്രം സൂചിപ്പിയ്ക്കുന്നതാണു്. എന്നാൽ പണ്ടു് ഈ പദം എല്ലാ പ്രമാണികളുടെയും വസതികൾക്കു് ഉപയോഗിച്ചിരുന്നുവെന്നും, വീടു്, പുര, കുടിൽ മുതലായവ താണതരക്കാരുടെ വസതികളായിരുന്നുവെന്നും വേണം മലനായന്മാരുടെ 'ഇല്ലം' കേൾക്കുമ്പോൾ അഭ്യൂഹിയ്ക്കുവാൻ. പക്ഷെ, ഇവരുടെ ഇപ്പോഴത്തെ ഇല്ലങ്ങൾ ഏതു കുടിലുകളേക്കാളും ശോച്യാവസ്ഥയിലാണു്. ചവുട്ടിയുരുട്ടിയുണ്ടാക്കിയ ഒരു മൺതറ, തേക്കിൻതടികൾകൊണ്ടുള്ള

ളുണകാം, അവയ്ക്കിടയിൽ തച്ചുപരത്തിയ മുളകാംകൊണ്ടുള്ള ചുമർ, പുല്ലുമേഞ്ഞ മേൽക്കൂട്ട്—ഇതാണ് 'ഇല്ലം.' സാധാരണ രണ്ടു മുറികളായി അതു ഭാഗിച്ചിരിയ്ക്കും. പുരുഷന്മാർ മഴക്കാലത്തേ പുരയ്ക്കകത്തു വിശ്രമിയ്ക്കാറുള്ളു. പകൽ പ്രവൃത്തിയില്ലാത്ത സമയം ചുരുങ്ങും. രാത്രി തീക്കൂട്ടി അതിന്നു ചുററുമങ്ങിനെ കഴിച്ചുകൂട്ടും. പകൽസമയത്തു വെയിലും, രാത്രി തീനാളവും ഏററില്ലെങ്കിൽ പനി പിടിയ്ക്കുമെന്നു് ഇവർ വിശ്വസിയ്ക്കുന്നു. വാസ്തവമെന്തായാലും 'മലേറിയ' ഇവക്കു പിടിപെട്ടതായി കണ്ടിട്ടില്ല.

ഇവർ വീടും പരിസരങ്ങളും വളരെ വൃത്തിയാക്കി വെയ്ക്കും. അതിലൊക്കെ ബഹുചിട്ടയാണവക്കു്. വീട്ടുസാമാനങ്ങളിൽ മുഖ്യമായി നമുക്കു പരിചയമുള്ള ഓട്ടുകിണ്ടികളും, കിണ്ണങ്ങളുമവിടെക്കാണാം. ഓട്ടുവിളക്കുമുണ്ടു്. പക്ഷേ എണ്ണ കിട്ടാത്തതുകൊണ്ടും, രാത്രി തീ സദാ കത്തി എരിഞ്ഞിരിയ്ക്കുമെന്നതുകൊണ്ടും, അതുകൊണ്ടുള്ള ആവശ്യമത്ര കണ്ടില്ല.

അടിയന്തരങ്ങളും പൂജകളും വളരെ പഴയ രീതിയിലാണ്. ആണ്ടുതോറും, രണ്ടും ചിലപ്പോഠം മൂന്നും തവണ അഞ്ചു മലക്കാരും ഒത്തുകൂടിയാണതു കഴിയ്ക്കുക. ഇല്ലങ്ങളുടെ പിന്നാംപുറത്തു തുറസ്സായ സ്ഥലങ്ങളിൽവെച്ചാണ് സദ്യ. വലിയ വലിയ ചരക്കുകളിൽ ചോറും കൂട്ടാനും പാകം ചെയ്തു മലവാഴഇലകഠം വട്ടത്തിൽ നിരത്തിയിട്ടു് വിളമ്പി അവർ ഭക്ഷിയ്ക്കുന്നു. ആദ്യത്തെ പന്തിയിൽ സ്ത്രീകളിരിയ്ക്കും. കാരണവന്മാരൊരു പുറത്തും, യുവാക്കന്മാർ മറെറാരു ഭാഗത്തും അങ്ങിനെ രണ്ടാം പന്തിയിൽ പുരുഷന്മാരും. സദ്യ കഴിയുമ്പോഴേയ്ക്കേതാണ്ടുച്ചതിരിയും. പിന്നെ എല്ലാവരുംകൂടി സമൂഹമുററത്തു വന്നിരുന്നു വെററില മുറുക്കി വെടിപറഞ്ഞുല്ലസിയ്ക്കുകയായി, നടുവിലൊരു വലിയ നിലവിളക്കു വെച്ചു നൃത്തമാരംഭിയ്ക്കുകയായി. ആണുങ്ങളാണ് അതിന്നു് ആദ്യവസാനക്കാർ. സ്ത്രീകഠം ചുററുമിരുന്നു കണ്ടാനന്ദിയ്ക്കുന്നതേ ഞാൻ കണ്ടിട്ടുള്ളു. ഉടുത്ത മുണ്ടിനു മീതെ ഒരു ചുവപ്പു വസ്ത്രവും തലയിലൊരു കെട്ടുമാണ് കളിക്കാരുടെ വേഷം. മെല്ലെ, മെല്ലെ, ചവുട്ടി ചുററിക്കൊണ്ടാട്ടം തുടങ്ങുന്നു. ചിലപ്പോഠം അന്യോന്യം ഇടകെട്ടിൽ പിടിച്ചും, വട്ടം തിരിഞ്ഞും, കോത്തുപിടിച്ചും, പെട്ടെന്നു പിരിഞ്ഞും, താളം മുറുകുന്നതോടെ നൃത്തത്തിൻെറ വേഗവും വദ്ധിച്ചുവന്നു ഒടുവിൽ അതിദ്രുതിയിൽ അവസാനിയ്ക്കുന്ന രംഗം കാണേണ്ടതുതന്നെയാണ്. നാട്ടിൻപുറത്തു ചിലേടത്തു്, ഇന്നും ചില ആശാരിമാരും, തിയ്യരും കളിയ്ക്കുന്ന കോലാട്ടത്തോടു് ഒട്ടൊരു സാദൃശ്യം അതിന്നുണ്ടു്. ഒരു കാര്യത്തിൽ വലിയ വ്യത്യാസം കാണാം. നമ്മുടെ കൂട്ടർ പാടുന്നതു പുരാണകഥകളെപ്പററിയുള്ള

പാട്ടുകളാണ്. മലനായന്മാർക്കവയൊന്നും അറിഞ്ഞുകൂടാ. പൂർവ്വചരിത്രത്തെ ലാക്കാക്കിയുള്ള വീരഗീതങ്ങൾ—ബാലാഡുകൾ എന്നു പറയാം—ആണധികവും അവരുടെ അത്യന്തസുഭഗമായ നൃത്തഗീതങ്ങൾ. രാമൻകോമ്മനെപ്പററിയുള്ള പാട്ടുകൾ എണ്ണമില്ലാതെയുണ്ട്; ചിലതു പട്ടന്മാരുമായുള്ള യുദ്ധത്തെ വർണ്ണിയ്ക്കുന്നവയാണ്.

നാം കല്പിച്ചുകൊടുത്തിട്ടുള്ള ദിവ്യത്വവും ബ്രാഹ്മണ്യവുമൊന്നും പട്ടർ എന്ന പദംകൊണ്ടിവർ ഉദ്ദേശിച്ചിട്ടില്ല. മറിച്ച് അതു് ഇതരദേശക്കാരായ പിൻകുടുമക്കാരെയെല്ലാം അടക്കിപ്പറയുന്ന ഒരു പദമായിരിയ്ക്കാനാണെളുപ്പം. ആദികേരളത്തിൽ കുടിയേറിപ്പാർത്ത ആര്യന്മാരെല്ലാം, അവർ ബ്രാഹ്മണരായാലും കൊള്ളാം അല്ലെങ്കിലും കൊള്ളാം, പിൻകുടുമയുള്ളവരായിരുന്നു, എന്നാലോചിയ്ക്കുമ്പോൾ ഈ അഭിപ്രായത്തിന്നു ബലം കൂട്ടുകയാണല്ലോ ചെയ്യുന്നതു്. ഈ ആദിമഭടന്മാരാരുംതന്നെ വൈദികരായിരുന്നില്ല. അവരിൽ തമിഴരും കർണ്ണാടകരുംകൂടി ഉണ്ടായിരുന്നിരിയ്ക്കണം.

മലനായന്മാരുടെ അയൽപക്കക്കാരാണെങ്കിലും അവരുമായടുത്തിടപെടാതെ ജീവിയ്ക്കുന്ന പണിയർ, ആളർ, അറനാടർ എന്നീ വർഗ്ഗക്കാരുടെ ഭാഷയോടു് കർണ്ണാടകവാക്കുകൾകൂടി കലർന്നിരിയ്ക്കുന്നതു കാണാം. തമിഴ മാത്രം സംസാരിയ്ക്കുന്ന മലയരും ചിലേടങ്ങളിലുണ്ട്. മലനായന്മാരാകട്ടെ, സംസ്കൃതപദങ്ങൾകൂടി കലരാത്ത ശുദ്ധ മലയാണ്മയാണ് സംസാരിയ്ക്കുന്നതു്.

മാപ്പിളമാരോടു് ഇവർക്കുള്ള അറപ്പും വെറുപ്പും ഇത്രയെന്നു പറഞ്ഞറിയിയ്ക്കാൻ പ്രയാസം. അതു കണ്ടപ്പോൾ ഇവർ ടിപ്പുസുൽത്താൻെറ പടയോട്ടക്കാലത്തുണ്ടായ നിർബ്ബന്ധ മതമാററവും മററഴിമതികളുമൊഴിയ്ക്കാൻവേണ്ടി മലകയറിപ്പാർത്തവരായിരിയ്ക്കുമോ എന്നു് ഞാനാദ്യം സംശയിച്ചു. അവരുമായുണ്ടായ സംഭാഷണങ്ങളും, അവരുടെ വീരഗീതങ്ങളും ഈ അഭിപ്രായത്തെ തീരെ മാററിക്കളഞ്ഞു: മുസ്ലിം ആക്രമണത്തിന്നെത്രയോ മുമ്പായിരിയ്ക്കണം ഇവർ കാടുകയറിപ്പോയതെന്നു് എറെക്കുറെ ബോദ്ധ്യപ്പെടുകയും ചെയ്തു. മുൻകാലങ്ങളിൽ ഇവർ താഴ്വരകളിലും സമതലപ്രദേശങ്ങളിലുമാണ് നിവസിച്ചിരുന്നതെന്നു തെളിയിയ്ക്കുന്ന പല സംഗതികളുണ്ടു്—മുഖത്തിൻേറയും ശരീരത്തിൻേറയും ആകൃതി, നായന്മാരുടെ ജീവിതരീതിയോടുള്ള അത്ഭുതാവഹമായ സാമ്യം തുടങ്ങി പലതും. പ്രസ്താവയോഗ്യമായ ചിലതു പറയാം: പ്രസവം, തിരണ്ടുകല്യാണം തുടങ്ങിയ കാര്യങ്ങളിൽ അനുഷ്ഠിയ്ക്കുന്ന ചടങ്ങുകളും ആചാരകാലവും ഇരുകൂട്ടർക്കുമൊരുപോലെയാണ്. പ്രസൂതിസമയമടുത്താൽ,

22667

മലനായർസ്ത്രീ ഇല്ലം വിട്ടു അതിദൂരെ ഒരു സ്ഥലത്തേയ്ക്കു മാറിപ്പാക്കുന്നു. സഹായത്തിന്നു രണ്ടു പെണ്ണുങ്ങളും കൂടെപ്പോകും. തൊണ്ണൂറു കഴിഞ്ഞു, കുളിച്ചു ശുദ്ധമായതിന്നു ശേഷമേ, ഇല്ലത്തിന്നടുത്തുകൂടി അവൾ വരാൻ പാടുള്ളു. അതുവരെ കാട്ടിന്നു നടുവിൽ കിടന്നു കഷ്ടപ്പെട്ടുതന്നെ ദിവസം കഴിയ്ക്കണം. ആർത്തവദിവസങ്ങളിലും സമൂഹം വിട്ടുപോകണം. മാത്രമല്ല കുളിയ്ക്കാൻ മണ്ണാത്തിയുടെ മാററുടുക്കണമെന്നതൊരു നിർബ്ബന്ധവുമാണ്. കാട്ടുജാതിക്കാർക്കു ഈ പതിവെവിടെയെങ്കിലും കണ്ടിട്ടും കേട്ടിട്ടുമുണ്ടോ? ആദ്യകാലങ്ങളിൽ നാട്ടിൻപുറത്തു താമസിച്ചു ജീവിതം നയിച്ചവരാണിവർ എന്നു തെളിയിയ്ക്കുകയാണ്, വീണ്ടുമിതു ചെയ്യുന്നതു്.

ഇപ്പോൾ, ഇവർക്കു 'മാററു'കിട്ടാനുള്ള ബുദ്ധിമുട്ടു ചില്ലറയൊന്നുമല്ല. അതുകൊണ്ടു രണ്ടും മൂന്നും പേർ ഓരോ വഴിയ്ക്കായി ഇറങ്ങിവന്നു ഒന്നും രണ്ടും തുണികൾ വണ്ണാത്തിയെക്കൊണ്ടലക്കിച്ചു കൊണ്ടുപോയി ചെറുകഷ്ണങ്ങളാക്കിച്ചീന്തി ഇറയത്തു തൂക്കിവെയ്ക്കുകയാണ് പതിവു്. ഇതൊന്നു, അരയിൽ ചുററിയേ, ഇന്നും ഈ ഉത്തമകുലസ്ത്രീകൾക്കു ശുദ്ധി വരികയുള്ളു. പിന്നെയൊരാചാരമുള്ളതു് ഇവർ മരംകയറിയാൽ ഭ്രഷ്ടായിപ്പോകുമെന്നുള്ളതാണ്. പണ്ടൊക്കെ നമുക്കും ആ വിശ്വാസം ഉണ്ടായിരുന്നിരിയ്ക്കണം. അല്ലെങ്കിൽ മറെറാരു ജാതിയെ ആ പ്രവൃത്തിയ്ക്കു നിയമിയ്ക്കുമോ?

വിവാഹരീതി: കെട്ടുകല്യാണത്തിനോടൊട്ടൊക്കെ സാദൃശ്യമുള്ള ഒരു ഇമിറേഷൻ അടിയന്തരം, സ്ത്രീകളുടെ കാതിലെ ചുററു് തകിടു് നടുക്ക മുതലായ ആടകളും അലങ്കാരങ്ങളും, പുരുഷന്മാരുടെ മാന്ത്രികകർമ്മങ്ങൾ ഇങ്ങിനെ പലതുമുണ്ടു് വിവരിയ്ക്കേണ്ടതായി.

ഇവരുടെ മതമെന്താണ്? തീർച്ചയായും ഇവർ വൈദികഹിന്ദുക്കളല്ല. പണ്ടത്തെ നായന്മാരും വൈദികരായിരുന്നില്ലല്ലോ. നാം അതിപ്പോൾ വിസ്മരിയ്ക്കുന്നു. പാരായണം, പൂജ തുടങ്ങിയ സമ്പ്രദായങ്ങൾകൊണ്ടും, ആചാരങ്ങൾകൊണ്ടും ഒട്ടുമുക്കാലും ബ്രാഹ്മണ്യമവലംബിച്ചിട്ടുള്ള നമുക്കു് അതോടുകൂടിത്തന്നെ മുണ്ടിയൻ കലശവും, അയ്യപ്പൻവിളക്കും കുട്ടിച്ചാത്തൻ സേവയും കാരണവന്മാർക്കു കൊടുക്കലും പ്രത്യേകമായുണ്ടു്. ഭാഷാനാമകരണം, ചിന്ത, വിശ്വാസം എന്നിങ്ങനെ ജീവിതരീതിയിലങ്ങോളമിങ്ങോളം ബാധിച്ചു കാണാവുന്ന ദ്വൈവിധ്യം മലനായന്മാരുടെ ഇടയിൽ കാണ്മാനിടയില്ല. ഉദാഹരണമായി ഇവർ പേരിടുന്നതു നോക്കുക: ഇവരുടെ ഇടയിൽ രാമൻ എന്ന ഒററപ്പേർ, വാരിയന്മാർക്കു ശൂലപാണി എന്നതുപോലെ, വളരെ അധികം പ്രചാരമു

ള്ളതായിക്കാണാം. ആര്യവീരനാമങ്ങളിതോടെ കലാശിയ്ക്കയും ചെയ്യുന്നു. ബ്രഹ്മ വിഷ്ണുശിവന്മാരുടെ പര്യായനാമങ്ങൾ ഒന്നുംതന്നെ കാണ്മാനില്ല. ശ്രീരാമന്റെ കാലത്തു ജീവിച്ചിരുന്ന ഇവരുടെ പൂർവ്വികന്മാർ വാനരസേനയിലെ ഒരു വലിയ വിഭാഗംതന്നെ ആയിരുന്നുവോ? 'രാമൻ കോമ്മൻ' എന്ന ദേവത ശ്രീരാമനായിക്കൂടെന്നുമില്ലല്ലോ.

ഏതായാലും പ്രാചീനകേരളത്തിൽ പ്രചുരപ്രചാരം ഉണ്ടായിരുന്നവയാണ് ഇവരുടെ പേരുകൾ മിക്കവാറും. ആര്യബ്രാഹ്മണരുമായുള്ള സംസർഗ്ഗം കൊണ്ടും, പുരാണപാരായണംകൊണ്ടും നമ്മുടെ ചാപ്പനും, കോരനും ഒരു ശലഭപരിണാമമേററ ശിവദാസനും, രവീന്ദ്രനാഥനുമായി മാറിക്കഴിഞ്ഞു. എങ്ങാനും പഴമ്പേരുകൾ നിലവിലുണ്ടെങ്കിൽത്തന്നെ അവയ്ക്കൊക്കെ ഗീർവ്വാണോല്പത്തി തേടിപ്പിടിയ്ക്കാനാണ് നമുക്ക് ഉൽക്കടാഭിനിവേശം. കോരൻ, ഘോരനും; ചാത്തു, ശാസ്താവും; ഇട്ടുണ്ണി, വിഷ്ണുണ്ണിയുമായിരുന്നെന്നു പറയുന്നതുപോലെ കോളാമ്പി കുവലയദളനമ്പിയുമായിരുന്നിരിയ്ക്കണം . . . . . . . ഇത്തരം ഉന്മാദമൊന്നും പിടിപെടാത്ത കൂട്ടത്തിലാണ് മലനായന്മാർ. മതാനുഷ്ഠാനത്തിലുമില്ലാ, ഇവർക്കൊരു മാററം. അന്നും ഇന്നും അവരുടെ 'പരദേവത' 'രാമൻ കോമ്മൻ'തന്നെ. പക്ഷേ, ഇവർ ആവേശംകൊണ്ടുന്മത്തന്മാരായിക്കാണുന്നതു് ഒരു മാതിരി ഭഗവതിപൂജയിലാണ്. ചില ക്ഷേത്രങ്ങൾ കാട്ടിന്റെ നടുവിലാണ് സ്ഥിതിചെയ്യുന്നതു്. നൃത്തവും പാട്ടും, സദ്യയും, അതികേമമായി പൂജയോടനുബന്ധിച്ച് ഇവർ കഴിയ്ക്കാറുണ്ട്. ഒരു മാതിരി കലികൊണ്ടു തുള്ളുന്ന വെളിച്ചപ്പാടന്മാർ ഇവരുടെ ഇടയിലുമുണ്ട്. തെച്ചി, ചെമ്പരത്തി, അലറി, മുതലായ പൂജാപുഷ്പങ്ങൾ എവിടേയും കാണാം. തിറ എന്ന പൂജാസമ്പ്രദായവും, തോററം ചെല്ലലും ഇവരുടെ ഇടയിലുമുണ്ട്. മദ്യവും ഇറച്ചിയും പൂജയ്ക്കു് ഇവർക്കു കൂടാതെ കഴിയില്ല. അതിദൂരമിറങ്ങിപ്പോയി ഉൾനാടുകളിൽ ചെന്നാണ് ഇവർ മദ്യം വാങ്ങിക്കൊണ്ടുവന്നു സംഭരിയ്ക്കുന്നതു്. വെളിച്ചപ്പാടിന്റെ ഉറച്ചിലും വെട്ടലും, കല്പനയും എല്ലാം നാട്ടിൻപുറത്തു കാണുന്ന രീതിയിൽനിന്നു പറയത്തക്ക വ്യത്യാസമൊന്നുമില്ലാതെയാണ്. ഇതോടുകൂടിത്തന്നെ ഇവർ മരുമക്കത്തായികളാണെന്നും കാട്ടിൽ മററൊരു ജാതിക്കാരും ആ സമ്പ്രദായക്കാരല്ലെന്നും നമുക്കു മറക്കാൻ പാടില്ല. എങ്ങിനെ നോക്കിയാലും ഏതു കാര്യത്തിലും പഴയ നായർജീവിതം ഇന്നും കൊണ്ടുനടത്തുന്ന ഏകവർഗ്ഗമാണ് ഇവർ. സംബന്ധം, കെട്ടുകല്യാണം മുതലായവ ഏതാണ്ടു രൂപാന്തരപ്പെട്ട മട്ടിൽ അവർ ഇന്നും ആചരിയ്ക്കുന്നു.

രണ്ടു കൊല്ലം മുമ്പ് ഇവരുടെ ഇടയിൽ വസൂരിരോഗം പിടിപെട്ടു. രോഗത്തിൻെറ യാതൊരു ഗ്രഹിതവും ഇല്ലാത്തതുകൊണ്ടും, രാവിലത്തെ കുളി മുടക്കാൻ നിവൃത്തി ഇല്ലാത്തതുകൊണ്ടും, അന്യോന്യം തൊട്ടു പെരുമാറി വന്നിരുന്നതുകൊണ്ടും, രോഗം പരന്നു് ഈ ജാതി ഒട്ടേറെയും നശിച്ചുപോവുകയാണുണ്ടായതു്. ഞാൻ ഈയിടെ ആ പ്രദേശങ്ങളിൽ പോയപ്പോഠം കേട്ടതാണിതു്. മനുഷ്യചരിത്രത്തിൽ ചില കാലങ്ങളിൽ ചില വംശങ്ങഠം ഇങ്ങിനെ നാമാവശേഷമായി പോകുന്നു എന്നതു വാസ്തവംതന്നെ. എങ്കിലും ഈ അത്യാഹിതത്തിൽ സഹിയ്ക്കാൻ പാടില്ലാത്ത സങ്കടമാണു് എനിയ്ക്കു തോന്നുന്നതു്.

# എസ്സേ

സ്കൂളിൽ പോകുന്ന കുട്ടിയുടെ ഒരു പുസ്തകമെടുത്തു വെറുതെ ഏടുകൾ തിരിച്ചും മറിച്ചും നോക്കിക്കൊണ്ടിരിക്കുമ്പോഴാണ് ആ പാഠം കണ്ടതു് — 'റെയിൽവേ യാത്ര.' എന്താണിപ്പോൾ ഇതിനെക്കുറിച്ചിത്രയൊക്കെ എഴുതാനുള്ളതു് എന്നാണാദ്യം തോന്നിയതു്. വായിച്ചപ്പോളോ, ഈ നിസ്സാരകാര്യങ്ങൾ ഇത്ര രസാവഹമാക്കി എഴുതാമല്ലോ എന്നൊരത്ഭുതവും.

യാത്രക്കാരുടെ തരഭേദങ്ങളായിരുന്നു പ്രസിദ്ധനായ പ്രീസ്റ്റ്‌ലിയുടെ ആ ലേഖനത്തിലെ മുഖ്യപ്രതിപാദ്യം. ദുശ്ശാഠ്യം പിടിച്ച മററുള്ളവക്കു ശല്യം സംഭാവന ചെയ്യുന്ന കുട്ടികളോടു കൂടിയ അമ്മമാർ, സാമാനക്കെട്ടുകൾ ഇരിക്കുന്നവരുടെ മേലും തലയിലും വഷിച്ചു് അവയുടെ എണ്ണം നോക്കി പരിഭ്രമിച്ചും അലട്ടിക്കൊണ്ടിരിക്കുന്ന മറെറാരു ജനുസ്സു്, കാററു പോരെന്നു ശഠിച്ചു വാതിലും ജന്നലും മലക്കെ തുറന്നിട്ടു കാററു മാത്രമല്ല പുകയും കൽക്കരിപ്പൊടിയും ഉള്ളിലേക്കു കടത്തിവിടുന്നവർ, തണുത്ത കാറേററു ചീരാപ്പും തൊണ്ടയടപ്പും വരുമെന്ന പേടിയാൽ എല്ലാം അടച്ചുപൂട്ടി ശ്വാസം മുട്ടി വിങ്ങിപ്പൊട്ടാൻ വാശി പിടിക്കുന്നവർ, വണ്ടി പുറപ്പെട്ട ഉടനെ താന്താങ്ങളുടെ കൊട്ടയോ സഞ്ചിയോ തുറന്നു സദാ ചവച്ചു തുപ്പി ചിലച്ചുകൊണ്ടിരിക്കുന്നവർ, കയറിയിരുന്ന ഉടനെ കണ്ണടച്ചു് എത്തേണ്ടിടത്തെത്തുംവരെ ചിന്തമാറില്ലാതെ ഉറങ്ങുന്ന വേറെയൊരു കൂട്ടർ — ഇങ്ങനെ പല പല വഹക്കാരെയാണദ്ദേഹം ആ 'പാഠ'ത്തിൽ വർണ്ണിച്ചിട്ടുള്ളതു്. അതോ മനോഹരവും രസാവഹവുമായ ശൈലിയിലും.

നമുക്കുമുണ്ടായിട്ടുള്ളതാണ് ഈ അനുഭവങ്ങളത്രയും. എന്നാലവ ഒരു പത്രത്തിലോ പുസ്തകത്തിലോ ഒരു പ്രബന്ധമാക്കി എഴുതിച്ചേർക്കാമെന്നു നമുക്കാർക്കും തോന്നിയിട്ടില്ല. എന്താവാമതിനു കാരണം? സംസ്കൃതമാതൃകകളിലെ രചനാനിബന്ധനകളാൽ ബദ്ധരാണല്ലോ മലയാളികൾ. ഒരു നിയമവും മര്യാദയും കൂടാതെ അങ്ങനെയൊക്കെ അങ്ങെഴുതുകയോ! അന്തസ്സിനു കുറച്ചിലാണതെന്നൊരു തോന്നലുംകൂടിയുണ്ടോ നമ്മുടെ കൂട്ടർക്കെന്നേ സംശയമുള്ളു. 'പ്രബന്ധ'മെന്നാണ് 'എസ്സേ'യ്ക്കു നാം പറയാറുള്ളതെങ്കിലും പ്രബന്ധത്തിൻെറ നിബന്ധനകളും റൂളും റെഗുലേഷനും ഒന്നും ബാധകമല്ലാത്തൊരു മട്ടിലാണ് ഇംഗ്ലീഷ് 'എസ്സേ'യുടെ പോക്ക്. പാണ്ഡിത്യപാടവം പ്രകടിപ്പിക്കാനാണ് നമുക്കു വാസന. സ്വന്തം അനുഭവങ്ങളെ ഉപന്യസിക്കുവാനുള്ള ഉശിര്—രചനാനിയമങ്ങളെ കൂട്ടാക്കാതെ ഉള്ളിലുള്ളതു് വന്നപോലെ എഴുതിവിടാൻ വേണ്ട ധൈര്യം — അതു നമുക്കല്പം കമ്മിയാണ്.

ഇംഗ്ലീഷിലെഴുതുന്നവർക്കാകട്ടെ സ്സൊന്നുമില്ല. സംസ്കൃതസാഹിത്യസങ്കേതങ്ങൾക്കു നേരെ എതിരാണല്ലോ ഇംഗ്ലീഷുകാരൻെറ സ്വാതന്ത്ര്യതല്പരത. രസികത്തവും ജ്ഞാനവുമാണ് ഉള്ളടക്കമെങ്കിൽ എവനും ഏതു രീതിയിലും എന്തും എഴുതാമെന്നു് എന്നോ തീർച്ചയായ കാര്യം എല്ലാവർക്കും ഒരുവിധം സ്വീകാര്യമായി. എന്നല്ല, പതിനെട്ടാം നൂററാണ്ടിൽ അതു് 'എസ്സേ' എന്നൊരു സാഹിത്യപ്രസ്ഥാനമായിത്തന്നെ വികസിച്ചും തുടങ്ങി.

'ഉദ്യമം' എന്നേ 'എസ്സേ' എന്ന വാക്കിന്നർത്ഥമുള്ളു. എന്തും തരംതിരിച്ചു സമർത്ഥമായി നിർവ്വചിക്കുന്ന ഡോക്ടർ ജോൺസൺ പറയുന്നതു് എസ്സേ, 'മനസ്സിൻെറ കൂസലില്ലാത്ത ഒരു കുതി' ആണെന്നാണ്. സമ്പൂർണ്ണസ്വാതന്ത്ര്യത്തോടെ, വിശേഷിച്ചുത്തരവാദിത്വങ്ങളൊന്നുമില്ലാതെ, നമ്മുടെ മനസ്സു വല്ല വിഷയത്തിലേയ്ക്കും കുതിച്ചു പ്രവേശിക്കുന്ന ഒരു വിഭാഗവിശേഷമാണ് എസ്സേ. വിജ്ഞാനസമ്പത്തല്ലാ ഇതിനാവശ്യം, അനുഭവവും ആത്മാർത്ഥതയുമാണ്. അവ രണ്ടുമുള്ള ആർക്കും യഥേഷ്ടം കടന്നുവരാം.

ഗോൾഡ്സ്മിത്ത് തുടങ്ങി ഇംഗ്ലീഷിലിന്നുമെഴുതുന്ന പ്രബന്ധകാരന്മാർ വരെ ഈ സ്വാതന്ത്ര്യമട്ട കാണാം. ചരിത്രവും ശാസ്ത്രവും കല്പിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്ന കട്ടപ്പം കൂടിയ ചിന്തകൾ മാററിനിർത്തി, ആത്മവീക്ഷണത്തിൽനിന്നു മാത്രം ഉറന്നുവരുന്ന ചിന്തകൾ ഒതുക്കിയാണവരെഴുതുന്നതു്. ആർക്കുമനുഭവപ്പെടാവുന്ന ഒരു നിത്യനിസ്സാരസംഭവം പിടിച്ചിട്ടാവും തുടക്കം. സരസവും സജീവവുമായി അതുപപാദിച്ചതിനു ശേഷം അതിൽനിന്നുദിക്കുന്ന

ചിന്തകളിലേയ്ക്കു സങ്ക്രീട്ടടിച്ചുലാത്തി ഒടുക്കം മനുഷ്യജീവിതത്തെ സ്പർശിയ്ക്കുന്ന സ്നേഹതത്വങ്ങളിലവസാനിയ്ക്കുന്നു.

തെരുവിൽ തെണ്ടിപ്പിള്ളർ കളിച്ചുകൊണ്ടിരിയ്ക്കുന്നതു്, ഒരു കള്ളുകുടിയൻ പരമാനന്ദതുന്ദിലനായി ആഞ്ഞുലഞ്ഞു നടന്നുവരുന്നതു്, സ്ത്രീകൾ ഒരു മൂലയ്ക്കു നിന്നു സ്വകാര്യം പറയുന്നതു്, ഒരു പ്രാസംഗികൻ പൊതുസ്ഥലത്തുനിന്നു് ഒരു പീഞ്ഞപ്പെട്ടിപ്രസംഗം അടിച്ചു ബോറടിയ്ക്കുന്നതു്— ഇങ്ങിനെ ഏതിൽനിന്നെങ്ങിനേയും തുടങ്ങാം. അങ്ങിനെ തുടങ്ങുമ്പോൾ സ്വാഭാവികമായി ആത്മകഥാകഥനത്തിൻെറ ഒരു ഛായ വരും. പക്ഷേ, സ്വാനുഭവചിന്തകളുടെ അകൃത്രിമസുന്ദരമായ ഒരു പൂഞ്ചോലയാവും അതിൽനിന്നൊഴുകുക. അതിൽ കളവില്ല, ചതിയില്ല, തട്ടിപ്പില്ല, പിത്തലാട്ടമില്ല. ഉണ്ടെങ്കിലോ, എസ്സേ ഒഴുക്കമിയ്ക്കു കൊള്ളാതാവുകയും ചെയ്യും.

ഒരുദാഹരണം പറയാം, ശ്രദ്ധിച്ചു കേട്ടാലും: ''കാലത്തേയുണരേണം ബാലകന്മാരേ നിങ്ങൾ'' എന്നാണല്ലോ അലിഖിതശാസനം. സത്യം പറഞ്ഞാൽ, നിവൃത്തിയുണ്ടെങ്കിൽ ഇഷ്ടംപോലെ കിടന്നുറങ്ങി വൈകി എഴുന്നേല്ക്കാനാണു് അധികംപേർക്കുമിഷ്ടം. സ്വന്തം ഹിതാഹിതങ്ങളേയും അനുഭവത്തേയും പൂഴ്ത്തിവെച്ചു, പല അസംബന്ധങ്ങളും പ്രസംഗിയ്ക്കാനാണു് സാധാരണ ഒരെഴുത്തുകാരൻ മുതിരുക — ലോകത്തെ നന്നാക്കലാണല്ലോ അവൻെറ ലക്ഷ്യം!

ചാറൽസ് ലാംബ് എന്ന പ്രസിദ്ധ ഗ്രന്ഥകത്താവു് വൈകിയെഴുന്നേററാലുള്ള സുഖത്തേക്കുറിച്ചു ലേശം കവിത കൂട്ടി വളരെ ഭംഗിയിൽ പറഞ്ഞുവെച്ചശേഷം, തനിയ്ക്കിതാണു് ഏററവും സുഖമെന്നും നിത്യം പത്തുമണിയ്ക്കേ താനെഴുന്നേല്ക്കാറുള്ളവെന്നും തനിയ്ക്കു യാതൊരു കേടും തന്മൂലം വന്നിട്ടില്ലെന്നും മററും കൂസലില്ലാതെ എഴുതിച്ചേത്തൊരു പ്രബന്ധമുണ്ടു്. നേരത്തെ കിടന്നുറങ്ങി നേരത്തെ എഴുന്നേററാൽ ആരോഗ്യവും സമ്പത്തും ദീഘായുസ്സും എല്ലാം കിട്ടുമെന്നു് അദ്ദേഹം പറഞ്ഞില്ല. തന്മൂലം പണ്ഡിതന്മാരും ജ്ഞാനികളും ലാംബിനെ ഒരുപക്ഷേ ചീത്തപറഞ്ഞു, പുച്ഛിച്ചു, എന്നെല്ലാം വരാം. നിങ്ങളും ഞാനും അതു ചെയ്യില്ല. കാരണം, വൈകിയെഴുന്നേല്ക്കുന്നതിലാണു് നമുക്കു് താല്പര്യം. എന്നല്ല, ലാംബു പറഞ്ഞതു പരമാത്ഥമാണെന്നറിയുകയും ചെയ്യാം നമുക്കു്. പല പിഴകളും വീഴ്ചകളും അറിഞ്ഞും അറിയാതേയും പററിക്കൊണ്ടിരിക്കുന്ന നമ്മൾ, പാടേ നീക്കം ചെയ്യേണ്ടതാണു പലതുമെന്നറിഞ്ഞിട്ടുകൂടി അതു ചെയ്യുന്നില്ല. അഥവാ അതിനു കഴിയുന്നില്ല. എന്നിരിയ്ക്കേ, അതു

തുറന്നുപറയാൻ എന്തിന്ന മടിയ്ക്കുന്നു! ഇതു ജ്ഞാനയോഗമല്ല, സനാതനധർമ്മ പരിപാലനപ്രസംഗവുമല്ല. ഒരാഠം സത്യമായും കൃത്യമായും അവന്നു വരുന്ന വീഴ്ച്ചകളെപ്പററി സവിനയം സമപ്പിയ്ക്കുന്നൊരു സമ്മതപത്രമാണ്. രസാത്മകമാണ് അതാപാദചൂഡം, വായിയ്ക്കുന്നവക്ക് ബഹുരസം. ഇങ്ങിനെ പല സംഗതികളെപ്പരാമശിച്ചും ലാംബെഴുതിയിട്ടുണ്ട്. ഓരോന്നു വായിയ്ക്കുമ്പോഴും നാം അദ്ദേഹത്തിൻെറ സത്യസന്ധതയിലും വിനയത്തിലും രസികത്തത്തിലും അലിഞ്ഞലിഞ്ഞു ചേരും.

സാഹിത്യത്തിൽ, ലേഖനത്തിലായാലും സല്ലാപത്തിലായാലും, തൃപ്തിയും ആനന്ദവും സംജാതമാകുന്നതു് ആത്മാത്ഥതകൊണ്ടാണ്. നാട്യകപടക്കെട്ടുപാടുകഠം ഒട്ടുമില്ലാതെ, ഉള്ളതു സമ്മതിച്ചു സംസാരിയ്ക്കുന്നൊരാഠം ഏതു സഭയിലും സ്വാഗതാഹനായിത്തീരുന്നു. ആയാഠം പറയുന്നതു് ആളുകഠം സശ്രദ്ധം കേഠക്കും. നേരെമറിച്ചു്, പാണ്ഡിത്യപ്രഘോഷണം ചെയ്തുകൊണ്ടൊരു മഹാജ്ഞാനി അകലെനിന്നു വരുന്നതു കണ്ടാൽ നമ്മളിൽ പലരും ഒഴിഞ്ഞുമാറാനാണ് ശ്രമിയ്ക്കുക. ഇതുപോലെയാണ് ഗ്രന്ഥങ്ങളും. ഉള്ളതു ഭംഗിയിൽ പറയുന്ന സഹൃദയനായ ഒരെഴുത്തുകാരനെ നമുക്കൊരു കാലത്തും മടുപ്പു വരികയില്ല. സാങ്കേതികപ്രബന്ധങ്ങളും ശാസ്ത്രീയലേഖനങ്ങളും അതുപോലെയുള്ള കനത്ത സാധനങ്ങളും ഒരു കൂട്ടക്ക് പിടിയ്ക്കും. സാധാരണക്കാക്ക് രസികത്തത്തിലാണ് കമ്പം. സത്യവും സൌന്ദര്യവും പ്രതിഭയുടെ മാധുര്യവും ചേന്നാലോ, അതു ശക്തിമത്തായ ഒരു പാനീയമായിത്തീരുകയും ചെയ്യും.

'എസ്സേ' എഴുതുന്നതു ഗദ്യത്തിലാണെങ്കിലും നേരിയൊരു കവിഹൃദയം കൂടി ലേഖകന്നുണ്ടെങ്കിൽ സാധാരണ വിഷയങ്ങഠക്കതു പകിട്ടു കൂട്ടും. നല്ല 'എസ്സേയിസ്ററു'കഠംക്കെപ്പോഴും ഇതുണ്ടാവുകയും ചെയ്യും.

ലാംബിനെത്തന്നെ എടുത്തുനോക്കുക: രാത്രി താമസിയ്ക്കുന്ന മുറിയിൽ തിരിച്ചെത്തി ഒരു മെഴുകുതിരി കൊളുത്തി മേശപ്പുറത്തുവെച്ചു് എഴുതാനാരംഭിയ്ക്കുകയാണദ്ദേഹം. തെരുവിൽ ജ്വലിച്ചുകൊണ്ടു നില്ക്കുന്ന ഗ്യാസുവിളക്കുകളുടെ—ഇലക്ട്രിസിററി അന്നേയ്ക്കെത്തിയിട്ടില്ല—പ്രഭയിൽനിന്നാണ് ഇഷ്ടൻ വരുന്നതു്. മെഴുത്തിരിയുടെ വെളിച്ചം മുറിയിൽ പരന്നതോടെ അദ്ദേഹത്തിൻെറ ചിന്ത പോയ പോക്കു നോക്കു: "സൂര്യൻ ആവശ്യംതന്നെ—" അദ്ദേഹം എഴുതുകയാണ്: "വെളിച്ചവും ചൂടും നല്കുന്നതുകൊണ്ടു് ആ പ്രകാശത്തെ സംരക്ഷിയ്ക്കേണ്ടതുതന്നെ. എങ്കിലും ചന്ദ്രൻ ഉദിച്ചുയരുമ്പോഠം അതിൻെറ ശീതളപ്രഭ സൂര്യൻേറതിനേക്കാഠം എത്രയോ മടങ്ങു ചേതസ്സമാകഷകമായിട്ടെനിയ്ക്കു

തോന്നുന്നു. പ്രഭാപൂരംകൊണ്ടു മഞ്ഞളിച്ച കണ്ണുകൾക്ക് ഈ കൊച്ചുമെഴുത്തിരിയുടെ വെട്ടം എത്ര ആനന്ദപ്രദമായിരിയ്ക്കുന്നു!'' ഇത്രയും പറഞ്ഞടങ്ങിയിരിയ്ക്കാതെ അദ്ദേഹം, മെഴുത്തിരിയെ അഭിസംബോധന ചെയ്തുകൊണ്ട് ഗദ്യത്തിൽ മനോഹരമായ കവിതയുതിർക്കുകയാണ് പിന്നെ. ലോകത്തിൽ മികച്ചതും പ്രഭാവം തികഞ്ഞതുമായ വസ്തുക്കൾ സുലഭമാണെങ്കിലും, അവയിൽ താണ പലതും അതുപോലെ മധുരങ്ങളാണെന്നും, നിസ്സാര സംഗതികളിലാണു മിയ്ക്കപ്പോഴും ഹൃദയസ്പൃശിയായ അനുഭവം കുടികൊള്ളുന്നതെന്നും മററും നമ്മുടെ ചിന്തയ്ക്കു നിറം പിടിപ്പിച്ചുകൊണ്ട് അറിയാതെ നമ്മേ ഉയർത്തിക്കൊണ്ടുപോകുന്നു. അതാണ് 'എസ്സേ'യുടെ അത്ഭുതാവഹമായ 'ചാം'—വശ്യശക്തി.

മലയാളഭാഷയിൽ നോവലും ചെറുകഥകളും 'ലിറിക്കെ'ന്നു പറയുന്ന ഭാവഗീതികളും നമുക്കുണ്ടായതു് ഇംഗ്ലീഷു സാഹിത്യസ്പർശംകൊണ്ടാണ്. മഹാകാവ്യങ്ങളും മഹാനിബന്ധനകളും അവിടേയും ഉണ്ടെങ്കിലും, ബുദ്ധിയുള്ളവനു വേണമെങ്കിൽ ഏതു വഴിയ്ക്കും ഓടിനടക്കുവാനുള്ള സ്വാതന്ത്ര്യവും വഴികളും ഇംഗ്ലീഷുകാരൻെറ പ്രത്യേകതയാണല്ലോ. ശാസ്ത്രീയപ്രബന്ധങ്ങളിലെ വിഷയപ്രതിപാദനരീതി വിട്ടു സഞ്ചരിയ്ക്കാൻ നാം ഇനിയും തുടങ്ങിക്കാണുന്നില്ല. ചരിത്രശാസ്ത്രോപന്യാസങ്ങൾ ഗൌരവരീതിയിലേ എഴുതാൻ സാധിയ്ക്കുകയുള്ളു. എന്നാൽ ജീവിതാനുഭവങ്ങൾ ഇതിൽപ്പെടുത്തേണ്ട ആവശ്യമെന്താണ്? 'ജ്ഞാനി' അല്ലെങ്കിൽ 'പണ്ഡിതൻ' എന്ന പരമോന്നതബിരുദം നേടിയിട്ടില്ലാത്തവനും സ്വാനുഭവങ്ങളേപ്പററി എഴുതുവാനും ''താഴ്ന്ന''തെങ്കിലും സ്വന്തം ചിന്തകൾക്കു നിറം കൊടുത്തു് ആകർഷകമായ രൂപങ്ങളിൽ പ്രതിപാദിയ്ക്കാനുമുള്ള സ്വാതന്ത്ര്യം ഉണ്ടെന്നു നമുക്കു ബോദ്ധ്യപ്പെട്ടു കഴിഞ്ഞിരിയ്ക്കുന്നു. എന്നിട്ടും 'എസ്സേ' രൂപം ഇനിയും മലയാളത്തിൽ അനുഭവമനോധർമ്മവിലാസങ്ങൾ കാണിയ്ക്കാത്തതാണത്ഭുതം. ഒരുവക അധൈര്യമായിരിക്കുമോ ഇതിന്നു കാരണം? 'കേസരി' ഒന്നു പരിശ്രമിയ്ക്കുകയുണ്ടായി. അധികരിച്ച ജ്ഞാനം അദ്ദേഹത്തെ കുഴക്കിലാക്കി. രസികത്തത്തിലും ആത്മാർത്ഥതയിലും ചോർച്ച അനുഭവപ്പെട്ടു.

പാണ്ഡിത്യത്തിൻെറ ഈ മാറാപ്പെല്ലാം കെട്ടിവെച്ചു കയ്യു രണ്ടും വീശി തെല്ലിട നമുക്കൊന്നുഷാറിൽ നടന്നുകൂടെ? വഷളത്തം കാട്ടാതേയും പറയാതേയും സൂക്ഷിയ്ക്കുകയേ വേണ്ടു. ഓരോരുത്തരുടേയും തനതായ അനുഭവങ്ങൾ സത്യംപോലെ പറഞ്ഞുകേൾക്കുന്നതു് ഒരിയ്ക്കലും നഷ്ടമായിക്കരുതുക വയ്യ. ഏതു 'ഘടിയാളം'—നടക്കാത്തവകൂടി—ഇരുപത്തിനാലു മണിക്കൂറുകൾക്കു

ള്ളിൽ രണ്ടു തവണ 'കൃത്യ'സമയം കാണിയ്ക്കാതെ കഴികയില്ല. എന്നതുപോലെ, പാമരന്മാരെന്നു് നിന്ദിച്ചുപോരുന്നവക്കും ചിലപ്പോൾ സരസ്വതീപ്രസാദം കിട്ടിക്കൂടെന്നുണ്ടോ? ഇതെന്തിനു നഷ്ടപ്പെടുത്തുന്നു? നന്നല്ലെങ്കിൽ നമുക്കു വലിച്ചെറിയാമല്ലോ, കുപ്പയിൽ; നല്ലതു മേശയ്ക്കകത്തു സൂക്ഷിയ്ക്കുകയും.

എസ്സേയിസ്റ്റുകൾക്കു് വരാവുന്ന ഏററവും വലിയ തെററു്, അവക്കു ജീവിതത്തിൽ ജുഗുപ്സയോ മനുഷ്യരാശിയോടു് വെറുപ്പോ വന്നുപോയെങ്കിലാണു്. എളിയവരോടു് സ്നേഹാദരങ്ങളുണ്ടാകാൻ വഴിയില്ലല്ലോ അവക്കു്. സ്നേഹാനുകമ്പകൾ പൊട്ടിയൊഴുകുന്ന ഒരു ഹൃദയത്തിൻെറ ഉടമസ്ഥനല്ലാതെ ഇത്തരം ലഘുവിഷയങ്ങളിൽ പ്രവേശിച്ചു കാന്തി ചിന്തുവാൻ സാധിയ്ക്കുകയുമില്ല. ഗർവ്വും പുച്ഛവും ആഢ്യംമന്യതയും കൂടെപ്പിറന്നവർ അനുകമ്പ കിളരുന്ന ലഘുഹാസമോ കണ്ണുനീരിൽ കുതിത്ത ജീവിതവീക്ഷണമോ സ്വപ്നം കാണാൻപോലും നോക്കേണ്ട. അതില്ലാത്തോ'രെസ്സേ' പൂണ്ണമാകയുമില്ല.

രാജാക്കന്മാരോ പ്രമാണികളോ പ്രഭുക്കളോ അല്ലല്ലോ 'എസ്സേ'യുടെ കേന്ദ്രബിന്ദു. വേല ചെയ്തും അദ്ധ്വാനിച്ചും കഴിയുന്ന തൊഴിലാളിവർഗ്ഗത്തെ ഉദ്ദേശിച്ചാണു്—അവശന്മാരും ആർത്തന്മാരുമായ പിച്ചക്കാർകൂടി ഇവരിലുൾപ്പെടും—'എസ്സേ' എഴുതപ്പെടുന്നതു്. അവരിലലിവു തോന്നണമെങ്കിൽ അതിനൊരു പ്രത്യേകമനസ്സു വേണം. ചുരുങ്ങിയതു് മാനുഷികസമത്വത്തിന്നനുകൂലിയാവുകയെങ്കിലും വേണം. ചെറിയ ചെറിയ കാര്യങ്ങളെ ലഘുവാക്കിക്കളയാതെ ജീവിതത്തോടു ചേക്കാനുള്ളൊരുക്കം വേണം. അങ്ങിനെയൊക്കെ വരുമ്പോഴാണു് എസ്സേ 'കവിത'യാണോ 'ഗാന'മാണോ എന്നൊക്കെ തോന്നിപ്പോകുന്നതു്. സ്വരാജ്യസ്നേഹത്തെ പുരസ്കരിച്ചൊരു 'പ്രബന്ധ'മെഴുതുകയാണെങ്കിൽ ഒരു മണ്ണാത്തി തോട്ടിൽവെച്ചു മുണ്ടലക്കിക്കൊണ്ടിരിയ്ക്കുന്നതിൻെറ ഒരു വർണ്ണന ഒരു കാലത്തും അതിലുൾപ്പെടുകയില്ല. മറിച്ചു് 'എസ്സേ'യിൽ മണ്ണാത്തിയുടെ അലക്കിൽനിന്നാവും ഒരുപക്ഷേ കറകളഞ്ഞ സ്വരാജ്യസ്നേഹത്തിൻെറ ശുഭ്രതയിലേയ്ക്കുള്ള അലക്ഷ്യമായ കുതി.

മേല്പറഞ്ഞ ഗുണങ്ങളെല്ലാം തികഞ്ഞ ഒരസാധാരണവ്യക്തിയായിരുന്നു നടേപറഞ്ഞ ഗോൾഡ്സ്മിത്തു്. ഇംഗ്ലീഷുകാരനായിരുന്നുവെങ്കിലും അദ്ദേഹത്തിന്നു കണ്ണടച്ചൊരാരാധന ഇംഗ്ലണ്ടിനോടുമുണ്ടായിരുന്നില്ല. സ്വന്തം നാട്ടിലെ 'രാഷ്ട്രീയ'ത്തിലും ദൈനംദിനജീവിതത്തിലും തേർവാഴ്ച നടത്തിയിരുന്ന ഹിമാലയമഹാചലാബദ്ധങ്ങളേയും പൊങ്ങച്ചത്തലതിരിച്ചൽകൊണ്ടു വരുന്ന പിഴകളേയും നിർഭയമായി, സരസമായി, അദ്ദേഹം വിമശിച്ചുവിട്ടു. അതോ,

ഒരു പുതിയ രസികൻമട്ടിലും. അതിൻെറയൊന്നും പിന്നിൽ താനല്ലെന്നാണു് ഭാവം. യദൃച്ഛയാ ചീനയിൽനിന്നൊരു യാത്രക്കാരൻ ബിലാത്തിയിൽ വന്നു് അവിടെ താൻ കണ്ടമ്പരന്ന വ്യത്യസ്തജീവിതരീതിയെ ഉപഹസിച്ചു വർണ്ണിച്ചും വിമർശിച്ചും തൻെറ നാട്ടിലുള്ള മറെറാരു ചീനന്നയയ്ക്കുന്ന എഴുത്തുകളുടെ രൂപത്തിലാണു് ലേഖനങ്ങളത്രയും. വിമർശിയ്ക്കാൻ അതുമൂലം പൂർണ്ണസ്വാതന്ത്ര്യം കിട്ടി. ചീനക്കാരൻെറ പുതുമമൂലം പുതിയ ലോകത്തിലെ അന്യായങ്ങളേയും അഴിമതികളേയും പിഴകളേയും ഒരിംഗ്ലീഷുകാരനു തോന്നുന്നതിനേക്കാൾ പതിന്മടങ്ങു ശക്തിയിൽ അനുഭവപ്പെട്ടു പ്രതിപാദിയ്ക്കാമെന്നു വന്നു. എഴുതുന്ന ഭാഷ, പതിനെട്ടാം നൂററാണ്ടിലെ പണ്ഡിതമല്ലന്മാർ താലോലിച്ചിരുന്ന ഭാഷയായിരുന്നതുമില്ല. അതു സ്വച്ഛവും സുന്ദരവും പ്രസന്നവും ലളിതവുമായിരുന്നു. ലോകത്തിലേതു രാജ്യത്തും ഗുണങ്ങളും നന്മകളുമുണ്ടെന്നും അതിനെ ബഹുമാനിയ്ക്കാതെ തരമില്ലെന്നും ഒരു വൈപ്ലവികബോധം അദ്ദേഹത്തിന്നു നന്നേ ഉണ്ടായിരുന്നു. ഇംഗ്ലീഷുകാർക്കു മാത്രമേ ബുദ്ധിയും ശൌര്യവും മററു മികച്ച ഗുണങ്ങളും ഉള്ളു എന്നുൽഘോഷിച്ചുകൊണ്ടാണു് ബുദ്ധിമാനായ ജോൺസൺകൂടി എഴുതിയിരുന്നതും പ്രസംഗിച്ചിരുന്നതും. അങ്ങിനെയൊരു വർഗ്ഗഗർവ്വു് നാടാകെ പടൎന്നു കത്തിയൊരു കാലത്താണു് എല്ലാ രാജ്യക്കാരേയും ഒരുപോലെ ആദരിയ്ക്കുന്നൊരു സുമനസ്സു്—ഒലിവർ ഗോൾഡ്സ്മിത്തു്—ഉണ്ടായിവന്നതു്. അദ്ദേഹത്തിൻെറ പ്രബന്ധങ്ങളുടെ കൂട്ടപ്പേർപോലും "ലോകപൌരൻ" എന്നായിരുന്നു. 'ലീഗ് ഓഫ് നേഷൻെറ' ഈ നൂററാണ്ടിൽ അതു കേൾക്കുമ്പോൾ വലിയ അത്ഭുതം തോന്നാനിടയില്ല. അങ്ങനെയല്ലല്ലോ പതിനെട്ടാം നൂററാണ്ടിൽ. ഗോൾഡ്സ്മിത്തിൻെറ ഈ 'ചീനക്കത്തുകൾ' ഇന്നും ആൎക്കും—ഏതു രാജ്യക്കാരനുമാകട്ടെ—വായിച്ചാസ്വദിയ്ക്കാവുന്നവയത്രേ. മറിച്ചു്, ലാററിൻ നിയമങ്ങളിൽനിന്നണുവും ചലിയ്ക്കാതെ ഘനാഘനവിഷയങ്ങളെയധികരിച്ചു ജോൺസൻ എഴുതിയ ശുദ്ധപ്രബന്ധങ്ങൾ, സാഹിത്യപ്പിഴകൾക്കു മാതൃകയായി ഇന്നും അലമാറിയിൽ പിൻഭാഗത്തിരിയ്ക്കുകയാണു്, ആരും വായിയ്ക്കാനിഷ്ടപ്പെടാതെ!

# ചെന്നായ്ക്കളുടെ ശിക്കാർ?

ചെന്നായ്ക്കളെക്കുറിച്ചു പറയാൻ മുതിരുമ്പോഠം പെട്ടെന്നോർമ്മവരുന്നതു നമ്മുടെ പാഠപുസ്തകങ്ങളിൽ പണ്ടെങ്ങാണ്ടു വായിച്ച ഒരു പരമരസികൻ വർണ്ണനയാണ്. നരച്ച നിറത്തിലുള്ളൊരു പരുത്ത സത്വമായിട്ടാണല്ലോ ചെന്നായയെ അതിൽ വിവരിച്ചിരിയ്ക്കുന്നതു്. ഈ പാഠപുസ്തകങ്ങളെയെഴുതിയൊപ്പിയ്ക്കുന്നവരധികവും നമ്മുടെ നാട്ടിലെ മൃഗങ്ങളെപ്പററി വലിയ വിവരമൊന്നുമില്ലാത്ത അധ്യാപകന്മാരാവും. അവർ വർണ്ണിച്ചുവിട്ട മൃഗം റഷ്യയിലും സൈബീരിയയിലും മററും മഞ്ഞിൻകുന്നുകളിൽ കൂട്ടംകൂട്ടമായോടിനടന്ന് എല്ലാ മൃഗങ്ങളേയും ദ്രോഹിയ്ക്കുന്നൊരു ഭയങ്കരനാണ്. നമ്മുടെ നാട്ടിലാവർഗ്ഗം ഇല്ലെന്നല്ല പറയുന്നതു്: ഉണ്ടാവാം, മദ്ധ്യേന്ത്യയിലെ ചില കാടുകളിൽ ആ നരച്ച പഹയന്മാരെ കണ്ടെന്നു വരാം. പക്ഷേ, മലബാറിലില്ല. തീച്ച. മലബാറിലുള്ളതു 'വൂഠഫ'ല്ല. അവ ശരിയ്ക്കു ചെന്നായ്ക്കഠംതന്നെയാണ്, ആ പദത്തിൻെറ ശരിയായ അത്ഥത്തിൽ. എന്നുവെച്ചാൽ, നല്ലപോലെ ചുകന്ന ഒരുതരം കാട്ടുനായ്ക്കഠം.

കാട്ടുനായ്ക്കഠം (Wild dogs) എന്നു പറയുന്നതാവുമോ കൂടുതൽ ശരി എന്നും തോന്നായ്കയില്ല. കാഴ്ചയിലേതായാലും നമ്മുടെ 'ചൊക്കന്മാ'രുടെ മാതിരിയിരിയ്ക്കും. അത്രതന്നെയില്ല വലുപ്പം. മൂന്നടിയിലേറെ പൊക്കമുണ്ടാവുമോ? സംശയമാണ്. ഭയങ്കരത ചിന്നിച്ചിതറുന്നവയാണ് അവയുടെ തീവ്രോജ്ജ്വലങ്ങളായ കണ്ണുകഠം. കഴുത്തിലും ശരീരത്തിലെല്ലായിടവും ചുവന്ന രോമങ്ങളങ്ങിനെ തിക്കിത്തിരക്കി വളന്നുയൎന്നുനില്ക്കുകയാണ്. പ്രത്യേകിച്ചും, വാലിൽ

കുപ്പി തുടയ്ക്കാനുപയോഗിയ്ക്കുന്ന ബ്രഷിൻെറ മാതിരി സർവ്വ ഭാഗത്തേയ്ക്കും രണ്ടു രണ്ടരയിഞ്ചുള്ള രോമം വിരിഞ്ഞുനില്ക്കുന്നു. അവൻെറ നോട്ടത്തിലും നടത്തത്തിലും, എന്നുവേണ്ട എല്ലാ ചലനത്തിലും, ഉണ്ട് അതിർകവിഞ്ഞൊരുഷാറും പ്രസരിപ്പും. വലിയ വലിയ സംഘങ്ങളായല്ലാതെ ഒററയ്ക്കവയെ കാണാൻ നന്നെ ഞെരുങ്ങും. ഇരുനൂറോളം അംഗങ്ങളുള്ള 'യൂനിയനു'കളുണ്ടവയ്ക്കെന്നാണ് കേട്ടുകേൾവി. അമ്പതുമറുപതും ഒന്നിച്ചു കൂട്ടംകൂടുന്നതു് ഞാൻ കണ്ടിട്ടുണ്ട്. ഇരുട്ടത്തവ വരുമ്പോൾ അനേകം മിന്നാമിനുങ്ങുകൾ അങ്ങിനെ മിന്നിമിനുങ്ങി വരുന്നതായിട്ടേ തോന്നൂ ഒററ നോട്ടത്തിൽ. അടുത്തെത്തിയാലേ അതുവരെ മിന്നുകയും മിനുങ്ങുകയും ചെയ്തിരുന്നതു് ഇപ്പഹയന്മാരുടെ കണ്ണുകളാണെന്നറിയുകയുള്ളു. സ്വതേ മൂർഖസ്വഭാവികളാണ്. ഭയം എന്നാലെന്തെന്നുപോലും അറിയുകയുമില്ല. സംഘബലത്തിൻെറ ഊക്കോടുകൂടിയേ നടക്കു. 'ഐകമത്യം മഹാബല'മെന്നതിനെ ഒററയക്ഷരം വിടാതെ പ്രവൃത്തിപഥത്തിൽ അനുസരിയ്ക്കുന്നതുകൊണ്ടു കാട്ടിലെ മൃഗങ്ങൾക്കെല്ലാംതന്നെ ചെന്നായ്ക്കളെ പേടിയാണ്. പേടിച്ചേ തീരു.

മനുഷ്യരെപ്പോലെതന്നെ എണ്ണംപറഞ്ഞ ശിക്കാറികളാണ് ചെന്നായ്ക്കളും. കലയും പുലിയും കരടിയും പന്നിയും എല്ലാം ചെന്നായ്ക്കളുടെ ആക്രമണത്തിന്നിരയായിത്തീരുന്നു. പഹയന്മാരുടെ ചെത്തവും ചൂരും ലേശമൊന്നേശിയാൽ മതി, അവിടെയുള്ള മൃഗങ്ങളെല്ലാം പരക്കംപായുകയായി. അല്ലെങ്കിൽ, 'ഈഹാമൃഗം' (മൃഗങ്ങളിലാസക്തിയുള്ളതു്) എന്ന ബഹുമതിബിരുദം വീണ ഈ ബഹദ്ദൂറിനെ പേടിയ്ക്കാതെ കഴിയുമോ? ഗജവീരൻകൂടി ഈ പേടിയിൽനിന്നു വളരെ വിമുക്തനല്ല. ആനയെ പിടികൂടിയതായി കണ്ടിട്ടും കേട്ടിട്ടുമില്ലെങ്കിലും, വെറും നാടൻനായ്ക്കൾ രണ്ടെണ്ണം ഒരുകുറി ഒരു പൊന്തയ്ക്കരികിൽനിന്നു നാലഞ്ചു കുരച്ചപ്പോൾ പരിഭ്രാന്തനായി ചുററും നോക്കിച്ചീറി പിണ്ടിയിട്ടു് ഒരു വാരണരാജൻ ക്ലേശിയ്ക്കുന്നതു കണ്ടിട്ടുള്ള എനിയ്ക്കതു വിശ്വസിയ്ക്കാൻ പ്രയാസമില്ല. കാട്ടുമൃഗങ്ങൾക്കെല്ലാം അവനോടുള്ള ഭയവും വെറുപ്പും കാരണം അവരെല്ലാവരുംകൂടി അവന്നു നല്കിയതായിരിയ്ക്കാം 'നായിൻെറ മോൻ' എന്ന കുസൃതിപ്പേർ. നമ്മളാൽച്ചിലരുടെ ശകാരസഹസ്രനാമത്തിൽ 'ശുനകാത്മജൻ' കടന്നുകൂടി മുക്കാനും മുരളാനും തുടങ്ങിയതേതായാലും ആ വഴിയ്ക്കാവണം.

കൂട്ടത്തോടുകൂടിയേ ചെന്നായ്ക്കൾ സഞ്ചരിക്കൂ പതിവുള്ളുവെന്നു പറഞ്ഞുവല്ലോ. പ്രായംകൊണ്ടും വലുപ്പംകൊണ്ടും നായാട്ടുസാമർത്ഥ്യംകൊണ്ടും അതിൽ

മുഖ്യനായൊരു തലവനുണ്ടാവും. പട്ടാളച്ചിട്ടയൊന്നും കണക്കല്ല അവൻെറ 'ഡിസിപ്ലിൻ' ഓത്താൽ. അവൻെറ ആജ്ഞപ്രകാരമേ ഏതു നായും എന്തും ചെയ്യൂ. അവരുടെ ശക്തിയ്ക്കുള്ള നിദാനവും അതുതന്നെ. ഒരു മലമാനിൻെറ വിശ്രമസ്ഥലം മണത്തറിഞ്ഞു കണ്ടെത്തിയെന്നു വെയ്ക്കുക. ഉടനെ 'ക്യാപ്ടൻ' നിശ്ശബ്ദം ഓരോരുത്തരേയും ഓരോ മർമ്മസ്ഥാനത്തു കൊണ്ടുനിത്തും. തൻെറ തലമണ്ടയിലെ ആലഭാരവും കോപ്പുംമൂലം മാനിന്നു് ഏതെങ്കിലും ഒരു വഴിയിലൂടെ അന്തമില്ലാതെയങ്ങോടാൻ നിവൃത്തിയില്ല. സൗകര്യമായിന്നുണ്ടു് ഓടാൻ ഒഴിവുള്ള വഴികളും കഴിവുകളും സാവധാനം കണ്ടുപിടിയ്ക്കേണ്ടിവരുന്നു. മാനിൻെറ ആ പ്രത്യേകത നായ്ക്കൾക്കു നല്ല വിവരമുണ്ടു്. ചിലുക്കളുള്ള അഞ്ചുപത്തു ചെന്നായ്ക്കൾ മാൻ കാട്ടിലേയ്ക്കു കടന്ന ദിക്കിൽ കാത്തുനില്ക്കും. പുറത്തു ചാടാൻ തെല്ലെങ്കിലും തഞ്ചമുള്ള പഴുതുകളിലെല്ലാം അവർ ചെറുചെറു സംഘങ്ങളായി അണിനിരന്നും കഴിയും. അന്തംവിട്ടു ചാടിയോടിയേയ്ക്കാവുന്ന തിരിവുകളിലുമുണ്ടാവും കരുത്തുററ കാവൽക്കാർ. നായ്ക്കൂട്ടത്തിൽ ബാക്കിയുള്ളവർ എവിടേയ്ക്കു നീങ്ങുവാനും ആക്രമിയ്ക്കുവാനും ജാഗരൂകരായി 'ക്യാപ്ടനൊ'ന്നിച്ചുതന്നെ നില്ക്കുകയും ചെയ്യും. ഒരുക്കങ്ങളെല്ലാം ശരിപ്പെട്ടാൽ 'ക്യാപ്ടൻ' ചൂളംവിളിപോലെ ഒരു ശബ്ദം പുറപ്പെടുവിയ്ക്കുന്നു. അതു കേട്ടാലുടനെ അങ്ങിങ്ങായി കാത്തുനില്ക്കുന്ന 'സെൻട്രികൾ' അതേററുപാടും. അസാധാരണവും സംഭ്രമജനകവുമായ ആ കൂട്ടമൂളലും ചൂളംവിളിയും കേട്ട മലമാൻ വിരണ്ടെഴുന്നേല്ക്കുന്നു. ചുററും നോക്കി വന്ന വഴിയേ കുതിയ്ക്കാൻ തുടങ്ങുന്നു. അവിടേയ്ക്കണയുമ്പോഴാണു് തൻെറ പ്രതിപക്ഷബലത്തെ ആദ്യമായിക്കാണുന്നതു്. ഭയചകിതനായ മാൻ മറെറാരു വഴിയ്ക്കു തിരിയാൻ ശ്രമിയ്ക്കുന്നു. അവിടെയുമുണ്ടു് ഈ 'പണ്ടാരക്കാല'ന്മാർ. രണ്ടുമൂന്നു തിരിമറിയങ്ങിനെ കഴിയുമ്പോഴേയ്ക്കും മാൻ അന്തംവിട്ടു കണ്ട പഴുതിലൂടെയെല്ലാം ഓടി രക്ഷപ്പെടാൻ പരിശ്രമിയ്ക്കുകയായി. പരിചയക്കുറവു്, പരിഭ്രമം, നിബിഡമായ തരുപംക്തി, കമ്പും കവരുമുള്ള ശിരോലങ്കാരം — ഇവിടെയാണു് 'ഉഷ്ണീഷം' ഉഷ്ണവർദ്ധകമായി വിപരീതം കാട്ടുന്നതു് —; കൊമ്പും വാലും ശരീരവും അവിടേയും ഇവിടേയും അടിച്ചും മുട്ടിയും കുടുങ്ങിയും മാൻ വീഴാൻ തുടങ്ങും. അപ്പോഴേയ്ക്കു 'കപ്പിത്താൻെറ' നേതൃത്വത്തിലുള്ള പരിഹയന്മാർ മാനുമായിപ്പൊരുതുവാൻ പോർക്കളത്തിലേയ്ക്കിരമ്പിക്കയറിയിട്ടുണ്ടാവും. ഓരോ വീഴ്ചയ്ക്കും ശരീരത്തിൻെറ ഓരോ ഭാഗത്തുനിന്നും ഓരോ കടി കടിച്ചു ചുരുങ്ങിയതു് ഓരോ റാത്തലെങ്കിലും ഇറച്ചി എടുത്തുകളകയും ചെയ്യും. പിന്നെ മരണപ്പാച്ചിലായി —

കണ്ണും മൂക്കുമില്ലാത്ത ഓട്ടം. കാടുവിട്ടെങ്ങാനുമൊന്നു തിരിയാൻ കഴിഞ്ഞു വെന്നു വെയ്ക്കുക; എന്നാലേ ഈ ഓട്ടത്തിന്നും വൈശ്യം. എന്നിട്ടും കാര്യമില്ല. അവിടെയും ചെയ്ത്താന്മാർ പറന്നെത്തും. കൂട്ടത്തിൽ എണ്ണം പറഞ്ഞോരോ കടിയും കിട്ടുമ്പോഴേയ്ക്കു മാനിന്റെ പൂതി പതിനെട്ടും തീരും.

ലവലേശം ദയ ചെന്നായ്ക്കൾക്കില്ല. ഒന്നാമതായി അവ കടിച്ചെടുക്കു ന്നതു വൃഷണങ്ങളാണ്. അവ പോകുന്നതോടെ പുരുഷത്വത്തിന്റെ ലക്ഷണം വല്ലതുമുണ്ടെങ്കിൽ അതും പോകുമല്ലോ. ഏണപ്പെണ്മണിയാവുമ്പോഴോ എന്നാ ണോ ചോദിയ്ക്കുന്നതു്? അപ്പോൾ പൗരുഷമല്ല സ്ത്രീത്വമായിരിക്കും അവർ ശരിപ്പെടുത്തുന്നതു്. പിന്നെ ലജ്ജ വിട്ടുള്ളോട്ടമാണ്— ഓടടാ ഓട്ടം. ഓടി യോടി അനവധി നാഴികകൾ അവ ചിലപ്പോൾ പിന്നിട്ടെന്നു വരും. കടി യേററും ചോരയൊലിപ്പിച്ചും പായുന്ന മരണപ്പാച്ചിൽ ഒന്നോർത്തുകൊണ്ടാൽ മതി. ചെന്നായ്ക്കളവനെ ക്ഷീണിപ്പിച്ച് അലുക്കലുക്കാക്കിക്കളയും. ഒടുവിൽ ചെങ്കുത്തായ ഏതെങ്കിലും കേററം കേറി രക്ഷപ്പെടാൻ നോക്കുമ്പോഴാവും പഞ്ചറായ അവൻ ഉരുണ്ടുപെരണ്ടു താഴെ വീഴുന്നതു്. ആ വീഴ്ചയിൽനിന്നെ ഴുന്നേല്ക്കുന്നതു് അപൂർവ്വമാണ്. ഏറിയാലൊരു പതിനഞ്ചു നിമിഷം, അല്ലെ ങ്കിൽ അരമണിക്കൂറാവട്ടെ, കഴിയുമ്പോഴേയ്ക്കു് തലയുടേയും നട്ടെല്ലിൻേറയും മററും കടിച്ചാൽപ്പററാത്ത ചില എല്ലുകൾ മാത്രം അവിടെ ബാക്കിയാവുന്നതു കാണാം. മലമാൻ അന്ത്യശ്വാസം വലിയ്ക്കുന്നതിനെത്രയോമുമ്പ് മുക്കാൽഭാഗ മിറച്ചിയും ചെന്നായ്ക്കളുടെ വയററിലെത്തിക്കഴിയും. ഓട്ടത്തിലും വീഴ്ചയിലു മെല്ലാം തരം കിട്ടുമ്പോഴൊക്കെ ഇറച്ചി കടിച്ചെടുക്കുന്ന ജോലിയും നിർവ്വഹി യ്ക്കപ്പെടുന്നതുമൂലം ചാവുന്നതിന്നേറെമുമ്പുതന്നെ അതൊരായിരംവട്ടം ചത്ത ഫലമാണ്.

ഒരിയ്ക്കൽ ഒരു ചെന്നായ്പ്പട ഇങ്ങിനെ ഒരു മാനിനെ ആട്ടിപ്പിടിയ്ക്കു ന്നതു് അകലെ ഒരു കുന്നിൻപള്ളയ്ക്കിരുന്നുകൊണ്ടു കാണുവാനിടയായി. കുറെ മുമ്പുതന്നെ ഒരു നൂറു നായ്ക്കളുടെ കണ്ണുകഠോരമായ കൂട്ടക്കരയും വിളിയും ദൂരത്തു നിന്നു കേട്ടിരുന്നു. പെട്ടെന്നു കാട്ടിൽനിന്നൊരു മാൻ പുറത്തുചാടി ഓടാനൊ രുങ്ങുന്നതു കണ്ടു. ക്ഷീണിച്ചു പരവശനായ മാൻ കുതി കിട്ടാതെയും കുതി കിട്ടിയിട്ടും ചാട്ടത്തിൽ നീളം പോവാതെയും നിന്ന കുഴിയിൽത്തന്നെ വീണ്ടും ഓടി രക്ഷപ്പെടാൻ പാടുപെടുകയായിരുന്നു. മുമ്പിൽ കാണുന്നതു് ഒരു നല്ല കയററമാണ്. പക്ഷേ, അതു കേറിമറിഞ്ഞു് ഓടിയാൽ മറെറാരു കാട്ടിലഭയം പ്രാപിയ്ക്കാമെന്നായിരിയ്ക്കണം മനസ്സിൽ. പകുതിയോളം ചെരിവു് അതു കയറി.

പക്ഷേ വീണ്ടും കയറാൻ ശ്രമിയ്ക്കുമ്പോഠം വല്ല പാറയോ മറേറാ ആയിരിയ്ക്കാം തടഞ്ഞു് അടിയിലേയ്ക്കുരസിവീണു. അതോടെ ആർത്തിരമ്പിയടിച്ചു ചിന്നിച്ചിതറിവീഴുന്ന തിരമാലപോലെ ചെന്നായ്ക്കഠം അതിനെ വളഞ്ഞുകഴിഞ്ഞു. രണ്ടു നാലു നായ്ക്കഠം മാനിൻെറ മരണച്ചവിട്ടേററു് ഉയരെത്തെറിച്ചു. ദയനീയമായ നാലു നിലവിളിയാണു് പിന്നെക്കേട്ടതു്. കഴിഞ്ഞു, കഥയും അവസാനിച്ചു.

ഒന്നിച്ചുണ്ടായിരുന്നൊരു സുഹൃത്തു് രണ്ടു വെടി പൊട്ടിച്ചു. നായ്ക്കഠം നാലുപുറവും ഓടിമറഞ്ഞു. ഞങ്ങഠം ചെന്നുനോക്കുമ്പോഴത്തെ കഥയെന്താണു്? മാനിൻെറ മേൽ ഇറച്ചിയൊന്നുമില്ല ; എന്നാലും അതിൻെറ കഥ കഴിഞ്ഞിരുന്നുവോ, ഒട്ടില്ലതാനും. ഞങ്ങഠം തിരിച്ചൊരഞ്ചുവാര പോന്നപ്പോഴേയ്ക്കും പാഞ്ഞൊളിച്ച ചെന്നായ്പട വീണ്ടും വന്നണിനിരന്നു. ബാക്കിയ്ക്കുവേണ്ടി കടിപിടി കൂടിത്തുടങ്ങി.

മാനിന്നു് അവൻെറ ശക്തിയേപ്പററി ഒരു ചുക്കും വിവരമില്ലെന്നു മുമ്പൊരിയ്ക്കൽ പറകയുണ്ടായിട്ടുണ്ടല്ലോ. ചവിട്ടിനുചവിട്ടിന്നു് ഓരോ നായയെയെങ്കിലും പിച്ചിക്കളയുവാനുള്ള ശക്തി അവൻെറ നാലു കാലുകഠംക്കുമുണ്ടു്. എട്ടുകൂത്ത മുനമ്പുകളുള്ള കൊമ്പുകളുമുണ്ടു് പോരെങ്കിൽ. തൻെറ കഥ കഴിഞ്ഞാലും ശരി, വേണമെങ്കിൽ അതിന്നുമുമ്പു് ഒരരഡസൻ നായ്ക്കളെയെങ്കിലും ശരിയാക്കുവാൻ മാനിനൊരു പ്രയാസവുമില്ല. പക്ഷേ, എന്തു ചെയ്യും? അവൻെറ ഭീരുതപവും ചെന്നായ്പ്പടയുടെ സമരചാതുരിയും കാരണം ഇതൊന്നും സാധിയ്ക്കാതെ പോവുന്നു. മാനിൻെറ മണം നായ്ക്കഠംക്കു കിട്ടിക്കഴിഞ്ഞാൽ അവൻെറ അവസാനവും അടുത്തുവെന്നു കരുതാം. നരന്മാരിൽനിന്നും നരിയമ്മാനിൽ നിന്നും നൂറോട്ടം രക്ഷ പ്രാപിച്ചാലും ശരി, മലമാൻ ചെന്നായ്ക്കളുടെ മുമ്പിൽ അടി പണിഞ്ഞുപോകുന്നു. സംഘടിതമായ പ്രവർത്തനങ്ങളിലേപ്പെടുന്ന ആക്കും ഒരു പാഠമാണു് ചെന്നായ്ക്കളുടെ വീറും വാശിയും, ഒത്തുചേർന്നുള്ള പോരാട്ടവും. പക്ഷേ, ജീവനോടുകൂടെ ഒന്നിനെ 'ചോപ്പാ'ക്കുന്ന സമ്പ്രദായമാണു് സഹിച്ചുകൂടാത്തതു്. അതിനുമാത്രം വല്ല കുററവും മാനോ, മാനിൻെറ കൂട്ടക്കാരോ ചെയ്തിട്ടുണ്ടോ? — ഉണ്ടെങ്കിൽ തരക്കേടില്ല.

ചെന്നായ്ക്കഠം മാനിനെ വേട്ടയാടിപ്പിടിക്കുന്ന വിധം മുമ്പൊരിയ്ക്കൽ പറഞ്ഞുവെച്ചുവല്ലോ. മാനിനെ മാത്രമല്ല പന്നിയേയും, തരംകിട്ടിയാൽ പുലിയേപ്പോലും, അവ ശിക്കാറടിച്ചു് കശാപ്പുചെയ്തുകളയും. കുറച്ചു വല്ല അപകടവും പിണയാമെങ്കിൽ അതു കാട്ടുപന്നിയെ വട്ടം കറക്കുമ്പോഴാണു്. തന്നെ ഉപദ്ര

വിഴുങ്ങാൻ വരുന്നവരുമായി ഒരു കൈ നോക്കാതെ പന്നിക്കുട്ടൻ കീഴടങ്ങാറില്ല.' കുത്തു മുത്ത തന്റെ തേററകൊണ്ട് നാലഞ്ചെണ്ണത്തിന്റെയെങ്കിലും കുടൽ മാല വലിച്ചു് നിണമണിഞ്ഞേ അവനടങ്ങു. ഫലം ഒടുക്കം മാനിന്റേതുതന്നെയാണ്, ശരി. എങ്കിലും ആളൊരു കുറുമ്പനാണല്ലോ അവൻ. ആവശ്യത്തിന്നുമാത്രം ഉശിരുമുണ്ട്.

പുലിസ്സാറുമായുള്ള പോരാട്ടത്തിന്നു് പകിട്ടും രസവും കൂടും. ചെന്നായ്ക്കൾ വളഞ്ഞു പിടിയ്ക്കാനാണ് ഭാവമെന്നു മനസ്സിലായാൽ ഇഷ്ടൻ, അടുത്തു യരമുള്ളൊരു മരം നോക്കി അതിന്റെ കവിളിയിൽക്കേറിയിരുന്നുകളയും. അടിയിൽനിന്നു് നായ്ക്കളുടെ ലഹള; മുകളിൽനിന്നു് മൂപ്പരുടെ മുരളൽ. പോക്കുവിളിയും വീരവാദവുമായിത്തന്നെ കുറെ നേരം പോവും. പക്ഷെ, നായ്ക്കൾ വിട്ടുപോവുമോ? ഇല്ല.

പുലി പറയും: 'ഇതു് റേഷൻ ഷാപ്പല്ലടാ, നായിന്റെ മക്കളെ' എന്നു്.

'എന്നാൽ ഇങ്ങിറങ്ങിവാടാ—' എന്നു് കൂട്ടത്തോടെ നായ്ക്കളും.

ഇറങ്ങാൻ ഭാവമില്ലെന്നു കണ്ടാൽ നായ്ക്കൾ മരത്തിന്റെ ചുററും നാവും തൂക്കി ഇരിപ്പും കിടപ്പുമാവും. ചിലപ്പോൾ ചെറിയോരോ ഉറക്കത്തിന്നുതന്നെ ഇരുകൂട്ടർക്കും സമയം കിട്ടും. പുലിസ്സാറിന്നു് പക്ഷെ നായ്ച്ചെറുക്കന്മാരുടെ മാതിരി ക്ഷമയില്ലാത്തതുകൊണ്ടു് ഒടുവിൽ എങ്ങിനെയെങ്കിലും താഴത്തു ചാടി ഓടുവാൻ ഒരു ശ്രമം നടത്തും. അതേവരെ അക്ഷമരായി ഉറക്കം അഭിനയിച്ചു കിടന്നിരുന്ന ചെന്നായ്ക്കൾ ഒന്നിച്ചവനെ പിടികൂടുകയും ചെയ്യും. തെല്ലനേരം ഭയങ്കരമായൊരു യുദ്ധംതന്നെയാണ് പിന്നെ. തച്ചും, കടിച്ചും, മാന്തിയും, ചവിട്ടിയും, പുലിയും ഒരു പത്തുപന്ത്രണ്ടെണ്ണത്തിനെ 'പീ—സുപ്പാ'ക്കിക്കളയും. പക്ഷെ, അതുകൊണ്ടുണ്ടോ തടി കഴിച്ചിലാകുന്നു? എന്നല്ല, ഇതിന്നിടയിൽ തന്റെ ദേഹത്തിൽനിന്നു് തുണ്ടം തുണ്ടമായി ഇറച്ചിയങ്ങനെ കാണാതാവുന്നുമുണ്ട്. തുരുതുരെയല്ലെ നാലു ഭാഗത്തുനിന്നും ശത്രുക്കളാക്രമിയ്ക്കുന്നതു്? മുമ്പിലുള്ളവരോടു പൊരുതിനിൽക്കാം. പക്ഷെ, പിൻപുറം അപ്പോഴേയ്ക്കു കാണാതാവുന്നു. അതിനോ? അധികം കഴിയുന്നതിന്നുമുമ്പു് അവിടെയും എല്ലും കോലും ബാക്കിയാവും. പിന്നെ അതിന്നുവേണ്ടിയായി പിടിവലി. മുറിപ്പെട്ടും ചത്തും തെറിച്ച സഹോദരന്മാരും പാഴായിപ്പോകുന്നില്ല. സദ്യയുടെ ഹരത്തിന്നിടയിൽ അവയും ചങ്ങാതിമാരുടെ പള്ളയിലാവും. അറിഞ്ഞോ അറിയാതേയോ, ആരു കണ്ടു!

തൊള്ളായിരത്തി ഇരുപത്തിരണ്ടിൽ മാപ്പിളലഹളയുടെ മൂഷ്ഠിൽ അങ്ങാടിപ്പുറം-മേലാററൂർ ഭാഗങ്ങളിൽ ഒരു കൂട്ടം ചെന്നായ്ക്കൾ നാട്ടിൻപുറത്തേയ്ക്കൊരു വിരുന്നു വരികയുണ്ടായത്രെ! കാട്ടിൽ മാപ്പിളമാർ കേമ്പു ചെയ്തതുകൊണ്ടായിരിക്കാം അതു സംഭവിച്ചതു്. ഏതായാലും വിരുന്നു പാർത്തു് അവിടെയുള്ള പന്നികളേയും പൈക്കളേയും ആട്ടിപ്പിടിച്ചും അകററിയോടിച്ചും കരുമനകൾ പലതും പലനാൾ കാട്ടിയെന്നു കേട്ടിട്ടുണ്ടു്. അപ്പോൾ, എന്തേ അതിവിടെപ്പറയാൻ കാരണമെന്നു ചോദിച്ചാൽ, നമ്മുടെ നാട്ടിലെ ചെന്നായ്ക്കൾക്കു് മനുഷ്യനോടു യാതൊരു ശത്രുതയുമില്ല. ഉണ്ടെങ്കിൽ അന്നാമൂഷ്ഠിൽ ചെന്നായ്ക്കളുടെ വകയുമാവാമായിരുന്നുവല്ലോ പാവപ്പെട്ട മനുഷ്യരുടെ നേരെ ഒരു വട്ടം.

ഒരാളേയും അവ ആട്ടിപ്പിടിച്ചതായോ നോക്കി പേടിപ്പിച്ചതായോ കേട്ടിട്ടില്ല. കാട്ടിൽവെച്ചു് വളരെയടുത്തു് ഞാനവനെ കണ്ടിട്ടുണ്ടു്. 'ജ്വലിച്ച കൺകൊണ്ടൊരു നോക്കു നോക്കി' 'ആ, ഇതു അസ്സാമിയാണല്ലേ?' എന്നു മനസ്സിലാക്കിയ മട്ടിൽ പേടിക്കാതേയും പേടിപ്പിക്കാതേയും അവ പാട്ടിന്നു പോകാറാണു് പതിവു്.

ഒരു പക്ഷെ, ശ്വാക്കൾക്കു് മനുഷ്യനോടു പണ്ടേക്കുപണ്ടേയുള്ള സഖ്യവാസനയാവാം അതിന്നു കാരണം. കാട്ടുനായ്ക്കളെ ആരും ഇണക്കിനോക്കിയതായി കേട്ടിട്ടില്ലെങ്കിലും നമ്മുടെ 'ചൊക്ക'ന്മാരും 'കാളു'മാരും അവയുടെ വിദൂരസന്താനങ്ങളായിക്കൂടെന്നില്ലല്ലോ. ഈ നൈസർഗ്ഗികബോധം കാട്ടുനായ്ക്കളിലും ഉള്ളതായിവേണം കരുതാൻ.

വേറേയും ഒരു സംഭവം: കുറെ മുമ്പാണു്. അമരമ്പലമട്ടക്കെ ഒരാൾ ഓക്കാപ്പുറത്തൊരാനവാരിയിൽ ചെന്നു വീണു. ചെന്നു നോക്കുമ്പോൾ, തലേന്നാളോ തലത്തലേന്നാളോ മററോ വീണൊരു കാട്ടുനായുമുണ്ടു് ഒരരുകിൽ ചുരുണ്ടു കിടക്കുന്നു. ഒരു രാവും പകലും കുഴിയിൽനിന്നു കേറാൻ നിവൃത്തിയില്ലാതെ അയാൾക്കവിടെ കഴിച്ചുകൂട്ടേണ്ടിവന്നു. അപ്പോഴൊന്നും ഒരിയ്ക്കലും ആ നായ അയാളെ ഒന്നുപദ്രവിക്കാനാവട്ടെ എതിക്കാനാവട്ടെ ശ്രമിക്കയുണ്ടായില്ല. വാരിക്കുഴിക്കാർ വന്നു നോക്കിയപ്പോൾ ആനക്കു പകരം കണ്ടതു് വേറെ രണ്ടുപേരെയാണു്. ഏതായാലും ആളെപ്പിടിച്ചു കയററിയതിന്നുശേഷം നായയേയും പിടിച്ചു കയററി. പിന്നെ യാതൊരു കാരണവും കൂടാതെ ആ നല്ല നടപ്പുകാരനെ വെടിവെച്ചുവെന്ന ലജ്ജാവഹമായ സംഗതിയും അയാൾ പറഞ്ഞു. പക്ഷെ, ഒന്നു തീർച്ച: മററേതു മൃഗമായാലും, വിനീതനെന്നു വെച്ചി

ട്ടുള്ള മലമാൻതന്നെയായാലും, ആ വാരിക്കുഴിയിൽവെച്ച് അയാളെ ഒന്നു തോണ്ടിനോക്കാനെങ്കിലും ശ്രമിക്കുമായിരുന്നു.

ചെന്നായ്ക്കളുമായി കെട്ടിപ്പിണഞ്ഞു കിടക്കുന്ന ചില പഴംപുരാണങ്ങളുമുണ്ട്. മദ്ധ്യേന്ത്യയിലെ ഉൾനാട്ടുകളിൽ ഇന്നും അവർ പറയുകയും വിശ്വസിച്ചുപോരുകയും ചെയ്യുന്നൊരു കഥയാണിത്. മനുഷ്യക്കുട്ടികൾ തുണയില്ലാതെ കാട്ടിൽപ്പെട്ടുപോയാൽ ചെന്നായ്ക്കൾ എടുത്തു വളർത്തുകയും മുല കൊടുത്ത് പോററുകയും ചെയ്യുമത്രെ. ഒരുകണക്കിൽ അവരെ വൃകോദരസഹോദരന്മാരെന്നു വിളിക്കുന്നതിൽ തെററില്ല. അങ്ങിനെ വളർന്നുവന്ന കുട്ടികൾക്ക് ചെന്നായ്ക്കളുടെ കർക്കശസ്വഭാവവും കഴിവുകളും ഉണ്ടാവുമെന്നും, അവയൊത്ത് ശിക്കാറടിച്ച് ജീവിക്കുകയാണ് പിന്നെ അവർ ചെയ്യുന്നതെന്നുമാണ് വിശ്വാസം. അതിനെ നിറം പിടിപ്പിച്ച് പൊടിപ്പും തൊങ്ങലും വെച്ച് രസകരമായ കഥകൾ പിന്നെ പറഞ്ഞുണ്ടാക്കാമല്ലൊ. ഇവയാസ്പദമാക്കി കിപ്ലിങ്ങ് കവിത തുളുമ്പുന്ന ഗദ്യത്തിലെഴുതിയ മനോഹരമായ 'ജംഗൾ ബുക്' നിങ്ങളിൽ പലരും വായിച്ചിട്ടുണ്ടാവും. (ഉണ്ടാവില്ല—കിപ്ലിങ്ങ് ഇന്ത്യക്കാരുടെ വിരോധിയാണെന്നൊരു വെപ്പുണ്ടല്ലോ!) ചെന്നായ്ക്കളുടെ മാത്രമല്ല, ഇന്ത്യയിലെ കാട്ടുമൃഗങ്ങളുടെയെല്ലാം പ്രത്യേകതകൾ അതിൽ സൂക്ഷ്മമായി നിരീക്ഷണം ചെയ്തു ചിത്രണം ചെയ്തിട്ടുണ്ട്. റോമിലെ ആദ്യത്തെ ചക്രവത്തിമാരായിരുന്ന റൊമുലസ്, റീമസ് എന്ന രണ്ടു കുട്ടികൾ ആദ്യം ചെന്നായ്ക്കളെടുത്തു വളർത്തിയവരാണെന്നും, അവരുടെ അത്ഭുതാവഹമായ ശൌര്യപരാക്രമങ്ങൾ അവയുടെ മുലപ്പാലിൽക്കൂടി ചുരന്നുവന്നു് സിദ്ധിച്ചതാണെന്നുമുള്ള പഴങ്കഥ ചരിത്രത്തിൽത്തന്നെ സ്ഥാനം നേടിയതാണല്ലൊ. അങ്ങിനെ ആലോചിയ്ക്കുമ്പോൾ, നമുക്കത്ര വേഗം പിടി കിട്ടാത്ത ചിലതിതിലെല്ലാമുണ്ടാവാം എന്നു സംശയം തോന്നുകയാണ്.

'വുൾഫി'നുള്ളതുപോലെ കാട്ടുനായ്ക്കൾക്കും ചില പ്രത്യേക ചടങ്ങുകളും മററുമുണ്ട്. ശ്വാക്കളുടെ കുലത്തിൽ പിറന്നവരാണ് ഇവരെല്ലാം. സൂര്യനേക്കാൾ ചന്ദ്രനോടാണ് അവക്കെല്ലാം പ്രതിപത്തിയും. നിറഞ്ഞ നിലാവിലാണല്ലൊ അവരുടെ പ്ലാനുകളധികവും കൊണ്ടുനടത്തുന്നതു്. അവക്കതുകൊണ്ട് ചന്ദ്രനോടുള്ള പത്ഥ്യം പറഞ്ഞാൽത്തീരില്ല. പൌണ്ണമിചന്ദ്രനെ അവർ വട്ടമിട്ടുനിന്നു് വൃന്ദഗാനത്താൽ സ്തുതിയ്ക്കുന്നു. അല്പമൊരു സംഗീതവും അതിൽച്ചിലക്കു കാണാൻ കഴിയും. ഓരോ സ്തോത്രത്തിൻേറയും രാഗസൂചിയായ സ്വരസൗരഭം തുടങ്ങിവെക്കാൻ സ്ത്രീകളാണ്. പുരുഷന്മാരിൽ മുതിന്ന

വർ അതേററാലപിക്കുന്നു. ഒടുവിൽ കുട്ടികളും മക്കളും എല്ലാവരുംകൂടി അതേ ററുപാടി തകൃതിയാക്കുകയും ചെയ്യും.

നാടൻ നായ്ക്കാംക്കും ഈ സൂഖക്കേട്ട് നല്ലപോലെ മാറിയിട്ടില്ല. രാത്രി ഉറക്കംവരാത്ത പലക്കും അതനുഭവമുണ്ടാവും.

വംശമൊന്നാണെങ്കിലും കുറെ താണ ജാതിക്കാരാണ് കുറുക്കന്മാർ. അവക്കുമുണ്ട് ഈ ചടങ്ങും സമ്പ്രദായവുമെല്ലാം. കുറുക്കച്ചാർക്ക് ചന്ദ്രനെ തെളിഞ്ഞു കാണണമെന്നത്ര നിർബ്ബന്ധമൊന്നുമില്ല. ഡിന്നർ കഴിഞ്ഞു പള്ള വീർത്താലോ, അല്ലെങ്കിൽ ഡിന്നറന്വേഷിച്ച നടക്കുമ്പോഴോ, അവന്നു് പെട്ടെന്നൊരു ദൈവവിശ്വാസം അങ്ങുയരുകയാണ്! അതോടെ ഭജന ഓളിയിടുകയുമായി. ചെന്നായ പരാക്രമിയും സാഹസികനുമായ ക്ഷത്രിയനാണെങ്കിൽ ജംബുകൻ ശൂദ്രനേക്കാരം കുറേക്കൂടി താണൊരടിമയാണ്. അതാണ് അവർ തമ്മിലുള്ള മുഖ്യ വ്യത്യാസം. ഉച്ഛിഷ്ടം വല്ലതുമുണ്ടെങ്കിൽ അതൊരു സർവ്വാണിയായിക്കരുതും കുറുക്കച്ചാർ.

'കൊന്നു തിന്നണമെന്നില്ല
കൊല്ലാനില്ലാ വിരോധവും
കൊല്ലുവാൻ ശക്തനോ താനെ–
ന്നല്ലോ നോക്കേണ്ടതാദ്യമായ്
കോഴിഭേകാദ്യരായ് ശക്തി
യാഴക്കില്ലാജ്ജനങ്ങളെ
(കോഴിക്കോട്ടാകിലെന്തുള്ള)
തോഴാ കൊല്ലാൻ മടിയ്ക്കൊലാ'

എന്നെല്ലാമാണ് കുറുക്കൻെറ വേദത്തിൽ പറയുന്നതുതന്നെ. മേൽക്കിട്ടുകേറി ദ്രോഹിക്കത്തക്ക ഉശിരന്മാരായ എല്ലാ ജന്തുക്കളോടും വളരെ കനിവും ഭ്രാതൃസ്നേഹവും കാണിച്ചേ തീരുവെന്നാണ് ആചാര്യൻ അവനെ അനുശാസിക്കുന്നതു്. അതുകൊണ്ടവൻ പറമ്പിലും പാടത്തും തോട്ടവക്കിനും തെണ്ടിത്തിരിഞ്ഞു് ഞണ്ടും ഞവിഞ്ഞും ആക്കും വേണ്ടാത്ത മററു നികൃഷ്ടജന്തുക്കളുമായി കഴിഞ്ഞുകൂടുകയാണ്.

കോഴിക്കോട്ടുപട്ടണത്തിൽ മുൻസിപ്പൽ നികുതിപോലും കൊടുക്കാതെ പലേടങ്ങളിലും ജംബുകവൃന്ദം ഇന്നു കുടിയേറിപ്പാക്കുന്നതും പെരുകുന്നതുമുണ്ട്. പട്ടാപ്പകൽ എൻെറ വീട്ടിൻെറ മുററത്തുവന്ന് ഉമ്മറത്തേയ്ക്കു സൂക്ഷിച്ചുനോ

ക്കി 'എന്താ മേന്നേ, ഇപ്പൊ വെടിയൊന്നും ല്യേ—' എന്നു ചോദിച്ചുകൊണ്ട് സ്വല്പനേരം നില്ക്കുന്നതും 'ഇപ്പൊ ഇതാ ഈ വെടിയൊക്കെത്തന്നെയുള്ളു' എന്ന എന്റെ മറുപടി കേൾക്കാൻ നിൽക്കാതെ പോവുന്നതും ഈയിടെ തുടങ്ങിയൊരു തമാശയാണ്. നാലുപുറവുമുള്ള വീടുകളിൽനിന്ന് ധീരന്മാരായ ചില ശുനകന്മാർ മുരണ്ടുകൊണ്ടവന്റെ നേക്കു പാഞ്ഞെത്തും. ആ വരവു കണ്ടാൽ കുറുക്കച്ചാരുടെ കഥ അപ്പോൾ കഴിയുമെന്നു തോന്നും. പക്ഷെ, ലഘുവായൊരു മന്ത്രപ്രയോഗംകൊണ്ട് — 'ശ്വാനഹൃദയ'മായിരിക്കുമോ ആവോ? — അവൻ നായ്ക്കളെ ഓടിക്കും. വാലും തറവുടുത്ത് ആ ശൂരന്മാർ പായുന്ന പാച്ചിൽ കാണണം!

വൃകങ്ങളുടെ അടുത്ത മറെറാരു ചാർച്ചക്കാരനാണ് കഴുതപ്പുലി. ക്രോഷ്ടാവിന്റെ മുഖംപോലെയാണവന്റെ മുഖം. മുതുകിൽ നല്ലൊരു കൂനുണ്ട്. വൈക്കോൽ മേഞ്ഞ മേൽക്കൂരപോലെ ആ കൂനിന്മേൽ കുറെ രോമങ്ങളും, ഇടക്കും തലക്കും ചൊട്ടികുത്തിയപോലെ മങ്ങിയ ചില കുത്തുകളും പുള്ളികളും, കഴുതയുടെ മാതിരി ഒരു വാലുംകൂടിയുള്ള അവൻ ഒന്നാം നമ്പ്ര് കൂട്ടുകോമാളിയാണ്. അവന്റെ ജീവിതവും ക്ഷത്രിയധർമ്മപ്രധാനമായെണ്ണിക്കൂടാ.

കാട്ടുനായ്ക്കൾ പുലിയേയും പന്നിയേയും പിടിക്കാറുണ്ട്: അതുപോലെ കടുവയും ജന്തുക്കളെ കൊന്നുതിന്നുകയാണല്ലൊ ചെയ്യുന്നത്. ഒന്നുകിൽ അവരുടെ ഉച്ഛിഷ്ടം കയ്യടക്കുക, അല്ലെങ്കിൽ പാതി തിന്ന് നരിയമ്മാമനെപ്പോലുള്ളവർ വെള്ളം കുടിക്കാനോ മറേറാ പോയാൽ മെല്ലെച്ചെന്നല്പം ഭുജിക്കുക. നമുക്കതുമതി—അപ്പോൾ മതി—അല്ലെങ്കിലെപ്പോഴെങ്കിലും മതി, എന്നാണവന്റെ വെപ്പ്. 'കാലത്തു കലം മോറിവെക്കും, ഉച്ചക്ക് വേണ്ടെന്നു വെക്കും, അന്തിക്കില്ലാന്നും വെക്കും—ഓ, മൂന്നു നേരം വെപ്പെൻേറടെണ്ട്'' എന്നു പറഞ്ഞില്ല്യേ, അതാണ് കഴുതപ്പുലിയുടേയും 'വെപ്പ്'. കാഴ്ചയിൽ ക്രൂരനാണ്, കരുത്തുററ ശരീരഘടനയുമാണ്. എന്നാലും കലാപത്തിന്നും വിപ്ലവത്തിന്നും അതിവിരോധിയായൊരു സമാധാനപ്രസ്ഥാനക്കാരനാണവൻ. ഒരൊന്നാന്തരം ഖുദായിഖിദ്ദ്മത്ഗാർ!

ആഫ്രിക്കയിലും മററും കഴുതപ്പുലികൾ സംഘംചേർന്ന് മനുഷ്യക്കുട്ടികളെ പിടിച്ചതായി വായിച്ചിട്ടുണ്ട്. മലബാറിലുള്ളവൻ അത്ര പോക്കിരിയല്ല. രാത്രിയായാലെ അവനും പുറത്തിറങ്ങുകയുള്ളു. അപ്പോൾ കണ്ടാൽ മുഷിഞ്ഞൊരു പുലിത്തോലു വലിച്ചുകേററി പുലിയാണെന്നു നടിച്ചുകൊണ്ടൊരു പൊറാട്ടു പുറപ്പെട്ടിരിയ്ക്കയാണെന്നു തോന്നും. അവൻതന്നെ അതിലല്പം രസി

ക്കുന്നില്ലേ എന്നാണെനിക്കുള്ള സംശയം. ഏതായാലും അങ്ങിനെ നടന്നു പോകുമ്പോൾ ഇടക്കിടെ അവൻ അതിഭയങ്കരമായ രീതിയിൽ, എന്നുവെച്ചാൽ, നമ്മുടെ നാടകക്കാർ ട്രാജഡി അഭിനയിക്കുമ്പോൾ വ്യസനസൂചകമായി ചിരിക്കുമ്പോലെ അട്ടഹസിക്കുന്നൊരു സമ്പ്രദായമുണ്ട്. (മലയാള സിനിമയിൽ ധാരാളം കഴുതപ്പുലികൾ അഭിനയിക്കുന്നുണ്ടെന്നാണ് എന്നോടൊരു സുഹൃത്ത് പറഞ്ഞതു്. ഞാനതു വിശ്വസിച്ചിട്ടില്ല.) രാത്രിസമയത്തു് പെട്ടെന്നതു കേട്ടാൽ ആർക്കും കോരിത്തരിപ്പുണ്ടാകും. പ്രിയതമയെക്കുറിച്ചുള്ള മധുരസ്മരണകൾ തേട്ടിവരുമ്പോഴാണ് അവനങ്ങനെ ചിരിക്കുന്നതെന്നൊരു പക്ഷമുണ്ട്. നമുക്കിത്ര ഭയം തോന്നുമ്പോൾ പാവം അവൾക്കെത്ര ഭയം തോന്നണം! ഏതായാലും അവൻ മററു ജന്തുക്കളെ മാത്രമല്ല, മനുഷ്യവർഗ്ഗത്തെത്തന്നെയും തൻെറ പ്രച്ഛന്നവേഷത്തിലൂടെ മക്കാറാക്കുകയും സ്വയം രസിച്ചു ചിരിയ്ക്കുകയുമാണെന്നാണ് എൻെറ അഭിപ്രായം.

പറഞ്ഞു പറഞ്ഞു പതിവിൽക്കവിഞ്ഞു് നീണ്ടുപോയോ എന്നു സംശയം. ആവട്ടെ, പറയാനുള്ളതു് പറയുകയും വേണമല്ലോ. ചെന്നായ്ക്കൾ ശൂരന്മാരാണ്, ശിക്കാറികളാണ്, പോരാളികളാണ്; ഒക്കെ സമ്മതിച്ചു. പക്ഷെ, തീർത്താൽ തീരാത്തൊരു കളങ്കമുണ്ടവർക്കു്. വേട്ടയാടുമ്പോൾ അവന്നു് ജാതി, ലിംഗം, പ്രായം എന്നിങ്ങിനെ യാതൊരു വ്യവസ്ഥയുമില്ല. കണ്ടതെല്ലാം കണ്ടമാനം കുട്ടിച്ചോറാക്കും. അക്കാരണംകൊണ്ടു് ഏതെങ്കിലുമൊരു കാട്ടിൽ അവനും അവൻെറ സെററും വന്നു കഴിഞ്ഞാൽ അവിടെ മററു ജീവജാലങ്ങൾ ക്രമേണ ഇല്ലാതായ്ത്തുടങ്ങും. സഹ്യൻെറ സാനുക്കളിൽ ഒരു തലമുതൽ മറേറത്തലവരെ ഇങ്ങനെ വേണ്ടിയും വേണ്ടാതെയും കൊന്നും തിന്നും നടക്കയാണ് ചെന്നായ്ക്കൾക്കു പണി. വയനാടൻ കുന്നുകളിൽ, പാലക്കാടൻ മലകളിൽ, നിലമ്പൂരിലെ നിബിഡമായ കാടുകളിൽ എല്ലാം അവയെ സാധാരണ കാണാം. അവൻെറ ലക്കില്ലാത്ത സംഹാരാസക്തി കാരണം അവനെ വന്യമൃഗസംരക്ഷണ വകുപ്പുകാർ കൂട്ടത്തിൽ കൂട്ടിയിട്ടില്ല. ആരെപ്പോൾ വേണമെങ്കിൽ അവയെ വെടിവെച്ചു നശിപ്പിച്ചുകൊള്ളട്ടെയെന്നാണ് അവരുടെ അഭിമതം. നമ്മുടെ കാടുകളിൽ ചില പ്രദേശങ്ങൾ മൃഗങ്ങൾക്കു രക്ഷ നൽകാനായി വെച്ചിട്ടുണ്ടല്ലോ. അവിടെ ആർക്കും തോക്കു ചൂണ്ടിക്കൂടെന്നാണ് നിയമം. എന്നാൽ അവിടെവെച്ചും ചെന്നായ്ക്കളേയും ചെമ്പോത്തുകളേയും കാച്ചുന്നതിന്നു വിരോധമില്ല. എന്നല്ല, വെടിവെച്ചു തലയും തൊലിയും സർക്കാറിന്നു കാഴ്ചവെച്ചാൽ ഇനാമുണ്ടുതാനും.

# സാഹിത്യത്തിലെ ചില്ലറ നാണ്യങ്ങൾ

'ശെത്തവൻ കണ്ണ് ശെന്താമരൈക്കണ്ണ്'' എന്നതു പ്രസിദ്ധമായൊരു തമിഴ മൊഴിയാണ്. യഥാർത്ഥത്തിൽ 'ശെത്തവന്റെ' കണ്ണുകൾ ചീഞ്ഞ മീനിന്റേതുപോലെയിരിയ്ക്കുമെങ്കിലും, അതും അതുപോലുള്ള മററു ദോഷങ്ങളും മറന്നു, മരണാനന്തരം ഗുണം മാത്രം കാണുകയും പറയുകയുമാണല്ലോ പതിവ്. 'ഉയിര് ഇരിപ്പവൻ ഇറന്തു പോനവനിൽ ശെയ്യവേണ്ടും മുറൈ ആഹ നാം ഇതൈ നിനത്തുവര വഴക്കം'. പക്ഷേ, ചത്തുപോയവനെപ്പററി പറഞ്ഞു പരത്തുന്ന ഗുണങ്ങൾ വാസ്തവമായിക്കൊള്ളണമെന്നില്ലെന്നൊരു സൂചനകൂടി മൊഴിയിലുണ്ടോ എന്നാണ് സംശയം. ഉണ്ടെങ്കിലതത്ര സുഖമുള്ളതല്ല. 'മൂത്ത വർ വാക്കും മുതുനെല്ലിയ്ക്കയും മുമ്പിൽ കൈക്കും പിന്നെ മധുക്കും' എന്നാണല്ലൊ ചൊല്ല്.

താടിയും തലയും നീട്ടി കാഷായവസ്ത്രം ധരിച്ച്, മെതിയടിമേൽ കയറ നിന്നു കമണ്ഡലുവും കയ്യിലേന്തി മററു സന്യാസോപകരണങ്ങൾ പൊക്കണത്തിലാക്കി, ഒരുത്തൻ ഒരാൽത്തറയിലിരുന്നു, വരുന്നവർക്കും പോകുന്നവർക്കും വേണ്ടിയും വേണ്ടാതെയും ധർമ്മമാർഗ്ഗം ഉപദേശിച്ചുകൊണ്ടിരിയ്ക്കുന്നു. ഇതിനിടയിൽ അവന്റെ കണ്ണുകൾ തൊട്ടടുത്ത കുളക്കടവിൽ കുളിയ്ക്കുന്ന പെൺകുട്ടികളുടെ രൂപസൌഷ്ഠവം ആർത്തിയോടെ നോക്കിയാസ്വദിയ്ക്കുകയാവും. അകലെ നിന്നിവ രണ്ടും കണ്ടവനാണ 'കുറുക്കന്റെ കണ്ണെപ്പോഴും കോഴിക്കൂട്ടിൽ' എന്നു പറയുന്നതു്. 'അതെയതെ' മറെറാരു രസികൻ പിൻതാങ്ങും: 'രുദ്രാക്ഷമാല കഴുത്തിലും മറേറാരോന്നു മനസ്സിലും' എന്നല്ലേ പറഞ്ഞിട്ടുള്ളതു്!

മണ്ണാശയുടേയും പെണ്ണാശയുടേയും വേരു മുഴവൻ അററതിന്നു ശേഷമേ സന്യസിയ്ക്കാൻ നോക്കേണ്ടു. അതു 'സൌകര്യപൂർവ്വം' മറന്നു നമ്മുടെയിടയിൽ പ്പലരും, ഒരു നാടകത്തിലെന്നപോലെ, വേഷം കെട്ടി മററുള്ളവരെ പററി യ്ക്കാൻ ശ്രമിയ്ക്കുന്നു. അമ്മാതിരി 'കപടസ്സന്യാസി'കളെ പുച്ഛമാകുന്ന ശൂലത്തി ന്മേൽ കുത്തിയുയർത്തി കാണിയ്ക്കുകയാണു് മേല്പറഞ്ഞ രണ്ടു രസികന്മാരും ചെയ്തതു്.

'വാണംപോലെ പൊങ്ങി വടിപോലെ വീഴുക'യെന്നിംഗ്ലീഷിലൊരു ചൊല്ലുണ്ടു്. പ്രത്യേകിച്ചൊരു കഴിവോ അർഹതയോ യാതൊന്നുമില്ലാതെ ചില യാദൃച്ഛികാനുകൂല്യങ്ങഠംമൂലം പെട്ടെന്നുയർന്നു ചിലർ അസുലഭമായ പദവിയ ലങ്കരിച്ചുവെന്നു വരും. അതിനുശേഷം കാര്യങ്ങഠം വേണ്ടമട്ടിൽ നടത്താനോ പ്രാതികൂല്യങ്ങളോടു മല്ലടിയ്ക്കുവാനോ ശേഷിയും ശേമുഷിയുമില്ലാതെ, ഇടി ഞ്ഞുപൊളിഞ്ഞു തമ്പ്ളോറായി വീണ്ടും 'മൂഷികസ്ത്രീ'യാവുകയും ചെയ്യും. നമ്മുടെയിടയിൽത്തന്നെ ഇതിന്നെത്രയെങ്കിലുമുണ്ടുദാഹരണങ്ങഠം. ഏതാ യാലും അങ്ങിനെ വീണേക്കാവുന്നവക്കുംകൂടിയുള്ളതാണാമൊഴി.

വേദവേദാന്തങ്ങളെയധികരിച്ചും സനാതനധർമ്മാനുഷ്ഠാനങ്ങളെ പ്രപ ഞ്ചിച്ചും ഗൌരവത്തിൽ ഘനാഘനരായി പല ഉപദേശങ്ങളും നിർദ്ദേശങ്ങളും തന്നു് മഹാജ്ഞാനികളും മനീഷികളും നമ്മെ അനുഗ്രഹിച്ചിട്ടുണ്ടു്. കർമ്മോ ത്സുകരാക്കി ജനങ്ങളെ നല്ല മാർഗ്ഗത്തിൽ ചരിപ്പിയ്ക്കുവാനും ജീവിതത്തെ ഉൽ കൃഷ്ടമാക്കിത്തീർക്കാനും വേണ്ടിയുള്ളതാണതാനും ആ അഭിയുക്തസൂക്തികഠം. പക്ഷെ, ഭാഷയുടെ ഗീർവാണതനിമിത്തം പൊതുജനം സാധാരണക്കാർക്കു് മന സ്സിലാവാൻ ഞെരുക്കമൊണെന്നു മാത്രം. ഒട്ടും 'ജനകീയ'മല്ലവ. പഴഞ്ചൊല്ലു കഠംക്കിത്ര സദുദ്ദേശമൊന്നും കല്പിച്ചുകൂട. തനിപ്പച്ചമലയാളത്തിലായിരിക്കു മവ. മഹത്തത്വങ്ങളടങ്ങിയ നീതിസാരങ്ങഠം, കണ്ണടച്ചു മൂക്കു പൊത്തി ധ്യാനത്തിലിരിയ്ക്കുന്ന പണ്ഡിതധുരന്ധരന്മാരുടേയും ഋഷിപുംഗവന്മാരുടേയും മുഖത്തുനിന്നുത്ഭവിയ്ക്കുന്നവയത്രെ. രസം മുഖ്യമായി ഭക്തിയും. ഗ്രാമീണൻെറ ജ്ഞാനമാണു് പഴഞ്ചൊല്ലുകഠം. അവൻെറ താല്പര്യങ്ങഠം 'ലൌകീകം' വിട്ടു് ഏറെയൊന്നും ദൂരെപ്പോകയില്ല. പരിഹാസമാണു് മിക്കപ്പോഴും സ്ഥായി യായ രസം. ചുരുക്കത്തിൽ അവ തമ്മിൽ 'അജഗജാന്തര'മുണ്ടെന്നു പറയുന്ന തിന്നുപകരം ഞാൻ 'തുഞ്ചകുഞ്ചാന്തര'മുണ്ടെന്നു പറയട്ടെ.

ദൈനംദിനജീവിതത്തിൽ സാധാരണ മനുഷ്യർക്കു വരുന്ന പിഴവുകളാണു് പഴഞ്ചൊല്ലുകളുടെ ലക്ഷ്യമെന്നു് അവയെ ഒന്നെടുത്തപഗ്രഥിച്ചാൽക്കാണാം.

സ്വാൎത്ഥതാല്പൎയ്യം, കപടനാട്യം, അസത്യം ഇവയുടെ നേരെയാണ് പലപ്പോഴും അവ ഒററപ്പരികംപൊക്കി ചുണ്ട കോട്ടുന്നതു്. എങ്കിലും വാക്കുകളായി ആ ആക്ഷേപം പുറത്തു ചാടുമ്പോൾ ഉള്ളിലെ സഹൃദയത്വവും കൂടെ വരുന്നതുകൊണ്ടു് അതിനൊന്തെന്നില്ലാത്ത ഒരു സൗന്ദൎയ്യവും സൗകുമാൎയ്യവും മാധുൎയ്യവും മഹിമയും അങ്ങു വരികയാണ്.

നമ്മുടെ മനസ്സാകൃഷ്ടമാകുവാൻ പിന്നേയും കാരണങ്ങളുണ്ടു്. അവയുടെ രീതിയുടെ പ്രത്യേകതയാണതു്. ലവലേശവും യോജിപ്പില്ലാത്തവയും പലപ്പോഴും ബദ്ധവിരുദ്ധവുമായ രണ്ടു സംഗതികളെക്കൊണ്ടുവന്നാണ് പെട്ടെന്നടുത്തുനിൎത്തി ഒരത്ഭുതം സൃഷ്ടിച്ചു് ഉദ്ദേശം നമ്മുടെ 'മനസ്സി'ൽ ആക്കുന്നതു്. ''അമ്മയ്ക്കു പ്രാണവേദന മകൾക്കു വീണവായന''യെന്നു പറയുന്നതിൽ പ്രാണവേദനയ്ക്കും വീണവായനയ്ക്കുമുള്ള അകൽച്ചയോൎത്താൽ രണ്ടും ഒരേ രംഗത്തു വരാനൊരിയ്ക്കലും ന്യായമില്ല. എന്നാലവ, പെട്ടെന്നെതിൎപ്പായ യോജിപ്പിൽ അടുത്തടുത്തു് കൊണ്ടുവരുമ്പോൾ ചെറുപ്പക്കാരുടെ അന്തമില്ലായ്മയും തന്മൂലം പ്രായം ചെന്നവരോടു് അവർ സ്നേഹവും ദയയും കാണിയ്ക്കാതിരിയ്ക്കുന്നതും നല്ലപോലെ സ്പഷ്ടമാവുന്നു. നടേയുദാഹരിച്ച രുദ്രാക്ഷമാലയ്ക്കും പെണ്ണൊതിയ്ക്കും അതേവിധം കടലും കടലാടിയും തമ്മിലുള്ളന്തരമുണ്ടു്. എന്നാൽ അതൊരു വ്യക്തിയിൽത്തന്നെ കാണുമ്പോഴോ? നമ്മുടെ നാട്ടിലെ രസികന്മാരായ സഹൃദയന്മാർ അവരെ വെറുതെ വിടുകയില്ല, അത്രതന്നെ. പണ്ഡിതമല്ലന്മാരിൽക്കാണ്മാൻ കഴിയാത്തതാണ് ഈ പ്രത്യേക ഫലിതബോധം.

ഈ പഴഞ്ചൊല്ലുകൾ സാഹിത്യത്തിലെ ചില്ലറ നാണ്യങ്ങളാണെന്നു പറയാം. അണയും മുക്കാലും, ചെമ്പും നിക്കലുംകൊണ്ടുള്ളവയാണെങ്കിലും സാധാരണക്കാർ നിത്യവ്യാപാരത്തിലെ ക്രയവിക്രയങ്ങൾ അവകൊണ്ടാണ് നടത്തുന്നതു്. അവയുടെ പ്രചാരത്തിൽനിന്നറിയാംതാനും, രാജ്യത്തെ ഒട്ടാകെ ധനസ്ഥിതി. ഒരു ദേശത്തിലെ നിവാസികളുടെ ഹൃദയമിടിപ്പു വെളിവാക്കുവാൻ ഇവയ്ക്കെന്നപോലെ മററു സാഹിത്യരൂപങ്ങൾക്കു കഴിഞ്ഞില്ലെന്നു വരും. 'ജീവിതവിമൎശമാണ് സാഹിത്യ'മെന്നു പണ്ഡിതന്മാർ ഊന്നിയൂന്നിപ്പറഞ്ഞുവെച്ചിട്ടുണ്ടു്. എന്നാൽ കവിതകളേക്കാൾ, ആഖ്യായികകളേക്കാൾ, ജനങ്ങളുടെ നിത്യജീവിതത്തെ സ്പൎശിച്ചുകൊണ്ടും ഗവേഷണം നടത്തിക്കൊണ്ടും ലളിതമായും സരസമായും സംസാരിയ്ക്കുന്നതു പഴമൊഴികളാണ്.

ഗൌരവമേറിയ കാൎയ്യങ്ങളിലും അവന്മാർ തലയിടാറുണ്ടു്. പക്ഷേ, അവിടേയും ചങ്ങാതി കളിയും മക്കാറും ഒഴിയ്ക്കുകയില്ല. 'ഒരു ചാൺ തിക

യില്ല ജീവിതം, വ്യോമംപോലെ വലുതാംതാനും കൃത്യം' എന്ന ആശയം പലരും പലവിധത്തിലും പറഞ്ഞു കേട്ടിട്ടുണ്ട്. "പനമരത്തിൻ ചുവട്ടിൽ നട്ടുച്ചയ്ക്കു് അതിൻനിഴൽ നേർച്ചുവടായി എത്ര കുറഞ്ഞ നേരം നില്ക്കുന്നുവോ അതുപോലെ" ജീവിതം കുറിയതാണെന്നു തമിഴ പണ്ഡിതൻ ചൊല്ലുന്നു. വെള്ളക്കാരനായ സെയ്ൻട് ബീഡ് ഉപമിക്കുന്നതിങ്ങിനെയാണ്: 'രാത്രി കൂരാക്കൂരിരുട്ടിൽനിന്നൊരു കിളി ദീപപ്രകാശംകൊണ്ടു പൊടിപൂരംവെച്ചു, സദ്യയും കുടിയും പാട്ടും നൃത്തവും തകൃത്തു മദിക്കുന്ന വലിയ ഒരു മണിമാളികയിലേക്കു്, ഒരു ജാലകത്തിലൂടെ പ്രവേശിക്കുന്നു. സംഭ്രമത്തോടെ ഒന്നുരണ്ടു തവണ ചുററിപ്പാറന്നു മററൊരു വാതിൽപ്പഴുതിലൂടെ ഇരുളിലേക്കുതന്നെ പറന്നു മറയുകയും ചെയ്യുന്നു.'

നമ്മുടെ മരതകപ്പച്ചയണിഞ്ഞ മലയാളത്തിൽപ്പിറന്ന തുഞ്ചൻ പാടുന്നതോ:—

"വഹ്നിസന്തപ്ത ലോഹസ്ഥാംബു ബിന്ദുനാ
സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം" എന്നാണ്.

ഭേഷായി കവിത. കാര്യവും വ്യക്തമായി. എങ്കിലും നമ്മുടെ തനി നാടൻ പറയുന്നതുകൂടി ഒന്നു കേട്ടേക്കുക. അവൻ പറയുന്നതു്, "പുതുമഴയ്ക്കു പൊടിച്ച പാററപോലെ, വെളിച്ചംകണ്ടന്തംവിട്ടു് ഒന്നു പറന്നു് ഒടുവിൽ എല്ലാംകൂടി തീയിൽ" എന്നാണ്. കവിത ഇതിൽ കുറവാകാം. എങ്കിലും അനുഭവരസികത്തത്തിൽ അവൻ മാക്കടിച്ചുവെന്നു പറയാതെ നിവൃത്തിയുണ്ടോ? എല്ലാ കണ്ണുകളും കണ്ടതാണക്കാഴ്ച. ഏതോ ഒരു മടയിൽനിന്നു് തെരുതെരെയുയൎന്നു് അന്തമില്ലാതെ ആയിരക്കണക്കായി പറന്നു പാറിക്കൊണ്ടിരിക്കുന്ന ഈയ്യാംപാററകളെ രാത്രി നേരത്തെക്കിടന്നുറങ്ങുന്ന കാക്കയും കൂമനും ആവലും നത്തുംകൂടി പല വശത്തുനിന്നും പറന്നു തിന്നുകൊണ്ടിരിക്കുന്നു. താഴത്തു വീണാലും രക്ഷയില്ല. അവിടെ പല്ലി, ഉറുമ്പു, തവള മുതല്പേർ ഹാജരുണ്ടു്. അതിൽനിന്നു തടിയൂരുന്നവരാണു് മോഹാന്ധരായി വിളക്കിൻെറ നേരെപ്പറന്നു വട്ടമിടുന്നതു്. അതിലിടയ്ക്കു് വല്ലവരും കുറച്ചു തീയുണ്ടാക്കി വിടും ശല്യമൊഴിക്കാൻ. എല്ലാംകൂടി അതിലുപ്പിടുകയും ചെയ്യും.

എന്തിനാണു പ്രകൃതി ഇങ്ങിനെ ഒരേപ്പാടു വെച്ചിരിക്കുന്നതെന്നു്, ഇന്നേത്തിയ്യതിവരെ തെളിഞ്ഞിട്ടില്ല. കോടാനകോടിക്കണക്കായി പിറന്നു വളൎന്നു ചത്തൊടുങ്ങുന്ന മനുഷ്യവൎഗ്ഗവും എന്തിനായി ജനിക്കുന്നു, നശിക്കുന്നു എന്ന

കാര്യവും അനന്തമാണ്, അജ്ഞാതമാണ്, അവർണ്ണ്യമാണ്. ഉപമകളെല്ലാം പരിശോധിച്ച നിഷ്പക്ഷമായൊരു വിധി പറഞ്ഞാൽ, എല്ലാം ഒരുപോലെ സൂചിപ്പിച്ചതു് നമ്മുടെ നാടനാണെന്നും, അയാൾ കവികളേയും പണ്ഡിതന്മാരേയും ഈ സംഗതിയിൽ പിന്നിലാക്കി എന്നും പറയാതെ തരമില്ല. ഗൌരവമില്ലെന്നല്ല, അവിടേയും സ്വരമൊരു 'ഹാഫ് മക്കാറി'ലാണെന്നതാനും.

പൈലോപോൾ എന്നൊരു പണ്ഡിതൻ പത്തമ്പതു കൊല്ലങ്ങൾക്കു മുമ്പുതന്നെ ഈ വിഷയത്തിൽ ശ്രദ്ധിച്ച 'നിഘണ്ഡു' രൂപത്തിലൊരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഇതെനിക്കാദ്യമായി കാണിച്ചുതന്നതു് 'കോഴിക്കോട'നാണ്. ഞാൻ അതു ശ്രദ്ധാപൂർവ്വം വായിച്ചു. ഒന്നാണെനിയ്ക്കതിൽ കാര്യമായനുഭവപ്പെട്ടതു്: നമ്മുടെ ഭാഷയുടെ ഒരു—ഒരവശത എന്നു പറയുക, ഇരുപത്തഞ്ചു മുപ്പതു നാഴിക ദൂരം കടന്നുപോകുമ്പോഴേയ്ക്കു്, തീരെ മാറിയൊരു പ്രദേശത്തെത്തിയാലത്തെ അനുഭവമാണ് നമുക്കുണ്ടാകുന്നതു്. ചെറുപ്പളശ്ശേരിയിൽനിന്നു പാലക്കാട്ടേയ്ക്കു് മുപ്പതു്—കാക്ക പറക്കുന്ന കണക്കിലാണെങ്കിൽ പതിനഞ്ചു്—നാഴിക ദൂരമേയുള്ളു. എങ്കിലും പാലക്കാട്ടെത്തുമ്പോഴേയ്ക്കു്, ശൈലിയും മട്ടും ഉദാഹരണങ്ങളും ചൊല്ലുകളും എല്ലാം മാറി. ഇതുപോലെത്തന്നെയാണ് എറണാകുളം വിട്ടു കോട്ടയത്തോ മറേറാ എത്തിച്ചേർന്നാലത്തെ കഥയും. മി. പോളിൻെറ 'നിഘണ്ഡു'വിൽ കണ്ട പഴഞ്ചൊല്ലുകൾ അധികവും ഞാൻ കേൾക്കാത്തവയാണ്. കേട്ടു പരിചയിച്ചവയില്ലെന്നല്ല. ഇക്കാരണംകൊണ്ടുതന്നെ അദ്ദേഹം ഏറെറടുത്ത ഉദ്യമം ഒററയ്ക്കൊരുവന് സാധിയ്ക്കാത്തതാണെന്നു വ്യക്തം. കേരളീയക്കെല്ലാം കേട്ടു പരിചയമുള്ള പഴമൊഴികൾ മുഴുവൻ സമാഹരിച്ചു പ്രസിദ്ധം ചെയ്യുവാൻ ബഹുപ്രയാസമുണ്ട്. ഇത്രത്തോളമെങ്കിലും ചെയ്യാൻ അദ്ദേഹത്തിനു തോന്നിയതു് വലിയൊരു സേവനമാണ്. വേണമെങ്കിൽ ഇതിന്നോരോ പ്രദേശത്തുനിന്നും നാടൻ രീതികൾ പരിചയമുള്ള ഒന്നോ രണ്ടോ പ്രതിനിധികളെ തിരഞ്ഞെടുത്തൊരു കമ്മിററി രൂപവൽക്കരിച്ചു പ്രവർത്തിയ്ക്കുയാണെങ്കിൽ കാര്യം നടന്നേയ്ക്കാം. ആക്കം തനിച്ചു വയ്യ, തീർച്ച.

അതവിടെ ഇരിയ്ക്കട്ടെ. പഴഞ്ചൊല്ലുകൾ വ്യക്തമാക്കുന്നതു് നാട്ടിൻെറ ആന്തരസ്വഭാവമാണെന്നു കണ്ടുവല്ലോ. പൂർവ്വകേരളത്തിലെ ചൊല്ലുകൾ നോക്കിയാൽക്കാണാം, നമ്മുടെ പ്രധാനശ്രദ്ധ രണ്ടു കാര്യങ്ങളിലായിരുന്നുവെന്ന്. ഒന്നാമതു് യുദ്ധം, രണ്ടാമതു് നായാട്ടു്. പിന്നെക്കുറഞ്ഞമട്ടിൽ സ്ത്രീവിഷയവും, ധാരാളം പൊങ്ങച്ചവും. എല്ലാററിൻേറയും അടിയൊഴുക്ക് മലയാളിയുടെ

സഹജാവബോധമായ ഫലിതമാണെന്നു മനസ്സിലാക്കാനും മററെങ്ങും പോകേണ്ട.

'കൊററിയ്ക്കു വെച്ചതു കുളക്കോഴിയ്ക്കു കൊണ്ടു'വെന്നു പറയുന്നതു വെടിക്കാക്കുള്ള ഡോസാണ്. ഉന്നംവെച്ചതൊന്നിന്ന്, ചത്തുവീണതു മററൊന്ന്—വങ്കന്മാരായ "തോക്ക''ന്മാക്കു സാധാരണ പററാറുള്ളതാണിത്.

ചെറുപ്പത്തിൽ തോക്കെടുത്തു നടക്കാൻ തുടങ്ങിയ കാലത്ത്, എനിയ്ക്കു രസകരമായി ഈ 'ഡോസ്'' കിട്ടിയതാണോമ്മവരുന്നത്. പകലന്തിയാവോളം തെണ്ടിത്തിരിഞ്ഞ് ഒന്നും കിട്ടാതെ തൊടിയിൽ മാഞ്ചുവട്ടിൽ വന്നിരിപ്പായി ഞാൻ. കലശൽ കൂട്ടികൊണ്ട് അതിൻെറ കൊമ്പുകളിൽ കുറെ കാക്കകളും ഉണ്ടായിരുന്നു. താണ ചാഞ്ഞൊരു കൊമ്പിന്മേൽ ഒററയ്ക്കൊരുത്തൻ ചിന്താമഗ്നനായിരിയ്ക്കുന്നതു കണ്ടു. കൊടുത്തു ഞാൻ ഒരു വെടി. വെടി പൊട്ടിയതും ഇഷ്ടൻ ചിരിച്ചുകൊണ്ടു പറന്നുപോയി.

"വല്ലവരും കണ്ടോ ആവോ, മാരണം ഈ ബ്ലീച്ച്!'' എന്നോത്തു ഞാൻ കുണ്ഠിതപ്പെടുമ്പോഠം അതാ മേലേക്കൊമ്പിൽനിന്നു യാതൊരു ചിന്തയുമില്ലാതെ കളിച്ചിരുന്ന ഒരു കാകൻ പെട്ടെന്നു ധടചടപടധീം! ഒന്നു പിടഞ്ഞു, ക്ലോസ്സായി.

പററിയതെന്താണെന്നല്ലേ, ഇനി കേഠംക്കേണ്ടതു്? ചിനച്ചട്ടിപ്പൊട്ടുകളും ഉരുളൻ കല്ലുകളും കുത്തിനിറച്ചതായിരുന്നു തോക്ക്. കണ്ണടച്ചാണ് 'ഫയർ.' തോക്കിൽനിന്നു പുറപ്പെട്ട ചില്ലുകളിൽ ഒന്ന് ആ കൊമ്പിന്മേൽത്തട്ടി മേല്പോട്ടു തെറിച്ചു, കമ്മം കുറുകിയ കാകൻെറ ശരീരത്തിൽ കൊള്ളുകയാണുണ്ടായതു്. ആരെങ്കിലും എൻെറ ഈ വങ്കത്തം കണ്ടെങ്കിലോ എന്നു കരുതി ഉടനെ ഞാനവിടുന്നു 'ചിപ്പി.'

ഏതായാലും ശിക്കാറിൽപ്പിണയുന്ന ഇത്തരം വങ്കത്തത്തിൽനിന്നുരുത്തിരിയുന്ന പഴഞ്ചൊല്ലുകഠം ധാരാളമുണ്ടു്. 'മുയലെളകുന്ന നേരത്താണ് നായ വിസജ്ജനാത്ഥം ദേശാടനം ചെയ്യുന്നതു'' എന്നും നാം സാധാരണ കേഠംക്കാറും പററിയ സന്ദഭ്ഭം കിട്ടുമ്പോഠം വെച്ചുകാച്ചാറുമുണ്ടു്. (ഗ്രാമീണൻെറ ഗ്രാമ്യശൈലി തെല്ലതിരുകടന്നതുകൊണ്ട് ഞാനല്പം പരിഷ്ക്കരിയ്ക്കാൻ ശ്രമിച്ചുവെന്നേയുള്ളു). ഇവയെല്ലാം വ്യക്തമാക്കുന്നതു, നമ്മുടെ കൂട്ടക്കാക്കു് ശിക്കാറിൽ പണ്ടേ പകലേയുണ്ടായിരുന്ന കമ്പമല്ലെങ്കിൽ പിന്നെയെന്താണ്?

'ഊണിനു മുമ്പും പടയ്ക്കു പിമ്പും' എന്നു പറയുന്നതു യുദ്ധത്തിൽ 'ധൈര്യസമേതം' പിൻതിരിഞ്ഞോടുന്ന "ശാപ്പാട്ടുരാമന്മാരെ''യാണെന്നു പറയേ

ണ്ടതില്ലല്ലോ. അതു പറഞ്ഞവർ ധീരന്മാരും ശൂരന്മാരും ആയിരുന്ന പടനായകന്മാരാവണംതാനും. സമരധീരത നശിച്ചിട്ടിന്നും നിലനില്ക്കുന്നു അത്തരം പ്രയോഗങ്ങൾ. 'പതിനെട്ടടവും പരുന്തുറാഞ്ചലും' ഇന്നുള്ളവർക്ക പ്രയോഗിയ്ക്കാനറിഞ്ഞുകൂടെങ്കിലും, പണ്ടതും പയററിയിരുന്നുവെന്നു തീച്ച്. ഇങ്ങിനെ പൂവ്വകാലകേരളത്തിൻെറ ചരിത്രചിത്രോന്മീലനത്തിന്നു സമത്ഥങ്ങളാണ്, പഴഞ്ചൊല്ലുകൾ.

നമ്മുടെ ഭാഷയിലെന്നല്ല, ഏതു ഭാഷയിലും പഴഞ്ചൊല്ലുകൾ നാട്ടിൻെറ നാഡിമിടിപ്പുൾച്ചേൻതാണെന്നു കാണാം. 'ജനകീയ' രൂപമായതുകൊണ്ട് അങ്ങിനെയാവാതെയും വയ്യ. അവ നശിച്ചു മണ്ണടിയുന്നതു് ഓരോ നാട്ടിനും തീൎത്താൽത്തീരാത്ത നഷ്ടമാണ്. ജീവിതരീതി മാറിക്കൊണ്ടു വരുമ്പോൾ ഇവയുടെ രൂപഭാവങ്ങളും മാറാതെ കഴിയുകയില്ല. മാറിവരുന്ന ജീവിതത്തിന്നനുസരിച്ചു പുതിയ പുതിയ ചൊല്ലുകളും ശൈലികളും പൊടിപ്പൻ പ്രയോഗങ്ങളും ഉണ്ടായിക്കൊള്ളും. എന്നുമുണ്ടല്ലോ രസികന്മാർ, പ്രത്യേകിച്ചു ഹാസ്യരസികന്മാർ, അതിലും വിശേഷിച്ചു കേരളത്തിൽ. വങ്കന്മാരും വങ്കത്തങ്ങളുമുള്ളേടത്തോളംകാലം ഫലിതം തുളുമ്പുന്ന പ്രയോഗങ്ങളുടെ ഉറവു വററുകയില്ല — തീച്ച്.

# നരിക്കൂത്ത്

**വി**നോദത്തിൽ കൈ ചൂണ്ടിക്കൊണ്ടാണ് 'കൂത്തി'ന്റെ നില്പ് എപ്പോഴും. ക്ഷേത്രപരിസരങ്ങളും ചില മതപരിവേഷങ്ങളും കൂട്ടത്തിൽ ധ്വനിയ്ക്കുന്നുമുണ്ട്. കൂത്തുകളിൽവെച്ച് ഏററവും പ്രചാരമുള്ളതാണ് ചാക്യാർക്കൂത്ത്. രംഗം ക്ഷേത്രപരിസരം തന്നെ. വിഷയം എല്ലായ്പ്പോഴും ദേവകഥയാകുമെങ്കിലും അതിന്റെ പൌരാണികാന്തരീക്ഷം കഴിയുന്നത്ര മാററിനിർത്തി വർത്തമാനകാലത്തേയും സമ്പ്രദായങ്ങളേയും ഊന്നിച്ചാരി നവംനവങ്ങളായ ഉദാഹരണങ്ങളും ഉപമകളും കോർത്തിണക്കിയാണ് ചാക്യാർ തന്റെ ഹാസ്യാഞ്ജലി സമർപ്പിയ്ക്കുന്നത്. ഭക്തിയുടെ ശ്രീകോവിലുമായി കൂത്തുമാടം അടുക്കുന്നതും അകലുന്നതും ചാക്യാരുടെ മനോധർമ്മത്തിന്റെ രഥവേഗമനുസരിച്ചിരിയ്ക്കും. കേട്ടിരിയ്ക്കുന്നവരുടെ ചാപല്യങ്ങളും വൈരൂപ്യവും അംഗവൈകല്യങ്ങൾ കൂടിയും ചാക്യാർ തന്റെ നാടകാഭിനയത്തിന്നു രസികത്വം ചേർക്കുവാൻ ഉപയോഗപ്പെടുത്തിക്കളയും. അതിനൊന്നും പ്രത്യേകിച്ചൊരു റൂളും വകുപ്പുമില്ല. ശ്രോതാക്കളിൽ നിയന്ത്രിയ്ക്കാനാവാതെ പൊട്ടിപ്പരക്കുന്ന ചിരികൾക്കിടയിൽ ഭക്തി ഒട്ടും ചോർന്നുപോകാറുമില്ല. അല്പബുദ്ധികളെ കർമ്മോന്മുഖരാക്കുവാൻ ആദ്ധ്യാത്മികരീതിയേക്കാൾ വിദൂഷകരീതിയ്ക്കാണല്ലോ കൂടുതൽ കഴിവ്.

ചാക്യാർക്കൂത്തു മാത്രമല്ല, കൂത്തുകളെല്ലാംതന്നെ സാധാരണന്മാർക്കായി വിധിച്ച ഓരോ ധാർമ്മികവഴിയാണ്. നരിക്കൂത്തിന്റെ നാരായവേരും ഒരു ധാർമ്മികതത്വത്തിലാണ് പിണഞ്ഞുനില്ക്കുന്നത്. 'നാ' എന്നു ദീർഘമില്ലാത്തതുകൊണ്ടു കളിയും ചിരിയും കുറെ കുറയുമെന്നുമാത്രം. ചില ദേശങ്ങളിൽ

ക്കാണെന്ന ചില ജാതിക്കാൎക്കു ചില സന്ദൎഭങ്ങളിൽ ഒഴിച്ചുകൂടാത്തൊരു കൎത്തവ്യമത്രേ നരിക്കുത്ത്. അമ്പലത്തിൽ ദേവപ്രീതിയ്ക്കായി നടത്തുന്ന ഒരുതരം വഴിപാടുതന്നെ. മനുഷ്യരുടെ മുഖ്യമായ ആവശ്യങ്ങളാവുമ്പോൾ പലതും ദൈവികധൎമ്മമായി മാറുന്നതിൻെറ മികച്ചൊരുദാഹരണം.

കാട്ടിൻെറ നടുക്കു ജീവിയ്ക്കേണ്ടിവന്ന ഒരു കൊച്ചുസമുദായം. ചുററും ഹിംസ്രജന്തുക്കൾ പുളയ്ക്കുന്ന ഘോരാരണ്യം. മനുഷ്യനെമാത്രമല്ല, അവൻെറ ഉപജീവനത്തിന്നു സഹായിയ്ക്കുന്ന കന്നുകാലികളേയും കശാപ്പുചെയ്യുന്ന വ്യാഘ്രവീരന്മാർ. ഇത്രയും വേണം അരങ്ങിന്നാദ്യംതന്നെ. ആ ഭയങ്കരപരിസരത്തിൽ കന്നുകാലികളെ സംരക്ഷിയ്ക്കുകയും, മനുഷ്യനോടു കളിയ്ക്കുന്നതു സൂക്ഷിച്ചുവേണമെന്ന ഒരു ബോധം—ഒരു മിത്ഥ്യാബോധമെങ്കിലും—ആ ക്രൂരജന്തുവിൻെറ മനസ്സിലുദിപ്പിയ്ക്കുകയും ചെയ്യുകയെന്നത് ഒരാൾ തന്നോടുമാത്രമല്ല സമുദായത്തോടുതന്നെ ചെയ്തുതീൎക്കേണ്ട ഒരു കടമയായിരുന്നു അന്ന്. നാഗരികത പരന്നുപടൎന്നതോടെ, മനുഷ്യൎക്ക് അന്യോന്യാശ്രയം തേടാതേയും കൂടാതേയും ജീവിയ്ക്കുന്നതിലാണ് താല്പൎയ്യവും സുഖവും. വാക്കിൻെറ അൎത്ഥം എത്ര നല്ലതായാലും, നാഗരികത നമ്മെ ഒരുതരം ഏകാന്തതയിലേയ്ക്കും ദുസ്വാൎത്ഥത്തിലേയ്ക്കുമാണ് കൂട്ടിക്കൊണ്ടുപോകുന്നത്. ആദ്യകാലങ്ങളിൽ ഈ നില വന്നിട്ടുണ്ടായിരുന്നില്ല; വരാൻ തരവുമില്ല. അന്ന് ഇത്തരം തലതിരിഞ്ഞ പുരോഗമനം ഏതെങ്കിലും വൎഗ്ഗം നയിച്ചിരുന്നുവെങ്കിൽ അവരുടെ ഉന്മൂലനാശത്തിന്നും ഏറെത്താമസം വന്നിട്ടുണ്ടായിരിയ്ക്കുകയില്ല. എല്ലാവരും യോജിച്ചേ ഏതൊരു കാൎയ്യവും നടത്തുകയുള്ളുവെന്ന തീരുമാനം സുന്ദരമായ ഒന്നാണ്, അതു നിൎവ്വാഹമില്ലായ്മയിൽനിന്നുടലെടുത്തതാണെങ്കിലും. പേടി കൂടെക്കൂടെ ചുററുപാടും നൃത്തം ചെയ്തിരുന്ന പ്രാചീനകാലത്തു ദൈവികചിന്ത ശക്തിമത്തായി ആഞ്ഞടിച്ചിരുന്നതിലും സാമൂഹ്യദേവന്നു വഴിപാടുകൾ നേൎന്നിരുന്നതിലും അത്ഭുതപ്പെടാനില്ല.

വയനാട്ടിൽ താമസിച്ചുവരുന്ന ഒരുതരം ചെട്ടികളാണ് നരിക്കുത്തിൻെറ 'ചാക്യാന്മാർ.' ഇവർ എങ്ങിനെ ഏതുകാലത്തവിടെ കുടിയേറിപ്പാൎത്തുവെന്നു തിട്ടപ്പെടുത്താൻ പ്രയാസം. കാഴ്ചയിൽ തമിഴത്തം അവൎക്കു വിശേഷിച്ചൊട്ടുമില്ല നിറവും മുഖത്തിൻെറ ആകൃതിയും കണ്ടാൽ പശ്ചിമതീരക്കാരാണെന്നേ തോന്നൂ. മുൻകുടുമയും വലത്തോട്ടു ചുററിയ ചെറുമുണ്ടും രണ്ടാംമുണ്ടും എല്ലാം അതുതന്നെ. ഭാഷ മലയാളവും. എന്നാൽ മലയാളിയാണോ, ഒട്ടല്ല താനും. ഉടുപ്പുടവയും മുലക്കച്ചയും തുണിയുംകൂടിയ സ്ത്രീകളുടെ വസ്ത്രധാരണ

രീതി കാണുമ്പോൾ അഭിപ്രായം ഒന്നുകൂടി ബലപ്പെടുന്നു. മൈസൂരിൽനിന്നു വന്ന കൂട്ടരായിരിയ്ക്കണം ഇവരാദ്യകാലങ്ങളിൽ.

ഇവരുടെ ഉപജീവനം മുഖ്യമായി കൃഷികൊണ്ടാണ്. വയനാടൻനിരത്തുകൾ കടന്നുപോകുമ്പോൾ ഇരുവശവും നോക്കെത്താത്ത ചായത്തോട്ടങ്ങളും കാപ്പി, നാരങ്ങ, കുരുമുളകു മുതലായവ സുലഭമായി വളൎന്നു കണ്ണിന്നിമ്പം നല്കുന്ന വമ്പൻ തോട്ടങ്ങളും കാണാം. എന്നാൽ അവമാത്രമേയുള്ള, അവയ്ക്കപ്പുറമൊന്നുമില്ല, എന്നു വിചാരിയ്ക്കരുത്. നിരത്തുവിട്ട് അഞ്ചോ പത്തോ നാഴിക പോയാൽ ഇപ്പോഴുമുണ്ട് വലിയവലിയ കാടുകൾ. അവിടെ മലഞ്ചെരിവുകൾക്കിടയിൽ പരന്നുകിടക്കുന്ന ചെറുപാടങ്ങളിലാണു കൃഷി.

വെളിച്ചപ്പെടുക, വലവീശുക, നിണമണിയുക തുടങ്ങി പല ഉപവിഭാഗങ്ങളും ഉൾക്കൊണ്ടു തികച്ചും നാട്യശാസ്ത്രാനുസാരിയാണു നരിക്കുത്തെങ്കിലും അതിന്നു വിശേഷിച്ചൊരു കാലമൊന്നും ഗണിയ്ക്കപ്പെട്ടിട്ടുണ്ടെന്നു തോന്നുന്നില്ല. ഉണ്ടാവാൻ നിവൃത്തിയുമില്ല, അതിന്റെ ചരിത്രം പരിശോധിയ്ക്കുമ്പോൾ. നരി എപ്പോഴാണ് അപകടക്കാരനായ ശിക്കാറിയാവുന്നതെന്ന് എങ്ങിനെ തീൎച്ചയാക്കും? മനുഷ്യന്നോ അവന്റെ സമ്പത്തായ കന്നുകാലികൾക്കോ അപായം പിണഞ്ഞാൽ ഉടമസ്ഥനും മൂപ്പന്മാരും നാട്ടുകാരും ഒത്തുകൂടുകയായി— കൂത്തിനുള്ള വട്ടവും കൂട്ടുകയായി.

നമ്മുടെ മഞ്ഞളത്തു കുള്ളൻചെട്ട്യാരുണ്ടല്ലോ, ആറു പ്രാവശ്യം നരിക്കുത്തു നടത്തിയ ഒരു പോരാളിവീരനാണദ്ദേഹം. മേപ്പാടിവിട്ടു പത്തു നാഴിക കിഴക്കു വസിയ്ക്കുന്ന ആ കൎഷകന്നു വയസ്സറുപതു കഴിഞ്ഞിരിയ്ക്കുന്നു. എങ്കിലും ശരീരത്തിന്റെ ആയാസവും മുഖത്തിന്റെ പ്രസന്നതയും കണ്ണുകളുടെ തിളക്കവും ലവലേശവും കുറഞ്ഞിട്ടില്ല. പെററുവീണപ്പോഴും, കുറച്ചുകാലം പിന്നെയും, ഒരു 'കുള്ള'നായിരുന്നിരിയ്ക്കാമെന്നല്ലാതെ ഇപ്പോൾ ചെട്ട്യാരൊരു കുള്ളനുമല്ല! 'നമ്പലാഹാത്'' എന്നു പറയാറുള്ള ഇനത്തിൽ അദ്ദേഹത്തെ കണക്കാക്കേണ്ട.

ഒരുനാൾ ഉച്ചയ്ക്കു ചെട്ടിയാർ കാലികൾക്കു കഞ്ഞി കൊടുക്കാൻ ഒരുങ്ങുകയായിരുന്നു. അപ്പോൾ കന്നുകളും പശുക്കളുംകൂടി അസാധാരണമായ ഒരമ്പരപ്പോടെ കുതിച്ചോടിക്കിതച്ചുകൊണ്ടു തൊഴുത്തിന്നടുത്തു വന്നുനില്ക്കുന്നതു കണ്ടു. കഞ്ഞിക്കലത്തോടെ ചെട്ടിയാർ പുറത്തിറങ്ങി. സാധാരണ അവ പതുക്കെ മാത്രമേ വരാറുള്ളു. ദാഹിച്ചാൽ ഉപ്പിട്ട കഞ്ഞിയുടെ സ്വാദോൎത്തു മേഞ്ഞിരുന്ന കാടുവിട്ടുകുറിക്കുതിച്ചു വീടോടടുക്കുകയാണു പതിവ്. ഇന്നതല്ല,

എന്തോ കണ്ടു പേടിച്ചുരണ്ടപോലുള്ള പരിഭ്രമമാണാകെ; കഞ്ഞിയിലൊട്ടു ശ്രദ്ധയുമില്ല. ചെട്ടിയാരും കുട്ടികളും നല്ലവണ്ണം ഒന്നു കണ്ണോടിച്ചു. അപ്പോൾ എണ്ണവും തികച്ചില്ലെന്നു മനസ്സിലായി. പൂട്ടുമൂരികളിൽവെച്ചു മിടുമിടുക്കനും എണ്ണംപറഞ്ഞ പണിക്കാരനുമായ ഒരു കുട്ടപ്പനെ കൂട്ടത്തിൽ കാണുന്നില്ല.

"പററിച്ചോ, പാപി—?" ചെട്ടിയാർ കുറച്ചൊന്നാലോചിച്ചു ചോദിച്ചു. ഉടനെ രണ്ടു നീണ്ട കൂക്കം. മറുകൂക്കു കേട്ടിട്ടുരനിമിഷം കഴിയും മുമ്പ് അയൽപക്കക്കാർ അഞ്ചാറുപേർ മുററത്തെത്തിക്കഴിഞ്ഞു. രണ്ടുമൂന്നു വാചകങ്ങൾകൊണ്ടു സംഗതി മനസ്സിലാക്കി. "പൊവ്വ, നമുക്കു നോക്കാം' എന്നും പറഞ്ഞു കാലിക്കൂട്ടം പാഞ്ഞുവന്ന വഴിയ്ക്കുതന്നെ അവർ കാടുകേറി.

മൃഗങ്ങളുടെ കാൽച്ചുവിട്ടും പെരുമാററവും നോക്കിക്കൊണ്ടു വല്ലപ്പോഴും കാട്ടുജാതിക്കാർ വല്ലതിനേയും തേടിപ്പോകുന്നതു നിങ്ങൾ കണ്ടിട്ടുണ്ടോ? അത്ഭുതാത്ഭുതമായ ഒരു കാഴ്ചയാണത്. പരിചയമില്ലാത്ത ഒരുവന്ന് എല്ലാം ഒന്നുപോലെ തോന്നുന്ന പ്രദേശങ്ങളിലും ഇവക്ക് ഒരു നൂററെട്ടു സൂചനകളുണ്ടാവും. സ്ഥാനം തെററിയ ഒരു ചെറുകല്ല്, മണ്ണിൽക്കാണുന്ന ഉരച്ചിലുകളും പാടുകളും, പാതി കടിച്ച ഒരു പുല്ലോടി, ചവിട്ടിയൊടിഞ്ഞു മെല്ലെ നിവൻവരുന്ന ഒരു ചെടിത്തണ്ട്—എന്നുവേണ്ട, അങ്ങിനെ അസംഖ്യം ലക്ഷണങ്ങളുണ്ട് അവക്കു കാര്യം മനസ്സിലാക്കാൻ. നാം വത്തമാനക്കടലാസ്സ് ആദ്യവസാനം വായിയ്ക്കാതെ ഏതാനും തലക്കെട്ടുകളിലൂടെ ഒന്നോടിച്ചുനോക്കി വിവരം ഗ്രഹിയ്ക്കുമ്പോലെ അത്ര എളുപ്പത്തിലാണ് കൂട്ടരുടെ സത്യഗ്രഹണം.

അരമണിക്കൂർ നേരം ഇങ്ങനെ നോക്കിനടന്നപ്പോഴേയ്ക്കു ചെട്ടിയാരും അനുയായികളും, കാടും പൊന്തയും മുററിത്തഴച്ചുനിന്നിരുന്ന ഒരു വട്ടക്കുന്നിന്റെ അടിവാരത്തെത്തി. കാലികൾ പരിഭ്രമിച്ചു പരക്കംപാഞ്ഞ പാടുകൾ വ്യക്തമായിക്കിടക്കുന്നതിന്നു പുറമെ ഒരിടത്തു പ്രത്യേകിച്ചു ചില ലക്ഷണങ്ങൾ കണ്ടു. ശക്തിയുള്ള കുളമ്പുകൾ നിലത്തു മൂന്നു നാലു വാര വട്ടത്തിൽ മാന്തിപ്പൊളിച്ചപോലെയുള്ള പാടുകളും പരുക്കുകളും, ഒടിഞ്ഞും പതിഞ്ഞും ചതഞ്ഞും അരഞ്ഞും കിടക്കുന്ന ചെടികളും കുറെ ചോരയുമായിരുന്നു അത്. ഒന്നുകൂടെ ചുററിനടന്നു നോക്കിയപ്പോൾ, ഭാരിച്ച എന്തിനെയോ കുന്നിന്മേലേയ്ക്കു വലിച്ചുകേററിയ ഒരു താരയും പാൎശ്വഭാഗത്തു നരിയുടെ മാന്തലും ഊന്നിക്കിടക്കുന്ന ചവിട്ടടികളും കണ്ടു. മൂരിക്കുട്ടന്റെ കൊലക്കേസ്സും തെളിഞ്ഞു. ഒരപസപ്പകകഥയിലെ വിവരണംപോലെ തോന്നാം നിങ്ങൾക്കിത്. പക്ഷേ, കാര്യമമു പരമാൎത്ഥം മാത്രമാണ്.

ഇനിയോ? നമ്മളാണെങ്കിൽ ഒരുപക്ഷേ, ഉടനെ ടൌൺഹാളിൽ ഒരു സഭ വിളിച്ചുകൂട്ടാൻ ഏർപ്പാടുചെയ്യും, ശക്തിയായ പ്രതിഷേധം രേഖപ്പെടുത്താൻ. അതിന്നുതന്നെ അപ്പോഴേയ്ക്ക് അധ്യക്ഷൻ വേണം; ഉൽഘാടകൻ വേണം; ഉലക്കച്ചിറവുകൾപോലെ ഉപസംഹാരോപക്രമപ്രസംഗങ്ങൾ വേണം; പ്രമേയം വേണം; നന്ദിപ്രകടനം വേണം; വിവിധകലാപ്രദർശനങ്ങൾ വേണം; സകല കുണ്ടാമണ്ടിയും വേണം. ഒടുക്കം, അതോ തുടക്കത്തിലോ, രണ്ടായാലും ഒരു 'ജനഗണമന അധി'യും വേണം. ഉടയതമ്പുരാൻ പ്രസാദിച്ചിട്ട് അവക്കൊന്നുമില്ല. ചെട്ടിയാരും ചങ്ങാതിമാരും അന്യോന്യം ഒന്നു നോക്കി. അറിഞ്ഞു. 'കരുവില്ലിത്തേവരേ, നോക്ക്യോളേ—' എന്നും പറഞ്ഞു. എല്ലാവരും തലതാഴ്ത്തി. ധൃതിയിൽ തിരിച്ചുനടന്നു.

വീട്ടിലെത്തിയിട്ടും വലിയ മിണ്ടാട്ടവും വെളിച്ചപ്പാടും ഒന്നുമില്ല. എന്താണതിൻെറയൊക്കെ ഒരാവശ്യം? ഓരോരുത്തനുമറിയാം അവനവൻെറ കത്തവും—നല്ലപോലെ. ഓരോരുത്തനും അവനവൻെറ വഴിയ്ക്കു പോയി.

ചെട്ടിയാർ കുളിച്ച് അമ്പലത്തിൽ പോയി ഭജന തുടങ്ങി. കുറച്ചു കഴിയുമ്പോഴേയ്ക്ക് ഒന്നു രണ്ടു പേർ കനത്ത ഒരു സാധനം താങ്ങിപ്പിടിച്ചു കൊണ്ടുവരുന്നു. ഇതൊരു "ജാല"മാണ്, ഒരിഞ്ചു തടിച്ച കയർകൊണ്ടു മെടഞ്ഞുണ്ടാക്കിയ വല. നാല്പതു വാരയോളമെങ്കിലും നീളവും ആറാററയടി വീതിയുമുണ്ടാവും അതിന്ന്. ഇതഴിച്ചു നിവർത്തി ശുദ്ധികലശം കഴിയുമ്പോഴേയ്ക്കു നാലുദിക്കിൽനിന്നും കുന്തക്കാർ വരവായി. വമ്പിച്ചൊരു പുരുഷാരം എത്തിച്ചേർന്നു. എല്ലാവരും കുളിച്ചു ശുദ്ധിയായി അമ്പലത്തിനു ചുററും പ്രദക്ഷിണം ചെയ്യുന്നു. പെട്ടെന്നു കാണാം, ഒരുത്തൻ വിറപൂണ്ടുറഞ്ഞു ചാടിക്കുതിച്ചു ഹ്ഹ—ഹ്ഹ—ഹ്ഹ—ഹ്ഹ എന്നു ശബ്ദിച്ചു തുള്ളിത്തുടങ്ങുന്നത്. 'കരുവില്ലി'യുടെ സ്വന്തം ഏജണ്ടും കൈകാര്യകർത്താവും എല്ലാം ആയ വെളിച്ചപ്പാടാണത്.

"അവൻ അവിടെ ഉണ്ടോ തേവരേ" ചിലർ വിളിച്ചു ചോദിയ്ക്കും.

"ഹ്ഹ. ഹ്ഹ. ഹ്ഹ—ഹ്ഹണ്ട്; പെയ്യോളിൻ—ഹ്ഹ ഹ്ഹ ഹ്ഹ" ആ നൃത്തവിദഗ്ധൻ ലഹള കൂട്ടുകയും ചെയ്യും.

അമ്പലമുററത്തങ്ങനെ ചില "കല്പന"കളും "പ്രതിജ്ഞ"കളും നടക്കുമ്പോൾ വീട്ടിലും മുററത്തും മറേറാരോ ബഹളമാണ്. വലിയ കാതഞ്ചെമ്പുകൾ പുറത്തിറക്കിമോറുന്നു ചിലർ. ചിലർ ആറേഴ പറ അരി കഴുകി വൃത്തി

യാകുന്നു. മററു ചിലർ കൂട്ടാനുള്ള കഷണങ്ങൾ നുറുക്കുന്നു. അട്ടപ്പുകൾ കൂട്ടുന്നു, മുളകുമഞ്ഞളരയ്ക്കുന്നു. എന്നുവേണ്ട വലിയൊരു സദ്യയ്ക്കുള്ള വട്ടത്തിന്റെ തിരുതകൃതി. വന്നവർക്കെല്ലാം ചോറു കൊടുക്കണ്ടേ? ഒന്നോ രണ്ടോ ദിവസം അതു വേണ്ടിവന്നെന്നും വരാം. കൂത്തുകാരന്റെ ഉത്തരവാദിത്വമാണത്. ഒരു കൂത്തു കഴിയുമ്പോഴേയ്ക്ക് ആയാൾ ഒരു മാതിരിയാവും.

അമ്മാമൻ അന്തിയുറങ്ങുന്ന വട്ടക്കുന്നോ? അംഗരക്ഷകന്മാരെപ്പോലെ കുന്നിന്നു ചുററും കുറേപ്പേർ നില്പുറപ്പിച്ചിരിയ്ക്കുന്നു. ഒരു വശത്തു വെളിയിലേയ്ക്കു ചാടിപ്പോവാൻ പററിയ കടവുണ്ട്. അവിടെയാണ് വലപ്രയോഗം. അടിഭാഗം നിലംപററിച്ചുകൊണ്ടു വിട്ടുനില്ക്കുന്ന രണ്ടു മരങ്ങളിന്മേലായി വല വലിച്ചുനീട്ടിക്കെട്ടുന്നു. നിലത്തുനിന്ന് ആറാററയടിയേ ഉയരമുണ്ടാവുകയുള്ളൂ. നരിയ്ക്കു വേണമെങ്കിൽ മീതെ ചാടിക്കടക്കാം. അല്ലെങ്കിൽ അടിയിലൂടെ നൂണ്ടുപോവാം—രണ്ടിനുമില്ല പ്രയാസം. വല പൊളിയ്ക്കുകയും ആവാം. എന്നാൽ അതൊന്നും ഇന്നോളം ഉണ്ടായിട്ടില്ല. കരുവില്ലിത്തേവരുടെ ഊററമല്ലേ ഊററം!

ആസന്നമായ രാത്രിയുടെ ആദ്യയാമത്തിലെ സ്വാദേററ ഡിന്നറും സ്വപ്നം കണ്ടുകൊണ്ട് അമ്മാമൻ കൂക്കംവലിച്ചുറങ്ങുകയാണ്. അതാണമ്മാമന്റെ ശീലം. ഒരു സദ്യ തഞ്ചത്തിലായി എന്നുവെച്ചു പെട്ടെന്നതങ്ങു വാരിപ്പോക്കുന്ന പതിവങ്ങോർക്കില്ല. നെയ്യു കൂട്ടിക്കുഴച്ചു രണ്ടുരുള പപ്പടത്തിന്റെ രണ്ടു പൊട്ടും കുറച്ചു വറുത്തുപ്പേരിയും കൂട്ടിയങ്ങുണ്ണും. മീതെ കുറച്ചു ചുക്കുവെള്ളവും കുടിയ്ക്കും. രസവും തൈരും പായസവും മററു വിഭവങ്ങളും കൂട്ടി രസത്തിൽ വിസ്തരിച്ചടിക്കുന്നതു വയ്യിട്ടാവാമെന്നു കരുതി ഇലയുടെ അരികിൽത്തന്നെ നീണ്ടുനിവർന്നൊന്നു ചായും. എന്നുവെച്ചാൽ, ഒരു കലമാനോ കാളക്കുട്ടിയോ രുചിയ്ക്കുത്തക്കവണ്ണം, മാർദ്ദവമുള്ളതാവണമെങ്കിൽ കൊന്നു പന്ത്രണ്ടു മണിക്കൂറെങ്കിലും കഴിയണം. ജഠരാഗ്നിയുടെ കത്തിക്കാളലില്ലാതാക്കാൻ കഴുത്തിന്റെ മൃദുഭാഗവും ലിവറും കുറച്ചു ചുടുചോരയും മതിയല്ലോ.

ഓക്കാപ്പുറത്തുള്ള ചില ഒച്ചപ്പാടുകൾ കേട്ട് അമ്മാമന്റെ സുഖസുഷുപ്തി ഭഞ്ജിയ്ക്കപ്പെടുന്നു. എന്നല്ല, മൂപ്പർ ഞെട്ടിയുണരുന്നു. എഴുന്നേററ ഉടനെ തന്റെ സദ്യ അവിടെത്തന്നെയില്ലേ എന്നാണ് നോട്ടം. വല്ല തെണ്ടിക്കുറുക്കന്മാരോ ചൊക്ലിപ്പട്ടികളോ വന്ന് ഇല നക്കിയാലോ? 'ബഹുളമോഷാ'കയില്ലേ? ഒച്ചപ്പാടും ബഹളവും വദ്ധിച്ചുവദ്ധിച്ചു വരുന്നു. "തിരഞ്ഞെടുപ്പു വല്ലതും ആയിരിക്കുമോ? ഏതാണാവോ പാർട്ടി? ഏതായാലും വോട്ടിൽനിന്നൊ

ഴിവാകണം'' എന്നിങ്ങിനെ നിനച്ചുറച്ച് അമ്മാമൻ അണിയറയിൽ ഒന്നു ചുററി നടക്കുന്നു, ഓട്ടക്കണ്ണിട്ടുകൊണ്ട്. നോക്കുമ്പോഠം എത്തു ഭാഗവും കുന്തം! ''ഓ ഇതൊരു പുതിയ പാർട്ടിയാണല്ലൊ ഈശ്വരാ! നമ്മുടെ ഡിന്നർ 'കുന്ത'മായി എന്നുതന്നെയാണ് തോന്നുന്നത്'' എന്നായി വിചാരം. ക്രാന്തദർശിയായ ആ ചിന്തകന്ന് അതോടെ 'അറം' വീണുപോയി.

കവികഠംക്കും ചിന്തകന്മാക്കും പൊതുവിലെന്നപോലെ നരിയമ്മാമനും അറംവരുന്നതറിഞ്ഞുകൂടാ. ചുററുമുള്ള ശബ്ദായമാനമായ സമരകോലാഹലം എന്തായിരുന്നുവെന്നല്ലേ? അതു വല കെട്ടി കുന്തക്കാർ കുന്നു വളഞ്ഞതിന്നു ശേഷം കരുവില്ലിയുടെ വെളിച്ചപ്പാട് ഒരിയ്ക്കൽക്കൂടി കലികൊണ്ടുറഞ്ഞു തുള്ളി ''അമ്മാമൻ മാളികപ്പുറത്തുതന്നെയുണ്ടെ''ന്നറിവു കൊടുക്കുന്നതായിരുന്നു. ഇത്ര മണിക്കൂറുകഠംക്കുള്ളിൽ നിങ്ങഠം അവനെ കൊല്ലുകയോ, സാധിച്ചില്ലെങ്കിൽ വിട്ടയയ്ക്കുകയോ ചെയ്യണം എന്നും വെളിച്ചപ്പെട്ടുകൊണ്ടയാഠം അരുളിച്ചെയ്യും

നേരം സന്ധ്യയായിത്തുടങ്ങി. ഭയവും കോപവും ആവുന്നതുമൊതുക്കം. അമ്മാമൻ വട്ടക്കുന്നൊന്നു വലംവെച്ചു. നോക്കുമ്പോഠം, ഒരുവശത്തു കഴവേറി കളായ കുന്തക്കാരില്ല. അതിലേ ഒരു 'ഉയരച്ചാട്ടം' ചാടി രക്ഷപ്പെടാമെന്നു കരുതി മുന്നോട്ടാഞ്ഞപ്പോഴാണ്, മാരണം, വല കണ്ടത്. ഒന്നു ഞെട്ടി, പെട്ടെന്നു നിന്നു. രണ്ടു പൊന്തയുടേയും നടുവിൽ വെളിച്ചത്തായിരുന്നു ആ നില്പ്. ഉടനെത്തുടങ്ങി വേറൊരു ശബ്ദം. വല കെട്ടിയ മരത്തിന്റെ മുകളിലിരിയ്ക്കുന്ന കുണ്ടപ്പന്മാരുടെ പണിയാണത്. ചുള്ളിവടികൊണ്ടു മരത്തിന്മേൽ തുടരെത്തുടരെ കൊട്ടിയുണ്ടാക്കുന്ന ആ ശബ്ദം ഏറാക്കുറെ പാർട്ടിക്കാക്ക് നല്ലന്നൊരു 'സിഗ്നലാ'യിരിയ്ക്കും. അതോടെ ആഠംക്കാരുടെ ആരവം അസഹ്യമായി ഉയരുന്നു. അമ്മാമൻ തല്ക്കാലം അകായിലേയ്ക്കുതന്നെ തിരിച്ചെഴുന്നെള്ളി.

രണ്ടുമൂന്നു തവണ ഇതേ രംഗം ആവർത്തിയ്ക്കുമ്പോഠം, ഇനി നേരം ഇരുട്ടട്ടെ, അപ്പോഠം വല്ല വഴിയും തെളിയും, എന്നു സമാധാനിച്ച് അമ്മാമൻ മുകളിൽക്കയറി ഒരു കിടപ്പു പാസ്സാക്കും. സദ്യ നാളെയെന്നും വെയ്ക്കും. തിരഞ്ഞെടുപ്പും ബഹളവും എല്ലാം കൂടിയാവുമ്പോഠം ആക്കെങ്കിലും വല്ലതിനും ഒരു രുചിയുണ്ടാവുമോ?

രാത്രിയും പ്രസാദിച്ചു. ''നല്ല ഇരുട്ട്. ഇതുതന്നെ തഞ്ചം''—അമ്മാമൻ ഇറങ്ങിനടന്നു. പത്തടി മുന്നോട്ടു പോയില്ല, ഉടനെ നിന്നു, പന്തം കണ്ട പെരുച്ചാഴിയെപ്പോലെ. അതാ ഒരു വെളിച്ചം. ആളിക്കത്തുന്ന തീ. ചുററും യമകിങ്കരസമാനരായ കുന്തക്കാർ കൂക്കിയാർത്തു തിമത്തുകൊണ്ടിരിയ്ക്കുന്നു. തിരി

ഞ്ഞു മറെറാരു വഴിയ്ക്ക് അമ്മാമൻ നടന്നു. അവിടെയും തഥൈവ. ചുററും ചുററിനടന്നു. എങ്ങും തീ തന്നെ. തീകൊണ്ടൊരാറാട്ട്. കോപിഷ്ഠനായി, മീശ കരിഞ്ഞാലും വേണ്ടില്ല മോശമാവാൻ പാടില്ലെന്നുറച്ച്, പൊങ്ങി ജ്വലിയ്ക്കുന്ന രണ്ടു തീനാളങ്ങളുടെ നടുവിലൂടെ മുന്നിൽക്കണ്ട ഒഴിവിലേയ്ക്കു കുതിച്ചു. ഉടലും പുള്ളിക്കുപ്പായവും കാണുന്നതിന്നുമുമ്പേതന്നെ അമ്മാമന്റെ കണ്ണുകൾ തീയിന്റെ പ്രകാശത്തിൽ ഒരു കാറിന്റെ വിളക്കുകൾപോലെ ജ്വലിച്ചുനീങ്ങുന്നതു കാണാമെന്ന് അങ്ങോർ മറന്നു. വെളിച്ചത്തിൽ സ്വന്തം കാഴ്ച മങ്ങി മുനിഞ്ഞുപോയതിനാൽ, എന്ത്, എവിടെ എങ്ങിനെ എന്നൊരന്തമില്ലാതെ ചുററിത്തിരിയലായി. ആ തിരിച്ചലിൽ ഇടത്തും വലത്തും മുതുകത്തുമായി കുത്തുകൾ കുന്തംവിട്ടു ചാടി വീഴാനും തുടങ്ങി. ധീരോദ്ധതനാകയാൽ കീഴടങ്ങാനുമില്ല മനസ്സ്. പിന്നെയും പിന്നെയും ഓരോ വഴിയ്ക്കു ചാടിപ്പോകാനുള്ള ഭഗീരഥശ്രമങ്ങൾ കൊണ്ടുപിടിയ്ക്കുകയായി. മൂന്നാമത്തെ പൊരിഞ്ഞ പരിശ്രമത്തിൽ ഒരു കുന്തമുന കഴുത്തിൽ ആഞ്ഞിറങ്ങി. രക്തച്ചാട്ടം തുടങ്ങി ഭയങ്കരമായിട്ട്. എന്നാൽ വിടുമോ? ഇല്ല. ആ മുറിയും വെച്ചു വീണ്ടും വീണ്ടും ആ വ്യാഘ്രവീരൻ യുദ്ധം വെട്ടി. ഓരോ ദിക്കിൽനിന്നും ഓരോരുത്തരുടെയും വക സംഭാവനകൾ വാങ്ങിവാങ്ങി ദേഹം മുഴുവൻ കുത്തും മുറിയും പങ്കിട്ടെടുത്തു. അതേറെ നേരം കാണാൻ കരുത്തില്ലാഞ്ഞിട്ടെന്നപോലെ, രജനി പകലോനു വഴി മാറിക്കൊടുക്കുകയും ചെയ്തു.

മുറിപ്പെട്ട നരിയേപ്പോലെ ആപല്ക്കരനായ മറെറാരു ഭയങ്കരനില്ലെന്നും അവനോടെതിരിടുംപോലെ ഹലാക്കുപിടിച്ച മറെറാന്നില്ലെന്നും ശിക്കാറികൾക്കെല്ലാം വിവരമുണ്ട്. നായാട്ടിൽ ആളുകൾക്കപകടം നേരിടുന്നതെപ്പോഴും വെടികൊണ്ട കടുവായുടെ കടിവായിൽ നിന്നാണുതാനും. നരിക്കൂട്ടിൽ അത്തരമപകടങ്ങളൊന്നും പററില്ലെന്നാണ് കുള്ളൻചെട്ടിയാർ ഊററംകൊള്ളുന്നത്. തേവരുടെ ശക്തിയുള്ളതുകൊണ്ടാണ് ആപത്തൊന്നും പിണയാത്തതെന്നും ആയാൾ വിശ്വസിയ്ക്കുന്നു. നരി വലയുടെമീതെ ചാടിപ്പോവുകയോ ആളുകളുടെ ഇടയിൽനിന്നു രക്ഷപ്പെടുകയോ, അപകടം വരുത്തുകയോ ചെയ്യുന്നതു ഭക്തിക്കുറവുകൊണ്ടോ, കർമ്മത്തിൽ വല്ല ന്യൂനതയും ഉണ്ടാവുന്നതുകൊണ്ടോ മാത്രമാണെന്നുകൂടി പറയാൻ ചെട്ടിയാർ വിട്ടിരുന്നില്ല. അപകടത്തിന്റെ റിപ്പോർട്ടുകളൊന്നും ചെട്ടിയാക്കു കിട്ടിയിട്ടില്ലെങ്കിലും, പണ്ടു വല്ലവക്കും വല്ലതും പിണഞ്ഞിട്ടുണ്ടോ എന്നു നാമെങ്ങിനെ തീച്ചയാക്കും? രണ്ടു കാൎയ്യങ്ങൾ രണ്ടായാലും സമ്മതിയ്ക്കാം: ഭക്തിപ്പൊലിമനിമിത്തം കൂട്ടൎക്കു വെറും

വിനോദത്തിന്നിറങ്ങുന്ന ശിക്കാറികളേക്കാൾ എത്രയോ ഡിഗ്രി കൂടുതൽ ധൈര്യമുണ്ടെന്നൊന്ന്; മററു, ചുററം തീയും പാട്ടും തോററവും കേട്ടുകേട്ട് ഒരു രാത്രി കഴിയുമ്പോഴേയ്ക്ക് അമ്മാമന്നു സാധാരണയിൽക്കവിഞ്ഞ ഒരുൾക്കിടിലവും പേടിയും കൂടിച്ചേൎന്ന് ഒരു വിറപ്പനി വന്നുകൂടാമെന്നും.

രാത്രി മുഴുവൻ നടന്ന മരണപ്പോരാട്ടവും രക്തപ്രവാഹവും അമ്മാമനെ വശംകെടുത്തിയെങ്കിൽ അതിലത്ഭുതമില്ലല്ലോ! അമ്മാമന്നു തല അശേഷം പൊന്തുന്നില്ല. കാലും കയ്യും പറഞ്ഞതു കൂട്ടാക്കുന്നില്ല. ആകപ്പാടെ വിവശനും വിഷണ്ണനും വിചാരശീലനും വികോപനും ആയിത്തീൎന്ന് അഞ്ചോർ വെളിയിൽ പ്രവേശിയ്ക്കാതായിത്തുടങ്ങി. അതുതന്നെ ചാൻസെന്നു കണ്ടു കുന്തക്കാർ ധൈര്യപൂൎവ്വം അമ്മാമനെ സമീപിയ്ക്കാനും തുടങ്ങി. ഉച്ചയ്ക്കുമുമ്പെ അമ്മാമനെ കാണാവുന്ന ദൂരത്തെത്തി കുന്തക്കാർ. ഒരൈക്യമുന്നണിയായി അടുത്തടുത്തണയുന്ന കാലദൂതന്മാരെക്കണ്ടേ് അമ്മാമന്നു വീണ്ടും പേടിയും കോപവും പൊട്ടിക്കിളൎന്നു. മാത്രമല്ല, പ്രതികാരംകൊണ്ടെരിപൊരികൊള്ളുന്ന ഒരു വീറും. 'വാടക്കയ്യാ, വാ—വാ—വാ' എന്നു വെല്ലുവിളിച്ചുകൊണ്ട് ചുററമുള്ള അണി വീണ്ടും അടുത്താഞ്ഞു. അമ്മാമന്നു കലി കയറി. ഗർജ്ജിച്ചുകൊണ്ടു സകലത്തിനേയും തകൎക്കാനുള്ള ഒരുക്കത്തോടെ കല്ലും മരങ്ങളും തവിടുപൊടിയാക്കി നേരിട്ടു ചാടിയൊരു ചാട്ടം. പക്ഷേ, അതോടുകൂടെ അനവധി കുന്തങ്ങൾ ഒന്നിച്ചമ്മാമനെ പൊതിഞ്ഞു കുത്തിക്കോൎത്തു. അതാണ് കുത്തിൻെറ അവസാനം.

കുളി കഴിച്ച് അമ്പലത്തിൽ ചില്ലറ ചില വഴിപാടുകളുണ്ട് പിന്നെ. അതുകഴിഞ്ഞ് ഊണും കഴിച്ചാൽ വന്നവർ ഓരോരുത്തരായി പിരിയുകയായി. ഉടമസ്ഥൻ നരിയുടെ തലയും തോലുമെടുത്തു താലൂക്കിൽ ഹാജരാക്കി നിയമം നല്കുന്ന പണംവാങ്ങിത്തിരിയ്ക്കുന്നു. നരിയുടെ വലിപ്പച്ചെറുപ്പവും കാലികളുടെ നാശനഷ്ടങ്ങളുമനുസരിച്ചാണ് പ്രതിഫലത്തിൻെറ ഏററക്കുറച്ചിൽ. എഴുപത്തഞ്ചുറുപ്പികവരെ വരാം അത്. അതും കരുവില്ലിത്തേവൎക്കു വഴിപാടിനുഴിഞ്ഞുവെയ്ക്കുകയത്രേ പതിവ്.

ചെട്ടികൾക്കെന്താണൊരു നേട്ടം എന്നു ചോദിച്ചാൽ കാലിയുടെ കാലനെ കാലനുക്കയച്ചുവെന്നതുതന്നെ. മറെറാരു തരത്തിൽപ്പറഞ്ഞാൽ ജാത്യാചാരപ്രകാരം നടത്തേണ്ടൊരു കൃത്യം നടത്തിയെന്നൊരു കൃതകൃത്യത. ഇതിൽനിന്നൊഴിഞ്ഞുമാറുന്നവരോട് നാടടക്കം പുച്ഛമാണ്. തങ്ങൾക്കും വരാമല്ലോ ഇങ്ങിനെയൊരാവശ്യം. അപ്പോൾ മററുള്ളവൎക്കുമാവാമല്ലോ ഈ ഒഴി

ഞ്ഞുമാറൽ പ്രസ്ഥാനം. അതോത്ത് ഒററപ്പെട്ട് ആരും സ്വയംകൃതാനർത്ഥത്തിന്നിരയാവാറില്ല. പരസ്പരസഹകരണത്തിൽ വിശ്വസിയ്ക്കാത്തവരും, ഒരു മരത്തിന്മേലോ മച്ചാനിലോ കയറിക്കൂടി അകലെയിരുന്നുകൊണ്ട് ഒന്നാംക്ലാസ്സുതോക്കുകളുപയോഗിച്ച് ഏതെങ്കിലുമൊരു മൃഗത്തെ കാച്ചി മേനി നടിയ്ക്കുന്നവരുമായ, ചുരുക്കത്തിൽ പരിഷ്ക്കാരികളായ, നായാട്ടുകാർ ഈ സാധുച്ചെട്ടികളുടെ ധീരതയും ഒത്തൊരുമയും ഈശ്വരവിശ്വാസവും ഒന്നിരുന്നാലോചിയ്ക്കുന്നത് ഏതായാലും നന്നായിരിയ്ക്കും!

# ചിരി

ഒരു പെൺകിടാവ് കരഞ്ഞുംകൊണ്ടു വെള്ളംകോരുകയാണ്. ഞാനതു തെല്ലത്ഭുതത്തോടെ നോക്കിനിന്നു. അതേസമയം അതിലെ വന്ന പ്രായംകൂടിയ ഒരു സ്ത്രീ അവളുടെ ക്ലേശത്തെക്കുറിച്ചന്വേഷിച്ചു. അവരുടെ മാതൃസഹജമായ പെരുമാററംമൂലം ആ പെൺകിടാവിൻെറ ഏങ്ങലും കരച്ചില്ലും തെല്ലുനേരത്തേക്കു വർദ്ധിക്കുകയാണുണ്ടായതു്. കരച്ചിലിന്നിടയിൽക്കൂടി ഭർത്താവിൻെറ ക്രൂരമായ പെരുമാററത്തെ വിവരിച്ചതിൽനിന്നു് അന്നു രാവിലെക്കൂടി അയാൾ അവളെ കഠിനമായി അടിച്ചിട്ടുണ്ടെന്നു് മനസ്സിലാക്കാൻ കഴിഞ്ഞു. ഈ കഥ തുടരുന്നതിനിടയിൽ അവൾ കണ്ണീരൊഴുകുന്ന മുഖം പെട്ടെന്നു തിരിക്കുന്നതും ആ മുഖത്തൊരു പുഞ്ചിരി പൊടിച്ചുവരുന്നതും കാണാനിടയായി. തല തിരിഞ്ഞ പ്രേമാർദ്രതയുടെ ഒരു ഭാഗമായ (പുരുഷൻെറ) മൃഗീയത്വത്തെ തെളിയിക്കുന്നതും, മററുള്ളവരുടെ മുമ്പിൽ അവൾക്കു വെളിപ്പെടുത്തിക്കൂടാത്തതുമായ ഗാഢബന്ധത്തിൻെറ ചില വിശദാംശങ്ങൾ അവളോർത്തിട്ടുണ്ടായിരിക്കണം. ഏതായാലും അക്കഥയങ്ങനെ ഒതുക്കിയാലൊതുങ്ങാത്ത ഒരു വിങ്ങിച്ചിരിയിലവസാനിച്ചതായിക്കണ്ടു. തങ്ങളുടെ ഭർത്താക്കന്മാരുടെ നിർദ്ദയമായ പെരുമാററത്തിൽ ആനന്ദിക്കുന്നവരും സംതൃപ്തിനേടുന്നവരുമായ ധാരാളം സ്ത്രീകളെ ഞാനിതിന്നുമുമ്പു കണ്ടിട്ടുണ്ടു്. കാമുകന്മാരുടെ പൌരുഷസാഹസങ്ങൾ അസുഖകരമായിത്തീരുമ്പോഴും അവരെ ആരാധിക്കുന്ന സുശീലകളും ക്ഷമാശാലിനികളുമായ കാമിനിമാരുണ്ടു്; അവർ തങ്ങളുടെ പ്രേമസ്വത്വങ്ങളെ പീഡയേല്പിച്ചാനന്ദംകൊള്ളുന്ന (സാഡിസ്റ്റുകൾ) പുരുഷന്മാരെ ചിലപ്പോൾ ആർദ്രതയോടെ സ്നേഹിക്കുകയും പതിവാണു്.

തീരെ അപ്രതീക്ഷിതമായ ഒരു പരിതഃസ്ഥിതിയിൽനിന്നും ചിരിയുളവാകാമെന്നു കാണിയ്ക്കാൻ മാത്രമാണ് ഞാനീസംഭവം ഉദാഹരിച്ചതു്. നാം സ്വാഭാവികമായി കണക്കാക്കുന്നവിധം സരളമല്ല ചിരിയുടെ രൂപം. അതു മിശ്രവികാരങ്ങൾ തമ്മിലുള്ള സംഘർഷത്തിന്റെ പരിണാമമാണ്. അതു കേവലം ആനന്ദമല്ല. എന്തെന്നാൽ ആനന്ദത്തിന്റെ കേവലരൂപത്തിൽ ചിരിതന്നെയില്ല. ബുദ്ധന്റെ പുഞ്ചിരിയിൽ നേരമ്പോക്കില്ല. വിനോദരസവുമില്ല. അതു 'ബോധപൌർണ്ണമി'യുടെ ശോഭയാണ്. തനിസ്സന്തോഷവുമല്ല ചിരി. നല്ല ഭക്ഷണം, തണുത്ത കാററു്, എരിയെച്ചുടുമ്പോൾ ആദ്യമായി കിട്ടുന്ന ജലസ്പർശം, പലതരം സുഖസൌകര്യങ്ങൾ എന്നിങ്ങനെ യാതൊരു വിനോദവും നല്കുന്നില്ലെങ്കിലും അത്യന്തം സന്തോഷമുളവാക്കുന്ന പല വസ്തുക്കളുമുണ്ടു്.

തികച്ചും ഏകാന്തമായ, കേവലമായ ഒരു വികാരവുമില്ലെന്നതാണ് കാര്യം. ഒന്നു മറെറാന്നിനോടു കൂടിക്കുഴയാം; എളുപ്പത്തിൽ മറെറാന്നിലേയ്ക്കു കടന്നുകൂടുകയോ മറെറാന്നിൽനിന്നു് ഉത്ഭവിയ്ക്കുകയോ ചെയ്യാം; വിദ്യുച്ഛക്തിയുടെ വിവിധരൂപങ്ങളായ ചൂടു് വെളിച്ചം തണുപ്പു് എന്നിവയ്ക്കുള്ള പോലെ വികാരങ്ങളുടെ കാര്യത്തിലുമുണ്ടു് ഒരുതരം അദ്വൈതം. ചിലപ്പോൾ ഒന്നു മറെറാന്നായി മാറുന്നുണ്ടെങ്കിലും അടിസ്ഥാനപരമായി നോക്കുമ്പോൾ അവയെല്ലാം ഒന്നാണ്. അമർത്തപ്പെട്ടുകിടക്കുന്ന ആ ഒന്നു പരിതഃസ്ഥിതികളുടെ തള്ളലേററു മോചിയ്ക്കപ്പെടുമ്പോൾ അവയ്ക്കോത്ത വിവിധരൂപങ്ങളെ കൈക്കൊള്ളുന്നു.

ചിരിയ്ക്കുകയോ കരയുകയോ വേണ്ടതെന്നറിയാൻകഴിയാത്ത സന്ദർഭങ്ങളും, ചിരി കണ്ണീരിലവസാനിയ്ക്കുന്നതും തേങ്ങിക്കരച്ചിൽ ചിരിയോടു സമ്മേളിയ്ക്കുന്നതുമായ അവസരങ്ങളും നമ്മൾക്കെല്ലാം അനുഭവപ്പെട്ടിരിയ്ക്കും. ഒരുദാഹരണംകൊണ്ടു ഞാനിക്കാര്യം തെളിയിയ്ക്കാൻ ശ്രമിയ്ക്കാം. ഒരു ദിവസം ഗുരുവായൂർ ദീപാരാധനസമയത്തു നടയ്ക്കൽ തിക്കിത്തിരക്കിനില്ക്കുന്ന ഭക്തജനങ്ങൾക്കിടയിൽ മറക്കുട പിടിച്ച ഒരന്തർജ്ജനവും അടുക്കൽത്തന്നെ ഒരു നായർസ്ത്രീയുമുണ്ടായിരുന്നു. നായർസ്ത്രീ ഭക്തിപാരവശ്യത്തിൽ ഒന്നും പറയാൻ വാക്കില്ലാതെ തേങ്ങിത്തേങ്ങിക്കരയുകയാണ്. അന്തർജ്ജനമാകട്ടെ ബാലകൃഷ്ണനെ തന്റെ ഓമനക്കുഞ്ഞായിക്കണ്ടു "കള്ളാ, ഞാൻ വിളിച്ചാൽ വരില്ലേ വരില്ലേ?" എന്നിങ്ങനെ ചിരിച്ചു കുണുങ്ങിച്ചോദിയ്ക്കുന്നു. ഇവിടെ ആ ഏങ്ങിക്കരച്ചിലും ഈ വാത്സല്യച്ചിരിയും അമർത്തപ്പെട്ട ഭക്തിപാരവശ്യ

ത്തിൻെറ പൊട്ടിത്തെറിയാണ്. ഇതിൽനിന്നു് അഭിഭാവകൻെറ സ്വഭാവവിശേഷം കാരണമായും ഒരേ വികാരം അനേകരൂപങ്ങളിൽ പ്രത്യക്ഷപ്പെടാമെന്നു തെളിയുന്നു.

പരിസരങ്ങളുടെ പൊരുത്തക്കേടുകൾ നമ്മുടെ ബോധമണ്ഡലത്തിലേയ്ക്കു ബലമായി ചോർന്നുകടന്നു വികാരഗതിയെ ക്ഷോഭിപ്പിച്ച് നമ്മെ അത്ഭുതകരമായ ഒരു സംഭ്രമത്തിലേയ്ക്കു തള്ളിവിടാറുണ്ടെന്നതു നമുക്കേവർക്കുമറിയാം. ഒരരുവി മണൽപ്പരപ്പിൽ മൃദുവായൊഴുകുന്നു; കല്ലുകളിൽ തട്ടിത്തടയുമ്പോൾ കളകളം പൊഴിയ്ക്കുന്നു; പർവ്വതങ്ങളിൽനിന്നു വെള്ളച്ചാട്ടമായി താഴോട്ടിരമ്പിപ്പായുന്നു. പാലു പൊതുവെ മാർദ്ദവവും മാധുര്യവുമുള്ളതാണ്. എന്നാൽ പുറത്തെ വായുവിൽനിന്നതിൽ പുളിനുരയുണ്ടാകുമ്പോൾ ആ അമ്ലീകരണം പ്രത്യേകസ്വാദോടുകൂടിയ തയിർ ഉല്പാദിപ്പിയ്ക്കുന്നു. പാൽപാട പാലിൻെറ സാരമാണ്; വെണ്ണ അതിൻെറ ആത്മാവും. മൌലികമായി നോക്കുമ്പോൾ ഇവയെല്ലാമൊന്നുതന്നെയാണ്. എന്നാൽ ഓരോന്നിൻെറയും ക്രിയയും ഫലവും വ്യത്യസ്തമാണ്. പ്രത്യേകം തിരിച്ചറിയാവുന്നവയുമാണ്. അതുപോലെ വികാരങ്ങളുടെ ശാന്തമായ ഒഴുക്ക് മററു വികാരങ്ങളോട്—വിരുദ്ധവികാരങ്ങളോട്—ഇടചേരുമ്പോൾ ചിരിയായോ കരച്ചിലായോ പൊട്ടിപ്പുറപ്പെടുന്നു. ആ ഇടച്ചിൽ അങ്ങിനെ പുറമേയ്ക്കു മോചനം തേടുന്നു. ക്രോധത്തിൽ, പ്രത്യേകിച്ചും അതു് അന്യൻെറമേൽ പ്രയോഗിയ്ക്കാൻ കഴിവുള്ളപ്പോൾ, ശരിയ്ക്കാനന്ദമുള്ളതായി നമുക്കറിയാം. ദുഃഖത്തിൽ അത്യന്തം ആശ്വാസമുണ്ട്. പുറമേനിന്നു സഹതാപം പ്രതീക്ഷിച്ചുകൊണ്ടിരിയ്ക്കുന്നതിൽ ഒരു സംതൃപ്തി ഒളിഞ്ഞുകിടക്കുന്നു. രണ്ടിനെയും വളരെ ശക്തിയിൽ തടഞ്ഞാൽ ശരീരത്തിന്നും മനസ്സിന്നും സുഖക്കേടുപിടിയ്ക്കും. മറിച്ച് തുടച്ചയായ, അനിയന്ത്രിതമായ ചിരി സുഖകരമായ ആരോഗ്യം നല്കുമെന്നു് ഇംഗ്ലീഷിലൊരു മൊഴിയുണ്ട്. പക്ഷെ അതു് ആപല്ക്കരമായ തളർച്ചയെയാണുളവാക്കുന്നതു്. ഏറെച്ചിരിച്ചാൽ കരയേണ്ടിവരുമെന്നു് ഒരു ചൊല്ലുണ്ടല്ലോ നമുക്കു മലയാളത്തിൽ. നമ്മുടെ ആയുർവ്വേദത്തിൽ ചിരിയെ രോഗികളും വൃദ്ധന്മാരും ഉപേക്ഷിക്കേണ്ട 'സാഹസ'ങ്ങളിലൊന്നായി വിധിച്ചിരിയ്ക്കുന്നു. പ്രാചീനന്മാർ ചിരിയെ വികാരസമ്മർദ്ദത്തിൻെറ ബഹിഃപ്രകടനമായി ഗണിച്ചിട്ടുണ്ടെന്നതും, എന്നാലതു സുഖപ്രകടനമായിക്കൊള്ളണമെന്നില്ലെന്നതും തെളിഞ്ഞ കാര്യമാണ്. ശരീരത്തിൽ ഇക്കിളിപ്പെടുത്തിയാൽ ഒരു കുട്ടിയെ അവന്നു നിയന്ത്രിയ്ക്കാൻ സാധിയ്ക്കാത്ത

വിധത്തിൽ ചിരിപ്പിയ്ക്കാം. പക്ഷെ പ്രയോഗത്തിലതു് ആപല്ക്കരമാണു്. ഒരു നേരിയ സുഖസ്പർശമുണ്ടാക്കുന്നുണ്ടെങ്കിലും ആ ചിരിയ്ക്കു സുഖവുമായി തീരെ ബന്ധമില്ല. അതു് ആ സമയത്തു് ഒരുതരം വേദനയാണു്. അതിന്റെ പ്രതികരണം തുടങ്ങുമ്പോൾ കലശലായ തളച്ച്യയുമുളവാകുന്നു.

മനശ്ശാസ്ത്രജ്ഞന്മാർ ചിരിയുടെ ഉത്ഭവത്തെക്കുറിച്ച ധാരാളം എഴുതീട്ടുണ്ടു്. ഹൃദയംഗമങ്ങളും എന്നാലപൂർണ്ണങ്ങളുമായ പല സിദ്ധാന്തങ്ങളെയും അവർ നിർദ്ദേശിച്ചിട്ടുമുണ്ടു്. യഥാർത്ഥത്തിൽ ബോദ്ധ്യം വരുന്ന തരത്തിലോ പൂർണ്ണമായ നിലയിലോ ചിരിയെ വ്യാഖ്യാനിയ്ക്കാൻ ഇതേവരെ ആർക്കും കഴിഞ്ഞിട്ടില്ല. ചില സിദ്ധാന്തങ്ങൾ തികച്ചും പ്രാകൃതങ്ങളാണു്. അന്യരെ ഉപദ്രവിയ്ക്കുന്നതിൽനിന്നാണു് നമുക്കെപ്പോഴുമാനന്ദമുണ്ടാകുന്നതെന്നു സ്ഥാപിയ്ക്കുന്ന സിദ്ധാന്തമാണിതിന്നൊരുദാഹരണം. ലൂക്രേസിയുസ് തങ്ങളുടെ മഹത്വബോധത്തിൽനിന്നാണു് സുഖമുണ്ടാകുന്നതെന്നും, നാം സുരക്ഷിതരായിരിയ്ക്കെ മററുള്ളവർ കഷ്ടപ്പെടുന്നതും വേദനപ്പെടുന്നതും കാണുന്നതിന്നനുസരിച്ചാണു് ജീവിതത്തിൽ സംതൃപ്തിയുണ്ടാകുന്നതെന്നുംകൂടി പറഞ്ഞിട്ടുണ്ടു്. ചിരിയിൽ ചിലപ്പോൾ ഒരു മഹത്വഭാവന കുടികൊള്ളാറുണ്ടെന്നുള്ളതു ശരിതന്നെയാണു്. പക്ഷെ അതൊരിയ്ക്കലും സാർവ്വത്രികമല്ല, ശാശ്വതവുമല്ല. ഒരാൾ വഴുതുന്നതോ വീഴുന്നതോ കണ്ടാൽ നാം ചിരിച്ചേയ്ക്കാം. നാമൊരാളെ തള്ളി വീഴ്ത്തിയെന്നും വരാം. നാമപ്പോൾ ചിരിയ്ക്കുന്നു. ആ നേരമ്പോക്കിനു ലക്ഷ്യമായ ആൾ നിന്ദ്യനോ കൊള്ളരുതാത്തവനോ ആണെങ്കിൽ പ്രത്യേകിച്ചും ചിരിച്ചുപോകുന്നു. എന്നാൽ ആയാൾ ആദരാർഹനാണെന്നു കരുതുക; അഥവാ അയാൾക്കു വീഴ്ചയിൽ അംഗഭംഗം വന്നതായി വിചാരിയ്ക്കുക; നാം ചിരി തുടർന്നുകൊണ്ടിരിയ്ക്കുമോ? ഒരിയ്ക്കലുമില്ല. നമ്മുടെ വിനോദത്തിന്റെ സ്ഥാനം സങ്കടമോ അനുകമ്പയോ പിടിച്ചെടുക്കും. നാം നല്ലവണ്ണം ഭക്ഷണം കഴിച്ച സുഖമായിരിയ്ക്കുമ്പോൾ ഏതെങ്കിലുമൊരാളോ ഒരു കുടുംബമോ കഷ്ടപ്പാടിലും പട്ടിണിയിലും അരിഷ്ടിയ്ക്കുന്നതു കാണുന്നതായിക്കരുതുക. മനുഷ്യാനുകമ്പ തൊട്ടുതെറിപ്പിയ്ക്കയെങ്കിലും ചെയ്തിട്ടുള്ള ഒരു ഹൃദയത്തിൽ ഇത്തരം ദാരുണാനുഭവം കണ്ടാൽ തന്റെ മേന്മയിൽനിന്നുളവാകുന്ന ആനന്ദമോ നേരിയൊരു രസംപോലുമോ ഉണ്ടാവുക സാദ്ധ്യമല്ല.

ചിരിയെക്കുറിച്ചു് ഏകാന്തമോ പിഴവില്ലാത്തതോ ആയ ഒരു വിശദീകരണം ഇല്ലതന്നെ. വിഭിന്നപരിതഃസ്ഥിതികളിലും ദശാവിശേഷങ്ങളിലും നാം ചിരിയ്ക്കുന്നു. നിരാശതയിൽനിന്നുളവാകുന്ന ഭയങ്കരമായ ചിരിയുണ്ടു്.

നിന്ദയും വെറുപ്പുംകൊണ്ടുണ്ടാകുന്ന ചിരിയുണ്ട്. വിഡ്ഢിത്തം, ഭ്രാന്ത്, ആഹ്ലാദം, വിജയം എന്നിവയിൽനിന്നുപോലും ചിരിയുളവാകുന്നു.

അത്യന്തം അനുകമ്പ തോന്നുമ്പോഠം നാം ചിരിച്ചുപോകാറുണ്ട്. മലൎന്നു കിടക്കുന്ന ഇളംപൈതങ്ങഠം കുഞ്ഞിക്കാലുകഠംകൊണ്ടാകാശത്തെ ചവിട്ടുന്നതും, കുട്ടികഠം പലതരത്തിലും വലിയവരെ അനുകരിയ്ക്കാൻ ശ്രമിയ്ക്കുന്നതും കാണുമ്പോഴുണ്ടാകുന്ന പുഞ്ചിരിയാണിതിന്നു് ഉത്തമോദാഹരണം. ബാലസ്വഭാവത്തിൽ ലയിച്ചുകിടക്കുന്ന മനുഷ്യന്റെ പ്രത്യേകതകളും അവശതകളും തമ്മിലുള്ള വൈരുദ്ധ്യമാണിവിടെ ചിരിയുളവാക്കുന്നതു്. ആ പിഞ്ചുപൈതലിന്റെ മനുഷ്യസാധാരണമായ ആഗ്രഹങ്ങളും കഴിവുകേടും തമ്മിൽ തീരെ പൊരുത്തമില്ല. ഈ പൊരുത്തക്കേടു കരച്ചിലിനോടേതാണ്ടടുത്ത ചിരിയ്ക്കു കാരണമായിത്തീരുന്നു.

ഇതുപോലെതന്നെ, കണക്കൊക്കാത്ത അവയവാനുപാതമാണു് ഒരു കുട്ടിയ്ക്കുള്ളതു്. പ്രത്യേകം എടുത്തുനോക്കിയാൽ എല്ലാ അവയവങ്ങളും അപൂൎണ്ണങ്ങളാണു്. എന്നിരുന്നാലും താരതമ്യവീക്ഷണം ചെയ്യുമ്പോഠം അഴകുററതുമാണു്. ഒരു കുട്ടിയ്ക്കും യഥാൎത്ഥത്തിൽ വടിവൊത്ത ആകൃതിയില്ല, മുടിയില്ല, പല്ലില്ല, തലച്ചോറില്ല; അതു വൈരൂപ്യം മുഴുത്ത ഒരു ചെറുജീവിയാണു്. ഉടൽ തല മുതലായ മററവയവങ്ങളുടെ ആകൃതിയെസ്സംബന്ധിച്ചേടത്തോളം അതേ തോതുവെച്ചു പൂൎണ്ണവളൎച്ചയെത്തിയ ഒരു മനുഷ്യനെ സങ്കല്പിച്ചുനോക്കുക! അതെന്തൊരു പുറാട്ടുപണ്ടമായിരിയ്ക്കും. കുടുംബത്തിന്റെയും മാനവവംശത്തിന്റെതന്നെയും ആശയാഭിലാഷങ്ങളുടെ പ്രതീകമാണു് കുട്ടി. അവന്റെ കുറിയ ശരീരവും ദൈന്യാവസ്ഥയും കണ്ടു നമുക്കുണ്ടാകുന്ന അനുകമ്പയുമായി ഏററവുമധികം ബന്ധപ്പെട്ടതായിരിയ്ക്കും കുട്ടിയുടെ സൌന്ദൎയ്യത്തെക്കുറിച്ചുള്ള ബോധം. അതുപോലെ അവന്റെ സംഭാഷണം നിസ്സാരവും ബോധശൂന്യവുമാണു്. എന്നാൽ നാമതു ശ്രദ്ധിയ്ക്കുന്നു. അതിന്റെ അപൂൎണ്ണതയാണിതിന്നു കാരണം. ഇതേ കാരണത്താൽ പിഞ്ചുപൈതങ്ങളുടെ രൂപം ഏക കാലത്തു് ആകൎഷകങ്ങളും ഹാസ്യജനകങ്ങളുമായിത്തീരുന്നു. അനുകമ്പ എന്തെങ്കിലും കാരണത്താൽ തെല്ലിടയൊന്നു മാറിനില്ക്കട്ടെ; പെട്ടെന്നവർ അലട്ടിന്റെയും വെറുപ്പിന്റെയും പ്രത്യക്ഷമൂൎത്തികളായി മാറുന്നതു കാണാം.

എല്ലാവൎക്കും കുററവും കുറവുമുണ്ടെന്ന ബോധവും നമുക്കവരോടുണ്ടാകുന്ന അനുകമ്പയും തമ്മിൽ ഏററുമുട്ടുന്നേടത്താണു് സുഖകരമായ ഹാസ്യമാതൃക

കൾക്കു നല്ല ഉദാഹരണങ്ങൾ കാണുക. ജീവിതം എങ്ങിനെയെല്ലാമാണെന്നു ശരിയ്ക്കുള്ള അറിവും, അതേസമയം മനുഷ്യന്റെ സ്വഭാവമിന്നതാണ് പോരായ്മകളിന്നവയാണ് എന്ന ബോധവും, അവയുടെ പരിമിതികളോടു തികച്ചും ക്ഷമാശീലവുമുള്ളവരിൽനിന്നേ ഉത്തമഹാസ്യം ഉടലെടുക്കു.

മറിച്ചു, വെറുപ്പും നിന്ദയും നമ്മുടെ വികാരത്തിന്നടിസ്ഥാനമാകുന്ന സന്ദർഭങ്ങളിൽ സഹജമായി ചിരി വെറും ഇളിയും, നാദം ദുശ്ശബ്ദവുമായിരിയ്ക്കും. തങ്ങളുടെ വെറുപ്പിന്നും നിന്ദയ്ക്കും പാത്രമായവരെ ആധാരമാക്കി രസിയ്ക്കാൻ ശ്രമിച്ച എഴുത്തുകാരുണ്ടായിട്ടുണ്ട്. ഈ വഴിയ്ക്കാണ് സാധാരണ ശകാരഹാസ്യങ്ങളും പരുഷഹാസ്യങ്ങളും (Satire and lampoons) ഉളവാകുന്നതു്. ഈ വികാരം ഒരു വ്യക്തിയെക്കുറിച്ചോ ഒരു മുഴുവൻ വർഗ്ഗത്തെക്കുറിച്ചോ ആകാം. ഇംഗ്ലീഷിലെ ഏററവുമുയന്ന ശകാരഹാസ്യലേഖകനായ ഡീൻ സ്വിഫ്ട് തനിയ്ക്കു പ്രത്യേകമൊരു വ്യക്തിയോടും വെറുപ്പുണ്ടായിരുന്നില്ലെന്നും എന്നാൽ പൊതുവിൽ മനുഷ്യജാതിയെ ഏററവും നിന്ദ്യമായിട്ടാണ് താനെപ്പോഴും കരുതിയിരുന്നതെന്നും ഒരിയ്ക്കൽ സമ്മതിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ ഈ പക്ഷപാതബുദ്ധി ഉടനീളം നിഴലിച്ചതായി കാണാം. ഇതിന്നൊരുദാഹരണമെടുക്കാം. ആൾക്കുരങ്ങിന്നു തുല്യമായ ഒരടിമവർഗ്ഗം അധിവസിയ്ക്കുന്ന ഒരു രാജ്യത്തെ വർണ്ണിയ്ക്കുന്നു. യാഹൂക്കളെന്നാണവരെ വിളിയ്ക്കുന്നതു്. ഉയന്ന വർഗ്ഗക്കാരായ കുതിരകളാണവരുടെ യജമാനന്മാർ. സ്വിഫ്ട് യാഹൂക്കളെ കഠിനനിന്ദയോടെ അവയുടെ യജമാനന്മാരോടു താരതമ്യപ്പെടുത്തുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യർ കുരങ്ങന്മാരെപ്പോലെയാണ്. കൂടുതൽ ശ്രേഷ്ഠതയും നന്ദിയുമുള്ള കുതിരകളെ ശുശ്രൂഷിയ്ക്കാൻമാത്രമേ അവർ പററൂ. ഭക്തിയും നിത്യസാധനയുംകൊണ്ടു് ഒരാൾക്കുരങ്ങിന്നു ദിവ്യത്വത്തിലേയ്ക്കുയരാമെന്ന വസ്തുതയ്ക്ക് ദൃഷ്ടാന്തമായിത്തീൻ ഹനുമാനെക്കുറിച്ചു നമ്മൾക്കുള്ള ധാരണ ഇതിൽനിന്നെത്രയെത്ര വ്യത്യസ്തമാണ്!

സ്വിഫ്ടിന്റെ മററു കൃതികളിലും മനുഷ്യരെയും അവരുടെ ഏപ്പാടുകളെയും സംബന്ധിച്ച ഇതേ സഹിച്ചുകൂടായ്മ പ്രദശിപ്പിയ്ക്കുന്നുണ്ടു്. അദ്ദേഹം നമ്മെ പലപ്പോഴും രസിപ്പിയ്ക്കുന്നു. എന്നാലദ്ദേഹത്തിന്റെ ചിരി മികച്ചതല്ലെന്നും ജീവിതത്തിന്റെ വ്യാഖ്യാതാവെന്നനിലയ്ക്ക് സ്വിഫ്ട് തീരെ വിശ്വാസപാത്രമല്ലെന്നും നമുക്കെല്ലായ്പോഴും തോന്നും. മനുഷ്യപ്രകൃതിയിലെ നന്മയും മഹത്വവും കണ്ടറിയാനും അതുണ്ടാകുമെന്നു വിശ്വസിയ്ക്കാനും കഴിയാത്ത ആൾക്കു കാര്യമായ തരക്കേടെന്തോ ഉണ്ടു്. ഒരു ദുഷിച്ച മനഃസ്ഥി

തിയിൽനിന്നാണ് ഈ നിലയുളവാകുന്നതു്. അതിന്നു സത്യബോധമുണ്ടാക്കാൻ കഴികയില്ല; ഉൽകൃഷ്ടബോധമുളവാക്കാൻ പ്രാപ്തിയുമില്ല.

നമുക്കു സ്വിഫ്ടിനെ അദ്ദേഹത്തിൻെറ സമകാലികനായിരുന്ന ഒരു പാവപ്പെട്ട എഴുത്തുകാരനുമായി താരതമ്യപ്പെടുത്തിനോക്കാം. ഒലിവർ ഗോൾഡ്സ്മിത്തിന്നു വ്യക്തിപരമായി ഉയൎന്ന സ്ഥാനമാനങ്ങളോ രാഷ്ട്രീയമായി വമ്പിച്ച അഭിലാഷങ്ങളോ ഉണ്ടായിരുന്നില്ല. മാനവജീവിതത്തെക്കുറിച്ചദ്ദേഹവും ധാരാളമെഴുതീട്ടുണ്ടു്. എന്നാലതെത്രമാത്രം സ്നേഹത്തോടും സഹാനുഭൂതിയോടുംകൂടിയായിരുന്നു! നമ്മുടെ ഏററവും മഹാനായ ഹാസ്യകാരൻ കുഞ്ചൻനമ്പ്യാരും വെറുപ്പും നിന്ദയും തൊട്ടുതെറിപ്പിയ്ക്കാതെ പല വ്യക്തികളേയും പ്രത്യേകമട്ടുകാരേയും ധാരാളം കളിയാക്കിയിട്ടുണ്ടു്.

വെറുപ്പുള്ള വ്യക്തികളെക്കുറിച്ചു് ഉള്ളിൽത്തട്ടുന്ന ഫലിതങ്ങൾ നാമെല്ലാവരും ധാരാളം പറയാറുണ്ടു്. പക്ഷെ അവയെത്രതന്നെ രസമുള്ളതാണെങ്കിലും യഥാൎത്ഥഹാസ്യമായി ഗണിയ്ക്കപ്പെടാറില്ല. അത്തരം പരിതഃസ്ഥിതികളിൽ നാം കണ്ണില്ലാത്തവരുടെ തപ്പിനടക്കലും മുടന്തന്മാരുടെ കൊക്കിനടക്കലും അനുകരിയ്ക്കുന്ന കുട്ടികളുടെ കിടയ്ക്കേ നില്ക്കുന്നുള്ളൂ. അനുകരണം തികച്ചും തന്മയമായിരിയ്ക്കാം. എന്നാൽ യാഥാൎത്ഥ്യബോധമുള്ള മനുഷ്യരെ രസിപ്പിയ്ക്കുന്ന വിഷയത്തിൽ ആ മട്ടു് ഏററവും ക്രൂരമാണു്. ശബ്ദാനുകരണങ്ങൾ ഹാസ്യത്തിൻെറ താഴ്ന്ന മട്ടാണു്. പ്രകൃതിസിദ്ധങ്ങളായ ദോഷങ്ങളും ഗോഷ്ടികളും ശരിയ്ക്കു വിനോദവിഷയങ്ങളല്ല, വിശേഷിച്ചും അവ വ്യക്തികളുടെ തെററുകളെന്നതിനെക്കാൾ ദൌർഭാഗ്യങ്ങളായിരിയ്ക്കുമ്പോൾ. ചെറിയ കുട്ടികളും മൂഢന്മാരും മാത്രമേ വ്യക്തികളുടെ ദോഷവിശേഷങ്ങളെ അതിശയോക്തിയോടെ ചിത്രീകരിയ്ക്കുന്നതിൽ രസിയ്ക്കുകയുള്ളൂ. ബുദ്ധിമാൻ വിഡ്ഢിയെപ്പോലെ തോന്നാം. നല്ല മനുഷ്യനു ചില വൈകൃതങ്ങളും അസാധാരണത്വവുമുണ്ടാകാം. മറിച്ചു വ്യക്തിപരമായ ജീവിതത്തിലും സാമുദായികമായ പെരുമാററത്തിലും ന്യൂനതകളില്ലാത്ത ഒരാൾ സൂത്രശാലിയും ആനക്കള്ളനുമാകാം. ആ ഹാസ്യത്തിന്നു ലക്ഷ്യമായിട്ടുള്ളവൻ ഒരുതരത്തിൽ ചീത്തവനോ നിഷിദ്ധനോ ആപല്ക്കാരിയോ ആകുമ്പോൾ മാത്രമേ വ്യക്തികളുടെ പ്രത്യേകതകളെടുത്തു് അനുകരിച്ചുഹസിയ്ക്കുന്നതിനെ നീതീകരിയ്ക്കാനാവൂ.

ശകാരഹാസ്യവും പരുഷഹാസ്യവും 17–18 നൂററാണ്ടുകളിൽ ഇംഗ്ലീഷിൽ അതിസാധാരണമായിരുന്നു. അലക്സാൻഡർ പോപ്പും അതുപോലെ അക്കാലത്തെ മററനേകം എഴുത്തുകാരും തങ്ങളുടെ സമകാലികരായ നിർഭാഗ്യ

ന്മാരുടെ വ്യക്തിദൂഷ്യങ്ങളെ കളിയാക്കാൻ ഈ നിഷിദ്ധമായ സമ്പ്രദായം സ്വീകരിച്ചു. അത്തരം ലേഖനങ്ങൾ ഇന്നു് ഉണ്ടാകേണ്ടിയില്ലായിരുന്ന ഒരു തരം സാഹിത്യത്തിന്നു് ഉദാഹരണങ്ങളായിമാത്രം അവശേഷിയ്ക്കുന്നു.

ചാറത്സ് ഡിക്കൻസ് പാവങ്ങളെയും നിർഭാഗ്യന്മാരെയും എപ്പോഴും സ്നേഹിച്ചുവന്നു. അതുകൊണ്ടദ്ദേഹത്തിന്റെ ചിരിയ്ക്കു് എപ്പോഴും കണ്ണീരിനോടു് അത്യന്തം അടുപ്പമുണ്ടു്. ഏതെങ്കിലുമൊരുതരത്തിൽപ്പെട്ട സാമുദായികമായ അനീതിയെയോ വ്യക്തിഗതമായ ക്രൂരസ്വഭാവത്തെയോ തുറന്നുകാട്ടുകയും പരിഹാസത്തിന്നു പാത്രമായവരുടെനേക്കു് അതിരററ അലിവു കാണിയ്ക്കുകയും അദ്ദേഹത്തിന്റെ ഓരോ കൃതിയുടെയും ലക്ഷ്യമായിരുന്നു. അനുകമ്പാമസൃണങ്ങളായ ഹാസ്യകൃതികൾ വേറെ പല എഴുത്തുകാരും രചിച്ചിട്ടുണ്ടു്. വിശ്വഭാഷകളിലെ മുൻപന്തിയിൽനില്ക്കുന്ന ഹാസ്യകൃതികളുടെ ഒരു ഭാഗത്തെപ്പോലും എടുത്തു പരിചിന്തനം ചെയ്യുക അസാധ്യമാണു്. എന്നാൽ സഹനശീലത്തോടും ദയാർദ്രതയോടും ഏററവുമടുത്ത, അപൂർണ്ണതയെക്കാണുന്ന, ഒരു വിശേഷരീതിയാണു് യഥാൎത്ഥഹാസ്യമെന്നു് അവ വായിച്ചാൽ നമുക്കു മനസ്സിലാക്കാൻ കഴിയുന്നു. ഏതായാലും ചാറത്സ് ഡിക്കൻസ് കുട്ടികളോടു പ്രേമവും താഴ്ന്നവരോടനുകമ്പയും ആശ്ചര്യകരമാംവണ്ണം പ്രദർശിപ്പിച്ചു. ഒലിവർ ട്വിസ്റ്റ്, നിക്കോലാസ് നിക്കൽബി, ഡോംബിയും മകനും, ക്രിസ്തുമസ്കരോൾ എന്നീ ഗ്രന്ഥങ്ങളെ നമുക്കെടുത്തുപറയാം. മുമ്പു് അനീതിയും അഴിമതിയും വേരുറച്ചുകിടന്നിരുന്ന പല സ്ഥാപനങ്ങളിലും ഡിക്കൻസിന്റെ ചില ഗ്രന്ഥങ്ങൾ ത്വരിതഗതിയിൽ പരിഷ്കാരം വരുത്തുകയുണ്ടായി. അപ്പോൾ ജീവിതത്തെ വാൎത്തെടുക്കാനുള്ള ഒരു മട്ടും, മനുഷ്യന്നു് ഒരു മാൎഗ്ഗവുമാണു് ഹാസ്യം.

ജീവിതത്തിലെ വൈകൃതങ്ങൾക്കററമില്ലാത്തതുകൊണ്ടു ഹാസ്യത്തിന്നും പ്രകൃത്യാ പല ഭേദങ്ങളുണ്ടു്. ഒരുതരം ഹാസ്യം മറെറാന്നിലേയ്ക്കു കടന്നുകൂടുക സാധാരണമാണു്. അതുകൊണ്ടു ഹാസ്യത്തെ വളരെ കൃത്യമായി വേർതിരിയ്ക്കുന്നതു മിക്കവാറും ശരിയാവില്ല.

അറിവില്ലായ്മകൊണ്ടുളവാകുന്ന ഹാസ്യമുണ്ടു്. ഇതിന്നു നല്ല ഉദാഹരണങ്ങൾ കിട്ടുക കുട്ടികളുടെ നിഷ്കളങ്കമായ അഭിപ്രായപ്രകടനങ്ങളിൽനിന്നാണു്. അവർ ചില കാര്യങ്ങൾ ശ്രദ്ധിച്ചു മനസ്സിലാക്കുന്നു. എന്നാൽ ജീവിതയാഥാൎത്ഥ്യത്തെക്കുറിച്ചു തീരെ പരിജ്ഞാനമില്ലാത്തതുകൊണ്ടു് അവരുടെ നിർണ്ണയങ്ങൾ മിയ്ക്കവാറും അബദ്ധവും വികൃതവുമാകും. രണ്ടു വയസ്സായ ഒരു പെൺ

കുട്ടി പൂവൻകോഴിയെ, പിടക്കോഴികളെ ഉപദ്രവിയ്ക്കുന്നുവെന്ന അപരാധം പറഞ്ഞു് അവയിൽനിന്നു് ആട്ടിയകററുന്നതായി ഞാൻ കണ്ടിട്ടുണ്ടു്. "അതു് അവററിനെ കൊത്തുണ. പൊററത്തുകേറി നെലത്തെയ്ക്കമത്തുണ. ഞാനതു സമ്മതിയ്ക്കില്ല" എന്നാണവളുടെ വാദം. മററുള്ളവർ ഇതു കേട്ടു പൊട്ടിച്ചിരിയ്ക്കുമ്പോാം ആ പെൺകുഞ്ഞിനെ തിരക്കിവന്ന അമ്മ ചിരിച്ചു നാണിച്ചു് ഓടിക്കളഞ്ഞു. അവിടെ സംഭവിയ്ക്കുന്നതെന്താണെന്നു് ആ പെൺകുട്ടിയ്ക്കു മനസ്സിലായതേയില്ല. കുട്ടികഠം പറയുന്ന പലതിന്നും ഇതുപോലെ യാഥാത്ഥ്യബോധമില്ലാത്തതുകൊണ്ടും അവയെക്കുറിച്ചുള്ള നിഷ്കളങ്കമായ വ്യാഖ്യാനരീതികൊണ്ടും അവാച്യമായ ഭംഗിയുണ്ടാകാറുണ്ടു്. അവരുടെ സഹജമായ സൂക്ഷ്മഗ്രാഹിതയും പരിമിതമായ വീക്ഷണവുംതമ്മിലാണിവിടെ സംഘഷം.

അതുപോലെ അന്യോന്യം ഭാഷയറിഞ്ഞുകൂടാത്ത രണ്ടു പേർ തമ്മിൽ സംസാരിയ്ക്കാൻ തുടങ്ങുമ്പോാം തമാശയ്ക്കു ശരിയായ വഴിയുണ്ടാകുന്നു. ഒരു യാത്രക്കാരൻ മട്ടും മാതിരിയുമറിഞ്ഞുകൂടാത്ത ഒരന്യദേശത്തു ചെന്നെത്തുമ്പോാം അയാളുടെ പ്രവൃത്തിയും അഭിപ്രായപ്രകടനങ്ങളും അടങ്ങാത്ത ചിരിയുളവാക്കുന്നു. ഇത്തരം സന്ദഭ്ങ്ങളുടെ സാധ്യതകഠംക്കററമില്ല. എഴുത്തുകാർ എല്ലാ കാലത്തും അവയെ സാധാരണയായി ഉപയോഗിച്ചുവരാറുണ്ടു്. പരിചയമില്ലാത്ത പുതിയ രാജ്യങ്ങളിൽ സംഭവിയ്ക്കുന്ന തരത്തിലാണു് സ്വിഫ്ടിൻെറ കഥകളെല്ലാംതന്നെ! എങ്ങുമില്ലാത്ത ആ നാടുകളെല്ലാം പരിഹസിയ്ക്കാൻമാത്രം ഉദ്ദേശിച്ചു് രചിയ്ക്കപ്പെട്ടവയാണു്. ഗോഠംഡ്സ്മിത്ത് മറിച്ചാണു് ചെയ്തതു്. ഇംഗ്ലീഷുകാരുടെ ആചാരസമ്പ്രദായങ്ങളെ ചിത്രീകരിയ്ക്കുന്ന 'ലോകപൌരൻ' (Citizen of the World) എന്ന ലേഖനപരമ്പരയിൽ തൻെറ സ്വന്തം ദേശത്തെത്തന്നെയെടുത്തു് അവിടെയ്ക്കൊരു ചീനയാത്രക്കാരനെ പ്രവേശിപ്പിച്ചു. ആ ചീനയാത്രക്കാരൻെറ വിചിത്രനിരീക്ഷണങ്ങഠം അക്കാലത്തെ ഇംഗ്ലണ്ടിൽ നടപ്പുള്ള സാമുദായികദോഷങ്ങളെയും കൊള്ളരുതായ്മകളെയുംകുറിച്ചു് തറയ്ക്കുന്ന വിമശ്നമാണു് നല്കുന്നതു്. ഇതിൻെറ ഫലമാകട്ടെ ഇംഗ്ലീഷുകാരൻെറ ജീവിതരീതിയും ചൈനക്കാരൻെറ വീക്ഷണവും തമ്മിലുള്ള വമ്പിച്ച പൊരുത്തക്കേടിൽ തിരിഞ്ഞടിയ്ക്കുന്നു. മറെറാരു ലേഖകനും സമുദായവിമശ്നത്തിന്നുവേണ്ടി ഈ രീതി ഇത്രയും ശരിയായും വിജയകരമായും കൈകാര്യം ചെയ്തിട്ടില്ല.

കുറെക്കൂടി സാധാരണമായ ഒരു ഹാസ്യരീതിയുണ്ടു്. അതു് അന്യോന്യം ഉദ്ദേശമറിഞ്ഞുകൂടാത്ത രണ്ടു പേർ തമ്മിൽ നടക്കുന്ന സംഭാഷണത്തിൽനിന്നു

ത്ഭവിയ്ക്കുന്നു. "വിരുദ്ധോദ്ദേശ്യസംഭാഷണം" (Talking at cross purposes) എന്നാണിതിനെ പറയാറ്. പ്രഹസനനാടകങ്ങളിലാണിതധികമായി ഉപയോഗിക്കുക പതിവ്. ഒരാൾ ഒന്നു പറയുന്നു; മറേറ ആൾ അതിന്നു തീരെ അസംഗതമായ മറുപടി പറയുന്നു. ഓരോരുത്തരും താന്താങ്ങളുടെ ചിന്താസരണിയെ പിന്തുടൎന്ന് തുടരെത്തുടരെ പൊട്ടിത്തെറിയ്ക്കുന്ന നേരമ്പോക്കുളവാക്കുന്നു. സദസ്യൎക്ക രണ്ടുപേരുടെയും പിഴവുകളറിയാം. രണ്ടുപേരുടേയും പിഴവുകളെ പൂൎണ്ണരൂപത്തിൽ ആസ്വദിയ്ക്കാനും കഴിയും. വസ്തുസ്ഥിതികളെക്കുറിച്ചുള്ള യഥാൎത്ഥജ്ഞാനവും ഹാസ്യാസ്വാദനത്തിൽ അത്യാവശ്യമായ ഒരു ഘടകമാണെന്നു് നാമിതിൽനിന്നു മനസ്സിലാക്കുന്നു. സൎവ്വജ്ഞനായ ഈശ്വരൻ മനുഷ്യവംശത്തിൻെറ അറുതിയില്ലാത്ത വങ്കത്തരങ്ങൾ കണ്ടിരുന്നു് എല്ലായ്പ്പോഴും ചിരിയ്ക്കുന്നുണ്ടായിരിക്കണം.

സ്വഭാവങ്ങളുടെ സംഘൎഷത്തിൽനിന്നുത്ഭവിയ്ക്കുന്ന മറെറാരുതരം ഹാസ്യമുണ്ട്. അതു് കൂടുതൽ സൂക്ഷ്മമാണ്. മുഴവൻ അദ്ധ്യായങ്ങളിലും ഗ്രന്ഥങ്ങളിൽത്തന്നെയും നീളെയുപയോഗിയ്ക്കാൻ കഴിവുള്ളതുമാണ്. അതു് ഏററവും മേനികൂടിയ, മിക്കവാറും ഹാസ്യകൃതികളിൽ ഉപയോഗിയ്ക്കുന്നു. നിഷ്പിദ്ധരും കൊള്ളരുതാത്തവരുമായി പല തരക്കാരുണ്ട് ഈ ലോകത്തിൽ. അവരെയെല്ലാം അവസരത്തിന്നനുസരിച്ച് ചിരിയ്ക്കുപയോഗിക്കാവുന്നതാണ്. അധികപക്ഷം ജനങ്ങളും ഒരു തരത്തിലല്ലെങ്കിൽ മറെറാരു തരത്തിൽ വിഡ്ഢികളാണ്. കാണികളെ രസിപ്പിയ്ക്കാൻ അവൎക്ക കഴിയും. ചില ആളുകൾ ശുദ്ധന്മാരാണ്. അവരെക്കൊണ്ട് എളുപ്പത്തിൽ ഏതു കാര്യവും ചെയ്യിക്കുവാൻ കഴിയും. ചിലർ ആത്മാരാധകന്മാരാണ്. അവർ തങ്ങളെക്കുറിച്ചുതന്നെ ഇടവിടാതെ പ്രസംഗിച്ചുകൊണ്ടിരിയ്ക്കും. മററുള്ളവർ തങ്ങളുടെ ഉടുപ്പ്, ധനം, സമുദായത്തിലെ സ്ഥാനമാനങ്ങൾ എന്നിവയെപ്പററി ചിരിപ്പിയ്ക്കത്തക്കവിധം മേനിക്കാരായിരിക്കും. അവർ ബോറന്മാർ, പിറുപിറുപ്പുകാർ, ശുണ്ഠിക്കാർ, തീററിപ്പണ്ടങ്ങൾ, കുടിയന്മാർ എന്നീ നിലയിൽ ഹാസ്യത്തിന്നു് ഉചിതപാത്രങ്ങളായി തങ്ങളെ പ്രദൎശിപ്പിയ്ക്കും. കൂടുതൽ അപായക്കാരുണ്ട്. നല്ലവരും ഋഷികല്പന്മാരുമായി നടിയ്ക്കുന്ന വഞ്ചകന്മാർ. എന്നെന്നും ചിരിയ്ക്കു വക നല്കുന്ന ഹംബഗ്ഗുകൾ. കപടനാട്യക്കാൎക്കററമില്ല. ഡിക്കൻസിൻെറ മുഖ്യപാത്രങ്ങളിൽ പലരും ഇത്തരത്തിൽപ്പെട്ടവരാണ്. അവയെ പ്രദൎശിപ്പിക്കാൻ പല രീതിയും അദ്ദേഹം കൈക്കൊള്ളുന്നു. മനുഷ്യരുടെ വങ്കത്തത്തിൻേറയും ആത്മാൎത്ഥതയില്ലായ്മയുടേയും ഈ പലതരം മാതൃകകൾ ഹാസ്യസാഹിത്യകാരൻെറ

ഇരകളാണ്. കിപ്ലിങ്ങ് ഒരിയ്ക്കൽ പറഞ്ഞതുപോലെ "അല്ലാവേ, പ്രപഞ്ചസൃഷ്ടികളുടെ വൈവിധ്യത്തിന്നു് ഞാനവിടുത്തേയ്ക്കു് നന്ദി പറഞ്ഞുകൊള്ളുന്നു."

ഇനി പരിതഃസ്ഥിതിയിൽനിന്നുളവാകുന്ന ചിരിയുണ്ടു്. അവിടെ ഒരു കഥാപാത്രം തന്റെ ഓരോ വാക്കിന്നും പ്രവൃത്തിയ്ക്കും ചിരിയുളവാക്കുന്ന പരിതഃസ്ഥിതിയുള്ളതായി കാണുന്നു. ഉദാഹരണത്തിന്നു് മാക്ക് ടൈ്വയിനിന്റെ 'രാജകുമാരനും ഇരപ്പാളിയും' (Prince and pauper) എന്ന പുസ്തകം ധനത്തിന്റെ പരിഹാസ്യതയുടെ പാരമ്യത്തെ കാണിയ്ക്കുന്നു. അതു പരികല്പിതങ്ങളായ പരിതഃസ്ഥിതികളുടെ ഫലമാണ്. തെരുവിലലയുന്ന ഒരു തെണ്ടിച്ചെക്കനെ അതേ പ്രായത്തിലുള്ള ഇംഗ്ലണ്ടിലെ എഡ്വേർഡ് ആറാമനായി തെററിദ്ധരിയ്ക്കുന്നു. രാജകുമാരൻ ഒരു ദരിദ്രക്കുടിലിലേയ്ക്കു് അലഞ്ഞുകേറിച്ചെല്ലുന്ന സമയത്തു് ഈ തെണ്ടിച്ചെറുക്കനെ രാജധാനിയിലേയ്ക്കു് കൊണ്ടുപോകുന്നു. ഈ പദ്ധതിയിൽ എത്രയെത്ര പ്രഹസനസന്ദർഭങ്ങളുണ്ടാകാമെന്നതു് നിങ്ങൾക്കൂഹിയ്ക്കാം. ലേഖകൻ ഇവയുടെ എല്ലാ സാധ്യതകളേയും അതാതിന്റെ അതിത്തിയോളം വളർത്തി.

സംഭവങ്ങളെക്കൊണ്ടുണ്ടാകുന്ന ഹാസ്യവുമുണ്ടു്. അതിൽ ചിരിപ്പിയ്ക്കാനുള്ള സാധനമായി യദൃച്ഛാസംഭവങ്ങളെ ഇടയ്ക്കിടെ ഉപയോഗിയ്ക്കുന്നു.

ഭാഷാശൈലിയുടെ പൊരുത്തക്കേടുകളെക്കൊണ്ടുണ്ടാക്കുന്ന മറെറാരു തരം ഹാസ്യവുമുണ്ടു്. ഒരു മൂഢനെക്കൊണ്ടു് ഉന്നതശൈലിയിൽ സംസാരിപ്പിയ്ക്കുക, പൊതുവിൽ ഗ്രാമ്യഭാഷ ഉപയോഗിക്കുക, ശ്ലേഷവും അതുപോലെ മററു ശബ്ദചിത്രങ്ങളും പ്രയോഗിയ്ക്കുക മുതലായവയാണ് സാധാരണയായി ഇത്തരം എഴുത്തുകാരുപയോഗിയ്ക്കുന്ന സൂത്രങ്ങൾ. ഇവിടെ എഴുത്തുകാരന്റെ കഴിവിന്നനുസരിച്ച് വൈവിധ്യത്തിന്നു ധാരാളം സാധ്യതയുണ്ടു്.

മനഃശാസ്ത്രപരമായി നോക്കുമ്പോൾ മിക്കവാറും ഘട്ടങ്ങളിൽ പ്രതീക്ഷയ്ക്കെതിരായ അനുഭവങ്ങളിൽനിന്നാണ് ചിരിയുളവാകുന്നതു്. സാധാരണ ചിന്താഗതിയ്ക്കനുസരിച്ച നാം പ്രതീക്ഷിയ്ക്കാത്ത ചില സംഭവങ്ങൾ വന്നുചേരുന്നു. ആകസ്മികത്വം നമ്മെ പൊട്ടിച്ചിരിയുണ്ടാക്കാൻ പററുന്നവിധം പ്രസന്നതയും ശക്തിയും അത്ഭുതവുമുള്ള ഒരു വികാരവിപ്ലവത്തിലേയ്ക്കു നയിയ്ക്കുന്നു. വിദ്യാഭ്യാസമില്ലാത്ത ഒരു നാട്ടുപ്രമാണി തന്റെ സ്വന്തം സ്കൂൾ സന്ദർശിച്ച ഒരു പ്രസിദ്ധകഥയുണ്ടു്. അന്നു ചാർജ്ജുണ്ടായിരുന്ന അധ്യാപകൻ തന്റെ

പാണ്ഡിത്യം അല്പമൊന്നു പ്രദർശിപ്പിയ്ക്കാൻവേണ്ടി ഒരു കുട്ടിയോട്ട് ഉറക്കെ ചോദിച്ചു: "ഹാംലെററ് എഴുതിയതാർ?"

കുട്ടി പെട്ടെന്നു ഭയപ്പെട്ടു പറഞ്ഞു "ഞാനല്ലാ സാർ."

'ഹാംലെററ്" എന്നാൽ താൻ സ്കൂളിൻെറ പുറംചുമരിന്മേലെഴുതിവെച്ച തെമ്മാടിത്തമെന്തോ ആയിരിയ്ക്കാമെന്ന് ആ കുട്ടി സ്വാഭാവികമായി ധരിച്ചിരിയ്ക്കണം. ഇതു കേട്ട സന്ദർശകൻ അഭിപ്രായപ്പെട്ടു "കള്ളൻ! എനിയ്ക്കുറപ്പുണ്ട്. അവൻതന്നെയാണതെഴുതിയത്!"

ഷേക്സ്പിയറിൽനിന്ന് അറിവില്ലായ്മയുടെ അടിത്തട്ടിലേയ്ക്ക് എത്തുന്ന വിചാരത്തിൻെറ അപ്രതീക്ഷിതമായ തെററിത്തെറിയ്ക്കലിൽനിന്നാണ് ഈ രണ്ടഭിപ്രായങ്ങളുടെയും ഫലമായ ചിരിയുടെ ഇരട്ടപ്പൊട്ടിത്തെറിയുണ്ടായത് അതിൻെറ അപ്രതീക്ഷിതമായ സമ്മർദ്ദത്തിൽ ആശ്വാസത്തിന്നുവേണ്ടി ഉറക്കെ ചിരിച്ചേ കഴിയൂ എന്നു വരുന്നു. ശ്വസിക്കുന്ന വായുവിൽ എന്തെങ്കിലും അസാധാരണവസ്തു കടന്നാൽ നാം തുമ്മുന്നു. അതുപോലെ വിചാരത്തിൻെറ വഴിയിൽ അപ്രതീക്ഷിതമായുണ്ടാകുന്ന കരടുകളെ നീക്കി സ്വാഭാവികമായ മോചനം നേടലാണ് ചിരി. തമാശകൾ പറയുമ്പോഴായാലും എഴുതുമ്പോഴായാലും വിചാരത്തിൻെറയോ അനുഭവത്തിൻെറയോ ഒരു തലത്തിൽനിന്നു മറെറാന്നിലേയ്ക്കുള്ള പ്രവേശനത്തിൽ ആകസ്മികത്വമെന്ന യോഗ്യതയുണ്ടായിരിക്കണം. ചിരപരിചയത്താലോ അതിവിസ്തരത്താലോ അത്ഭുതത്വം ക്ഷീണമാകുമ്പോൾ തമാശകൾ പ്രകൃത്യാ അസഫലമായിത്തീരുന്നു. അവിദഗ്ദ്ധനായ ഒരാൾ ഒരു പഴയ തമാശയെ ആവർത്തിയ്ക്കാൻ ശ്രമിയ്ക്കുമ്പോഴും അധികം വിസ്തരിച്ച് ശ്രോതാക്കളുടെ ക്ഷമയും സമയവും നശിപ്പിയ്ക്കുമ്പോഴും നമുക്കിതനുഭവപ്പെടാറുണ്ട്. ഇങ്ങനെ അതിവിസ്തരം ഒരു നല്ല കഥയെ കൊള്ളരുതാത്തതാക്കി ചിരിയ്ക്കുപകരം കോട്ടുവിയുണ്ടാക്കിത്തീർക്കും.

ആകസ്മികത്വഗുണം യദൃച്ഛയാലും സന്ദർഭവശാലും ഉണ്ടാകുന്ന നേരമ്പോക്കുകൾക്കു മാത്രം പോര. അതിവിസ്തൃതങ്ങളായ ഹാസ്യരചനകളിൽപ്പോലും ചിത്രീകരണത്തിലുള്ള ആകസ്മികത്വത്തിൻെറ തോതനുസരിച്ചാണ് ഫലത്തിൽ വിജയമുണ്ടാകുന്നത്. അപ്പോൾ മാത്രമേ അത് രൂപവൈവിധ്യത്തോടുകൂടി സ്ഥായിയായി നമുക്കനുഭവപ്പെടുന്നുള്ളു. പെട്ടെന്നുള്ള തമാശയിലെന്നപോലെ ഒരുപക്ഷെ നമ്മുടെ ചിരി ഉറക്കെയായെന്നു വരില്ല; നിശിതമായെന്നും വരില്ല. ഉയന്ന ഹാസ്യമാതൃകകളിൽ പാത്രങ്ങളുടെ സൂക്ഷ്മസംഘർഷ

ങ്ങളെക്കൊണ്ടും പരിതഃസ്ഥിതികളുടെ പ്രേരണകൊണ്ടുമാണ് ഫലമുളവാകുന്നതു്. ഇതിൻെറ പ്രക്രിയ കൂടുതൽ വിസ്തൃതമാണ്. ഡിക്കൻസിൻെറ കഥയിലെ ആദ്യഭാഗങ്ങളിൽ ഒലിവർ ട്വിസ്റ്റും പാരിഷ് ആഫീസറായ ബംബിളും തമ്മിലുള്ള സ്വഭാവസംഘർഷവും ഉദ്ദേശ്യസംഘർഷവും നമുക്കോൎത്തുനോക്കാം. രണ്ടാളും തമ്മിൽ വിചാരത്തിലും വാക്കിലും പ്രവൃത്തിയിലും വൈരുധ്യം ഇടമുറിയാതെ നില്ക്കുന്നു, ചിരി ഉടനീളം തുടരുകയും ചെയ്യുന്നു. ശ്രേഷ്ഠങ്ങളായ എല്ലാ ഹാസ്യകൃതികൾക്കുമുണ്ടു് സ്ഥായിയായ വിസ്തരരീതി.

വായനക്കാരാകട്ടെ സദസ്സാകട്ടെ കാര്യത്തിൻെറ എല്ലാ വശവും അറിഞ്ഞിരിക്കണമെന്നുള്ളതാണ് ഹാസ്യാസ്വാദനത്തെക്കുറിച്ച് ഒഴിച്ചുകൂടാത്ത നിബന്ധന. അല്ലാത്തപക്ഷം യാതൊരു രസവുമില്ലാതെ നിരൎത്ഥകതയുടെ ഒരു ബോധമേ നമുക്കുണ്ടാവുകയുള്ളു. ജീവിതത്തെക്കുറിച്ച് ഒന്നുമറിഞ്ഞുകൂടാത്തവനും അതിനെക്കുറിച്ചു വിപരീതധാരണയുള്ളവനും അതിൽനിന്നൊരിക്കലും യഥാൎത്ഥമായ രസമുണ്ടാവുകയില്ല. കടന്ന കാഴ്ചപ്പാടില്ലാത്തവരും ഏതെങ്കിലുംതരത്തിൽ വക്രബുദ്ധികളുമായ സ്ത്രീപുരുഷന്മാർ ധാരാളമുണ്ടു്. അവരുടെ സൂത്രങ്ങൾ സാധാരണയായി അബദ്ധങ്ങളിലേയ്ക്കും ചിലപ്പോൾ ആപത്തുകളിലേയ്ക്കും ദുഃഖാന്തകഥകളിലേയ്ക്കും വഴിതെളിയിക്കുന്നു. അവയൊരിക്കലും ചിരിക്കു വക നല്കുന്നില്ല.

നൎമ്മബോധം (Sense of humour) എന്നതു് അറിവ്, അനുകമ്പ, തൻേറടം എന്നിവ ഒത്തുചേൎന്ന ഒരു സങ്കീൎണ്ണഗുണമാണ്. വാക്കിലും പ്രവൃത്തിയിലും തികച്ചും ആത്മാൎത്ഥതയുണ്ടെങ്കിലും വിചാരത്തിന്നൊരു പാകതയില്ലാത്തവരെ നാം ധാരാളം കാണാറുണ്ടു്. അവരുടെ ആത്മാൎത്ഥത ഒരിളംഭ്രാന്തായിത്തീരുന്നു. അവൎക്കു സന്തുലിതചിന്തയും ക്ഷമാശീലവുമില്ല. ഇവയില്ലാഞ്ഞാൽ ജീവിതത്തെ ശരിക്കു് അളക്കാനും കഴിയുകയില്ല. അവർ ചിലപ്പോൾ പ്രവൃത്തികൊണ്ടു പുറാട്ടുകാരായിത്തീരുന്നു. അവരുടെ വിഡ്ഢിത്തത്തിന്നു് അവരുടെ ഗൌരവസ്വഭാവവുമായി പൊരുത്തമില്ല. ഇത്തരമാളുകൾക്കു ഹാസ്യമില്ല. അവരതിനെ ഉത്തേജിപ്പിക്കുന്നതേയുള്ളു. സഹാനുഭൂതിയും ഹാസ്യപ്രതിപത്തിയുംപോലെ സഹനശീലവും തൻേറടവും ഹാസ്യത്തിന്നൊഴിച്ചുകൂടാത്ത കരുക്കളാണ്. ഹാസ്യകാരൻ എല്ലായ്പോഴും നല്ല തൻേറടക്കാരനായിരിക്കും.

ഇംഗ്ലീഷിൽ ഹാസ്യത്തിന്നു വിഭിന്നമാതൃകകളുണ്ടു്. അവയ്ക്കു വ്യത്യസ്തസങ്കേതങ്ങളുമുണ്ടു്. മനുഷ്യജീവിതത്തിലെ വൈവിധ്യ വൈരൂപ്യങ്ങളെക്കുറിച്ചുള്ള സ്നേഹമസൃണമായ അഭിനന്ദനാസ്വാദനങ്ങളിൽനിന്നുളവാകുന്ന ചിരി

പ്പിയ്ക്കുന്ന മട്ടുകൾ (Types) ക്കാണ് ഹാസ്യശബ്ദം പ്രത്യേകിച്ചിണങ്ങുന്നതു് വിററ് (ഫലിതം) എന്നു പറയുന്ന മറെറാരുതരം ഹാസ്യമുണ്ടു്. അതു സരസ സുന്ദരമായ സംഭാഷണത്തിൻെറ രൂപത്തിലാണ് രചിയ്ക്കപ്പെടുന്നതു്. അഗാധമായ പാണ്ഡിത്യമാണതിൻെറ പശ്ചാത്തലം. നമ്മുടെ നിത്യജീവിതത്തിലും, പൌരാണികകാലത്തും വീരചരിത്രകാലത്തുമുണ്ടായിരുന്ന ജീവിതരീതിയിലും സാമ്യഭാവം ആസ്വദിയ്ക്കുന്നതിൽനിന്നാണിതുളവാകുന്നതു്. നെഹറുവിൻെറ റഷ്യാസന്ദർശനത്തെ ഒരുതരം ഭഗവദ്ദൂതായി ചിത്രീകരിച്ചതു് ഞാനീയിടെ വായിയ്ക്കുകയുണ്ടായി. അതുപോലെ കഴിഞ്ഞ ലോകമഹായുദ്ധകാലത്തു് അഭയാത്ഥികളായി ലണ്ടനിൽ ശരണംപ്രാപിച്ച രാജാക്കന്മാരെ മഹാഭാരതയുദ്ധകാലത്തു് ദ്വാരകയിലെ ദർബാറിൽ ഒത്തുകൂടിയ മഹാരാജാക്കന്മാരുടെ ഒരു സമ്മേളനത്തോടു് താരതമ്യപ്പെടുത്തുകയുണ്ടായി. ഇത്തരം താരതമ്യങ്ങൾ പരിഹാസത്തിന്നോ ചിരിയ്ക്കോ മാത്രം വക നല്കുന്ന ഏതെങ്കിലും വസ്തുവിൻെറ ചിത്രങ്ങളല്ല. അവയ്ക്കു് സാധാരണതരം ഹാസ്യത്തിൽ കൂടിയേ കഴിയൂ എന്നില്ലാത്ത ശ്രേഷ്ഠതയും അന്തസ്സും സൌന്ദര്യവുമുണ്ടു്. ഫലിതത്തെ (വിററിനെ) സംബന്ധിച്ചു ചിന്തിച്ചാൽ നാം അനിയന്ത്രിതമാംവിധം ചിരിയ്ക്കുന്നില്ല. അവിടെ വിനോദം വളരെ സൂക്ഷ്മവും സൌന്ദര്യബോധത്തോടു് അടുത്ത സമ്പക്കമുള്ളതുമായിരിക്കും. അഗാധമായ ഭൂതകാലജ്ഞാനവും വത്തമാനത്തോടു് സഹാനുഭൂതിയുമുള്ള ഒരു മനസ്സിനെ നമുക്കു വിഭാവനം ചെയ്യാം. അതു് പല കാലത്തും കഴിഞ്ഞ മനുഷ്യജീവിതത്തിൻെറ സമാനഭാവങ്ങളെ സുന്ദരഭാഷയിൽ ഹൃദയസ്പർശികളായ പ്രതീകങ്ങളിൽ ആവിഷ്ക്കരിക്കുന്നു. ഭാഷാശാസ്ത്രദൃഷ്ട്യാ നോക്കുമ്പോൾ 'വിദ്യ'യോടു് ബന്ധപ്പെട്ട വിററ് (Wit = ഫലിതം) എന്ന വാക്കു് ഏതെങ്കിലും രൂപത്തിൽ ജ്ഞാനത്തെ ഉൾക്കൊള്ളുന്നു. 18-ാം നൂററാണ്ടിൽ സുന്ദരമായ പ്രയോഗശൈലിയും കടുത്ത വിമർശനബുദ്ധിയും സുഖകരമായ കല്പനാവൈഭവവും ഉണ്ടായിരുന്നു. ഡോക്ടർ ജോൺസനെപ്പോലുള്ളവരെക്കുറിച്ചാണ് ഇതുപയോഗിച്ചിരുന്നതു്. അദ്ദേഹത്തിൻെറ സമകാലികനായിരുന്ന ഫൂട്ടിനെപ്പോലുള്ള വെറും തമാശക്കാരെ ഒരിയ്ക്കലും ഇതിൽ പെടുത്തിയിരുന്നില്ല.

തരത്തിൽ താഴ്ന്ന മറെറാരുതരം ഹാസ്യമുണ്ടു്. നിത്യജീവിതത്തിൽ സാധാരണന്മാരിലൂടെയാണിതുണ്ടാകുന്നതു്. ശബ്ദചിത്രമാണതു്. ശ്ലേഷങ്ങൾ, വാക്കുകളെക്കൊണ്ടും പ്രകടനരീതികൾകൊണ്ടുമുള്ള സരസകേളികൾ എന്നിങ്ങിനെ ചിരിപ്പിക്കുന്ന വിവിധോപകരണങ്ങളെക്കൊണ്ടാണിതു സാധിയ്ക്കു

ന്നതു്. ചിരിപ്പിയ്ക്കുന്ന അനുകരണംപോലും ഇതിന്നുപയോഗിയ്ക്കുന്നു. ഉണ്ണായി വാരിയരും കുഞ്ചൻനമ്പ്യാരുമായി ഒരു കുളക്കടവിൽവെച്ചുണ്ടായ കൂടിക്കാഴ്ച യെക്കുറിച്ചും, 'കാതിലോല' 'നല്ലതാളി' എന്ന ശാശ്വതപ്രശ്നോത്തരങ്ങളെക്കു റിച്ചും പ്രചരിയ്ക്കുന്ന സുപ്രസിദ്ധകഥ നാമിവിടെ അനുസ്മരിക്കുന്നു.

ഇവിടെ ശുദ്ധസംസ്കൃതരൂപവും ശുദ്ധമലയാളരൂപവും ശബ്ദതുല്യതയും അർത്ഥഭേദവുമുള്ള വാക്കുകളുടെ പ്രയോഗവിശേഷമായ ശ്ലേഷത്തിൽപ്പെടുന്നു. വാരിയരുടെ ചോദ്യത്തിന്നും അതിൻെറ സംസ്കൃതപ്രകൃതികൊണ്ടു് ഫലിതത്തി (Wit) ൻെറ യോഗ്യതയുള്ളതായി എനിയ്ക്കു തോന്നാറുണ്ടു്. മുമ്പു പറഞ്ഞ വിധം മട്ടുകാം അങ്ങോട്ടുമിങ്ങോട്ടും കടക്കുന്നതിന്നു് ഒരുദാഹരണമാണിതും. നമ്പ്യാരുടേതു് ശുദ്ധഹാസ്യമാണു്. അതിൽ സ്വന്തം ഭാഷയിലദ്ദേഹം രണ്ട ർത്ഥങ്ങാം ഘടിപ്പിച്ചിരിക്കുന്നു.

ഞാനിനി ശരിയ്ക്കു സാഹിത്യകൃതികളിലുള്ള ഹാസ്യത്തിൻെറ തരഭേദ ങ്ങളിലേയ്ക്കു മടങ്ങട്ടെ. കഥനവിഷയത്തിൽ വസ്തുവിലോ രൂപത്തിലോ ധീ രവും സുനിപുണവുമായ തിരിച്ചടികൊണ്ടും ഹാസ്യം ഉളവാക്കാറുണ്ടു്. ഇതു് പലവിധത്തിലും പ്രയോഗിക്കും. പലരും പറഞ്ഞു കഴിഞ്ഞ ഒരു സംഭവത്തെ മഹാകാവ്യങ്ങളുടെ നിയമങ്ങാംക്കൊത്തോ മറവുയന്ന തരത്തിലോ പ്രതിപാദി യ്ക്കുന്നതിനാൽ സാഹിത്യത്തിൽ സരസങ്ങളായ സുന്ദരകൃതികാം നിർമ്മിയ്ക്കപ്പെ ട്ടിട്ടുണ്ടു്. ചാസർ തൻെറ ഒരു കഥയിൽ ലോകത്തിലെ മഹാകാവ്യകൃതിക ളിലെ ഭാഷയെ അനുസ്മരിപ്പിയ്ക്കുന്ന വിധത്തിൽ കോഴികളുടെ വികാരങ്ങ ളേയും പ്രവൃത്തികളെയും വിവരിച്ചിരിയ്ക്കുന്നു. പൂവൻകോഴിയെ ഒരു പുരാണ നായകൻെറ നിലയിൽ വിശദമായി വർണ്ണിച്ചിരിക്കുന്നു. അതിൻെറ വിചാര ത്തേയും പ്രവൃത്തികളേയും അതേ നിലയിൽ പരിഹാസ്യമായ വിധം അതിശ യോക്തി കലർത്തിപ്പറഞ്ഞിട്ടുണ്ടു്. അതിൻെറ ഫലമാകട്ടെ മൃദുവായൊരു തമാ ശയായിത്തീൎന്നു.

അലക്സാൻഡർ പോപ്പ് 'ഡൺസിയാഡിൽ' തൻെറ സമകാലികരായ വങ്കേശ്വരന്മാരെ (ഡൺസുകളെ) ഇതേ വിധത്തിൽ വർണ്ണിച്ചിരിയ്ക്കുന്നു. ഡൺ സിയാഡ് എന്ന പേർതന്നെ ഇലിയാഡിൻെറ മാതൃകയിൽ വാർത്തതാണു്. (ഇതിനെ പ്രത്യേകമായി എടുത്തുനോക്കുമ്പോാം ഇതു് അരുതാത്തതായിരുന്നു എന്നു് എനിയ്ക്കെല്ലായ്പ്പോഴും തോന്നീട്ടുണ്ടു്.) പോപ്പിന്നുള്ളത്ര ഐശ്വര്യമോ സമുദായത്തിൽ സ്ഥാനമോ ഇല്ലാത്ത പാവപ്പെട്ട പട്ടിണിക്കാരായ ലേഖക ന്മാരെക്കുറിച്ചു നിർദ്ദയമായ പരിഹാസമാണിതിലുള്ളതു്. ഈ ഒററക്കാരണ

ത്താൽ ഇതു് അരുതാത്തതായിരുന്നുവെങ്കിലും ആ രീതി തീച്ച്യയായും രസകരമാണു്.

സാങ്കേതികമായി ഇതിന്നെതിരായ മറെറാരു ഭംഗിയുള്ള ഉദാഹരണം നമ്മുടെ സ്വന്തം ഭാഷയിലെ കല്യാണസൌഗന്ധികത്തിലുണ്ടു്. മനുഷ്യൻെറ ലഘുത്വത്തെക്കുറിച്ച ഹനുമാനെക്കൊണ്ടു കഥാനായകനായ ഭീമനോടു വളരെ രസകരമായ വിധത്തിൽ പറയിയ്ക്കുന്ന ആ വരികൾ നമുക്കെല്ലാവക്കും ഓമ്മയുണ്ടാകും. പെണ്ണിൻെറ പ്രേരണയാൽ എന്തു കഠിനപ്രയത്നത്തിലും ചെന്നു ചാടുന്ന വിഡ്ഢികൾക്കു മാതൃകയായി അയാളെ ചിത്രീകരിയ്ക്കുന്നു. ഇത്തരത്തിൽപെട്ട മററു ചില വിഡ്ഢിത്തങ്ങളും ഭീമൻെറ പേരിൽ ആരോപിയ്ക്കുന്നുണ്ടു്. അതുകൊണ്ടു് ആ പുരാണനായകനെ അയാളുടെ മഹത്വനില വിട്ടു പരിഹാസ്യനും ഏററവും മോശക്കാരനായ വിഡ്ഢിയുമായിട്ടാണു് നമ്മുടെ മുമ്പിലവതരിപ്പിയ്ക്കുന്നതു്. പൌരാണികത്വത്തിൽനിന്നു് ഒരു താഴ്ന്ന നിലയിലേയ്ക്കുള്ള തിരിച്ചിടലിന്നു് (Inversion) ധീരമായ ഒരുദാഹരണമാണിതു്. ഒരുതരത്തിലിതു് അസത്യവും അവാസ്തവവുമാണെങ്കിലും കനത്ത വിനോദമുളവാക്കുന്നതിൽ ഈ രീതി വിജയകരമായിട്ടുണ്ടെന്നു സമ്മതിച്ചേ കഴിയൂ.

പുരാണകാവ്യത്തിൽ പൊരുത്തപ്പെടാത്ത 'നീചപാത്ര'ങ്ങളെയും ആശയങ്ങളെയും പ്രവേശിപ്പിച്ചു് അതിലെ ന്യായമായ പ്രതിപാദ്യത്തെ നമ്പ്യാർ തകക്കുകയും ചെയ്തിരിയ്ക്കുന്നു. ദേവന്മാരുടെയും വീരനായകന്മാരുടെയും ഒരു സമ്മേളനം വണ്ണിയ്ക്കുന്ന ഘട്ടത്തിൽ വമ്പു പറയുന്ന നായാട്ടുകാരായ നായന്മാരെയും മററു കൂട്ടരേയും പ്രവേശിപ്പിച്ച പംക്തികൾ നമുക്കോത്തുനോക്കാം. അതറിവില്ലായ്മകൊണ്ടല്ല മനഃപൂവ്വം ചെയ്തതാണു്. അതിലുള്ള അനൌചിത്യം അദ്ദേഹത്തിന്നു ബോധപ്പെട്ടിട്ടുണ്ടാവും. എന്നാൽ അദ്ദേഹത്തിൻെറ സദസ്യർ മലയാളികളാണു്. മലയാളിപാത്രങ്ങളെ വണ്ണിച്ചാൽ അതവക്കേററവും ഇഷ്ടമാകും. ആ പാത്രങ്ങൾ ഏററവും പരിചിതരും പരിഹാസ്യരുമാണെന്നതുകൊണ്ടു് ആ വണ്ണനത്തിൻെറ ഫലം വമ്പിച്ച വിനോദമായിരിയ്ക്കും എന്നെല്ലാം നമ്പ്യാക്കറിയാമായിരുന്നു. ഇന്നും ആ സൂത്രത്തിൻെറ ഫലം നാമനുഭവിയ്ക്കുന്നു. ആളുകളെ ചിരിപ്പിയ്ക്കാൻവേണ്ടി കല്പിച്ചുണ്ടാക്കിയ സൂത്രപ്പണിയാണതെന്നു് അറിവുള്ളതുകൊണ്ടു നമുക്കതിൽ യാതൊരു അനൌചിത്യവും തോന്നുന്നില്ല. അതുപോലെ ചാക്യാന്മാർ പുരാണകഥകളിൽ ഇക്കാലത്തെ പാത്രങ്ങളെ വണ്ണിയ്ക്കാറുണ്ടു്. ചിലപ്പോൾ സദസ്സിൽത്തന്നെയിരിയ്ക്കുന്ന ചിലരെപ്പററി യാതൊരു സംസ്കാരച്യുതിയുംകൂടാതെ ഏററവും ശക്തിയായി

(ഫലിതമായി) ഹസിയ്ക്കുന്നു. ഈ വിദ്യ എല്ലായ്പ്പോഴും ഫലപ്രദമാണ്. പക്ഷെ അതിൻെറ വിജയം കല്പിച്ചുകൂട്ടി പ്രയോഗിച്ച രീതിവ്യത്യാസത്തെ ആശ്രയിച്ചിരിയ്ക്കുന്നു. ഷെക്സ്പീയർ തൻെറ പാത്രങ്ങളെ എടുത്തു പെരുമാറുന്ന കാര്യത്തിൽ ഈ രീതി വിജയകരമായി പ്രയോഗിച്ചതും നമുക്കറിയാം. കഥ നടക്കുന്നതു വെനിസ്സിലോ ഇലീറിയയിലോ അഥവാ ഏതെങ്കിലും സങ്കല്പലോകത്തിലോ ആയ്ക്കൊള്ളട്ടെ; ഷെക്സ്പിയറുടെ 'നീചപാത്ര'ങ്ങൾ എല്ലായ്പ്പോഴും പുറാട്ടുകാരും തെളിഞ്ഞ ഇംഗ്ലീഷുകാരുമായിരിയ്ക്കും. 'മച്ചൻറ് ഓഫ് വെനിസ്സി'ലെ ഗോബോകൾ, ടെൽത്ത് നൈററിലെ സർ ടോബി ബെൻസർ ആൻഡ്രൂ, ഹാംലററിലെ ശവക്കുഴിവെട്ടുകാരൻ ഇവരെല്ലാം ഇംഗ്ലീഷുകാരായ നാട്ടിൻപുറക്കാരാണ്. അവർ പറയുന്നതും പ്രവൎത്തിയ്ക്കുന്നതും ഇംഗ്ലണ്ടിലെ നാട്ടിൻപുറത്തെ പ്രത്യേകമട്ടിലുമാണ്. കഥാഘടനയിലും കഥാവസ്തുവിൻെറ ചുററുപാടിലും ആ പാത്രങ്ങൾക്ക് അനൌചിത്യമുണ്ടെന്നദ്ദേഹം അറിഞ്ഞിട്ടുണ്ടാവും. എന്നാലദ്ദേഹം ഇംഗ്ലീഷുകാരുടേതായ തൻെറ സദസ്സിലൊരുഭാഗത്തിന്നു രസവും താല്പര്യവും നിലനിൎത്താൻവേണ്ടി അറിഞ്ഞുകൊണ്ടുതന്നെ അവരെ ഉൾക്കൊള്ളിച്ചതായിരിക്കണം. ഇങ്ങിനെ മനഃപൂൎവ്വമായ കണ്ടുപിടുത്തങ്ങളും തിരിച്ചടികളും ഹാസ്യലോകത്തിൽ എന്നും അനുവദിയ്ക്കപ്പെട്ടിട്ടുണ്ട് അവർ രസിപ്പിയ്ക്കുന്നു എന്നു മാത്രമല്ല എല്ലാ ഹാസ്യപ്രിയരായ ജനങ്ങൾക്കും. പ്രിയപ്പെട്ട എല്ലാ രാജ്യങ്ങളിലെയും 'പ്രാദേശികമട്ട്'കളുടെ ചിത്രങ്ങളെ അനശ്വരമാക്കി നിലനിൎത്തുകയും ചെയ്യുന്നു.

ഇനി "കാവ്യാനുകരണം" (Parody) എന്നു മറെറാരു മട്ടുണ്ട്. ഇതിൽ ഒരു ലേഖകൻ ഏതെങ്കിലും പൊരുത്തക്കേടുള്ള വിഷയത്തെ വൎണ്ണിയ്ക്കുമ്പോൾ മറെറാരു ലേഖകൻെറ ശൈലികളുടെ പ്രത്യേകതകളെയും ഗോഷ്ഠികളെയും പകൎത്തുന്നു. താഴ്ന്ന ഹാസ്യചിത്രീകരണത്തിലേയ്ക്കു ചായാനെളുപ്പമുള്ള മട്ടാണിതു്. എന്നാൽ വേണ്ടവിധത്തിൽ കൈകാര്യംചെയ്താൽ അതു് ഓരോ എഴുത്തുകാരൻെറയും ശൈലിയിലും മട്ടിലുമുള്ള നിഷിദ്ധരീതികളുടെ ന്യായമായ വിമൎശനമായിത്തീരും.

യഥാൎത്ഥത്തിൽ നമുക്കു ന്യായമായി, നീതിപൂൎവ്വം, മററുള്ളവരെ കളിയാക്കാനുള്ള മാൎഗ്ഗങ്ങൾക്കവസാനമില്ല.

സഞ്ജയൻ സ്വയം ഒരപൂൎവ്വമാതൃകയായിരുന്നു—തന്നെ ആക്രമിയ്ക്കാൻ കഴിയാത്ത നിരാശയുടെ അഗാധതയിൽനിന്നു ചിരിയ്ക്കാൻ കഴിഞ്ഞ മനുഷ്യൻെറ മാതൃക! ജീവിതത്തിൻെറ എല്ലാ വശങ്ങളിലും അദ്ദേഹം നിൎഭാഗ്യനാ

യിരുന്നു. ചെറുപ്പം മുതല്ക്കേ ഒരു ഭയങ്കരരോഗത്തിന്നിരയായി. തന്മൂലം ബാല്യത്തിലും യൌവനത്തിലും പ്രകൃതിസഹജങ്ങളായ എല്ലാ വിനോദങ്ങളിൽനിന്നും പ്രവൎത്തനങ്ങളിൽനിന്നും അദ്ദേഹത്തിന്നു് ഒഴിഞ്ഞു നില്ക്കേണ്ടിവന്നു. ദാമ്പത്യജീവിതത്തിലാകട്ടെ പക്ഷവാതരോഗത്താൽ അവശനായി കിടക്കുന്ന തന്റെ പ്രഥമസന്താനത്തെ അവസാനംവരെ കാത്തു സൂക്ഷിയ്ക്കുകയെന്ന വിപത്തിനെ അഭിമുഖീകരിയ്ക്കേണ്ടതായും വന്നു. അദ്ദേഹം സ്വയം പാവമായിരുന്നു. അദ്ദേഹത്തിന്റെ നിത്യജീവിതമാകട്ടെ സങ്കടങ്ങളുടെയും നാശങ്ങളുടെയും പരമ്പരയുമായിരുന്നു. ഉയൎന്ന നിലയിലെത്താൻ വേണ്ട കഴിവദ്ദേഹത്തിന്നുണ്ടായിരുന്നെങ്കിലും ജോലിയെന്നനിലയ്ക്കൊരദ്ധ്യാപകസ്ഥാനമാണദ്ദേഹത്തെ സ്വീകരിച്ചതു്. ഇവയ്ക്കെല്ലാമിടയ്ക്കും അദ്ദേഹം തന്റെ ഉശിരു മങ്ങാതെ പാലിച്ചു. ചുററുപാടും കാണുന്ന വികൃതങ്ങളും കൃത്രിമങ്ങളുമായ വശങ്ങളെപ്പററി ഹസിക്കുകയും ചെയ്തു. അക്കാലത്തു് കൊടുമ്പിരിക്കൊണ്ടിരുന്ന ദേശീയപ്രസ്ഥാനത്തിൽ അദ്ദേഹം പൌരുഷത്തോടെ ഇടപെട്ടു. അതൊരു ഗീതാധൎമ്മമായി കരുതി രാപ്പകൽ അതിന്നുവേണ്ടി അവിശ്രമം പ്രവൎത്തിച്ചു. മറെറാരാളാണെങ്കിൽ അദ്ദേഹം അനുഭവിയ്ക്കേണ്ടിവന്ന എല്ലാ ഭാരങ്ങളുടെയും ഘനംകൊണ്ടമൎന്നു തകൎന്നു നിരാശതയിലേയ്ക്കാഴ്ന്നുപോകുമായിരുന്നു. എന്നാലദ്ദേഹം കീഴൊതുങ്ങിയില്ല. തന്റെ പ്രകൃതിസഹജമായ ധൈര്യത്താലും അഗാധപാണ്ഡിത്യത്തിൽനിന്നൂറുന്ന ഫലിതധനത്താലും താങ്ങപ്പെട്ടു് അദ്ദേഹം ഉച്ചസ്ഥാനത്തു തന്നെ നിലയുറപ്പിച്ചതായി ഞാൻ കരുതുന്നു. പ്രായോഗികജീവിതത്തിൽ അറിവു് ശരിയ്ക്കൊരു താങ്ങായിത്തീൎന്ന മറെറാരാളെ ഞാനറിഞ്ഞിട്ടില്ല. ഇതിന്നു ഞാൻ കണ്ടേടത്തോളം മിക്കവാറും സ്വഭാവസിദ്ധവും ശ്രേഷ്ഠവും സ്വയംനിയന്ത്രിതവുമായ ചിരി അദ്ദേഹത്തിന്നു് ഒരു വരവായി ലഭിച്ചിട്ടുണ്ടു്. അത്യയധികം വ്യക്തിഗതങ്ങളായ ദുഃഖങ്ങളുടെയും കഷ്ടാനുഭവങ്ങളുടെയും ഇടയിൽ അദ്ദേഹം സ്വയം ആനന്ദം നേടി. മററുള്ളവൎക്കതു് കൈമാറുകയും ചെയ്തു. ഇതെങ്ങിനെയെന്നതു് അദ്ദേഹത്തെ അറിയുന്നവൎക്കെല്ലാം വലിയ അത്ഭുതത്തിന്നു് കാരണമാകും. ഗീതയുപദേശിച്ച കൎമ്മസിദ്ധാന്തത്തിന്റെയും സംയമത്തിന്റെയും തത്വങ്ങളെ സ്വന്തം ജീവിതത്തിൽ പ്രയോഗിച്ചു് അവസാനംവരെ ധീരപ്രസന്നനായി നിലകൊണ്ട ഒരു വീരനായകനെയാണു് ഞാനെല്ലായ്പോഴും അദ്ദേഹത്തിൽ കണ്ടിട്ടുള്ളതു്. സഞ്ജയൻ തന്റെ ലേഖനങ്ങളിൽ രാഷ്ട്രീയപാത്രങ്ങളെ മാത്രമല്ല മലബാറിൽ പ്രസിദ്ധിയുള്ള ചിരിപ്പിയ്ക്കുന്ന മാതൃകകളെയെല്ലാം നമ്മുടെ മുമ്പിലവതരിപ്പിച്ചിട്ടുണ്ടു്. ഗദ്യത്തിലാ

യാലും പദ്യത്തിലായാലും അദ്ദേഹത്തിൻെറ കൃതികളിലൂടനീളം മററുള്ള ലേഖകന്മാരുടെ ഗദ്യപദ്യങ്ങളിലും കാണുന്നതിനെക്കാളേറെ മലബാർജീവിതത്തിൻെറ യഥാർത്ഥവും വൈവിധ്യപൂർണ്ണവുമായ അംശങ്ങൾ ചിതറിക്കിടക്കുന്നതായിക്കാണാം. അതോടുകൂടി അവ വൈവിധ്യം നിറഞ്ഞ നമ്മുടെ ജീവിതത്തിൻെറ ഒരുത്തമബോധവും നല്കുന്നു. ഓരോ പാത്രവും അതതിൻെറ നിലയ്ക്കു പൂർണ്ണവും യഥാർത്ഥവുമാണ്. അവ നമുക്കു കുഞ്ചൻനമ്പ്യാരുടെ ദൂരാഗതമായ പ്രതിധ്വനി നല്കുന്നു. മിസ്റ്റർ കെ. എൻ. കലക്കത്തിൻെറ (ഇന്നദ്ദേഹം ജീവിച്ചിരുന്നാൽ തന്നെത്താനങ്ങനെ വിളിക്കുക സംഭാവ്യമാണ്) കാലശേഷം നമ്പ്യാരുടെ പ്രത്യേകയോഗ്യതയായി കരുതാവുന്ന മലയാളിജീവിതത്തിൻെറ തികച്ചും മധുരസൂക്ഷ്മമായ നിരീക്ഷണവും, അദ്ദേഹമതിനെ അത്ഭുതകരമാംവിധം ചിത്രീകരിച്ച സരസരീതിയും സഞ്ജയൻ കൈക്കൊണ്ടപോലെ മററാരും കൈക്കൊണ്ടിട്ടില്ലെന്നു് എനിയ്ക്കെപ്പോഴും തോന്നീട്ടുണ്ട്. നമ്പ്യാരെപ്പോലെ സഞ്ജയനും തൻെറ അസാധാരണസാമർത്ഥ്യവും സഹജശക്തിയും മൌലികമായ കഴിവും സാഹിത്യത്തിലെ സ്ഥായിരചനകൾക്കായി ചിലവഴിച്ചിരുന്നുവെങ്കിൽ നമ്മുടെ ജീവിതത്തിൻേറയും മാറ്റങ്ങളുടെയും ഒരു ചിത്രശാലതന്നെ നമുക്കു ലഭിയ്ക്കുമായിരുന്നു. അതിൻെറ കിടയ്ക്കു നില്ക്കുവാൻ മഹാനായ ഗുരുവിൻെറ കൃതികൾ മാത്രമേ ഉണ്ടാകുമായിരുന്നുള്ളു.

ദൌർഭാഗ്യവശാൽ അദ്ദേഹത്തിൻെറ കഴിവു മുഴുവനും ചിരസ്ഥായികളല്ലാത്ത സംഭവങ്ങളെയും, വരുന്ന പുരുഷാന്തരങ്ങളിൽ യാതൊരു പ്രാധാന്യവുമുണ്ടാകാനിടയില്ലാത്ത ക്ഷുദ്രവ്യക്തികളെയും വർണ്ണിയ്ക്കാനായി വ്യഥാവ്യയം ചെയ്യപ്പെട്ടുപോയി. സഞ്ജയൻെറ രാഷ്ട്രീയലേഖനങ്ങളിൽ അത്യധികം വിസ്തരിച്ചു വർണ്ണിയ്ക്കപ്പെട്ട വ്യക്തികളെയും സംഭവങ്ങളേയും കുറിച്ചു് ഒന്നുമറിയാനിടയില്ലാത്തതുകൊണ്ടു് അനന്തരതലമുറകൾക്കു് അദ്ദേഹത്തിൻെറ ഒട്ടേറെ കൃതികൾ രുചിയ്ക്കാത്തതോ അറിഞ്ഞാസ്വദിയ്ക്കാൻ കഴിയാത്തതോ ആയേക്കും. പ്രതിപാദനരീതി ഒന്നാന്തരമാണ്. പക്ഷെ അവയുടെ സവിശേഷപ്രകൃതി കാരണമായി ആ കൃതികൾക്കു് ശാശ്വതമായ ആസ്വാദനം ലഭിയ്ക്കുക സാധ്യമല്ല.

പരിതഃസ്ഥിതിയുടേയും മനുഷ്യപ്രകൃതിയുടേയും വൈവിധ്യംമൂലം ജീവിതം എപ്പോഴും മാറിക്കൊണ്ടിരിയ്ക്കും. ഒരിയ്ക്കലും അവസാനിയ്ക്കാത്ത ഒരു പ്രക്രിയയാണതു്. അതുകൊണ്ടു ഹാസ്യത്തിന്നും അളവില്ലാത്തത്ര വൈവിധ്യമുണ്ടാക്കാൻ കഴിയുമെന്നു വ്യക്തമാണ്. അവയെ കൃത്യമായി വിശകലനം

ചെയ്യാനോ എല്ലാ വ്യത്യസ്തമാതൃകകളെയും തരംതിരിയ്ക്കാനോ സാധ്യമല്ല. ഓരോ പരിതഃസ്ഥിതിയും ഓരോ വ്യക്തിയും ഓരോ പുതിയ പ്രേരണയുളവാക്കുന്നു. ഇതു ശരിയുമാണ്. ഒരേ തരത്തിലുള്ളതാണെങ്കിൽ ചിരിയും മടുപ്പിച്ചുകളയുമല്ലോ.

ഉചിതങ്ങളായ ഹാസ്യമാതൃകകൾക്ക് കൃത്യവും ക്ലിപ്തവുമായ നിയമങ്ങൾ നിർമ്മിയ്ക്കുന്നതു് രക്ഷയുള്ള കാര്യമല്ലെന്നു തോന്നുന്നു. അതിനെക്കുറിച്ചുള്ള എല്ലാ പ്രശ്നങ്ങളും വസ്തുസ്ഥിതിയേയും ലേഖകന്റെ മൌലികതചത്തെയും ആശ്രയിച്ചിരിക്കുന്നു.

ഈശ്വരൻ തന്നതിൽവെച്ച് ഏററവും ശ്രേഷ്ഠമായ ഒരു വരവാണ് ചിരി. അനുകമ്പകൊണ്ടായാലും, പുച്ഛംകൊണ്ടായാലും, സ്നേഹത്തിലായാലും വെറുപ്പിലായാലും അതു് ദുരന്തങ്ങളിൽനിന്നും അസുഖാവസ്ഥകളിൽനിന്നും നമ്മെ എന്നും രക്ഷിച്ചുപോന്നിട്ടുണ്ട്. ഈ ലോകത്തിൽ ചിരിക്കാനും രസിയ്ക്കാനുമുള്ള വസ്തുതകളെ ചൂഴ്ന്നു കണ്ടുപിടിയ്ക്കാൻ കഴിവുള്ളവനാണ് ഭാഗ്യവാൻ. അതു തന്റെ ജീവിതത്തിൽ തനിയ്ക്കെതിരായിത്തന്നെ കാണാൻ കഴിയുന്നവനാണ് അതിഭാഗ്യവാൻ. ഇതു സാഹിത്യത്തിന്നോ കലയ്ക്കോ മാത്രമുള്ളതല്ല. സാധാരണമനുഷ്യന്നു് ഏററവും വലിയതു് തന്റെ ജീവിതമാണ്. ആയാൾക്ക് ഏററവും മഹത്തായ സാഹിത്യം തന്റെ വികാരങ്ങളും, ഏററവും വലിയ കല ജീവിതരീതിയും ജീവിതാസചാദനവും അതിന്നുപകരിയ്ക്കുന്ന ഏററവും ശക്തിയുള്ള മാനദണ്ഡം ചിരിയുമാകുന്നു.

ഏതു സമയത്തും മുക്കിക്കളഞ്ഞേയ്ക്കാവുന്ന ഒരു നദിയിൽ നമ്മെ മുങ്ങാതെ പൊക്കിനിത്തുന്നതു വിധിയുടെ നേക്കുള്ള വെല്ലുവിളിയാണ്. വേദന, ഭയം, സങ്കടം ഇവയെന്നെന്നും നമ്മുടെകൂടെയുണ്ട്. അവയെ ജയിയ്ക്കാനുള്ള ഇച്ഛാശക്തി അവയുമായി തീരാപ്പോരിൽ ഏർപ്പെട്ടിരിയ്ക്കുകയാണ്. ചുററുപാടുമുള്ള കഷ്ടപ്പാടുകളുടെയിടയിലുണ്ടാകുന്ന ക്ഷണികവിജയങ്ങൾ ചിരിയുളവാക്കുന്നു. ചിലപ്പോളതു നമ്മെക്കാൾ ദുർബ്ബലനോ അപൂർണ്ണനോ ആയ ഒരു വ്യക്തിയോടുണ്ടാകുന്ന അനുകമ്പയുടെ പ്രേരണയാലുമാകും. അപ്പോളതു് അനുകമ്പയുടെ ഹാസമായിത്തീരുന്നു. മേല്പോട്ടെറിഞ്ഞു കീഴ്പോട്ടുവരുമ്പോൾ പിടിയ്ക്കപ്പെടുന്ന ഒരു കുട്ടി ചിരിച്ചു കൂക്കിയാക്കാറുണ്ട്. സചാഭാവികമായ ഭയവും അതിനെ പെട്ടെന്നു ജയിച്ച ബോധവും തമ്മിലുള്ള സംഘർഷമാണിതിന്നു കാരണം. പോർക്കളത്തിൽ പല വിപത്തുകളുടെയിടയിൽ ഭടന്മാർ ചിരിച്ചാർത്തുകൊണ്ടു മുന്നോട്ടു കുതിയ്ക്കുന്നു. അപായബോധവും തല്ക്കാലരക്ഷയും തമ്മി

ലുള്ള സംഘഷംതന്നെയാണിവിടെയും. അതുപോലെ നാമൊരു കുട്ടിയേയോ കുററവും കുറവുമുള്ള വ്യക്തിയെയോ കാണുമ്പോഠം ചിരിച്ചുപോകുന്നു. ഇവിടെ നമ്മുടെ മേന്മയെക്കുറിച്ചുള്ള ബോധവും, മററവരോടുള്ള അനുകമ്പയും തമ്മിലുള്ള സംഘഷമാണു് ചിരിയുളവാക്കുന്നതു്. ഇവിടെയെല്ലാം വികാരങ്ങഠം തമ്മിലുള്ള വൈരുദ്ധ്യവും വികാരങ്ങളുടെ വിഭ്രാന്തിയോടുകൂടിയ ചലനവും ഒഴിച്ചുകൂടാത്ത ഘടകങ്ങളാണു്. ഇത്തരം കുഴപ്പങ്ങളില്ലാത്തേടത്തു ശൂന്യതയോ സ്തബ്ധതയോ അല്ലാതെ സാധാരണയായി ചിരിയുളവാകാറില്ല. ചിരിയെന്നു പറയുന്നതു വിധിയോടൊരു വെല്ലുവിളിയാണു്. അതില്ലായിരുന്നുവെങ്കിൽ നാമേവരും ജീവിതനദിയിൽ പെട്ടെന്നു വീണു് നിരാശയിൽ ആണ്ടുമുങ്ങിച്ചത്തുപോകും. സങ്കടത്തിൽനിന്നും പരിഭ്രമത്തിൽനിന്നും രക്ഷപ്പെടാൻ പററുന്ന സ്വാഭാവികമായ ഈ മോചനൌഷധം തന്നതിന്നു നമുക്കീശ്വരനെ വാഴ്ത്തുക.

# 'രണ്ടും വീരന്മാർ'

കാനനശ്രീവിലസിതമായ അമരമ്പലത്തുള്ളൊരു കുറുങ്കാട്ടിൽ, ഏകാന്തമായ ഒരു കൊച്ചുവെളിപ്രദേശം. അവിടെ ഓലയും മണ്ണുംകൊണ്ടു് വെച്ചുകെട്ടിയ ദുർബ്ബലമായൊരു ചെററക്കുടിൽ. ഏഴു വയസ്സുമാത്രം പ്രായമുള്ള സീനു അകത്തും പുറത്തുമായി ബഹു ജാഗ്രതയോടെ ഒററയ്ക്കോടിക്കളിച്ചു രസിയ്ക്കുകയാണു്. വിശേഷിച്ചു്, ആ ഞായറാഴ്ച വൈകുന്നേരം അവിടമൊട്ടുമുക്കാലും വിജനമായിരുന്നു. ഏഴു നാഴിക വിട്ടുകിടക്കുന്ന നിലമ്പൂരിലെ ആഴ്ചച്ചന്തയാണന്നു്. അട്ടിയ്ക്കിലധിവസിയ്ക്കുന്ന ചെട്ടികൾ, പെണ്ണുങ്ങളും ആണുങ്ങളും കുട്ടികളുമെല്ലാം ഓരോ ചുമടു് ചട്ടിയും കലവുമേററി അതിന്നു പോയിരിയ്ക്കുകയുമാണു്. ആ ചരക്കുകൾ വിററു പൈസയാക്കിയിട്ടുവേണം അവക്കൊരാഴ്ചയ്ക്കുള്ള അരിയും ഉപ്പും മുളകും കാസ്രട്ടെണ്ണയും എന്നുവേണ്ട എല്ലാ കോളും കൊള്ളാൻ. സീനുവിനെ കാവലാക്കി അവന്റെ മുത്തപ്പനും പോയി. സീനു—നല്ല വട്ടക്കണ്ണുള്ള കെൽപ്പുറെറാരു ചെറുക്കൻ. കാട്ടിൽത്തന്നെ പെറുവളന്നു് പരിചയിച്ചിണങ്ങിയതുകൊണ്ടു് ഒററയ്ക്കായതിനാൽ പരിഭ്രമമൊന്നും അവനുണ്ടായിരുന്നില്ല.

അവനിപ്പോൾ ഒരു കുശവൻചെക്കനോ വെറുമൊരു കുട്ടിയോ അല്ല. എല്ലാ ആശ്ചര്യങ്ങളുടേയും കൂത്തരങ്ങാണു്: ഒരു ബസ്സ്. കഴിഞ്ഞ ഞായറാഴ്ചയ്ക്കുശേഷം അവനങ്ങിനെയായിരിയ്ക്കയാണു്. അന്നാണവനെ അവന്റെ മുത്തപ്പൻ—കുപ്പൻ, നിലമ്പൂക്ക് കൊണ്ടുപോയതു്. അവന്റെ തിളങ്ങുന്ന കണ്ണുകൾ അവിടെ ബഹു തമാശയോടെ തുറിച്ചുനോക്കിക്കൊണ്ടു് അനവധി വാഹനങ്ങളുടെ വരവും പോക്കും തിക്കും തിരക്കുമെല്ലാം അറിഞ്ഞുവെച്ചിരുന്നു.

ഒത്തു കേളിയാടാൻ മററാരും കൂട്ടാളിയായില്ലാത്തതുകൊണ്ടു് പലപ്പോഴും അവനുതന്നെ പലതുമായി മാറേണ്ടിവന്നു. ഇടയ്ക്കവൻ സാങ്കല്പികമായ സ്റ്റിയറിങ്ങ്‌വീൽ ശക്തിയോടെ ഇടത്തോട്ടും വലത്തോട്ടും പിടിച്ചു തിരിയ്ക്കുന്ന ഡ്രൈവറാവും; ചിലപ്പോഴ് ഫർർർർർ എന്നു് സൗമ്യമായി കുറുകികൊണ്ടു നീങ്ങുന്ന എഞ്ചിൻ; പോരാ, വേറെ ചിലപ്പോഴ് നിൽക്കുകയും പിന്നോട്ടടിയ്ക്കുകയും ഞരങ്ങിമൂളിക്കൊണ്ടിഴഞ്ഞു മുന്നോട്ടു പോവുകയും ചെയ്യുന്ന ബസ്സുതന്നെയാവണം അവനു്. ആ വിജനപ്രദേശത്തു് അവനങ്ങിനെയാഞ്ഞു ചുററുമ്പോഴ്, അലസനായി തൻെറ മുതലാളിക്കാറിൽ നീണ്ടുനിവന്നു ഞെളിഞ്ഞൊരേക്ലാസ് കുഷനിൽ മലന്നടിച്ചു കിടക്കുന്നവനേക്കാഴ് പരമാനന്ദമനുഭവിയ്ക്കുകയാണു്. ഒരു പൈതലിൻെറ വെറും സങ്കല്പം, മുതിന്ന ജീവിതത്തിലെ വിജയങ്ങളേക്കാഴ് ജീവത്താണു് പലപ്പോഴും.

കൊച്ചുമൂപ്പൻെറ കളി ഉച്ചയ്ക്കു തുടങ്ങിയതാണു്. ചന്തയ്ക്കു പോവുന്നതിന്നല്പംമുമ്പു് മുത്തപ്പനവന്നു് കുറച്ചെന്തോ തിന്നാൻ കൊടുത്തതുമുതല്ക്കാണതിനു തകൃതി കൂടിയതു്. നേരമിപ്പോഴ് അസ്തമനത്തോടടുത്തു. അവൻെറ കടവയററിലൊരു വസ്തുവുമില്ലെന്നു് അവന്നു് തോന്നാനും തുടങ്ങി. കളി മതിയാക്കി പള്ള തലോടിക്കൊണ്ടു് അവനുറക്കെ ഏങ്ങലടിച്ചു കരഞ്ഞു.

"ഓ......അപ്പാ......" അവൻ വിളിച്ചാർത്തു "അപ്പനെപ്പളാ മടങ്ങി വര്ാ," "നിക്കു് വെശന്നിട്ടു്വയ്യാ."

കുപ്പൻ വാസ്തവത്തിലവൻെറ മുത്തപ്പനാണു്. അച്ഛനമ്മമാർ കാലേതന്നെ മരിച്ചുപോയിരുന്നു. കൊച്ചൻ അവനെ 'അപ്പാ—അപ്പാ' എന്നു വിളിച്ചുതുടങ്ങി. അന്നുതൊട്ടു് ലോകത്തിലിന്നോളം ഉററവനായിട്ടു് അവനൊരാഴ് മാത്രമാണല്ലൊ ഉണ്ടായിരുന്നതു്. എന്നാൽ അവനിപ്പോഴ് ഏഴു നാഴിക ദൂരെയാണു്. എപ്പോഴ് മടങ്ങിയെത്തുമെന്നൊരു തിട്ടവുമില്ലതാനും.

അവരിരുവരും കുംഭാരന്മാർതന്നെ. ശരിയ്ക്കു മലയാളികളല്ല. കുറെ നൂററാണ്ടുകഴ്ക്കുമുമ്പിവിടെ എത്തിയ കിഴക്കന്മാരാണവർ. എന്നിട്ടു് മലബാറിൽ പലേ ദിക്കിലുമായി അവരുടെ ആവശ്യത്തിന്നു പററിയ നല്ല കളിമണ്ണും കണ്ടെത്തുന്നേടത്തൊക്കെ ചെറുചെറു കോളനികളായിപ്പാർത്തു് കച്ചവടം നടത്തിപ്പോന്നു. അമരമ്പലത്തു് അജ്ജാതി അസ്സൽ കളിമണ്ണട്ടികഴ് ധാരാളമുണ്ടു്. അതു രൂപപ്പെടുത്തുവാൻ നല്ല കലാവിരുതുള്ള നിരുപദ്രവികളായ ഇക്കൂട്ടരുമുണ്ടു് വളരെ. അവിടെയുള്ള ആണുങ്ങഴ് കാഴ്ചയിലും പെരുമാററത്തിലും ക്രൂരതയുടെ തനി വിരുദ്ധരൂപങ്ങളാണു്. പെണ്ണുങ്ങഴ്ക്കെല്ലാം നല്ല രൂപസൗകുമാ

യ്യും ആകർഷകത്വവുമുണ്ട്. എന്നാൽ മറിച്ച് ആൺങ്ങൾ മെലിഞ്ഞു ശുഷ്ക്കിച്ച് ഒരു വിശേഷവുമില്ലാത്തവരും. വേണമെങ്കിൽ അവർക്ക, തങ്ങൾ പ്രവൃത്തിയെടുക്കുന്ന കളിമണ്ണിൻെറ മങ്ങിമുനിഞ്ഞ ഭാവമാണുള്ളതെന്നും പറയാം. പകലന്തിയോളമെന്നല്ല ആഴ്ചയിലെല്ലാദിവസവും മണ്ണു കുഴയ്ക്കലും മർദ്ദിയ്ക്കലും രൂപപ്പെടുത്തലുമായി ഏകതാളാനുസാരിയായൊരു ജീവിതമാണവരുടേതു്. എന്നിട്ടൊടുക്കം കിട്ടുന്നതോ, കുറച്ചു ചെമ്പുതുട്ടുകൾ മാത്രം. അവരുടെയൊരേയൊരാഹ്ലാദം ചന്തദിവസം തിക്കള്ളൊരിടത്തൊത്തുകൂടലാണ്. അവിടെ അവരുടെ പണി തീർന്നാൽ അല്പം 'സേവിച്ച്' സംഗീതംകുറഞ്ഞ കുറെ പാട്ടും പാടി പകൽ പോക്കുന്നു. മിയ്ക്കവാറും കുടുംബമടക്കിയാണവർ പോവുക. മടങ്ങി വീട്ടിലെത്താൻ അർദ്ധരാത്രി കഴിയും.

മുമ്പും കൊച്ചുസീനുവിനെ ഒററയ്ക്കിട്ടുംവെച്ച് പോവുക പലപ്പോഴുമുണ്ടായിട്ടുണ്ട്. അപ്പോഴൊക്കെ മുത്തപ്പൻ സന്ധ്യമയങ്ങിയിട്ടേ തിരിച്ചുവരാറുള്ളൂ. രസംപിടിപ്പിയ്ക്കുന്ന കടുപ്പമുള്ളൊരു മണവും പരത്തിക്കൊണ്ടായിരിയ്ക്കും അതു്. അന്നു് പതിവിലേറെ ചറുപറെ പറയുകയും ലാളിയ്ക്കുകയും ചെയ്യും. ആ വാസന, സദാ വിശേഷവിധിയായി വല്ലതും ചവയ്ക്കുവാൻ കിട്ടുമെന്നുള്ളതിന്നൊരു മുന്നറിയിപ്പായിരുന്നു. ദുർഗ്ഗ്രാഹ്യമായ ചില തലയാട്ടലും കുണുങ്ങലും കൊഞ്ചലും പുഞ്ചിരിയുമായിക്കൊണ്ടാണ്, ഒട്ടിപ്പിടിയ്ക്കുന്ന മിഠായികൾ ചെറുക്കൻെറ കുഞ്ഞിക്കയ്യിൽ അവൻ വെച്ചുകൊടുക്കുക.

ഉദാഹരണമായി, കഴിഞ്ഞ ഞായറാഴ്ച 'വാസന' സാധാരണത്തേക്കാളേറെ കടുപ്പമുള്ളതായിരുന്നു, ഒപ്പം പാരിയുടെ പൊതിഞ്ഞ കുറച്ചു മിഠായിപ്പിരികളും. ഓ, അവനൊരുനാളും മറക്കാത്ത ഒന്നാണ് നിലമ്പൂരിലെ അത്ഭുതലോകത്തിലേയ്ക്കുള്ള ആ ട്രിപ്പ്. പകൽ വെയിലത്തു് വണ്ടികളും തിരക്കും, പിന്നെ, തിന്നാനുള്ള എന്തെല്ലാം സാധനങ്ങൾ! രാത്രിയിലെ കഥ പറയുകയും വേണ്ട —അതിശയത്തിന്മേലതിശയം. കുംഭാരന്മാരൊക്കപ്പാടെക്കൂടി ഒരു കളി അരങ്ങേററമായിരുന്നു, തൊട്ടൊരു പറമ്പിൽ. കളിയെപ്പററി സീനുവിനന്നോളമൊന്നുമറിഞ്ഞുകൂടാ. അതുകൊണ്ടു് 'സ്റ്റേജോ', 'കർട്ടനോ' അതുമല്ലെങ്കിൽ 'ഗാലറി'യൊ മററു സാമഗ്രികളോ ഒന്നുമുണ്ടായിരുന്നില്ലെങ്കിലും, അവനസുഖമുണ്ടായില്ല. അവനൊന്നുമാത്രമേ അറിയൂ. കൊട്ടും പാട്ടും അവിടെ എമ്പാടും ഉണ്ടായിരുന്നുവെന്നു്. അതവരിലോരോരുത്തരും തോന്നിയ വഴിയ്ക്കു് നടത്തിവിട്ടു. അതുകൊണ്ടാകപ്പാടെ ഫലമൊരു ബഹളംതന്നെ. നടുക്കുവെച്ച് പച്ചച്ചായമടിച്ച് 'രാമ'നാണെന്നും പറഞ്ഞു് അരങ്ങത്തൊരു വിദ്വാൻ വെളി

പ്പെട്ടു. അയാളും ആടുകയും പാടുകയും വലിയ നാട്യം നടിക്കുകയും തലങ്ങും വിലങ്ങും ആളുകളെ കൊന്നൊടുക്കുകയും ചെയ്തു. ചിലപ്പോൾ, പെണ്ണുങ്ങളെ ക്കൂടി ധീരൻ കൊന്നു. കുറച്ചു സമയം കഴിഞ്ഞപ്പോൾ, അയാൾ സീതയെ കല്യാണം കഴിച്ചു. തനി മഞ്ഞച്ചുകൊണ്ടുള്ള മുഖം, തന്നേക്കാൾ ഒരരമുഴക്കൈ നീട്ടമുള്ളൊരുത്തി—അതാണ് സീത. ആദ്യന്തം അവനെ പൊട്ടിച്ചിരിപ്പിച്ചും കൊണ്ട് സീത ആടിക്കുഴഞ്ഞും ഞളിഞ്ഞുപിരിഞ്ഞും താഴത്തുനോക്കിയും ഉച്ച ത്തിൽ കീ–കീയെന്നു് പെണ്ണിന്റെ ശബ്ദം പുറപ്പെടുവിക്കാൻ കിണഞ്ഞു കൊണ്ട് സംസാരിച്ചിരുന്നതും എങ്ങിനെയൊക്കെയായിരുന്നുവെന്നു് സീനു കുറെ ആഹ്ലാദോദ്രേകത്തോടെ ഓർമ്മവെച്ചു. എല്ലാററിന്നുമൊടുവിൽ, ഏതാ ണ്ടദ്ധരാത്രിക്കു് അവരെല്ലാംകൂടി കൂട്ടംചേർന്നു പുരയിലേക്കു് പുറപ്പാടായി. ആണുങ്ങളൊക്കെ കള്ളിന്റെ പരിമളം വീശിയും ഉറക്കെയുറക്കെ സംസാ രിച്ചും ഒരു കാരണവുംകൂടാതെ അട്ടഹസിച്ചും ഏകാന്തമായി കാട്ടിലെ നടവ ഴിയിലൂടെ നീങ്ങി.

"ഇന്നു് രാത്രീം അപ്പൻ അങ്ങിനെ നേരം വൈകിയ്ക്കോ?"—സീനു ഭയ പ്പെട്ടു. അരുതെന്നവനാശിച്ചു. കിഴവനത്രക്കു് സ്നേഹവും ആലോചനയുമുള്ള തുകൊണ്ട്, വില്പന കഴിഞ്ഞാൽപ്പിന്നെ ഒരു മിനുട്ടും താമസിക്കുകയില്ലെന്നു് വാസ്തവത്തിൽ അവനൊരുമാതിരി തീർച്ചയുണ്ടായിരുന്നു.

അങ്ങിനെ സമാധാനിച്ചുകൊണ്ട് വീണ്ടുമൊരു ബസ്സായി, അവനാ മുററത്തു് പുൽത്തകിടിൽ വട്ടത്തിലങ്ങിനെ അനവധി പ്രാവശ്യം ത്വരിതമാ യോടിത്തുടങ്ങി. വിശപ്പ് പിന്നേയും പൊറുക്കാം. എന്നാൽ ദാഹം സഹിച്ചു കൂടെന്നവനനുഭവപ്പെട്ടു. അവനാകക്കൂടെ ഒരു ചൂടും വരൾച്ചയും തോന്നി; തെല്ലൊരൊച്ചയടപ്പും.

'ഹാ! എഞ്ചിന്നു വെള്ളം കുടിയ്ക്കാറായി.'—ആ വിചാരംകൊണ്ട് കണ്ട പ്പൻ ഒച്ചയുണ്ടാക്കി തുറന്ന വാതില്ക്കലേക്കു് ബേക്കടിച്ചു. അതിന്നരികെ ചളിവെള്ളം നിറഞ്ഞൊരു കൂജാവുണ്ടായിരുന്നു. അടുത്തെത്തിയപ്പോൾ ബ്രേ ക്കിട്ടു നിർത്തി. ആ ബസ്സ് കമ്മാണ്ടികെട്ടിയ രണ്ടു കുഞ്ഞിക്കൈകൾ പുറത്തെ ടുത്തു. കൂജാവെടുത്തുപൊക്കി സ്റ്റീമിന്റെ ഝംകാരതന്മയത്വത്തോടെ വെള്ളം വലിച്ചു കുടിച്ചു. ഗീറിന്റെ ഉച്ചത്തിലുള്ള കിരുകിരുപ്പുണ്ടാക്കിക്കൊണ്ട് പുതു ക്കിയ ഊക്കോടെ വീണ്ടുമവൻ കളിയുഷാറാക്കി. വികാരവേശത്തോടെ അവനാ വെളിപ്രദേശത്തിൽ മുന്നോട്ടു വട്ടം ചുററി. നാലാമത്തു് ചുററിത്തുടങ്ങു കയായിരുന്നു. അപ്പോഴാണ് ഉരത്തൊരു മുരളിച്ചയോടുകൂടെ തൊട്ടടുത്ത കുററി

ക്കാട്ടിൽനിന്നു് ചെടിപ്പടർപ്പുകൾചീകി, ഒരുക്കൻ പുലിയുടെ ഭയങ്കരമണ്ടയും ജ്വലിയ്ക്കുന്ന കണ്ണുകളും പെട്ടെന്നു് കൺമുമ്പിൽ പ്രത്യക്ഷപ്പെട്ടതു്.

അത്ര പെട്ടെന്നു് മുമ്പൊരിയ്ക്കലും ബ്രേക്കിട്ടിട്ടുണ്ടാവില്ല. ആ ചെറുക്കൻ കാൽമടമ്പിന്മേൽ മുമ്പാക്കം പൊടിയിലേയ്ക്കുരസിയിട്ടും തിരിഞ്ഞു ചുററി. മോട്ടോറിന്നു് പററാത്തൊരു നിലവിളിയോടെ കുടിലിലേയ്ക്കൊരു കുതികുതിച്ചു, അകത്തുകടന്നു ചാടി വാതിൽ കൊട്ടിയടച്ചു. പേടിയൊന്നുകൊണ്ടുമാത്രം അവനൊരു യന്ത്രപ്പാവകണക്കു് വാതിൽ തഴുതിട്ടുമുറുക്കി. പേടിച്ചരണ്ടാൽ ഒരു പിഞ്ചുകുട്ടി കാട്ടുംപോലെ അവൻ കമിഴ്ന്നടിച്ചുകിടന്നു് വിങ്ങിവിങ്ങി വിതുമ്മിത്തുടങ്ങി:— "അപ്പാ അപ്പാ—അപ്പാ നിയ്യെവിടെയാണു്? വേം മടങ്ങി വരൂ! അപ്പാ, നിയ്ക്കു് പേടിയാവുണു."

ഭയംകൊണ്ടിടയ്ക്കിടെ ഞങ്ങി ഞെരങ്ങിമൂളിക്കൊണ്ടു് ഒരരമണിക്കൂർ അവനവിടെകിടന്നു. ശബ്ദം മൃഗത്തെ ആകർഷിച്ചു് അടുത്തെത്തിച്ചെങ്കിലോ എന്നൊരു ചിന്ത പിന്നെ അവനെ പിടികൂടി. അവനനങ്ങാതെ ശ്രദ്ധിയ്ക്കുകയായി. ഒന്നുമവന്നു് കേൾക്കാൻ കഴിഞ്ഞില്ല. ഏതാണ്ടൊരു ധൈര്യം വന്നപ്പോൾ അവൻ മെല്ലെ എഴുന്നേററു് ഒച്ചപ്പെടുത്താതെ മടമ്പുയർത്തി, ആ പുരയ്ക്കാകെയുള്ളൊരു കിളിവാതില്ക്കൽ എത്തി. ഉറപ്പില്ലാത്ത പഴയ മരത്തിൻെറ അഴികൾകൊണ്ടു ബന്ധിച്ച ചുമരിലുള്ളൊരു നേരിയ പഴുതുമാത്രമാണതു്. താഴെക്കിടക്കുന്ന കനത്തൊരു ബെഞ്ചിന്മേൽ കേറിനിന്നു് അവൻ കരുതലോടെ പുറത്തേയ്ക്കു നോക്കി. നേരമേതാണ്ടിരുണ്ടു തുടങ്ങിയിരുന്നു. സൂര്യൻ അസ്തമിച്ചു. മുളക്കൂട്ടങ്ങളിലൂടെ തങ്ങളുടെ ചേക്കയിലേയ്ക്കു് നേരം വൈകി മാർച്ചു് ചെയ്യുന്ന കാട്ടുകോഴികളുടെ വിളിയൊഴിച്ചു് മററൊന്നും ആ നിശ്ശബ്ദതയെ ഭഞ്ജിയ്ക്കാനുണ്ടായിരുന്നില്ല. കൂടണയുന്ന മററു പറവകൾ അവയുടെ കളകളാരവം മുമ്പന്നേ അവസാനിപ്പിച്ചിരുന്നു. കാററിനും കുളിരു് കൂടിക്കൂടി വരികയാണു്. മൂടൽ മഞ്ഞിൻെറ ഉയരുന്ന ഞെറികൾ വൃക്ഷങ്ങൾക്കിടയിൽ പ്രേതം കണക്കു നീങ്ങി. ഏറെത്താമസിയാതെ രാത്രി കാടാകെ മൂടിക്കളയും.

ഒരു മണിക്കൂറോളം സീനു ജനലിലൂടെ സോൽക്കണ്ഠം നോക്കിയൊപ്പിച്ചു. പുലികളെ അവൻ മുമ്പും കണ്ടിട്ടുണ്ടു്. എന്നാൽ മിക്കവാറും അവ ഒരു കോലാടിനെയോ ഒരു നാടൻ നായയേയോ നോക്കി പാളിപ്പതുങ്ങി നടക്കുന്നവയായിരിയ്ക്കും. മനുഷ്യർ താമസിയ്ക്കുന്ന അതിർത്തികളിൽവന്നു് അവയങ്ങിനെ പററിയ്ക്കലു് പതിവാണു്. അപ്പോഴൊന്നും ഒരു ചെറുമുരൾച്ചയിലും ചുമ്മാ പല്ലൊന്നിളിച്ചുകാണിയ്ക്കുന്നതിലും കവിഞ്ഞൊരു നോട്ടം കുട്ടിയിൽ ചെലുത്താ

റില്ല. സീനു അവന്റെ സമപ്രായക്കാരായ കൂട്ടാളികളേക്കാൾ അതുകൊണ്ടു ഭീതനാവുകയോ മിരട്ടപ്പെടുകയോ ഉണ്ടായിട്ടുമില്ല. എന്നാൽ ഇതൊന്നു് തീരെ വ്യത്യാസപ്പെട്ടതായിരുന്നു. ഒരു മാസക്കാലമായി അവനട്ടിയ്ക്കിൽ ഒരു പുതിയ ഭയങ്കരനായി വന്നുചേർന്നിട്ടു്. പെണ്ണുങ്ങളേയും കുഞ്ഞുങ്ങളേയും പിടിയ്ക്കലാണു് പണി. അവന്റെ ഇടത്തെ മുൻകാലിനെന്തോ തകരാറുള്ളതുകൊണ്ടു് അവരതിനെ 'നൊണ്ടിപ്പുലി_നൊണ്ടിപ്പുലി'യെന്നു വിളിച്ചു. എന്നല്ല, നടക്കുമ്പോളതു് സ്പഷ്ടമായി കൊക്കിച്ചാടുകയും ചെയ്തിരുന്നു. കുറച്ചു ദിവസങ്ങൾക്കുള്ളിൽ പുല്ലരിയുവാനോ വിറകുശേഖരിയ്ക്കുവാനോ പോകുന്ന നിസ്സഹായരായ ഒട്ടേറെ പെണ്ണുങ്ങളേയും കുട്ടികളേയും അവനെടുത്തുകൊണ്ടുപോയിട്ടുമുണ്ടു്. ഇരുട്ടോടുകൂടിയാണു് മൂപ്പരധികവും വരിക. ആൾ ബഹു സൂത്രക്കാരനും ഭയങ്കരനുമാണു്. കയ്യിലൊരു ആയുധവുമില്ലാതെ അങ്ങിങ്ങായി കുടിപാർത്തിരുന്ന അട്ടിയ്ക്കിലെ പാവങ്ങൾക്കു് നേരത്തെ വീടണഞ്ഞു് ഇരുട്ടു മൂടുന്നതിന്നുമുമ്പെ വാതിലെല്ലാമടച്ചു് ഭദ്രമാക്കുകയല്ലാതെ മറ്റൊരു നിവൃത്തിയുമുണ്ടായിരുന്നില്ല. പലരും തങ്ങളുടെ മാടങ്ങൾക്കുമുമ്പിൽ, രാത്രി മുഴുവനെന്നുതന്നെ പറയാം, തീ കത്തിച്ചു ജ്വലിപ്പിച്ചുകൊണ്ടേയിരുന്നു.

നിശ്ചയമായും രണ്ടോ മൂന്നോ തവണ ശിക്കാറികൾ ആ ജന്തുവിനെ തിരഞ്ഞുപിടിയ്ക്കാൻ വന്നിട്ടുണ്ടു്. പക്ഷെ കാണാതെ മടങ്ങിപ്പോവേണ്ടിവന്നു. സീനുവിന്നു് അവരിലൊരാളെ പ്രത്യേകിച്ചോർമ്മവെയ്ക്കാൻ മാത്രം വകയുണ്ടായിരുന്നു. വിസ്മയം ജനിപ്പിയ്ക്കുന്ന മട്ടിലുടുപ്പണിഞ്ഞ അദ്ദേഹം കൂടെക്കൂടെ ഒരു പുസ്തകം മറിച്ചുനോക്കുകയും താൻ വെടിവെച്ച മൃഗങ്ങളെപ്പറ്റി ഉറക്കെയുറക്കെ സംസാരിയ്ക്കുകയും ചെയ്തിരുന്നു. വിസ്തരിച്ച ഒരുപാടൊരുക്കങ്ങൾക്കുശേഷം ചോട്ടിലൊരാടിനെപ്പിടിച്ചു കെട്ടിയിട്ടു്, അയാൾ വളരെപ്പൊക്കമുള്ളൊരു മരത്തിന്റെ നിറുകയിൽ കുത്തിയിരുന്നു. മൂപ്പർ വിസ്കി ധാരാളം അടിച്ചു മിന്നിച്ചിരുന്നതുകൊണ്ടോ, അതോ പുലിസ്സാർ പുസ്തകം വായിച്ചിട്ടില്ലാത്തതുകൊണ്ടോ, എന്തോ അമ്മാമൻവന്നു് ആടിനേയുംകൊണ്ടു് നടന്നടന്നു എന്നുള്ളതും, പിറേറന്നു് രാവിലെ അയാൾ മച്ചൻവിട്ടു് താഴേയിറങ്ങി ഒരാടിനേക്കാൾ അറുവങ്കനായി നടകൊണ്ടുവെന്നുള്ളതും വാസ്തവമാണു്. അതാണു് കുലുങ്ങിച്ചിരിച്ചുകൊണ്ടു് സ്ത്രീകളും കുട്ടികളും പറഞ്ഞുനടക്കുന്നതു്.

സീനു, ഇതൊക്കെയും അതിലപ്പുറവും ആ നില്പിലോർത്തുനോക്കി. ഏതായാലും ആ വർദ്ധിച്ച മങ്ങൽ പ്രഭയിലേയ്ക്കു നോക്കിയും ആ കിഴവൻ വേഗം വര......ണേ എന്നു പ്രാർത്ഥിച്ചുകൊണ്ടും നിന്നു. ഒരു വേള പുലിയവിടുന്നു

പോയി എന്നൊരു തോന്നലുമവനുണ്ടായി. പക്ഷെ, മുരണ്ടുകൊണ്ടൊരു വണ്ടത്താൻ പെട്ടെന്നാ ജനൽക്കലിലൂടെ അതിവേഗം പറന്നു് പാറിമറഞ്ഞപ്പോൾ അവൻ ഞെട്ടിച്ചാടിയെന്നല്ല, ഒന്നു പൊട്ടിക്കരഞ്ഞുവെന്നുതന്നെ പറയാം. പിന്നെയും, ശ്രദ്ധാപൂർവ്വം തെല്ലിടകൂടി അവനവിടെ നിന്നു. ഒന്നും കേൾക്കുകയും കാണുകയും ചെയ്യാത്തതുകൊണ്ടു് ഏതാണ്ടൊരു പുതുക്കിയ വീറോടെ അവൻ ബെഞ്ചിന്മേൽനിന്നിറങ്ങി.

അധികം കഴിഞ്ഞില്ല, വീണ്ടും അവനിരിയ്ക്കപ്പൊറുതിയില്ലാതായി. രണ്ടാമതും കിളിവാതില്ക്കൽപ്പോയി, ഒരു ഫർല്ലോങ്ങകലെ കാട്ടിലെ തെരുവിൽ ച്ചെന്നു് മുട്ടുന്ന നിശ്ശബ്ദമായ ഊടുവഴിയിലൂടെ കണ്ണോടിച്ചുകൊണ്ടു് അങ്ങിനെ നോക്കിനില്പായി. നേരം ഇരുട്ടിത്തുടങ്ങി. ഏറിയേറിവരുന്ന കുളിരുപോലെ, പേടി അവന്റെ ഹൃദയത്തിലേയ്ക്കു് ഒരിയ്ക്കൽക്കൂടെ ഇഴഞ്ഞു കയറി. ആകസ്മികമായി, ഒരു നത്തു് താക്കീതു നല്കിക്കൊണ്ടൊന്നു മൂളി. നത്തു് ആ പുള്ളിപ്പുലിയെ കണ്ടെത്തിയിരുന്നുവോ? കൊച്ചൻ അത്ഭുതസ്തിമിതനാകെ മറെറാരു മരത്തിന്റെ ഒത്തമുകളിൽനിന്നു് കരിമുകറായ ഒരു കുരങ്ങിന്റെ കഠോരമായ അയ്യോവിളിയും കേട്ടു. ഭീതിയും കോപവും കൂടിക്കലർന്നുള്ള ഭയങ്കരമായ ആ വല്ലാത്ത രോദനം വലിയ പൂശകൻ ചോട്ടിലൂടെ ഒളിച്ചു കടന്നുകളയുന്നതുകാണുമ്പോൾ മാത്രം പുറപ്പെട്ടുവിടുന്നതാണു്. കാട്ടിൽ താമസിയ്ക്കുന്നവർക്കു് ആ സ്വരം മാറിപ്പോവുകയില്ല. ചങ്ങാതി പിന്നേയും തഞ്ചത്തിൽ നീങ്ങുകയാണവിടെയെന്നു് സീനുവിന്നപ്പോൾ നല്ലപോലെ അറിയാം. അവന്റെ പേടി കേറിക്കേറി അസഹ്യമായ കൊടുമുടിയിലോളമെത്തി. യദൃച്ഛയാ അല്പമിടത്തോട്ടുമാറി കുറുങ്കാട്ടിൽനിന്നു പേടികലർന്ന കരച്ചിലോടെ, കാററിന്റെ ഉച്ചത്തിലുള്ള ഇരമ്പക്കത്തോടൊപ്പം ഒരു ചപ്പിലക്കോഴി ഉയർന്നുപറന്നു. പുലി മുററത്തേയ്ക്കു് കനത്ത തെരികപോലുള്ള കാലടി വെച്ചു് പതമുള്ള 'പതോം' ശബ്ദത്തോടെ ഒരു ചാട്ടവും.

ആ മങ്ങിയ വെളിച്ചത്തിൽ അവൻ ഉഗ്രനായി കാണപ്പെട്ടു. ചുററും നാററിനോക്കിക്കൊണ്ടു് എടുത്തുപിടിച്ച തല, ഇടവും വലവുമായി പുളച്ചു വളച്ചാട്ടിക്കൊണ്ടുള്ള വാലു്; മാത്സരമായി മിരട്ടുന്നതും ഭീകരവും ആപൽസൂചകമായി വെട്ടിത്തിളങ്ങുന്നതുമായ പച്ചക്കണ്ണുകൾ—കൊച്ചുസീനു അല്പനേരം അവയുടെ ലക്ഷ്യമുററുനോക്കി; എന്നല്ല മുന്നോട്ടുപോകാനുള്ള ഒരു വികാരഭ്രമതയിൽനിന്നു് സ്വയം പിൻവലിയുന്നതായും അവന്നു തോന്നി. അവന്റെ കാലുകൾ ഇടറി; അനിയന്ത്രിതമായ പക്ഷവാതംകൊണ്ടെന്നപോലെ അവന്റെ

അവയവങ്ങളെല്ലാം മടങ്ങിച്ചുരുങ്ങി; അവൻ വീണ്ടും ഉരുണ്ടുപെരണ്ടുവീണു; അവിടെ നിരാശനായും വിഗതബുദ്ധിയായും ബഞ്ചിൻെറ തരംകെട്ട കാലും കെട്ടിപ്പിടിച്ചു കിടന്നു.

സായുധനായൊരു ശക്തനെപ്പോലും ദയനീയനാക്കിത്തളത്തുന്നൊരവസ്ഥയായിരുന്നു അതു്. വിഴങ്ങാനോടിയടുക്കുന്ന മരണത്തിൻേറയും തൻേറയുമിടക്കു് ലോലമായൊരു ചുമരും, നേരിയൊരു വാതിലുമല്ലാതെ മററൊന്നുമില്ലാതെ നിസ്സഹായനായ ആ ബാലനു് എന്തെന്തൊക്കെയാണു് തോന്നിയിരിയ്ക്കുകയെന്നു് ഈശ്വരനേ അറിയാവൂ. മണിക്കൂറുകൾ എങ്ങിനെ കടന്നുപോയി! അതുതന്നെ എത്രയെന്നൊന്നും നിശ്ശബ്ദമായ നടുക്കത്തിൻെറ പാരവശ്യത്തിൽ അവനറിഞ്ഞില്ല. ആ കിടപ്പിലെന്തായാലും, പുറത്തു് മന്ദംമന്ദം പാളിപ്പതുങ്ങിയുള്ള ആ നടത്തം അവൻ നല്ലപോലെ നല്ല ബോധത്തോടെ അറിഞ്ഞുകൊണ്ടിരുന്നു. കുട്ടിയുടെ അസാന്നിദ്ധ്യത്തിൽ പുലി പരിഭ്രമിച്ചുവെന്നു തോന്നുന്നു. അതു കുടിലിനു ചുററും ചുററി നടക്കാൻ തുടങ്ങി. മുൻകാലുകൾക്കിടയിലുള്ള എല്ലുകൊണ്ടുണ്ടാവുന്ന ആ നേരിയ പൊട്ടലുകൊണ്ടതു് സീനു മനസ്സിലാക്കി — ഇവററ നടക്കുമ്പോഴുണ്ടാവുന്ന ഒരേയൊരു നിനാദമാണതു്. തൻെറ പിടിവിട്ടു് ഒരണ്ണാക്കണ്ണൻ ചിലച്ചു ചാടി മറിയുമ്പോൾ ഒരു പൂച്ച ചെയ്യുമ്പോലെ, അതു ഉഗ്രംകൊണ്ടു ഒന്നുരണ്ടുപ്രാവശ്യം മൂർഖതയോടെ നിലം മാന്തിപ്പൊളിച്ചു. പല പ്രാവശ്യവും അതു് ജനൽക്കലോളമുയന്നു് അതിന്നകത്തു് തല കടത്താൻ ശ്രമിച്ചു. അഴികൾ പേടിപ്പെടുത്തുമാറു് ഝടഝട ശബ്ദമുണ്ടാക്കിയെങ്കിലും പഴുതു വളരെ ചെറുതായതുകൊണ്ടു് ചുമരങ്ങിനെ നില്ക്കുമ്പോൾ ആ ക്രൂരജന്തുവിനു് അകത്തു കടക്കാൻ കഴിയില്ലെന്നു് സീനുവിന്നറിയാം. പക്ഷെ, അതല്ല, ചുമരങ്ങിനെ നില്ക്കുമോ എന്നുള്ളതായിരുന്നു ചോദ്യം.

ശരിയ്ക്കുള്ള ദൗർബ്ബല്യം വാതിലായിരുന്നു. ദ്രുമ്പിച്ച പൂളും പലകയും വെച്ചുച്ചുണ്ടാക്കിയ ആ പൊളിഞ്ഞ ദുർബ്ബലമായ സാധനം കേവലമൊരു ബാലൻെറ ഉന്തുകൊണ്ടുതന്നെ തരിപ്പണമാവാനേയുള്ളു. പിന്നെയൊന്നുള്ളതു്, നിലത്തുനിന്നാറടി മാത്രം പൊക്കമുള്ള ഒരു മേല്പുരയാണു്. മുളകൊണ്ടുള്ള ഒരു നേരിയ ചട്ടക്കൂട്ടിന്മേൽ പൊതിഞ്ഞ ഉണങ്ങിയ കരിമ്പനയോല. ആ ക്രൂരൻ അതിന്മേൽക്കേറി എന്നു വന്നാലോ!

ഓ, അതാ വാതില്ക്കൽത്തന്നെയുണ്ടു്. മുരട്ടിൽ നിന്നുച്ചത്തിൽ മൂക്കു വലിയ്ക്കുന്നു. പൊടി ധാരാളം മൂക്കുകൊണ്ടു് ഊതിപ്പറപ്പിച്ചു മണത്തറിഞ്ഞു പുള്ളി

പുതുമനുഷ്യച്ഛൂര് കണ്ടുപിടിച്ചു. പിന്നെ, ക്ഷമയില്ലാതെ വാതിലിന്മേൽ മാന്തിക്കേറാൻ തുടങ്ങി; ആ കനത്ത കയ്യിൻെറ സമ്മർദ്ദമേററ് വാതിൽ കിരുകിരുക്കാനും വളയാനും തുടങ്ങി.

സീനു ഉടനെ എണീററു. അപകടത്തിൻെറ അടുപ്പം അവനു പേടി മറക്കാനുപകരിച്ചപോലെ തോന്നി. ഉറക്കെ കൂക്കിവിളിച്ചും നിലവിളിച്ചും അവൻ ആ കനത്ത ബെഞ്ച് വാതിലിനുനേരെ വലിച്ചിട്ടു; അവൻെറ കൊച്ചു ശരീരംകൊണ്ടാവുന്ന ശക്തിയൊക്കെ പ്രയോഗിച്ച് അതിന്മേലമത്തിനിന്നു്, എത്തിയാൽക്കിട്ടാവുന്ന പാത്രങ്ങളെല്ലാം അതിനുനേരെ വലിച്ചുവെച്ച് തട്ടിമുട്ടിപ്പൊട്ടിച്ചൊച്ചപ്പാടുണ്ടാക്കി. കൂട്ടത്തിൽ കഴിയുന്നത്ര ഉച്ചത്തിൽ നിത്താതെ നിലവിളിയും.

അതാ, മനസ്സിന്നു കുളുമ്മ നല്കുന്ന മറെറാരു ശബ്ദം. തിരിക്കുന്ന കാലടിയുടെ 'പടപട' ശബ്ദവും ചൂട്ടിൻേറതുപോലുള്ള വെളിച്ചവും കക്ശസ്വരത്തിൽ കിടുകിടുത്തുള്ള കൂക്കിവിളികളും; അവയെത്തുടന്ന് കുട്ടിയെക്കൊന്ന ആ പേടിത്തൊണ്ടൻെറ കുതിച്ചോട്ടംകൊണ്ടു് പൊന്തക്കാട്ടിലുണ്ടാവുന്ന തകച്ചയും കേൾക്കായി.

"സീനൂ സീനൂ നിയ്യെവിടെ?"—ആരവം നിലവിളിക്കൂട്ടി. "നിനക്കു വല്ലതും പററിയോ? നിയ്യകത്താണോ? ഇതു ഞാനാണ്—നിൻെറ അപ്പൻ, വാതിൽ തുറക്കു്!"

"എനിക്കു പേടിയാവുന്നു. നൊണ്ടിപ്പുലിണ്ടു് മുററത്തു്." "ഉവ്വ്: ഞാൻ കണ്ടു അവനെ"—വല്ലാത്തൊരു ഭ്രാന്തൻ ചിരിയോടുകൂടെയാണപ്പറഞ്ഞതു്. "അവൻ പോയി. വാതിൽ തുറക്കു കുഞ്ഞാ."

സീനു ബെഞ്ചു വലിച്ചിട്ടു് കതകു തുറന്നു. കിഴവനകത്തു കടന്നു. കടക്കുമ്പോൾ അല്പമൊന്നാടിയിരുന്നു. ഊക്കും പൊക്കവുമുള്ളവനാണ് ആ കിഴവൻ. മണ്ടയ്ക്കുപിന്നിൽ വെളുത്തു ലോലമായ ഒരു ചെറു രോമക്കററയുമുണ്ടു്. അയാൾ താഴോട്ടു കുനിഞ്ഞു് ഊക്കേറിയ കൈകൾകൊണ്ടു് വിറയ്ക്കുന്ന ആ കൊച്ചുരൂപത്തെ വാരിപ്പിടിച്ചു. പേടിയ്ക്കും പരിഭ്രമത്തിനുമിടയിലും, ശുഭപ്രതീക്ഷയുടെ വാസനയ്ക്കുന്നു പതിവില്ലുവിഞ്ഞ തീക്ഷ്ണതയുണ്ടെന്നവൻ മനസ്സിലാക്കി. മാത്രമല്ല, ആ മന്ദസ്മിതത്തിൽ വാത്സല്യവും ഉല്ക്കണ്ഠയും അതിരററുണ്ടെന്നും.

"എന്താണുണ്ടായതു് മോനേ? പറ, നിനക്കെന്തുപററി? ഒക്കെത്തുറന്നു പറയു."

എങ്ങിനെയാണവൻ കളിച്ചുകൊണ്ടിരുന്നതെന്നും അന്തിയ്ക്കു നൊണ്ടിപ്പുലി വന്നതേതുവിധമെന്നും കൊണ്ടോവാൻ ശ്രമിച്ചതെമ്മട്ടിലെന്നും എന്നുവേണ്ട ആ മണിക്കൂറുകളിലെ കലക്കങ്ങളെല്ലാംതന്നെ വിസ്തരിച്ചു പറഞ്ഞു.

കിഴവനതു മുഴുക്കെ മനസ്സിലായിരിയ്ക്കുകയില്ലെന്നാണെനിയ്ക്കു തോന്നുന്നതു്. അയാഠം നിങ്ങളെല്ലാം സാധാരണ പറയാറുള്ള 'നിർവൃതിയി'ലും ഒരു ഡിഗിരി ഉയന്ന സ്ഥിതിയിലായിരുന്നു. അപ്പോഠം നരഭുക്കായൊരു കടുവയെപ്പോലും മാനിയ്ക്കാൻ തയ്യാറുമല്ല.

അയാഠം ഉറക്കെച്ചിരിച്ചു. "ഞാൻ ചൂട്ടുകൊണ്ടതിനെ ഇങ്ങിനെയടിച്ചു." അയാഠം പറഞ്ഞു. "ആ കള്ള ജന്തു ഓടിപ്പോയി. അതിനെപ്പററി വിചാരിയ്ക്കണ്ട. ഞാനുള്ളേടത്തു് അവനെ കണി കാണില്ല. ഞാനടിച്ചപ്പൊ അവനെങ്ങിനെ ചാടിയോടിയെന്നറിയോ. എൻെറ കുഞ്ഞൻ പേടിയ്ക്കണ്ട. ഞാനില്ലെ ഇവിടെ. നിനക്കു് ഇപ്പൊ വെശക്കുന്നുണ്ടോ? ഞാൻ നിനക്കു വല്ലതും 'വേം' ണ്ടാക്കിത്തരാം. അപ്പുളയ്ക്കു് "ന്നാ"—തൻെറ മുഷിഞ്ഞ മുണ്ടിൻെറയൊരു കോന്തല കെട്ടഴിച്ചു ബസാറിൽനിന്നു വാങ്ങുന്ന ഒരു ജാതി മിഠായിപ്പൊതിയെടുത്തു് കുട്ടിയ്ക്കു കൊടുത്തു. ബഹുമാനാതിരേകത്തോടെ സീനു വിസ്മയാവഹനായ തൻെറ മുത്തപ്പനെ നോക്കി; പേടികളെല്ലാം മറന്നു്, ഒട്ടുന്ന മിഠായി വാരിപ്പോക്കി മത്സരിച്ചീമ്പിത്തുടങ്ങി. കിഴവനാകട്ടെ, ചുറുക്കോടെ ഉടഞ്ഞു തകന്ന ചട്ടികളുടെ ചിന്നിച്ചിതറിക്കിടക്കുന്ന പൊട്ടും പൊടിയും അടിച്ചുവാരി വൃത്തിയാക്കിത്തുടങ്ങി. അപ്പോഴൊക്കെ ഇടതടവില്ലാതെ സംസാരിച്ചുമിരുന്നു. ആ കോളനിയിലെ മറെറല്ലാവരും തമ്പുരാൻെറ കോവിലകത്തേയ്ക്കു കഥകളി കാണാൻ പോയതാണു്; പിറേറന്നു കാലത്തേ മടങ്ങലുണ്ടാവൂ. അയാഠംക്കും പോകണമെന്നുണ്ടായിരുന്നു. പക്ഷെ, സീനുക്കുഞ്ഞനെയോത്തു് തിരിച്ചുമണ്ടിയതാണു്. പോരുമ്പോഠം വഴിയ്ക്കൊരു കാട്ടുപന്നിയെ കണ്ടിരുന്നു. വായിൽത്തോന്നിയ പേരൊക്കെ വിളിച്ചു. ചീത്ത പറഞ്ഞവമാനിച്ചപ്പോഠം അതോടിപ്പോവുകയും ചെയ്തു. പന്നികഠംക്കു് അയാളെ പേടിയാണു്; പുലികഠംക്കും തഥൈവ. മൂപ്പർക്കൊന്നിനെയുമില്ല ഭയം. ഇങ്ങിനെ പിറുപിറുക്കുന്ന കൂട്ടത്തിൽ തീപ്പിടിപ്പിച്ചു്, അരി തിളപ്പിയ്ക്കാനൊരു പാത്രവും അടുപ്പത്തു കേററി. അപ്പോളാണു് അവിടെയെങ്ങും ഒരു തുള്ളി വെള്ളമില്ലെന്നറിഞ്ഞതു്. ഇറയത്തുനിന്നു് ഒരു പുതിയ പന്തച്ചൂട്ടു് വലിച്ചെടുത്തു കൊളുത്തി, കളിമൺകുണ്ടിലേയ്ക്കു്—നൂറു വാര ദൂരെക്കിടക്കുന്ന അതാണ

വരുടെ കൂട്ടക്കാരുടെ കിണററ്__നടന്നു. പോയതോ വാതിലും തുറന്നിട്ടുകൊണ്ടു്; തൻേറടത്തോടുകൂടിയാണെങ്കിൽ സാധാരണ ചെയ്യാത്തൊരെണ്ണമാണതു്.

കിണററിൽനിന്നു മടങ്ങി പാതി വഴി പോന്നിട്ടുണ്ടാവും, അപ്പോൾ കേട്ടു മാടത്തിൽനിന്നു് പെട്ടെന്നൊരു രോദനം; ഒരു നേരിയ മുറളലും, താറുമാറായോരടിപിടി കലഹവും. പെട്ടെന്നയാൾക്കു് തൻേറടവും വീണു. വെള്ളക്കുടം അവിടെ വലിച്ചെറിഞ്ഞു് അയാൾ മുററത്തേയ്ക്കു കുതികുതിച്ചു മണ്ടി—വായിലെന്തോ കടിച്ചു തൂക്കിക്കൊണ്ടു് ഒരുക്കൻ കടുവാ തുള്ളിയോടുന്നതു കാൺമാൻ കണക്കിനവിടെയെത്തിപ്പെട്ടു.

എന്തോ ഒന്നു്! നോക്കാൻ നില്ക്കാതെത്തന്നെ അയാൾക്കതെന്താണെന്നു മനസ്സിലായി. പോരെങ്കിൽ, "അപ്പാ — അപ്പാ — അതെന്നെ കൊണ്ടുപോണല്ലൊ" എന്നിങ്ങിനെ തീവ്രവേദനയനുഭവിക്കുന്ന അലമുറക്കൊള്ളൽ അതിനെ സ്ഥിരീകരിക്കുകയും ചെയ്തു.

കത്തിജ്ജ്വലിക്കുന്ന ചൂട്ടുയർത്തി ആ മനുഷ്യൻ കഠിനമായി പ്രഹരിച്ചു. പക്ഷെ, അതു് കണക്കിനു കൊള്ളാതെപോയി. പുലി അതിവേഗത്തിൽ പുളഞ്ഞുകയറി വെളിസ്ഥലത്തിൻെറ വക്കിനുള്ള ഇടതൂന്ന കുറുങ്കാട്ടിലേയ്ക്കു് കടന്നുചാടി അതിൽ ജയിച്ചു എന്നിരിയ്ക്കട്ടെ, എന്നാൽപ്പിന്നെ കുട്ടിയെ വീണ്ടുകിട്ടലുണ്ടാവില്ല. കുപ്പനതറിയാം. എൻെറ കാന്താരവാസത്തിൽ കേട്ടിട്ടുള്ളതിൽ വെച്ചു് ഏററവും വലിയ ധീരതയാണു് അയാളപ്പോൾക്കാണിച്ചതു്. ഒരൊററത്തുള്ളലിൽ പുലിയെ കവച്ചുവെച്ചയാൾ മുന്നോട്ടു ചാടി. അതിൻെറ മുതുകത്തുവീണു് കുതികുതിക്കുന്ന ശരീരത്തിൻെറ ചുററുമായി ഞരമ്പെടുത്തുപിടിച്ചു തൻെറ കൈകാലുകളാൽ മുറുകെ കൊളുത്തിട്ടുപിടിച്ചു. എന്നിട്ടും ഇര കടിച്ചുപിടിച്ചുകൊണ്ടു് തൻെറ പുറത്തുള്ള ഭാണ്ഡം എടുത്തെറിയാനുള്ള പരിശ്രമത്തിൽ പുലി രുഷ്ടനായമറിക്കൊണ്ടു് ഊക്കോടെ കുലുങ്ങുകയും ചുററിത്തിരിയുകയും ചെയ്തു. പക്ഷെ മക്കടമുഷ്ടിക്കാരനായ ആ സവാരിക്കാരൻ, പിടുത്തം വിടാതെ ഒന്നിച്ചൊരിരുപതു ചെയ്ത്താനേപ്പോലെ അലറിക്കൊണ്ടിരുന്നു. രോഷാകുലനായ മൃഗം ഒടുവിൽ കുട്ടിയെ താഴെ വീഴ്ത്തി ഘോരഗജ്ജനങ്ങളോടെ കിഴവൻെറ നേരെ തിരിഞ്ഞു. ഏതാണ്ടു് കുപ്പൻെറ സ്ഥിതിയിതായിരുന്നു: അയാളുടെ കൈകൾ ആ ഭയങ്കരമൃഗത്തിൻെറ കണ്ഠത്തിൽ മുറുകെ പിടിച്ചിരുന്നു; കാൽ ഊരയിലാഴ്ത്തിയും. അതുകൊണ്ടു് പുലിയ്ക്കുറച്ചൊരു പിടുത്തം കിട്ടുക എളുപ്പമായിരുന്നില്ല. ഇടവും വലവും ആ മനുഷ്യൻെറ കാലുകളെ അലോസരപ്പെടുത്താൻ മാത്രമെ അതിനു കഴിഞ്ഞുള്ളു. എന്നിട്ടും അതിനി

ടയ്ക്കു് കുപ്പൻ ചെറുക്കനോടെണീററുമണ്ടാൻ ഉറക്കെ വിളിച്ചാർത്തു. താമസി യാതെ ആ മൃഗം ചുറഞ്ഞു മറിഞ്ഞു. ആളും ജന്തുവും മേല്ക്കുമേലായിക്കിടന്നു മറിഞ്ഞൊരു ഭയങ്കരപ്പോരാട്ടം. അവരങ്ങിനെ കെട്ടിമറിയുന്നതിലിടയ്ക്കു്, കുപ്പൻെറ പിടിവിട്ടു. എന്നല്ല പുലി ചുമൽ കണക്കാക്കി പല്ലമത്തുകയും ചെയ്തു. സീനുവതാ ഓടിയടുക്കുന്നു. അവൻെറ മുത്തപ്പൻെറ അപകടസ്ഥിതി അവൻ കണ്ടു. നിലത്തുകിടന്നെരിയുന്ന ചൂട്ടവൻ ഏന്തിയെടുത്തു. കൂട്ടതലാ ളിക്കത്തിയ്ക്കാനായി ഉയത്തിയും താഴ്ത്തിയും വീശിക്കൊണ്ടു കുതിച്ചു. എന്നിട്ട തുകൊണ്ടു നേരെ ജന്തുവിൻെറ മോന്തയ്ക്കൊരു കുത്തും. പുലിയ്ക്കതു് വല്ലാത്തൊ രടിയായിപ്പോയി. ഒരു മോങ്ങലോടെ തൻെറ പിടി വിട്ടു് ഇരുംച്ചുരുളി ലേയ്ക്കു് ഓടി മറഞ്ഞു.

സീനുവിനാണെങ്കിൽ, പെട്ടെന്നു് പൊട്ടിമുളച്ച ധീരത, തനിയ്ക്കു മുന്നിൽ ക്കിടക്കുന്ന ഭയങ്കരരൂപം കണ്ടതോടെ അലിഞ്ഞുമാഞ്ഞു. നടുക്കംകൊണ്ടുറക്കെ ക്കരഞ്ഞും ദയ തോന്നിയും ചൂട്ടു വലിച്ചെറിഞ്ഞു ആ കൊച്ചൻ കിഴവൻെറ മേൽ വീണുകഴിഞ്ഞു.

മനസ്സിളക്കിമറിയ്ക്കുന്ന ആ രംഗത്തേയ്ക്കു് ചെറുപ്പക്കാരുടെ ഒരു സംഘം രാത്രിവേട്ടക്കാർ പ്രവഹിച്ചു. ഒരുല്ലാസാഘോഷത്തിന്നു് ആ വഴി ബസ്സിൽ ക്കടന്നു പോകുമ്പോഠംക്കേട്ട ബഹളമാണവരെ അങ്ങോട്ടാകഷിച്ചതു്. വെ ള്ളയും തവിട്ടും ചേന്ന ആ സെററിലേറെ മിലിട്ടറിക്കാരായിരുന്നു. അവരുടെ മേജർ പറഞ്ഞതുപോലെ, തൊട്ടടുത്തുള്ളൊരു സ്വകാര്യ റിസേർവിൽ ഒളിവേ ട്ടയും അതിലേറെ കുടിയും ബറാബറാക്കുകയായിരുന്നു അവർ. മേജറാണാ ദ്യം വന്നതു്. നിണമണിഞ്ഞു കിടക്കുന്ന കോലം കണ്ടു്, അദ്ദേഹം ഉച്ച ത്തിൽപ്പറഞ്ഞു :— "വരൂ, കോഫിൻ, നിങ്ങടെ സാമാനങ്ങളൊക്കെക്കൊ ണ്ട്ര്ൻ! ഇവിടെ ഓ രണ്ടു സാധുക്കഠം, നരിയോ എന്തെന്നറിഞ്ഞില്ല, ചവ ച്ചു് നാശാക്കിയിരിയ്ക്കുണ" ആർ. എ. എം. സിയിലെ ക്യാപ്ടൻ കോഫി നാണു് രണ്ടാമതു വന്നതു്. ഒന്നു നോക്കി അയാഠം ബസ്സിലേയ്ക്കു തിരിച്ചോടി. ഉടനെ ഒരു സഞ്ചിയുംകൊണ്ടു് മടങ്ങിവന്നു. ഒരു മോടിവിദ്യക്കാരനേപ്പോ ലെ അതിൽനിന്നയാഠം സൂചിയും നൂലും കൊടിലും ചവണയും—അങ്ങിനെ മററനവധി കുന്ത്രാണങ്ങഠം പുറത്തെടുത്തു. ബഹു ധൃതിയോടെ ചോര പുര ണ്ടു് ചെരിഞ്ഞു കിടക്കുന്ന കോലങ്ങളിൽ വേല തുടങ്ങി. തെറിച്ചു ചാടുന്ന രുധിരധമനികഠം കെട്ടിനിത്തി; തുറന്നു മലന്ന മുറിവുകളതിവേഗം തുന്നിക്കെ ട്ടി,—അങ്ങിനെയതെല്ലാം ചെയ്തു റെഡിയാക്കി. ഒരു ഡോക്ടൎക്കു മാത്രമേ

അതൊക്കെ കഴിയൂ. ഭാഗ്യംകെട്ട പേരായിട്ടും കേപ്ടൻ ജീവൻ രക്ഷിയ്ക്കുന്ന കാര്യത്തിൽ മഹാനായി. അതു കഴിയേണ്ട താമസം, കിഴവനേയും ചെക്കനേയും അവരുടെ കരിമ്പടത്തിൽ പൊതിഞ്ഞുകെട്ടി, വൈവാനുകളുംകൊണ്ടു്, ഈ പിച്ചന്മാരു് വന്നിറങ്ങിയ അതേ ബസ്സിലേയ്ക്കു് ഓടിക്കൊണ്ടുപോയി അവരെയവിടെ സീററിൽ കിടത്തിയതിനുശേഷം, മേജർ കല്പിച്ചു—"ശരി, എന്നാൽ നിങ്ങളിപ്പോൾ പൊയ്ക്കിൻ. അടുത്തുള്ള ആസ്പത്രിയിൽ അവരെ കൊണ്ടുപോയാക്കി മടങ്ങിവന്നു് വിവരം പറയണം." ക്യാപ്ടൻ മടമ്പു് 'ക്ലിക്' എന്നു് കൂട്ടിമീട്ടി സലാം കൊടുത്തു. അടുത്ത നിമിഷത്തിൽ ബസ്സതാ മറയുകയായി.

മേജർ തിരിഞ്ഞുനിന്നു ചോദിച്ചു: "എന്താ ഇനി ആ ക്രൂരനെ തിരയുകയല്ലെ, പ്രൊഫസർ! നിങ്ങൾ പറേണ, ഈ പ്രദേശം നിങ്ങളറിയുമെന്നു്. ഇവിടുത്തെ കിടപ്പും സമ്പ്രദായവുമൊക്കൊന്നു പറഞ്ഞു മനസ്സിലാക്കിത്തരിൻ." അതു കഴിഞ്ഞപ്പോൾ മേജർ വീണ്ടും ആജ്ഞാപിച്ചു,—"നിങ്ങളിൽ രണ്ടുപേർ വലത്തുഭാഗത്തു പോവിൻ, രണ്ടാളിടത്തോട്ടും. പ്രൊഫസ്സർ, താങ്കൾ രണ്ടുപേരേക്കൂട്ടി നടെപ്പറഞ്ഞ ആ 'ഫയർ ലൈൻ' പോയിക്കാത്തോളൂ. ബാക്കി നമുക്കെല്ലാം ആ പൊളിവിലേയ്ക്കു നടക്കാം. 'ദാ എതിർവെടി സൂക്ഷിയ്ക്കേ—ണേ!"

ആ പ്ലാൻ കൊണ്ടു നടത്തി. പക്ഷെ, കുണ്ഠിതത്തോടെ ഞാൻ പറയട്ടെ, ഒടുവിലൊരു ചുക്കും കിട്ടാതെ ഞങ്ങൾക്കു് റോട്ടിലേയ്ക്കു തിരിച്ചുവരേണ്ടിവന്നുവെന്നു്.

ഉദ്ദേശം പുലർച്ചെ നാലുമണിയ്ക്കു് കേപ്ടൺ തിരിച്ചെത്തി. വേണ്ട ഏർപ്പാടുകളെല്ലാം ചെയ്തിട്ടുണ്ടെന്നും രണ്ടു രോഗികൾക്കും സമാധാനമുണ്ടെന്നും റിപ്പോർട്ടുചെയ്തു.

വാസ്തവത്തിൽ, അവരതെല്ലാം മാറി രക്ഷപ്പെടുകയും ചെയ്തു. കുറച്ചു നാളുകൾക്ക ശേഷം പിന്നീടു ഞാനവരെ കണ്ടുമുട്ടുകയുണ്ടായി. കലശലായവടു രണ്ടാൾക്കും വീണിട്ടുണ്ടെന്നല്ലാതെ മററു യാതൊരു തകരാറുമില്ല. വയസ്സൻ ഇപ്പോളില്ല. എങ്കിലും, ചെറുക്കൻ ഞാനറിഞ്ഞേടത്തോളം, ഇന്നും നിതാന്തഘോരമായ ആ വിജനപ്രദേശത്തിരുന്നു പാത്രങ്ങൾ രൂപപ്പെടുത്തുകയായിരിയ്ക്കണം.

# സ്കൂൾനാടകങ്ങൾ

**നാ**ടകകലയെക്കുറിച്ചോ നാട്യശാസ്ത്രത്തെപ്പററിയോ ഞാനൊന്നും തന്നെ പറയാൻ ഭാവിക്കുന്നില്ല. അവയെപ്പററി വിവരവും കുറവാണ്. എന്നാൽ കുട്ടിക്കാലം തുടങ്ങി ഇന്നോളം കളിച്ചും കളിപ്പിച്ചും സ്കൂൾനാടകങ്ങളിൽ കുറഞ്ഞൊരു പരിചയം നേടിയിട്ടുണ്ടെന്നു പറയാം. സ്വന്തം അനുഭവം പഠിപ്പിച്ച ചില പാഠങ്ങൾ ഈ പ്രവൎത്തനത്തിലുത്സാഹിക്കുന്ന മററ് അധ്യാപകന്മാർക്ക് ഉപകരിച്ചെങ്കിലോ എന്നാണാശ. അതും ഇതും വേണം എന്നു പറയാനല്ല, ഇന്നതിന്നതു വേണ്ട എന്നു നിബ്ബന്ധിയ്ക്കാനാണ്താനും എനിക്കു തോന്നുന്നത്. തീർക്കാവുന്ന ഒരുപാടു പിഴകൾ, ഒഴിയ്ക്കാവുന്ന അനാവശ്യച്ചെലവുകൾ — അങ്ങനെ പലതും.

നാടകം തിരഞ്ഞെടുക്കുന്നതിനെപ്പററി പറയാനുണ്ട്. പക്ഷേ അതിനു മുമ്പ് അഭിനയത്തിൽനിന്നു തുടങ്ങാം.

നാടകമഭ്യസിയ്ക്കുന്നത് ഒരിയ്ക്കലും സ്കൂളിൽവെച്ചാകരുത്. വീട്ടിലോ സൗകര്യമുള്ള മറേറതെങ്കിലും സ്വകാര്യസ്ഥലത്തോവെച്ച്, ആവശ്യമുള്ളവരെ മാത്രം വരുത്തി വേണം പരിശീലനം നല്കുക. എന്താണിതിത്രയൊക്കെ രഹസ്യമാക്കി വെയ്ക്കാനുള്ളത് എന്ന് നിങ്ങൾ ചോദിയ്ക്കും. അതാണ് ഞാൻ പറയുന്നതും. രഹസ്യമാക്കി വെച്ചില്ലെങ്കിൽ മററു കുട്ടികൾ വന്നു ചുററും കൂടി കുഴപ്പങ്ങളുണ്ടാക്കും. നിത്യം കേട്ടു കേട്ട് അവർ സംഭാഷണങ്ങൾ മനപ്പാഠമാക്കുന്നതുമൂലം പ്രദർശനനാൾ പുതുമയമ്പേ നശിച്ചുപോകുന്നു. തന്നെയുമല്ല, ചിലപ്പോൾ രംഗത്തിൽ നടന്മാർ പറയേണ്ട വാചകങ്ങൾ മുൻകൂട്ടി മററു

കുട്ടികൾ വിളിച്ചുപറയുന്നതും ഉരുവിടുന്നതും നാടകത്തിന്നെത്രമാത്രം കേടായിരിയ്ക്കും എന്നൊന്നാലോചിച്ചുനോക്കുക. അന്നു് — വാർഷികോത്സവനാളായിരിയ്ക്കുമല്ലോ സ്കൂൾനാടകങ്ങളുടെ അവതരണം — പുറമെനിന്നു വരുന്ന അതിഥികൾക്കും രക്ഷിതാക്കന്മാർക്കും സ്കൂൾകുട്ടികൾക്കും അധ്യാപകന്മാർക്കും എല്ലാം ഒരു പുതുമ തോന്നിയില്ലെങ്കിൽ പോയി കാര്യം; നാടകം പരാജയപ്പെട്ടു. പലപ്പോഴും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു കാണുന്നില്ല. ഞാനെന്നും 'റിഹേഴ്സൽ' വീട്ടിൽവെച്ചേ നടത്താറുള്ളു. തന്മൂലം 'പുതുമ'യുടെ കാര്യത്തിൽ നൂറുശതമാനവും നേട്ടം കിട്ടാറുമുണ്ടു്.

ഏറെക്കുറെ ഏതു് സ്കൂളിന്റേയും ധനസ്ഥിതി മോശമായിരിയ്ക്കും. ഒരു വാർഷികദിനത്തിലെ വിനോദത്തിന്നായി മുന്നൂറോ നാനൂറോ ഉറുപ്പിക ചിലവിടാൻ എല്ലായ്പ്പോഴും സാധിച്ചെന്നു വരില്ല. അതുകൊണ്ടു് പൈസയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിയ്ക്കേണ്ടിയിരിയ്ക്കുന്നു. വലിയ ചെലവുവരുത്തുന്ന ഉടുപ്പുകളും കോപ്പുകളും അനാവശ്യമായ രംഗസംവിധാനവും സമ്പാദിയ്ക്കാൻ ശ്രമിച്ചു സ്വീപ്പാവരുതു്. എന്നാലൊരു കാര്യത്തിൽ നല്ലപോലെ ശ്രദ്ധിയ്ക്കുകയും വേണം. അതു് പരിശീലനക്കാലത്തു് കുട്ടികൾക്കു് നല്ല ഓരോ ചായയും ഒന്നു കടിയ്ക്കാനും കൊടുക്കേണ്ട കാര്യമാണു്. അവർ കൂലിയ്ക്കായി പ്രവൃത്തിയെടുക്കുന്നവരല്ല. നാലു മണി കഴിഞ്ഞതിനുശേഷം രണ്ടോ മൂന്നോ മണിക്കൂർ നിന്നു തുള്ളുകയും വേണം. "വീട്ടിൽപ്പോയി ചായ കുടിച്ചു വരൂ" എന്ന ഭംഗിവാക്കു പറഞ്ഞയയ്ക്കുന്നതു കഷ്ടമത്രേ. അവൎക്കീയൊരു സഹായം നമ്മൾ തന്നെ ചെയ്തുകൊടുക്കേണ്ടിയിരിയ്ക്കുന്നു.

പത്തോ പന്ത്രണ്ടോ കുട്ടികളുണ്ടെന്നു വിചാരിയ്ക്കുക. ഓരോരുത്തന്നു മുമ്മൂന്നണകണ്ടു കണക്കാക്കിയെങ്കിലും ചെലവിടേണ്ടതു ധൎമ്മമാണു്. നമ്മെ ഈ ജോലിയേല്പിയ്ക്കുന്ന ഭാരവാഹികൾ "എന്തു വേണമെങ്കിലും ചെലവിട്ടോളൂ, അതു നമുക്കു ശരിയാക്കാം" എന്നെല്ലാം വളരെ മധുരമായിപ്പറയും, ധൈര്യപ്പെടുത്തും. എന്നാൽ കാര്യം കഴിഞ്ഞു ബില്ലു കൊടുത്താൽ അവരുടെ ഭാവമൊന്നു കാണേണ്ടതാണു്. ധനകാര്യമന്ത്രിയും അക്കൗണ്ടന്റ് ജനറലും ഒന്നും സാരമില്ല. അത്യുഗ്രമായ ഔദ്യോഗികഗൗരവത്തോടെ നമ്മുടെ കണക്കവർ വെട്ടിക്കുറച്ചു പകുതിയോ അതിൽ പകുതിയോ ആക്കിയേയ്ക്കും. ബാക്കിയുള്ളതു് സഹിയ്ക്കാൻ, പലതും സഹിച്ചുപോരുന്ന അധ്യാപകൻതന്നെ തെയ്യാറാകേണ്ടിയും വരും. ആരു നഷ്ടം സഹിച്ചാലും, ലോഭം കാണിയ്ക്കാൻ പാടില്ലാത്തൊരിനമത്രേ ഇതു്.

മുമ്പൊക്കെ മൂന്നാംഫോറത്തിലെ കുട്ടികരംകൂടി 'വെനീസ്സിലെ വത്ത കൻ' എന്ന നാടകത്തിലെ കോടതിരംഗം, 'ജൂലിയസ് സീസറി'ലുള്ള അന്തോ ണിയുടെ പ്രസംഗം — ഈ മാതിരി കഠിനദൃശ്യങ്ങരം പ്രദശിപ്പിയ്ക്കുക പതി വായിരുന്നു. ഇന്നത്തരം കുട്ടികരംക്ക് ഇംഗ്ലീഷൊട്ടുമില്ലാത്തതുകൊണ്ടാവാം, ആ മാതിരി ദൃശ്യങ്ങളിൽ വലിയ നിബ്ബന്ധം കാണുന്നില്ല. എന്നാലും വലിയ കോളേജുകളിൽ ഇപ്പോഴും ഷേക്‌സ്പിയർ, ഷാ തുടങ്ങിയ നാടകകൃത്തുക്കളുടെ കൃതികരം ആണ്ടുതോറും ഒന്നെങ്കിലുമവതരിപ്പിയ്ക്കുന്നതു് ഒരു ചടങ്ങാണ്. ഇതി ൻെറയെല്ലാം ഫലം ഏറെയൊന്നും മെച്ചപ്പെട്ടതല്ലെന്നാണ് എൻെറ അനു ഭവം.

ഷേക്‌സ്പിയറെപ്പററിയാണെങ്കിൽ, അദ്ദേഹം നാനൂറു കൊല്ലങ്ങരംക്കു മുമ്പുള്ള ഇംഗ്ലീഷിലാണെഴുതിയിട്ടുള്ളതു്. അതിന്നുശേഷം വന്ന ഭാഷാപരി ണാമമൊരിടത്തു്, അദ്ദേഹത്തിൻെറ സ്വന്തമായ പ്രയോഗരീതികരം മറെറാരി ടത്തു് — രണ്ടുംകൂടിയായാൽ ആ ഭാഷ ഇന്നു മറേറതോ ലോകത്തിൽനിന്നു വരുന്ന ഒരശരീരി പോലെയത്രെ. നാടകങ്ങളിലെ മുഖ്യരസനിദാനം പാത്ര ങ്ങളുടെ സംഭാഷണമാണല്ലൊ. അതു മനസ്സിലാകണമെങ്കിൽ ഇന്നിപ്പോരം ഒരു പ്രൊഫസറുടേയൊ വ്യാഖ്യാതാവിൻേറയൊ സഹായമില്ലാതെ കഴിയുക യില്ല. ഒരു കാര്യം സമ്മതിയ്ക്കാം : പ്രൊഫസർമാരും വ്യാഖ്യാതാക്കളും നാടകം മനസ്സിലാക്കാൻ സഹായിയ്ക്കുന്നതിലെത്രയോ ഇരട്ടി സഹായിയ്ക്കും അതിൻെറ ഒരഭിനയം. പക്ഷേ, അപ്പോഴേയ്ക്കുതു പത്തോ പതിനഞ്ചോ കുട്ടികളെ മാത്രം ബാധിയ്ക്കുന്ന കാര്യമാവും. പുറമേനിന്നു നാടകം കാണാൻ വരുന്നവർ, ആപ്പീ സ്സിൽനിന്നോ കോടതിയിൽനിന്നോ അഞ്ചുമണിയ്ക്കെത്തുന്നതിന്നുമുമ്പ്, വ്യാക രണം, പദപ്രയോഗം തുടങ്ങി ഷേക്‌സ്പിയർനാടകങ്ങളിലെ എല്ലാം നല്ലപോ ലെ ധരിയ്ക്കുമാറു പഠിച്ചുവരിക സാധ്യമല്ലല്ലൊ. ഒടുവിൽ കുട്ടികളെന്തോ ചിലതു പറഞ്ഞുപോകുന്നുവെന്നല്ലാതെ, നാടകത്തിൻെറ മാധുര്യമോ മാഹാ ത്മ്യമോ ആസ്വദിയ്ക്കാൻ അവക്കു കഴിയാതെ പോകുന്നു. പരിചയമുള്ള ഒരു രംഗമായാൽക്കൂടി അതിലെ സംഭാഷണത്തിൻെറ ഫലിതം അവക്കു മുഴുവൻ ആസ്വദിയ്ക്കാൻ സാധിച്ചെന്നുവരില്ല. അങ്ങിനെയിരിയ്ക്കുന്നു കാര്യം.

ഷാ തുടങ്ങിയവരെ എടുക്കുകയാണെങ്കിലും ഫലം ബോറടിതന്നെയാ ണ്. ഒന്നാമതു, യൂറോപ്യൻ ജീവിതതാല്പര്യങ്ങളെ ആസ്പദിച്ചാണ് ആ നാട കങ്ങരം നില്ക്കുന്നത്. ഭാഷാപരിചയവും ഇംഗ്ലീഷുകാരുമായുള്ള ഇടപഴക്കവും പിന്നെപ്പിന്നെ കുറഞ്ഞുവരുന്ന നമുക്ക് ഈ താല്പര്യങ്ങരം മനസ്സിലാക്കുക സാ

ധ്യമല്ല. പോരെങ്കിൽ, ഇംഗ്ലീഷിനോടാകെ ഒരു വെറുപ്പു ബാധിച്ചിട്ടുള്ളതു വൎദ്ധിയ്ക്കുകയുമാണ് ഈയിടെയായിട്ട്. അപ്പോൾ ഒരു ചടങ്ങിൻെറ പേരിൽ രണ്ടോ അതിലധികമോ മണിക്കൂറുകൾ എന്തിനു നഷ്ടപ്പെടുത്തണം?

എനിയ്ക്കിതു ബോദ്ധ്യമായിട്ടു വളരെക്കാലമായിരിയ്ക്കുന്നു. തൊള്ളായിരത്തിമുപ്പത്തഞ്ചിലാണ് ഒടുവിൽ ഞാനൊരു ഷേക്സ്പിയർനാടകം ആസൂത്രണംചെയ്തത് എല്ലാവൎക്കും പരിചയമുള്ള 'ജൂലിയസ് സീസർ' ആയിരുന്നു നാടകം. കഴിവുകൾ തികഞ്ഞ ഒരു സെററ് കുട്ടികളേയും കിട്ടി അന്ന്. നാടകം നടന്നുകൊണ്ടിരിയ്ക്കുമ്പോൾത്തന്നെ, കാണികളായി വന്നുചേൎന്നിരുന്ന വെള്ളക്കാർ — സ്ത്രീകളും പുരുഷന്മാരും — ഇടനേരത്ത് അണിയറയിൽ വന്ന് ഓരോരുത്തരുടേയും അഭിനയത്തെപ്പററി സ്തുതിച്ചുകൊണ്ടിരുന്നു. റെററ്-ഓണറബിൾ ശ്രീനിവാസശാസ്ത്രിയായിരുന്നു അന്നദ്ധ്യക്ഷൻ. അദ്ദേഹവും തൻെറ ഉപസംഹാരപ്രസംഗത്തിൽ കുട്ടികളെ വളരെ ശ്ലാഘിയ്ക്കുന്നതു കേട്ടു. ഇതെല്ലാം ഞങ്ങൾക്കാവേശവും ആനന്ദവും നൽകി.

എങ്കിലും മറെറാരു സംഭവംകൂടി നടന്നു ഇതിനിടെ. അതെന്താണെന്നല്ലേ? രണ്ടു മൂന്നു പൌരമുഖ്യന്മാർ — പഠിപ്പും പദവിയുമുള്ളവർതന്നെ — അണിയറയിൽ വന്നു പറഞ്ഞു: "ഞങ്ങൾ ശാസ്ത്രിയുടെ പ്രസംഗം കേൾക്കാനാണ് വന്നത്. കുട്ടികളുടെ കോമാളിത്തം കാണാനല്ല. ഇതൊന്നു നിൎത്തു."

'നിൎത്താനെനിയ്ക്കധികാരമില്ലെന്നും, ശാസ്ത്രികളുടെ ഊഴം വരുംവരെ തളിക്കുളത്തിൻെറ വക്കത്തു പോയി നാലുചാൽ നടന്നു വരികയാണ് നല്ലതെ'ന്നും മററും മറുപടിയിൽ ഞാനും ഒട്ടും കുറച്ചില്ലെങ്കിലും എനിയ്ക്കു കാൎയ്യം നല്ലപോലെ ബോദ്ധ്യപ്പെട്ടു. പുറത്തേയ്ക്കു തലയിട്ടു കാണികളെ ശ്രദ്ധിച്ചൊന്നു നോക്കിയപ്പോൾ സംശയങ്ങളെല്ലാം തീൎന്നു. അധികപേരും തൊള്ള തുറന്നു കോട്ടുവായിട്ടിരിയ്ക്കുന്നതാണ് കണ്ടത്. അവൎക്കെന്തു ജൂലിയസ് സീസർ? എന്തു ഷേക്സ്പിയർ?

പിറേറക്കൊല്ലം തുടങ്ങി മലയാളനാടകങ്ങളാക്കി. ഈ. വി. കൃഷ്ണപ്പിള്ളയുടെ 'ആരാൻെറ കുട്ടി'യാണാദ്യം അരങ്ങേററിയത്. കാണികൾക്കാൎക്കുമില്ല ഒരു മടുപ്പും. പിന്നെ ചെറിയ മട്ടിൽ ഞാൻതന്നെ ചിലതു പ്രയോഗിച്ചു നോക്കിത്തുടങ്ങി. അതിൽപ്പിന്നെ ഒരു പതിനഞ്ചുകൊല്ലം വാൎഷികയോഗത്തിലെ നാടകം സൎവ്വവിജയമായിരുന്നു.

അല്ലെങ്കിലും, കാണികളെ കുററം പറഞ്ഞിട്ടു യാതൊരു കാൎയ്യവുമില്ല. ഭാഷാപരിചയം നാൾക്കുനാൾ നശിച്ചു വരികയാണ്. പിന്നെ, കാൎയ്യം

മനസ്സിലാകാതെ വല്ല ആസ്വാദനവും സാധിയ്ക്കുമോ? നാടകനടന്മാരേയും ഇതു ബാധിയ്ക്കാൻ തുടങ്ങിയിട്ടു കാലം കുറച്ചായി. അർത്ഥം ഗ്രഹിയ്ക്കാതെയാണ് അവർ വാക്കുച്ചരിയ്ക്കുന്നതെന്ന് അവരുടെ 'ചുക്കുമോ—ളകുതി—പ്പലി' യിൽനിന്നു മനസ്സിലാക്കാം. ഉച്ചാരണപ്പിഴവുകളും ഭയങ്കരം. ചുരുക്കത്തിൽ, ആളുകൾക്ക് ഇംഗ്ലീഷുനാടകങ്ങളിൽ ഇഷ്ടമോ താല്പര്യമോ ഇല്ലാതായിട്ടുതന്നെ കൊല്ലങ്ങളായി. പിന്നെ എന്തിനാണ് ഇംഗ്ലീഷു വേണ്ടാത്തവരുടെ മുഖത്ത് അതു വെച്ചുരയ്ക്കുന്നത്? നമുക്കതു് സധൈര്യം ഉപേക്ഷിയ്ക്കാം.

ഒരു നാടകംകൊണ്ടു മാത്രം എന്നാലും നമ്മുടെ സ്കൂളുകൾക്കു തൃപ്തി വരാറില്ല. മൂന്നും നാലും നാടകങ്ങൾ ഒരു ദിവസംതന്നെ അവതരിപ്പിച്ച് അവർ ആളുകളെ കഷ്ടപ്പെടുത്തും. സർവ്വരാഷ്ട്രഭാഷ എന്ന നിലയ്ക്ക് ഇംഗ്ലീഷ്, മാതൃഭാഷ എന്ന നിലയ്ക്കു മലയാളം, രാഷ്ട്രഭാഷയാകാൻ പോകുന്നു എന്ന നിലയ്ക്കു ഹിന്ദി ഇങ്ങിനെ മൂന്നെണ്ണം എവിടേയും പതിവുണ്ട്. ഇതിന്നു പുറമേയാണ് പൂർവ്വഭാഷ എന്ന നിലയ്ക്കു സംസ്കൃതം ചില സ്കൂളുകളിൽ അരങ്ങത്തു വരുന്നത്. പാലക്കാട്ടെ ചില സ്കൂളുകളിൽ അഭിമാന ഭാഷയായി തമിഴനാടകവും ഉൾപ്പെടുത്താറുണ്ട്. നല്ല തമിഴറികയില്ല. എന്നാലും വേണ്ടില്ല, വഷളൻ തമിഴെങ്കിൽ വഷളൻ, ഒന്നു കൊണ്ടുനടത്തും. എന്തിനാണിവയൊക്കെ കൂടി?

സ്കൂളിലേയ്ക്ക് ഒരു കോപ്പ ചായയോമറ്റോ കഴിച്ചാവും, ചിലർക്കതിനും നേരം കിട്ടിയിട്ടുണ്ടാവില്ല, കാണികൾ വരുന്നത്. ഇവർക്ക് ഊണും ഉറക്കവും ഒന്നും വേണ്ടതല്ലേ? നടുക്കുവെച്ച് ഒരു സദ്യ കൊടുക്കാമെങ്കിൽ നന്നായിരിയ്ക്കും. ഇതു സാധിയ്ക്കാഞ്ഞിട്ടാവാം, ചില നാടൻ സ്കൂളുകളിൽ സമ്മാനദാനവും ഉപക്രമപ്രസംഗവും മററും കഴിഞ്ഞതിനുശേഷം സാദരം ഊണിന്നു വിട്ടയച്ചു വീണ്ടും രണ്ടു മണിക്കൂർ കഴിഞ്ഞ് വിവിധവിനോദപരിപാടിയാരംഭിയ്ക്കുന്നത്. മററു വിനോദങ്ങളില്ലാത്ത ഗ്രാമങ്ങളിൽ, ഒരു പക്ഷേ, സ്കൂൾ നാടകങ്ങൾ ദീർഘിപ്പിയ്ക്കുന്നതാവാം കാണികൾക്കിഷ്ടം. എന്നാലും എത്രത്തോളം നീട്ടാം? കഥകളിയെപ്പോലെ രാത്രി മുഴവനുമോ?

ഹിന്ദിയുടെ കാര്യം ഓർക്കുമ്പോൾത്തന്നെ സങ്കടം തോന്നുന്നു. കാണികളിൽ മുക്കാലേ അരയ്ക്കാലും പേർക്ക് ഹിന്ദി വിവരമില്ല. നടന്മാർതന്നെ മലയാളത്തിലെഴുതി മനപ്പാഠമാക്കിയുച്ചരിയ്ക്കുന്നതും കണ്ടിട്ടുണ്ട്. ഹിന്ദിയ്ക്കു ഞാനെതിരല്ല. എങ്കിലും, രാഷ്ട്രഭാഷയായിത്തീരുംവരെ സാമാന്യം ആളുകൾക്കതു ബോറായിത്തീരാനേ വഴിയുള്ളു. നടന്മാരുടെ ഉച്ചാരണഭായങ്കര്യം കേട്ടു നടുങ്ങാം വേണമെങ്കിൽ.

ഒരിയ്ക്കൽ ഒരു നേരമ്പോക്കുണ്ടായി. ഹിന്ദിനാടകം കണ്ടുകൊണ്ടിരിയ്ക്കു കയായിരുന്നു ഞാൻ. യുദ്ധത്തിൽ തോററു തുലഞ്ഞു് സകലതും നശിച്ച ഒരു രാജാവു് വഴിവക്കിലിരുന്നു തൻെറ ദുരവസ്ഥയെപ്പററി വിലപിയ്ക്കുകയാണു്. വാക്കുകളിതായിരുന്നു: 'ഇസ് മുവഫിക് നസീബ് കിസികോ അബ് തക് നഹിംആയാ. ഖുദാനേ മുഝെ ഛോഡ് ദിയാ ഔർ ദുനിയാനേ മുഝെ ഛോഡ് ദിയാ'. കണ്ണീരിൽക്കുതിന്ന ഈ ദീന രോദനം നടൻ ഉച്ചത്തിൽ ലഹളപാടിക്കൊണ്ടട്ടഹസിയ്ക്കുന്നതു കേൾക്കുമ്പോൾ അതിൻെറ അൎത്ഥം 'പട ച്ചവനേയും ദുനിയാവിനേയും ഇങ്ങു പിടിച്ചുകൊണ്ടുവാ' എന്നാണോ എന്നു തോന്നി.

"അതു കുറേ സൌമ്യമായി ഉച്ചരിയ്ക്കേണ്ടതല്ലേ, മാഷ്ഷേ?" ഞാൻ ചോദിച്ചു, നാടകം കഴിഞ്ഞപ്പോൾ.

"അതെങ്ങനെ സേർ? ഹിന്ദിയല്ലെ? കഠിനസ്വരങ്ങളല്ലാതെ വരിക യില്ലല്ലോ" എനിയ്ക്കുത്തരവും കിട്ടി.

"ഹിന്ദിക്കാരുടെയിടയിൽ രോദനവും ആജ്ഞാസ്വരത്തിലാണോ?" എന്നെനിയ്ക്കു ചോദിയ്ക്കാൻ തോന്നാഞ്ഞിട്ടല്ല, ചോദിച്ചില്ലെന്നേയുള്ളു. ഏതാ യാലും ആഭാസങ്ങൾ വരുത്തി മനസ്സിലാവാത്ത ഭാഷയിൽ കുട്ടികളെയിട്ടു ശിങ്കു കളിപ്പിയ്ക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കണം.

എന്തിനധികം? ഒന്നു മതി നാടകം. അതു മലയാളത്തിലാണെങ്കിൽ നല്ലതു്. രണ്ടു മണിക്കൂറിലധികം ഒട്ടു നീളുകയും വേണ്ട. കുട്ടികളെക്കൊണ്ടഭി നയിപ്പിയ്ക്കുമ്പോൾ കണ്ണീരിൽ മുക്കിയ ദുരന്ത നാടകങ്ങളല്ല നല്ലത്. ഒന്നാമ തായി അവക്കു് ഇത്രയും അഗാധവികാരങ്ങൾ ഉൾക്കൊണ്ടു ശീലമുണ്ടാവില്ല. അതുകൊണ്ടുതന്നെ പ്രദൎശിപ്പിയ്ക്കാൻ വലിയ വിഷമമുണ്ടാകയും ചെയ്യും. ഭയ ങ്കര കഥകളരങ്ങേററി കാണികളെ കോട്ടുവായിട്ടു കൊല്ലിയ്ക്കുന്നതിനേക്കാൾ വലിയ ട്രാജഡി മറെറന്താണു്? ഹൃദയവും ആമാശയവും പിഴിഞ്ഞു് രക്ത ത്തെ അശ്രുക്കളാക്കി മാററാൻ ശ്രമിയ്ക്കാതെ, നമ്മുടെ ചുററുപാടും നിത്യജീവി തത്തിൽക്കാണുന്ന രസികത്തവും സൌന്ദൎയ്യവും മുററി നില്ക്കുന്ന സന്ദൎഭങ്ങളെ ടുത്തു് ആളുകളെ ചിരിപ്പിക്കാൻ ശ്രമിച്ചോളൂ. പരമരസികന്മാരും അരമുഷിപ്പ ന്മാരുമായ എത്രയെത്ര ടൈപ്പുകളുണ്ടു് നമ്മുടെയിടയിൽ? അവർ വരട്ടെ സ്റ്റേജിൽ. അഭിനയത്തിൽ കുറച്ചൊക്കെ പിഴച്ചാൽപ്പോലും അപകടമില്ല. ഒരൊന്നൊന്നര മണിക്കൂർ ക്ഷണിച്ചുവരുത്തിയ വിരുന്നുകാരെ ചിരിപ്പിച്ചുയ യ്ക്കാൻ സാധിച്ചാൽ, അതല്ലെ നല്ലത്?

വാഷികോത്സവങ്ങളിൽ അദ്ധ്യക്ഷപ്രസംഗവും റിപ്പോർട്ടും സമ്മാനദാനവും നാടകവും നന്ദിപ്രകടനവും എല്ലാംകൂടി ഒരൊമ്പതൊമ്പതരയ്ക്കു കഴിയണം. പിരിഞ്ഞുപോകുമ്പോൾ ആളുകൾ ചിരിച്ചും ആഹ്ലാദിച്ചും പോകണം. അതാകണം സ്കൂൾനാടകങ്ങളുടെ ലക്ഷ്യം.

നമ്മുടെ സ്കൂളുകളിൽ നടന്മാരെ തിരഞ്ഞെടുക്കൽ എൻെറ അനുഭവം വെച്ചുപറയുമ്പോൾ ഒരു ബുദ്ധിമുട്ടമില്ലാത്ത പണിയാണ്. ഏതു കുട്ടിയ്ക്കും മിയ്ക്കവാറും ഏതു വേഷവുമെടുത്തു വിജയലക്ഷ്മിയെ കൈവരിയ്ക്കാനുള്ള കഴിവുണ്ട്. അഥവാ വല്ല കുട്ടിയ്ക്കും തെല്ല പോരായ്മയോ തരക്കേടോ ഉണ്ടെങ്കിലത് ഒന്നുരണ്ടു ദിവസത്തെ പരിശീലനത്തിനുള്ളിൽ പുറത്തു വരികയും ചെയ്യും. അപ്പോൾ മാറി വേറൊരു കുട്ടിയെ എടുക്കയുമാവാം.

നിഷ്കഷ്യധികം വേണ്ടത് പെൺവേഷത്തിലാണ്. മുഖപ്രകൃതി, കണ്ഠമാധുര്യം ഇവ രണ്ടും ശരിയായില്ലെങ്കിൽ പിന്നെ ഒരു മേക്കപ്പുകാരൻ മിനക്കെട്ടിട്ടും ഗുണമില്ല. സ്കൂളുകളിൽ ഇക്കാര്യത്തിലും പിഴവു പറേറണ്ട സന്ദർഭമില്ല. നാലാംഫോറം, മൂന്നാംഫോറം ഈ ക്ലാസ്സുകളിലേയ്ക്കു കടന്നാൽ സ്ത്രീകളേക്കാൾ സ്ത്രീത്വവും ചന്തവും ഉള്ള മുഖവും മധുരമായ ശബ്ദവുമുള്ള കുട്ടികളെ എത്രയെങ്കിലും കിട്ടും. താടി വടിച്ചാൽ കുററി കാണാത്ത മുഖമാണെങ്കിലോ, മേക്കപ്പിന്നു വളരെ എളുപ്പമായി. കുട്ടിത്തേപ്പുകൾക്കു ശ്രമിയ്ക്കരുത്. അതിളകിയൊലിച്ചു നാശമായേയ്ക്കാം. ലേശായിട്ടുവേണം നിറം നല്കുന്നതു്. വെള്ളക്കാരിയുടെ മുഖംപോലെ വെള്ളയടിക്കാതിരിയ്ക്കാൻ ശ്രദ്ധിയ്ക്കണം. ഇംഗ്ലീഷ് ചായങ്ങളുപയോഗിയ്ക്കുമ്പോൾ അങ്ങിനെ പററാൻ എളുപ്പമുള്ളതുകൊണ്ടാണതെടുത്തുപറയുന്നതു്. വെള്ളച്ചായത്തിൽ കുറച്ചു മഞ്ഞപ്പൗഡറുംകൂടി ചേർത്താൽ നമ്മുടെ നാട്ടിൻെറ സൌന്ദര്യം പ്രകാശിപ്പിയ്ക്കുന്ന തനിത്തങ്കനിറം കിട്ടും.

മേക്കപ്പിൽ ഇന്നു് വിദഗ്ദ്ധന്മാരെത്രയെങ്കിലുമുണ്ട്. റെഡിമെയിഡ് വേഷക്കോപ്പുകളും കിട്ടും ധാരാളം. അതുകൊണ്ട് വളരെയൊന്നും അതേപ്പററി പറയുന്നില്ല, വേഷത്തിൽ ശ്രദ്ധവെയ്ക്കണമെന്നല്ലാതെ. വേഷം ശരിയായില്ല എന്നു് കുട്ടിയ്ക്കു തോന്നിയാൽ അവൻെറ അഭിനയം ആകെ താറുമാറാകും. അതുകൊണ്ടു് വേഷം കെട്ടിക്കണ്ടാൽ കെട്ടിയവക്കു തികച്ചും തൃപ്തിയാവണം.

വളൎന്നു മുതിൎന്ന പെൺകുട്ടികളെക്കൊണ്ടു നാടകമഭിനയിപ്പിയ്ക്കുന്നതു് ആവുന്നത്ര വേണ്ടെന്നു വെയ്ക്കുന്നതാണ് നല്ലതു്. യൗവനയുക്തകളായ സ്ത്രീകളും നാടകവും തമ്മിൽ വലിയ യോജിപ്പില്ല. താടിയും മീശയും തലേക്കെ

ട്ടുംവെച്ച് വാളും പരിചയും കയ്യിലേന്തി ഷാജഹാനും ശിവാജിയുമായി കെട്ടിത്തുള്ളാൻ കുട്ടികൾക്കുള്ള മോഹം കലശലാണുതാനും. കുയിൽനാദവും, ആവേശത്തിലവർ മറന്നാലും കാണികൾക്ക മറക്കാൻ നിവൃത്തിയില്ലാത്തവിധം മുഴച്ചുനില്ക്കുന്ന പ്രത്യേകതകളും, ഒരു വല്ലാത്ത ഭാവമാണ് നാടകത്തിന്നു നല്കുന്നതു്. അരങ്ങത്തായുധപ്രയോഗമോ മറേറാ വേണ്ടിവന്നാൽ ആപത്തായി. ഒരു കല്ലെടുത്തു മാങ്ങയ്ക്കെറിയാനോ, കൈ നല്ലപോലെ പൊക്കി, മാററാനെ ആഞ്ഞൊന്നു ബീക്ഷവാനോ സ്വതവേ വയ്യാത്ത മട്ടിലാണ് ദൈവം അവരെ സൃഷ്ടിച്ചിട്ടുള്ളതു്. അങ്ങിനെയിരിയ്ക്കെ ഒരടികലശലോ യുദ്ധമോ സ്റ്റേജിൽ വെച്ചു വേണ്ടിവന്നാലത്തെ കഥ പറയുകയും വേണ്ട. ഉള്ളതുപറഞ്ഞാൽ പെൺകുട്ടികളുടെ നാടകം ഇന്നും എൻെറ സ്മരണയിൽ ഒരു ദുസ്വപ്നമാണ്.

ആൺകുട്ടികളും പെൺകുട്ടികളും ചേൎന്നഭിനയിയ്ക്കുന്നതും എൻെറ അഭിപ്രായത്തിൽ ഇത്തിരി അങ്ങനെയാണ്. ഒന്നിനു മാത്രം പോന്നവർ ഒന്നിച്ചഭിനയിയ്ക്കുമ്പോൾ വൈഷമ്യങ്ങൾ കൂടാതെ കഴിയ്ക്കാം. അതുപോലെയല്ലല്ലോ ബുദ്ധിയുറച്ചുകഴിഞ്ഞിട്ടില്ലാത്ത സ്ത്രീകൾക്കുട്ടികൾ. സ്ത്രീപ്പാർട്ടുകളിൽക്കൂടി സ്ത്രീകളെ അതിശയിയ്ക്കുന്ന ആൺകുട്ടികളുണ്ടല്ലോ ധാരാളം. ഷേക്സ്പിയറുടെ കാലത്തു യൂറോപ്പിൽ ആൺകുട്ടികളാണ് പെൺവേഷമെടുത്തിരുന്നതു്. അവരെ പ്രശംസിച്ചുകൊണ്ടുള്ള അദ്ദേഹത്തിൻെറ പ്രസ്താവനകളും കേട്ടിട്ടുണ്ട്. പതിനെട്ടാംനൂററാണ്ടു തുടങ്ങി സ്ത്രീകൾതന്നെ അവരുടെ ഭാഗം അഭിനയിയ്ക്കാൻ തുടങ്ങിയെന്നും, അവർ വലിയ വിജയം നേടിയിട്ടുണ്ടെന്നും പറയപ്പെടുന്നു. ഇന്ത്യയെപ്പററിപ്പറഞ്ഞാൽ, ഇന്നിക്കാണുന്ന സിനിമാ_നാടകങ്ങൾ മറെറാരഭിപ്രായമാണ് എൻെറ ഉള്ളിലുണ്ടാക്കിയിട്ടുള്ളതു്. സ്ത്രീ നാടകങ്ങളിലേതായാലും കൂട്ടഭിനയം വേണ്ടെന്നാണ് ഞാൻ പറയുക.

നാടകനടീനടന്മാരെത്തിരഞ്ഞെടുത്താൽ പിന്നെ വേണ്ടതു പരിശീലനമാണല്ലോ. ആദ്യന്തം ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ് സ്റ്റേജ്. അതിൻെറ മുഖം എങ്ങോട്ടു തിരിഞ്ഞായിരിയ്ക്കുമെന്നു് അധ്യാപകന്മാൎക്ക വിവരമുണ്ടാകുമല്ലോ. കിഴക്കോട്ടാണ് മുഖമെങ്കിൽ പരിശീലിപ്പിയ്ക്കുന്നതും കുട്ടികളെ കിഴക്കോട്ടു തിരിച്ചുനിർത്തി വേണം. അല്ലെങ്കിൽ അന്നു രാത്രി പ്രവേശനം, ഇരിപ്പ്, നില്പ് ഇതെല്ലാം പിഴച്ചാകെയൊരു 'കപകുപ'യായിത്തീരും.

രംഗത്തിൽ ഒരാൾ വല്ലതും പറയുമ്പോൾ മററുള്ളവർ അതിൽ യാതൊരു താല്പൎയ്യവുമില്ലാത്ത മട്ടിൽ കാണികളെ തുറിച്ചു നോക്കിക്കൊണ്ടു നില്ക്കുകയും,

ഊഴം വന്നാൽ പെട്ടെന്നു ഞെട്ടിയുണർന്ന് സംഭാഷണം അടിച്ചുകാച്ചുകയും ചെയ്യുന്നതു് കണ്ടിട്ടുണ്ട്. നേരത്തെക്കൂട്ടിനോക്കേണ്ടൊരു കാര്യമാണിതു്. സംസാരിയ്ക്കുന്ന പാത്രത്തോടാനുകൂല്യമോ എതിർപ്പോ എന്തായാലും അതു് രംഗത്തുള്ള മററുള്ള നടീനടന്മാരിലും പ്രകടമാവണം. അതിന്നുവേണ്ട ചലനങ്ങളും ചേഷ്ടകളും അവർ കാണിച്ചേ പററൂ. അല്ലാത്തപക്ഷം സംഭാഷണം പോയി എല്ലാം മുറിയൻപ്രസംഗങ്ങളായിത്തീരും. ഇതെങ്ങിനെ നിർവ്വഹിയ്ക്കാമെന്നു ചോദിച്ചാൽ പറയാൻ വയ്യ. അതു് പഠിപ്പിയ്ക്കുന്ന ആളുടെ—സംവിധായകൻെറ—യുക്തിയ്ക്കും മനോധർമ്മത്തിന്നും വിടാനേ നിവൃത്തിയുള്ളു. ഏതായാലും രംഗത്തെ സംഭവങ്ങളിൽ അവിടെയുള്ളവർക്കെല്ലാം സുവ്യക്തമായ പങ്കു വേണം.

അഭിനയത്തിൽ, കയ്യും കാലും കുട്ടികൾക്കു വലിയ പ്രാരബ്ധവും പ്രതിബന്ധവുമാണ്. നിൽക്കേണ്ടതെങ്ങിനെയാണ്, കൈകൾകൊണ്ടെന്തു കാട്ടണം, എന്നൊന്നും വിവരമില്ലാതെ ആഭാസങ്ങൾ ഓരോന്നു കാട്ടിക്കൂട്ടും. അവരതറിഞ്ഞുകൊണ്ടു ചെയ്യുന്നതല്ല. ഒരു കാൽ മുന്നോട്ടുന്തി അരയ്ക്കു കൈവെച്ചു പടകളിയ്ക്കു നില്ക്കുമ്പോലെ നിൽക്കും ചിലർ. കയ്യിൻെറ മുട്ടിനു കീഴ്പ്പോട്ടു മാത്രമേ വേറെ ചിലക്ക് ചലനമുള്ളു. ഇവയാദ്യമേ ശരിപ്പെടുത്തി പോന്നില്ലെങ്കിൽ വഷളാവും. എന്തുതന്നെയായാലും കൈകാലുകൾ നിയന്ത്രിയ്ക്കാൻ ആവാത്ത കുട്ടികൾ 'കസേരയിൽ ഇരുന്നുകൊണ്ടു പ്രവേശിയ്ക്കുന്ന'താവും നല്ലതു്. പറയുന്ന വാക്യങ്ങൾക്കനുയോജ്യമായ ആംഗ്യങ്ങൾ അപ്പപ്പോൾതന്നെ പഠിപ്പിച്ചാൽ ഈ വൈഷമ്യങ്ങൾ ഒന്നും വരികയില്ല. ഇതുപോലെയാണ് സംഭാഷണരീതിയും. ക്ലാസ്സിൽ ടെക്സ്റ്റ്ബുക്കുകൾ വായിയ്ക്കുമ്പോലെ വേദനയോടെ പുറത്തു വരേണ്ടതല്ല നാടകഭാഷ. അതു വീട്ടിൽപ്പറയുന്നപോലെ, നാം സദാ സംസാരിയ്ക്കാറുള്ളതുതന്നെയാവണം.

പ്രേമമില്ലാതെ നാടകം പൂർത്തിയാവില്ലെന്നാണ് പലരുടേയും ധാരണ. ഇതു സത്യമല്ലതന്നെ. ഇതൊന്നേ ജീവിതത്തിൽ രസം തരുന്ന കാര്യമുള്ളു എന്നു വിശ്വസിയ്ക്കുന്നതബദ്ധമാണ്—സർവ്വാബദ്ധം. സ്കൂൾനാടകങ്ങളിൽ പ്രത്യേകിച്ചും ശൃംഗാരക്കുഴമ്പു ചേർക്കാത്തതാണ് ഭേദം. ചിത്രീകരിയ്ക്കുന്നുവെങ്കിൽ തന്നെ ലഘുവായിട്ടു മതി. തൊട്ടുതഴുകുകയും കെട്ടിപ്പിടിയ്ക്കുകയും മററും ഒരു കാലത്തും അനുവദിയ്ക്കാൻ പാടില്ല. അമേരിയ്ക്കൻ ചലച്ചിത്രങ്ങളിൽ സുലഭമായ താദൃശദൃശ്യങ്ങൾ ഒന്നഭിനയിച്ചുനോക്കിയാലെന്താ എന്നുണ്ടാകും കുട്ടികൾക്ക്. ദയനീയമായ പല വിഘ്നങ്ങളും കടന്നു ചാടി ഒടുവിൽ കാമുകീകാമുക

ന്മാർ സമ്മേളിയ്ക്കുന്ന ഘട്ടത്തിൻെറ ഭംഗി, കെട്ടിപ്പിടിച്ച സീൽക്കാരത്തോടെ ചെയ്യുന്ന ഒരു നീണ്ട ചുംബനത്തിൽ നശിയ്ക്കുകയാണ് ചെയ്യുന്നതു്. പ്രേമത്തിൻെറ പരിപൂർണ്ണതയിലേയ്ക്കുള്ള കുതിയിൽ അങ്ങിനെ ചിലതെല്ലാമുണ്ടാകാമെങ്കിലും കലയിലതു വേണമെന്നില്ല. സ്കൂളുകളിൽ ഏതായാലും അതിനു സ്ഥാനം വേണ്ട. പ്രേമരംഗത്തിൽ കാമിനീകാമുകന്മാൎക്ക് ഏററിയാൽ കൈകൾ കൂട്ടിപ്പിടിയ്ക്കാം. അതാണതിൻെറയതിർത്തി. അതിലപ്പുറം കാണിച്ചാൽ അതിൻെറ സൌന്ദൎയ്യവും മാധുൎയ്യവും വികാരവിചാരാംശങ്ങളും എല്ലാം നശിയ്ക്കും. കണ്ടിരിയ്ക്കുന്നവൎക്ക് ഒരു കുക്ക പാസ്സാക്കാനുള്ള രംഗം മാത്രമായിത്തീരും അത്.

രംഗസംവിധാനത്തേക്കുറിച്ചാണ് ഇനി പറയാനുള്ളത്. ഒരു കാലത്ത് എനിയ്ക്കതിലുണ്ടായിരുന്ന കമ്പം ഇത്രയാണെന്നു പറഞ്ഞാലാവില്ല. നാടകം തുടങ്ങുന്നതിന്നൊരു മാസം മുമ്പുതന്നെ ഉളിയും കത്തിരിയും പശയും വൎണ്ണക്കടലാസ്സും ബ്രഷ്ഷും ചായങ്ങളും ശേഖരിച്ചു മണിക്കൂറുകൾ ചിലവിട്ടു സീനുകൾ ഉണ്ടാക്കുന്നതു വലിയ സന്തോഷമായിരുന്നു. ഉമ്മറങ്ങൾ, തൂണുകൾ, ജനലുകൾ, വാതിലുകൾ മുതലായവ ആണിയടിച്ചുറപ്പിച്ചു രംഗം സുന്ദരവും യഥാതഥവുമാക്കിത്തീൎക്കാൻ ചെയ്ത ശ്രമം കുറച്ചൊന്നുമല്ല.

അക്കാലത്തു—വളരെ മുമ്പാണതു്, '37 ലോ മറേറാ, മൂന്നാം ഫാറത്തിലുള്ള കൊച്ചുപെൺകുട്ടികളേക്കൊണ്ടു കുചേലനാടകം അഭിനയിപ്പിച്ചു ഒരിയ്ക്കൽ. കുട്ടികൾ അധികപേരും ബ്രാഹ്മണബാലികമാരും സംഗീതത്തിൽ പരിചയം നേടിയവരും ആയിരുന്നതുകൊണ്ടു സംഗീതനാടകം തന്നെയാവട്ടെ എന്നുവെച്ചു. പിന്നെ, ഭക്തിപ്രധാനമായ പുരാണകഥയുമാണല്ലോ. അതിന്നായി ഏതാനും ദിവസത്തെ സഹായത്തിന്ന് ഒരു ഭാഗവതരേയും ക്ഷണിച്ചു വരുത്തി. തുടക്കത്തിൽത്തന്നെ നാടകം നന്നാവാനുള്ള ലക്ഷണങ്ങൾ സൎവ്വം തെളിഞ്ഞു കണ്ടു. എന്നാൽ, ഈ ദിവ്യശിശുക്കൾക്കു തക്കതായ ഒരു ദ്വാരക തന്നെ പണിതീൎക്കണമെന്നായി എൻെറ മോഹം. വളരെ പണമിറക്കി ഉപകരണങ്ങളത്രയും വരുത്തി ഞങ്ങൾ നാലഞ്ചദ്ധ്യാപകന്മാർ ഉറക്കമൊഴിച്ചദ്ധ്വാനിച്ച് ഒരു മോഹനരംഗംതന്നെ നിൎമ്മിച്ചു. പിന്നിൽ ചന്ദ്രബിംബം തിളങ്ങിക്കൊണ്ടിരിയ്ക്കുന്ന സമുദ്രം അലയടിയ്ക്കുന്നു; മുന്നിൽ തൂണുകൾ, പ്രതിമകൾ തുടങ്ങി ഭഗവാൻെറ മണിമണ്ഡപം നാനാവൎണ്ണപ്രകാശത്താൽ കണ്ണഞ്ചിപ്പിയ്ക്കുന്നു.

നാടകം തുടങ്ങി. ദാരിദ്ര്യത്തിൽ മുങ്ങിയ കുചേലൻെറ രംഗം വന്നതോടെ മുമ്പിലിരിയ്ക്കുന്നവർ അശ്രു പൊഴിയ്ക്കാൻ തുടങ്ങി. ശ്രീകൃഷ്ണൻ രംഗത്തു

വന്നപ്പോൾ വലതുവശത്തിരുന്നിരുന്ന സ്ത്രീകൾ എല്ലാവരും ഭക്ത്യാദരപുരസ്സരം എഴുന്നേററുനിന്നു തൊഴുതുകൊണ്ടാണദ്ദേഹത്തെ സ്വീകരിച്ചതു്. കഥ നീങ്ങുന്നതനുസരിച്ച വികാരത്തിൻെറ പിരി മുറുകി. കുട്ടികളുടെ അഭിനയചാതുര്യവും പാട്ടും എല്ലാവൎക്കും ഇഷ്ടപ്പെട്ടു. നാടകം കഴിഞ്ഞു.

വളരെയാളുകൾ അണിയറയിലേയ്ക്കു തിക്കിക്കുതിച്ച കുട്ടികളെ പ്രശംസ കൊണ്ടു മൂടി. ഒരു പതിനഞ്ചുനിമിഷം കഴിഞ്ഞിട്ടും ആരുമാരും രംഗസംവിധാനത്തെപ്പററി ഒന്നുംതന്നെ പറഞ്ഞുകേട്ടില്ല. എനിയ്ക്കു് ഇങ്ങിനെ ഒരു കുണ്ഠിതം ഉണ്ടാവാനില്ല. എൻെറ ക്ഷമയററു. ഒടുവിൽ എന്തു വന്നാലും വേണ്ടില്ലെന്നു ധൈൎയ്യമവലംബിച്ചു് ഒരാളോടു ചോദിച്ചു: 'ആട്ടെ, സീൻ എങ്ങിനെയുണ്ടായിരുന്നു ?'

അയാൾ അന്തംവിട്ടു് എൻെറ മുഖത്തു നോക്കി. എന്നിട്ടു പറഞ്ഞു: "സീനോ? ഓ ശരി. തരക്കേടില്ല."

പ്രിയപ്പെട്ട വായനക്കാരേ, ഈ 'തരക്കേടില്ല' എന്നതിനെപ്പോലെ ഇത്ര വില കെട്ടൊരു സൎട്ടിഫിക്കററു മലയാളഭാഷയിൽ മറെറാന്നില്ല എടുക്കാൻ; ഉണ്ടോ? വലിയ മനസ്താപം തോന്നിയെനിയ്ക്കു്. പക്ഷേ അതുകൊണ്ടെന്തു കാൎയ്യം? സീൻ ആരും ശ്രദ്ധിച്ചില്ല എന്നതു സത്യം മാത്രമാണു്. നാടകം നന്നായാൽ ആരുമതു ശ്രദ്ധിയ്ക്കുകയുമില്ല. സീനിനേപ്പററി ഉച്ചത്തിൽപ്പറയാൻ തുടങ്ങിയാൽ അപ്പോൾ മനസ്സിലാക്കണം നാടകം അമാന്തമായി എന്നു്.

അതിൽപ്പിന്നെ നാടകത്തിൽ രംഗസംവിധാനത്തിൻെറ പേരിൽ കടുംപച്ചയോ നീലയോ ആയ ഒരു കൎട്ടനല്ലാതെ മറെറാന്നും ഞാനുപയോഗിയ്ക്കാറില്ല. അതിൻെറ മുന്നിൽവെച്ചാണു് സകലവിധ അഭിനയങ്ങളും. നാടകങ്ങൾക്കു് അതുനിമിത്തം ഒരു പോരായ്മയോ ഹാനിയോ ഒട്ടു കണ്ടിട്ടുമില്ല.

മറെറാരു കഥയാണു് ഈ സന്ദൎഭത്തിൽ ഓൎമ്മവരുന്നതു്, ഒരു കുചേലകഥ തന്നെ. പക്ഷേ അതു കഥകളിയായിരുന്നു. രുക്മിണിയൊത്തു് ഭഗവാൻ സല്ലപിച്ചുകൊണ്ടിരിയ്ക്കുമ്പോൾ കുചേലൻ പ്രവേശിയ്ക്കുകയാണു്. ഭഗവാന്നു് അന്നു പണത്തിന്നു് തിടുക്കമുണ്ടായതുകൊണ്ടാവാം, കോവിലകത്തൊരു സിംഹാസനം കണ്ടില്ല. പകരമൊരുരലാണു് പിൻവശത്തു്. ഭൃത്യന്മാരെല്ലാം സിനിമയ്ക്കു പോയതാവുമോ എന്തോ, അവരെയാരും കാണാത്തതുകൊണ്ടു് താൻതന്നെ പോയി ഉരൽ ഉരുട്ടി കൊണ്ടുവരേണ്ടിവന്നു. എന്നാൽ കുചേലൻ വന്നു കയറിയതോടെ തൻെറ പഴയ സതീൎത്ഥ്യനെ ആശ്ലേഷിച്ചതും ആ നില

യിൽ കണ്ണുകളിൽ സ്ഫുരിച്ച കാരുണ്യവാത്സല്യഭാവരസങ്ങളും കണ്ടതോടെ ഉരലിന്റെ കഥയെല്ലാം ആളുകൾ മറന്നു. ഉരൽ പോകട്ടെ, ദേവിയുടെ കയ്യിൽ ഒരുലക്കകൂടെയുണ്ടായിരുന്നു എന്നു വെയ്ക്കുക; കുചേലൻ കൊണ്ടുവന്ന കൊട്ടനവിൽ ഇട്ടിടിയ്ക്കാൻ തുടങ്ങിയെന്നും വെയ്ക്കുക; അതും കാണാൻ കഴിയാത്തവിധം കണ്ണിൽ കണ്ണീർ തടംകെട്ടിക്കഴിഞ്ഞിരുന്നു അപ്പോൾ. രസാഭിനയതന്മയത്വത്തിൽ ചില്ലറക്കാര്യങ്ങളെല്ലാം കഥകളിയിൽ മാത്രമല്ല, നാടകത്തിലും കാണികൾ മറക്കുകയും പൊറുക്കുകയും ചെയ്യുന്നുവെന്നതാണ് സ്വാഭാവികം.

നാടകത്തിൽ വർണ്ണക്കടലാസ്സു പതിച്ച ഒരു കസേലയോ അപ്ടുഡേററ് സോഫയോ കൊണ്ടുവന്നു വെച്ചാൽ എന്താണ് ലാഭം, 'ഇംഗ്ലീഷ്ഫർണ്ണീച്ചർ എങ്ങിനെ ദ്വാരകയിലെത്തി' എന്നൊരു കുസൃതി തല പൊക്കുകയല്ലാതെ? അതുകൊണ്ട് ഉമ്മറവും അടുക്കളയും അമ്പലവും ഒന്നും സൃഷ്ടിയ്ക്കാൻ തുനിയേണ്ട. ഒററ നിറത്തിലുള്ള ഒരു തിരശ്ശീല ദൃഢമായിട്ടുണ്ടായാൽ മതി പിന്നിൽ. കറുത്ത നിറം വെളിച്ചത്തെ നശിപ്പിയ്ക്കും. വെളുത്ത കട്ടനും പററില്ല. നടന്മാരുടെ മുഖത്തുവീശുന്നതിലേറെ വെളിച്ചം പിൻവശത്തുനിന്ന് അതു പ്രകാശിപ്പിയ്ക്കും. അതുകൊണ്ടാണ് കടുംപച്ചയോ നീലയോ മതിയെന്നു പറയാൻ കാരണം.

'നായിക കോണിയിറങ്ങിവരട്ടെ', 'നായകൻ തുറക്കുന്ന വാതിൽ തുറന്നു പ്രവേശിയ്ക്കട്ടെ' എന്നും മററും വാശിപിടിച്ച് അവ രംഗത്തിൽ കൊണ്ടുവന്നുറപ്പിച്ച് വീമ്പിളക്കിയിട്ടൊന്നും ഒരു നേട്ടവുമില്ല. കോണിയിളകിക്കളിയ്ക്കുന്നതും നായകൻ ധൃതിയിൽ വാതിൽ തുറന്നാൽ ചുമരാകെക്കിടന്നാടുന്നതും കാണുമ്പോൾ 'വീട്ടിനുറപ്പില്ല' എന്നൊരഭിപ്രായം കാണികളിൽനിന്നു കേൾക്കാം. അത്രതന്നെ.

വേറെ വലിയൊരു നേട്ടംകൂടി ഈ ഒററക്കട്ടനായാലുണ്ടതാനും. സമയത്തിന്റെ കാര്യത്തിൽ രംഗങ്ങൾക്കിടയിൽ ആശാരിപ്പണിയ്ക്കു പത്തോ പതിനഞ്ചോ നിമിഷങ്ങൾ എടുക്കാതെയും കാണികളെ അനാവശ്യമായി ബോറടിപ്പിയ്ക്കാതെയും കഴിയ്ക്കാം. തുടരെത്തുടരെ രംഗങ്ങൾ അങ്ങനെ വന്നുകൊണ്ടിരിയ്ക്കാനാണ് അവർക്കിഷ്ടം. അവർക്കുവേണ്ടിയാണല്ലോ നാം നാടകമൊരുക്കുന്നതു്.

# "ഞാനും വെച്ചിട്ടുണ്ട് വെടി"

നായാട്ടുകഥകളിൽ ഞാനെൻെറ സ്വന്തം പരാക്രമങ്ങളെപ്പററി ഒന്നും തന്നെ എഴുതിയിട്ടില്ലെന്നു വായനക്കാരിൽ ചിലക്കൊരു 'കംബ്ലേണ്ട്'. എന്നോടു ചിലരതു തുറന്നുപറയുകയും ചെയ്തു. ഇനി അതില്ലാഞ്ഞിട്ടൊരു തരക്കേടു വേണ്ട എന്നുവെച്ചു മാത്രം പറയുകയാണ്. അല്ലാതെ, എൻെറ പരാക്രമങ്ങാംക്കു വലിയ മെച്ചമുണ്ടായിട്ടല്ല. എന്നല്ല, എൻെറ ചില ചങ്ങാതിമാരുടെ നേട്ടങ്ങളുമായി തട്ടിച്ചുനോക്കുമ്പോഠം എനിയ്ക്കുണ്ടായിട്ടുള്ളതു് തുലോം ചുണകെട്ട അനുഭവമാണെന്നതാണ് അതിൻെറ പരമാത്ഥവും. പിന്നെ, ഈ മാതിരി തുടച്ചയായെഴുതുന്ന ലേഖമാലകളിലൂഠംക്കൊള്ളിയ്ക്കാൻ മാത്രം അവ പുളകോദ്ഗമകാരികളല്ലതാനും.

ആവട്ടെ, തീച്ചയായും ആപത്തുകളുടെ കോമ്പലയിൽ എനിയ്ക്കുൻെറ 'ഷെയർ' കിട്ടിയിട്ടുണ്ട്: രസംപിടിച്ചൊരു പന്നിനായാട്ടിലൊരിയ്ക്കൽ, അതിൻെറ ഉത്സാഹാവേശങ്ങളുടെയിടയിൽ എന്നെയൊരു പാമ്പു കടിച്ചു എന്നിട്ടോ, പ്രസരിപ്പിൻെറ അവതാരമായ എൻെറ ചങ്ങാതിയില്ലേ, നാണപ്പ, ഇഷ്ടൻെറ തോളിലേറി സവാരി ചെയ്തുകൊണ്ടാണ് ഞാൻ ക്യാമ്പിലേയ്ക്കു മടങ്ങിയതു്. മറെറാരുതവണ എൻെറ വെടി കൊണ്ട യുവാവായൊരു കാട്ടിച്ചേട്ടൻ രുഷ്ടനായി എന്നെ ചാർജ്ജുചെയ്തു. എനിയ്ക്കുൻെറ റൈഫിഠം തോട്ടിലേയ്ക്കു വലിച്ചെറിഞ്ഞു മാനക്കേടോടെ തൊട്ടടുത്തു് ഉലഞ്ചലാടി നില്ക്കുന്ന മരത്തിൻെറ കൊമ്പു പിടിച്ചു കസത്തുകളിച്ചു കയറിപ്പറേറണ്ടിവന്നു. ഇതിലും വലിയൊരു പീറത്തമുണ്ടോ? ഇനിയും വേറൊരു പ്രാവശ്യം, നീണ്ട

പുല്ലുകളിടതിങ്ങിയൊരു മലഞ്ചെരുവിൽക്കിടന്നു സുഖമായുറങ്ങിയിരുന്ന ഒരു പരുത്ത കാട്ടുപന്നിയുടെ പിപ്പുകണക്കുള്ള പള്ള ചവുട്ടിമെതിച്ചുകൊണ്ടു ഞാൻ കടന്നുകളഞ്ഞു. ഉടനെ അവനമറിക്കൊണ്ട് കൊട്ടിപ്പിടഞ്ഞെഴുന്നേററു എന്നെയെടുത്തു കിഴക്കാംതൂക്കാക്കി ചരിവിലൂടെ താഴോട്ടു തട്ടിയുരുട്ടിത്തള്ളിയിട്ടു. ഒരുകണക്കിന് ആ വീഴ്ച, ചതഞ്ഞു ചമ്മന്തിയാവുന്നതിൽനിന്നു രക്ഷപ്പെടാനും ഒഴിഞ്ഞുമാറാനും സഹായിച്ചുവെന്നു പറയാം. ഇതൊന്നും പോരാഞ്ഞിട്ട് വേറൊരിയ്ക്കൽ കാട്ടിൽ ഒരു വെളിപ്രദേശത്തിനരികിൽ ഒരു മുളങ്കൂട്ടിൽ കാട്ടി തിന്നാൻ വരുന്നതും നോക്കി നില്ക്കുകയായിരുന്നു ഞാൻ. അപ്പോൾ, പെട്ടെന്ന് അറയ്ക്കുന്ന ദുസ്സഹമായൊരു ദുർഗ്ഗന്ധം അനുഭവപ്പെടുന്നതുപോലെ തോന്നി. ചുററും നോക്കിയപ്പോൾ—ഹുശ്! ൻെറപ്പാ, ഒരുക്കൻ കടുവ ബഹദൂരുണ്ട് എൻെറ പിന്നിൽ. ഏതാണ്ടൊരു നാലടി വിട്ടാണ് നിൽപ്പ്. അവൻെറ പച്ചക്കണ്ണുകളങ്ങിനെ കിടന്നുതിളങ്ങുന്നു. ഓ, എന്തു ഭയങ്കരം! അവയുടെ ആ പ്രത്യേകതരം മാസ്മരശക്തി നമ്മെ മിരട്ടി മയക്കിക്കളയും. ഞാനൊന്നു ചുററിത്തിരിഞ്ഞപ്പോൾ എൻെറ തോക്കു നനുക്കനെ തൂങ്ങിനില്ക്കുന്ന മുളന്തലപ്പിൽപ്പെട്ടു കെട്ടുപിണഞ്ഞൊരു മർമ്മരാരവമുയന്നു. നരിയമ്മാമനതത്ര സുഖമായില്ല; കോപാരുണിതകപോലനായി അമ്മാവൻ "ഘർ ചലോ സുവർ" എന്നോമറേറാ ഹിന്ദുസ്ഥാനിയിൽപ്പറഞ്ഞു. "വീട്ടിലേയ്ക്കു പോ പന്നി—" എന്നാണതിന്നർത്ഥം. എന്നിട്ട് എനിയ്ക്കെൻെറ തോക്കു ശരിപ്പെട്ടുകിട്ടുന്നതിനു മുമ്പ് ഇഷ്ടൻ തിരിഞ്ഞു നടന്നുകളഞ്ഞു. അതും അതേമാതിരി ആപല്ക്കരമായ ആകസ്മികസംഭവങ്ങൾ മററു പലതും ജന്തുക്കളെ ഒററയ്ക്കു തിരഞ്ഞുപോകുന്ന മററു പലക്കുമെന്നപോലെ എനിയ്ക്കുമുണ്ടായിട്ടുണ്ട്, എത്രയെങ്കിലും. പക്ഷെ, അവയൊക്കെ വെച്ചു വിളമ്പി വായനക്കാരുടെ മനംപെരട്ടാൻ മാത്രമുള്ള കോളു് അവയ്ക്കില്ലെന്നു കരുതി; അത്രമാത്രം.

എൻെറ അനുഭവങ്ങളിൽച്ചിലതു്, വാസ്തവം പറയട്ടെ, തനി 'കോമിക്കാണ്"—വെറും മക്കാർ: ഒന്നു ഞാനിവിടെ വർണ്ണിയ്ക്കാം:—

അന്നാ വലിയ പന്നിനായാട്ടിൽ ഞാനും പങ്കെടുത്തു. എൻെറ അനന്ത്രോപ്പാടൊരാളുണ്ട് മി. ശേഖരമേനോൻ. മൂപ്പരേപ്പെടുത്തിയതായിരുന്നു സംഘം. അതിൻെറയെല്ലാം നല്ലൊരു ക്യാപ്ടനാണദ്ദേഹം. എന്നല്ല, നന്നായി പരിശീലനം കഴിച്ചൊരു ടീമും ഒരു സെററു നായ്ക്കളുമുണ്ടായിരുന്നു കൂടെ. തുറസ്സായൊരു സ്ഥലത്തു കുന്നിൻചരുവിൽ ഞാൻ നിൽപ്പുറപ്പിച്ചു. എൻെറ നേരെ താഴത്തുള്ള പൊന്തക്കാടുകൾ തെളിക്കാർ അടിച്ചുകഴിഞ്ഞപ്പോൾ കാട്ടുപന്നി

വെളിയ്ക്കു ചാടുന്നതു എൻെറ മുമ്പിലേയ്ക്കായിരിയ്ക്കുമെന്നു ഞാനാശിച്ചു. ആറം ക്കാരുടെയും ശ്വാനപ്പരിഷകളുടെയും ശബ്ദകോലാഹലം അടുത്തടുത്തു വന്ന പ്പോഠം പൊന്തയ്ക്കകത്തു് ഒരനക്കമുള്ളതായി എനിയ്ക്കു ബോധ്യപ്പെട്ടു. കുററി ക്കാടു വിട്ടു രംഗപ്രവേശം ചെയ്യുന്നതു് ഒരു വലിയ പന്നിയനാണെന്നു കരുതി റൈഫിഠം എടുത്തുപിടിച്ചു് ഇരുത്തം ശരിയാക്കി ബദ്ധശ്രദ്ധനായി 'ഫയർ' ചെയ്യാൻ റെഡിയായിരുന്നു. നരച്ച തേററയോടുകൂടിയ പന്നിക്കുട്ടൻെറ മണ്ട യ്ക്കു പകരം പുറത്തു വന്നതു് ഒരു ചെറുപ്പക്കാരത്തിപ്പയ്യിൻെറ നീണ്ട സൂചി ക്കൊമ്പാണെന്നറിയുമ്പോഠം കുട്ടരെ, ഇനി ഞാൻ പറഞ്ഞിട്ടുവേണോ എൻെറ നിരാശ എത്രത്തോളമുണ്ടാകുമെന്നു്. നിങ്ങളൊന്നാലോചിച്ചാൽപ്പോരേ? ഞാനെൻെറ റൈഫിഠം താഴ്ത്തി. എൻെറ അനക്കം മൂപ്പത്ത്യാരുടെ കണ്ണിൽ പ്പെട്ടു; ഒട്ടും പിടിയ്ക്കാത്ത മട്ടിൽ എന്നെയൊന്നു നോക്കുകയും ചെയ്തു. അല്ലെ ങ്കിൽ, എങ്ങിനെ പിടിയ്ക്കാനാണ്! തൊപ്പിയും കാൽസ്രായുമിട്ട കുട്ടരെക്കാ ണുന്നതിൽ അവഠംക്കു തീരെ ഇഷ്ടമുണ്ടായിരുന്നില്ല. ഒരുപക്ഷെ, അതാക്കാട്ടു വക്കിൽ ഒരസാധാരണ കാഴ്ചയായിരിയ്ക്കാനും മതി. ഒരു പ്രത്യേകസാമ്പിളിൽ അവഠം തലകുലുക്കി, നിശ്വസിച്ചു. വിഷാദാത്മകത്വത്തിൻെറ ദീഘനിശ്വാ സമല്ല, കെട്ടോ. വെറുപ്പിൻെറ വെറിയാണ്. രണ്ടുമൂന്നു തവണ അവഠം ഊക്കോടെ നിലത്തു ചവിട്ടി. എന്നിട്ടും ഞാനവിടുന്നനങ്ങുന്നില്ലെന്നു കണ്ട പ്പോഠം, ശരിയ്ക്കുമൊരു വിരോധഭാവത്തോടെ മുന്നോട്ടു വരാൻ തുടങ്ങി. ഞാൻ, പതുക്കെ 'ശ്രൂ—ശ്രൂ—' എന്നു് രണ്ടുമൂന്നു പ്രാവശ്യം പറയുകയും ചെയ്തു. അതാ യമ്മയെ വല്ലാതെ അരിശംകൊള്ളിച്ചിട്ടുണ്ടായിരിയ്ക്കണം! അവഠം ബദ്ധപ്പെട്ടു നടന്നു മുന്നേറി; തല താഴ്ത്തിയും വാൽ പൊക്കിയും ഉടനെത്തന്നെ അതൊരു കുതിച്ചോട്ടമായി മാറുകയും ചെയ്തു. ഒരതിഗൌരവവിഷമസന്ധിയായിരുന്നു അതു്. ആ ക്ഷുദ്രജന്തു എന്നെ കുത്തിക്കൊമ്പത്തുകേററുമെന്നുള്ളതിൽ അപ്പീ ലില്ല. ഒന്നുരണ്ടോട്ടം ഞാൻ കല്ലെടുത്തെറിഞ്ഞുനോക്കി. പോവാനുള്ള ഭാവ മില്ല; എന്നല്ല, അതവളെ ഏറെ ശുണ്ഠിപിടിപ്പിയ്ക്കാനേ ഉപകരിച്ചതുമുള്ളു. അവളെൻെറ പിന്നാലെ വട്ടത്തിലോടാൻ തുടങ്ങി—ഇടയ്ക്കിടെ ഓരോന്നു തിരക്കിയുംകൊണ്ടു്. തീച്ചയായും, ഒററവെടിയ്ക്കു വേണമെങ്കിൽ എനിയ്ക്ക വളെ തള്ളിയിടാമായിരുന്നു. എന്നാൽ, അതോക്കാൻപോലും ശക്യമല്ല. ആരെങ്കിലും പയ്യിനെ വെടിവെയ്ക്കാൻ മിനക്കെട്ടതായിക്കേട്ടിട്ടുണ്ടോ? ഒരാളും ഒരു പരിതസ്ഥിതിയിലും ഒരു പയ്യിനെ വെടിവെയ്ക്കുകയില്ല; അതുതന്നെ. ഇവിടെ, പ്രത്യേകിച്ചും അതൊരിരട്ട വഷളത്തമാകുമായിരുന്നു. ഓ.... പയ്യി

നെക്കണ്ടു് പന്നിയാണെന്നു വിചാരിച്ചു വെടിവെച്ചു—എന്നും പറഞ്ഞു് എൻെറ കൂട്ടുകാർ പിന്നെ കണ്ണുപടലം ലൂട്ടിമസ്സാക്ഷമാറു ക്ലക്കൽ പാസ്സാക്കി വിട്ടും. തമാശയല്ല, അങ്ങിനെ പലരും തെററിദ്ധരിച്ചു വെടിവെച്ചിട്ടുള്ളതാണു്. ഇനിയേതുവിധവുമാവട്ടെ, ഒരു പയ്യിനെ വെടിവെയ്ക്കുന്നതു് അക്ഷന്തവ്യമായ അപരാധമായിത്തീരും; എന്നാൽപ്പോരെ. ഒരൊററ പോംവഴിയേ, അവിടെ, ആ പരിതോവസ്ഥയിൽ എൻെറ തലക്കല്ലിളകുംവരെയാലോചിച്ചിട്ടും എനിയ്ക്കു കിട്ടിയുള്ളു—തിരിച്ചോട്ടം, തിരിഞ്ഞുനോക്കാതെ കുതിച്ചു മണ്ടുകതന്നെ. വേണ്ട, 'ധൈര്യസമേതം പിൻവാങ്ങൽ' എന്നു പറഞ്ഞാൽ തീർന്നല്ലോ. ഞാൻ ധീരനാവുക കഴിഞ്ഞു. അതിജാഗ്രതയോടെ ഞാനെൻെറ റൈഫിളും കയ്യിൽപ്പിടിച്ചുകൊണ്ടു്, എൻെറ മുന്നിൽ വളരെ ഉറച്ച നിലയിൽ പ്രദർശനം നടത്തുന്ന പയ്യിനെ വിട്ടു് അടിവെച്ചടിവെച്ചു പിൻവാങ്ങി. കുറച്ചു നിമിഷങ്ങൾക്കകം, അവളുടെ തിരക്കും ഊത്തും മുക്രയും ചാട്ടവും പാച്ചിലുമെല്ലാം മുറുകിത്തുടങ്ങി. ഏതുവരെ, ഒടുവിൽ ഞാനെൻെറ കാലിനൊന്നു നല്ലവണ്ണം 'സ്പീഡുകൂട്ടി' തെങ്ങോളംപോന്നൊരു കന്മതിലിനെ ലാക്കാക്കി കുതികുതിയ്ക്കുന്നതുവരെ. ഏതെങ്കിലും 'കാൽമൈലോട്ടപ്പന്തയ'ത്തിലാണെങ്കിൽ നിശ്ചയമായും നിഷ്പ്രയാസം 'സമ്മാനം' കിട്ടുമായിരുന്നു. പോട്ടെ, അതിനിപ്പറഞ്ഞിട്ടു കാര്യമില്ല. ത്വരിതഗതിയിൽ ഞാൻ ഓടി മതിലിന്നടുത്തെത്തി. തൊട്ടുതൊട്ടില്ലെന്ന മട്ടിൽ പയ്യെൻെറ പിന്നാലെയും. ഞാൻ പൊത്തിപ്പിടിച്ചു കയറി, മുകളിലേറി. ആവൂ, എൻെറ ബദരീങ്ങളേ ഞാൻ തിരിഞ്ഞു കുനിഞ്ഞു നോക്കുമ്പോഴുണ്ടു്, പയ്യു് ദ്വേഷ്യംപിടിച്ചവിടെക്കിടന്നു തിരിയുന്നു. കുറച്ചു കഴിഞ്ഞപ്പോൾ, അവൾ ബഹുനീരസത്തോടെ നിരാശയോടെ ഒരു നോട്ടം! ബിംബഫലാധരോഷ്ഠത്തിലല്ല, മുറിബീഡി വലിച്ചിരുണ്ട ചുണ്ടിൽ, വ്യാപാരയാമാസ. തിരിഞ്ഞൊരു നടത്തവും.

ഞാനെൻെറ ചങ്ങാതിമാരോടു ഇക്കഥ പറഞ്ഞപ്പോൾ, വ്യാഘ്രഘാതകനും കാട്ടിയുടെ അന്തകനുമായ ഞാൻ ഒരു കുട്ടിപ്പയ്യിൻെറ മുമ്പിൽ കുതിച്ചോടി വിയത്തോലിച്ചതോർത്തവർ ഭയങ്കരമായി ചിരിച്ചന്തംവിട്ടു.

മറെറാരു ശൂരപ്രവൃത്തിയിൽ ഞാൻ വലിയൊരു 'പാട്ടേ'ടുത്തതു കേൾക്കണോ? അതും നടെ പറഞ്ഞതുപോലെ ബഹു നേരമ്പോക്കുള്ളതാണു്. പക്ഷെ, ലേശംകൊണ്ടു പിഴച്ചേയുള്ളു. അല്ലെങ്കിലതെളുപ്പത്തിൽ ഒരു ബീഭത്സദുരന്തകഥയായി പര്യവസാനിയ്ക്കുമായിരുന്നു. അതു പിണഞ്ഞതു മനുഷ്യവാസമുള്ള റോട്ടിൽനിന്നൊരു ഇരുപതു നാഴികയോളം അകന്ന നിലമ്പൂരെ

അപകടംപിടിച്ചോരു നടുക്കാട്ടിൽവെച്ചാണ്. ഇത്തവണ എൻെറയൊന്നിച്ചോരു സുഹൃത്തുമുണ്ടായിരുന്നു — മി: കെ. ടി. കുഞ്ചുമേനോൻ. ഇന്നദ്ദേഹം പോലീസുഡിപ്പാർട്ടുമെണ്ടിൽനിന്നു പെൻഷൻപററിപ്പിരിഞ്ഞു വിശ്രമംകൊള്ളുകയാണ്. തലേന്നു രാത്രി മുഴവൻ മദ്യപാനോല്ലാസാഘോഷത്തിൻെറ കൂത്താട്ടമായിരുന്നു. ഒട്ടധികം കുപ്പികരം ഒഴിച്ചു 'കാലി'യാക്കി. ഭക്ഷണമാണെങ്കിൽ വളരെക്കുറവും. ഉറക്കത്തിൻെറകാര്യം പിന്നെ പറയേണ്ട: ലവലേശവുമുണ്ടായിരുന്നില്ല. രാവിലെ അഞ്ചു മണിയ്ക്കു ഞങ്ങരം പുറപ്പെട്ടു. അപ്പോഴും ലഹരിയുടെ പ്രചോദനം കണക്കിനുണ്ട്. ഞങ്ങളുടെപക്കൽ ബാക്കിയൊരുകുപ്പി 'ജിന്നു'മുണ്ടായിരുന്നു കൂട്ടിന്. നാഴികയ്ക്കു പിറകെ നാഴിക പിന്നിലാക്കിക്കൊണ്ടു ഞങ്ങളങ്ങനെ നിർഭയം മുന്നേറുകയാണ്. അതും ഘോരകാന്താരാന്തരംഗത്തിലേയ്ക്ക്. ഞങ്ങരം പല യംഡന്മാരെയും ആസാമികളെയും കണ്ടു: ഒന്നും വിടാതെ സവ്വത്തിനേയും കാച്ചിവിട്ടു. എല്ലാം ചിരിച്ചുംകൊണ്ടു പാഞ്ഞുപോയി. 'ജിൻ' എന്ന വാക്കിന് അറബിയിൽ 'ചെയ്ത്താനെ'ന്നാണത്ഥം. ഈ വെള്ളക്കാർ ഏതുമാതിരി ജഗജാലം പ്രയോഗിച്ചാണാവോ ഇത്രയധികം ചെയ്ത്താന്മാരെ ദ്രാവകരൂപത്തിലാക്കി ആററിക്കുറുക്കിക്കളഞ്ഞത്. അതുംപോരാഞ്ഞിട്ടവർ അതു കുപ്പിയിലാക്കിസ്സീലൊട്ടിച്ചു വെച്ചിരിയ്ക്കുന്നു. ഇതൊക്കെ അത്ഭുതമല്ലേ! എന്തായാലും, അന്നു പുലച്ചയായപ്പോഴേയ്ക്കും ലോകത്തിലുള്ള ചെയ്ത്താന്മാരെല്ലാവരും ഞങ്ങളുടെ പള്ളയിലായിക്കഴിഞ്ഞിരുന്നു.

ചിലപ്പോരം, ഒരു പുഴയിൽ നിന്നോ കൊച്ചു തടാകംപോലെ തടംകെട്ടിനില്ക്കുന്ന ജലാശയ (Puddle) ങ്ങളിൽനിന്നോ ഓരോ കുടന്ന വെള്ളം കുടിച്ചു ദാഹംമാററിയിട്ടുണ്ടാവും. അല്ലാതെ, ഞങ്ങളുടെവശം വിശപ്പുമാററാൻ ഒന്നും തന്നെയുണ്ടായിരുന്നില്ല. ഉച്ചതിരിഞ്ഞേതതാണ്ടൊരു മണിയായിരിയ്ക്കും, ഞങ്ങരം നന്നേ ക്ഷീണിച്ചുവശംകെട്ട് ഒരു വലിയ പൊയിലിൻെറ നടുക്കു വന്ന് അവിടെ ആ പുൽത്തകിടിയിലിരിപ്പായി. അവസാനം ചെയ്ത്താനെപ്പിടിച്ചടക്കിയ കുപ്പി തുറക്കാൻതന്നെയുറച്ചു. നീണ്ട പുല്ലുകരംക്കിടയിലിരുന്ന ഞങ്ങളെ പുറമേയ്ക്ക് കാണ്മാൻതന്നെയുണ്ടായിരുന്നില്ല. ഞങ്ങരം കുപ്പിയിൽനിന്നോരോ അടിയടിച്ചു ഓരോന്നു സംസാരിച്ചുകൊണ്ടിരിയ്ക്കുമ്പോരം, കാട്ടിൻെറ ഒരരുകിൽനിന്നു കനത്തൊരു മുരരംച്ച. ഒരമ്പതുവാര അകലത്തായിരിയ്ക്കും. കട്ടിയിലും ശബ്ദത്തിലും അതധികമധികം കിടുകിടുപ്പുണ്ടാക്കിക്കൊണ്ടിരുന്നു. ഞങ്ങളുടെ മാർഗ്ഗദർശിയായിരുന്ന പണിയൻ പറഞ്ഞു അതൊരു മാനാണെന്ന്.

അവനെ മറയവൊന്നു വിളിച്ചുകൊണ്ട് ഏതുജാതി മാനിനാണ് അമ്മാതിരി ശബ്ദമുള്ളതെന്ന് അവനോട്ട് ചോദിച്ചതായി എനിക്കൊരു നേരിയ ഓമ്മയുണ്ട്: അത്രമാത്രം. അങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കെ, കാട്ടിൽനിന്നൊരു കിരുകിരുപ്പു കേട്ടു. തിരിഞ്ഞുനോക്കുമ്പോൾ, എല്ലാ വ്യാഘ്രവീരന്മാരുടേയും മൂത്തപ്പനായ ഒരു പരുത്ത പഹയൻ ഞങ്ങളുടെനേക്ക ഞങ്ങളവിടെയുണ്ടെന്നുള്ള സംശയം കൂടാതെ ഒരു ബഹുമാനവുമില്ലാതെ അന്തസ്സിൽ നടന്നുവരുന്നതാണ് കണ്ടത്. ഒന്നിനുപുറകെ മറെറാന്നായി, അവൻെറ വരിയോട്ടുകൂടിയ ശരീരം നീണ്ട പുല്ലുകൾക്കിടയിലൂടെ നീങ്ങുമ്പോൾ നീണ്ട തീവണ്ടിയുടെ അവസാനിക്കാത്ത പെട്ടികൾ ഒരുവശത്തൂടെ കടന്നുപോകുന്നതാണോമ്മവരിക. അത്രയ്ക്കുമാത്രം നീളമുണ്ട് ആ ഊക്കൻ കടുവയുടെ ശരീരത്തിന്. ആശ്ചര്യം കൊണ്ടു ഞാൻ തുറിച്ചുനോക്കി: എന്താണെന്നല്ലേ, ആ മേഖലകളിൽപ്പോലും ഒരു നരിയമ്മാവൻ പേടിയും മടിയുംകൂടാതെ പട്ടാപ്പകൽ കടന്നുപോകുന്നത് ഒരപൂർവ്വസംഭവമാണ്, അതുകൊണ്ട്.

എൻെറ ചങ്ങാതി — കുഞ്ചുമേനോൻ, നിശ്ചയമായും ഞാനറിയുന്നവരിൽവെച്ചേററവും ധീരനായ ഒരാളാണ്. ഇഷ്ടൻ റൈഫിളെടുത്തതും കണ്ണും മൂക്കുമില്ലാതെ കൊടുത്താൻ ഒരു വെടി — മിക്കവാറും വളരെയടുത്തുള്ളൊരു വെടി. പക്ഷെ, ആസാമി വളരെ വേഗത്തിലാണ് നീങ്ങിയിരുന്നത്. എന്നല്ല, ഞങ്ങൾക്കു മുകളിലെത്തുകയും ചെയ്തിരുന്നു. ധ്രുതഗതിയിൽ വെടി പിഴച്ചുപോയി; ഞാൻ വിചാരിക്കുന്നത് അതു സൂര്യബിംബത്തിൽ പോയിത്തറച്ചിട്ടുണ്ടാവുമെന്നാണ്. നരിയമ്മാമൻ അന്തംവിട്ടുപോയിരിക്കണം. മൂപ്പനവിടെ നിന്നിട്ടു വായിലെ ദംഷ്ട്രങ്ങൾ മുഴക്കെ വെളിക്കുകാട്ടി തിരിഞ്ഞുൾക്കാട്ടിലേക്കു വെച്ചുപിടിച്ചു. ആ ഉയന്ന വളവിൽവെച്ച് ഒരു വെടി ഞാനും കൊടുത്തു പക്ഷെ, ഉണ്ട ചന്ദ്രനിൽപ്പോയിത്തറച്ചിട്ടുണ്ടാവും. വെടി പൊട്ടിക്കുമ്പോൾ ഞാനൊന്നുലഞ്ഞുവെന്നാണെൻെറ ഓമ്മ. പക്ഷെ, അതു വളരെ വളരെ നന്നായേയുള്ളു. രണ്ടാളുടെ വെടിയും കൊള്ളാതെ പോയി. അല്ല, കൊണ്ടു എന്നിരിക്കട്ടെ, എന്നാൽ അമ്മാമൻ അത്രവേഗത്തിലൊന്നും സ്ഥലം വിടുകയില്ലായിരുന്നു; കാരണം മുറിയേററ നരി മുമ്പിലാദ്യം കാണുന്നതെന്തോ; അതിൻെറ മേൽച്ചാടിവീണു കഥ കഴിക്കും.

നരിയമ്മാൻ അപ്രത്യക്ഷനായപ്പോൾ ഞങ്ങൾ തെല്ലിടയ്‌വിടെ ശങ്കകൂടി നിന്നു: നമ്മുടെയുണ്ട ഏററിട്ടുണ്ടെന്നും ഇല്ലെന്നും. സമയം അമ്മാതിരിയാണ്.

പള്ളയിൽ അത്രയ്ക്കു ചെയ്താന്മാരുണ്ട്. യഥാർത്ഥത്തിൽ, എന്നേക്കാളും എന്റെ സ്നേഹിതനേക്കാളും ജീവനുള്ള അതിന്റെ ശവം തിരഞ്ഞുനോക്കി കൊണ്ടു ഞങ്ങൾ അതു പോയവഴി പോവാൻ തിച്ചയാക്കി. ക്യാമ്പിലേയ്ക്കു മടങ്ങിച്ചെന്നപ്പോൾ ഞങ്ങളുടെ കരുതലില്ലായ്മയ്ക്കും മരമണ്ടത്തത്തിന്നും വേണ്ട വോളം ഭയങ്കരശകാരവഷം വയറുനിറയെത്തന്നു ഞങ്ങളുടെ ചങ്ങാതിമാർ. സത്യം പറയുകയാണെങ്കിൽ, ഞാനെപ്പോഴും, ചുരുക്കംപേക്കമാത്രം വല്ലപ്പോഴു മൊരിയ്ക്കൽ കിട്ടിയേക്കാവുന്ന അമ്മാതിരി 'കനകാവസരം' പാഴാക്കിയതിൽ അത്യഗാധമായി പശ്ചാത്തപിച്ചിട്ടുണ്ട്.

# പ്രാചീനകേരളത്തിലെ പരസ്പരസഹായ വ്യവസ്ഥ

**കി**ഴക്കൻ ജില്ലകളിൽ കാണുന്ന മാതിരിയിലുള്ള ഗ്രാമങ്ങൾ മലബാറിൽ അടുത്ത കാലംവരെയും ഉണ്ടായിരുന്നില്ല. അടുത്തടുത്ത്, ഇടതിങ്ങിക്കൊണ്ട് രണ്ടു വരിയായി ഭവനങ്ങൾ കെട്ടുന്ന സമ്പ്രദായം ആദ്യമായി ഇവിടെ കൊണ്ടുവന്നത് തമിഴ് ബ്രാഹ്മണരാണ്. കാലാന്തരത്തിൽ പാലക്കാട്ട് നായന്മാരും ഈ സമ്പ്രദായം സ്വീകരിച്ചതിന്റെ ലക്ഷ്യമാണ് നാം ഇന്ന് അവിടെക്കാണുന്ന നായർതറകൾ. മതസംബന്ധമായി കൂടുതൽ ഒത്തുചേർച്ചയുള്ള മാപ്പിളമാരും, ഒരു പള്ളിക്കടുത്തോ, ചന്തക്കടുത്തോ ആയി, കൊണ്ടോട്ടി, പൊന്നാനി മുതലായ സ്ഥലങ്ങളിൽ കാണുന്നപോലെ ഇങ്ങിനെ നിബിഡമായ പാർപ്പിടങ്ങൾ കെട്ടിയുണ്ടാക്കി വാസമുറപ്പിച്ചു. ഇന്നു ഈ കൂട്ടർ ഒരു നിരത്തിന്റെ രണ്ടു വക്കിനുമായി വളരെ ദൂരം ഇത്തരം ഭവനങ്ങൾ ഉണ്ടാക്കി താമസിക്കുന്നതായിക്കാണാം.

ഒരു വർഗ്ഗമെന്ന നിലക്ക് സാമാന്യേന പ്രാചീന മലയാളിക്ക് ഇങ്ങിനെ ഇടതിങ്ങിപ്പാർക്കുന്നത് രുചിച്ചിരുന്നില്ലെന്നു തോന്നുന്നു. അവരൊക്കെ ഒരു പറമ്പിൽ, മരങ്ങളെക്കൊണ്ടും മററും ധാരാളം മറവുള്ള ഒരൊററതിരിഞ്ഞ വീട്ടിൽ താമസിക്കുന്നതിന്നാണിഷ്ടപ്പെട്ടിരുന്നത്. നാട്ടിലെ ജന്മിക്കാകട്ടെ സ്വന്തമായി ഒരു വലിയ വീടും, അതോടനുബന്ധിച്ച ഒരു വിസ്തൃതമായ തോട്ടവും ഉണ്ടായിരിക്കും. അയാളുടെ പരിചാരകവർഗ്ഗക്കാരൊക്കെ ആ വീടി

ന്ന ചുററും, കുറെ അകലെയായി പെറിയ ഓരോ വീട്ടുകളിൽ പാക്കുന്നുണ്ടാ യിരിക്കും. ജന്മിയുടെ ഈ മാതൃകയിൽതന്നെയാണ് ചുരുങ്ങിയ തോതിൽ അയാ ളുടെ കുടിയാന്മാരും, കീഴ്ക്കുടിയാന്മാരുമൊക്കെ കഴിഞ്ഞുകൂടിയിരുന്നത്. ഇതവക്ക് ഒരന്തസ്സും, ഗാർഹികമായ ഒരു തികഞ്ഞ ഗോപ്യതയും നല്കിയിരു ന്നുവെന്നൂഹിക്കാം. എന്നാൽ മറുവശം ആലോചിച്ചാൽ ഈ സമ്പ്രദായം കൊണ്ടു ഏതൊരു വലിയ നേട്ടത്തിന്നും, അത്യന്താപേക്ഷിതമായ സംഘടനാ ബോധം അവക്ക് നഷ്ടപ്പെട്ടിട്ടില്ലേയെന്നു സംശയിക്കേണ്ടിയിരിക്കുന്നു. ''വിജയനഗര''ത്തെപ്പോലെയോ, ''പാടലീപുത്ര''ത്തെപ്പോലെയോ ഉള്ള ഒരു വലിയ നഗരം മലബാറിൽ ഉണ്ടായില്ലെന്നുള്ളതുതന്നെ ഇതിനുള്ള ഒരു ത്തമോദാഹരണമാണ്.

രാഷ്ട്രീയവും, സാമുദായികവുമായ അർത്ഥത്തിൽ ഗ്രാമങ്ങളുടെ സ്ഥാനത്ത് ഇവിടെ ഉണ്ടായിരുന്ന ഒരു ഘടകം, ദേശമാണ്. ദേശത്തിന്നു ഇതരഭാഷക ളിൽ തത്തുല്യമായ ഒരു പേർ കാണ്മാൻ പ്രയാസമുണ്ട്. അത് ഒരു ''തട്ടക'' ത്തെക്കാളും (Parish) വലിയതും, ഇംഗ്ലണ്ടിൽ ഷയർ എന്നു പറയപ്പെടുന്നവ യേക്കാൾ ചെറുതുമാണ്. ഇതിലെ നിവാസികളാകട്ടെ ദേശകാര്യങ്ങളിൽ പുറമെനിന്നുള്ള കൈചെലുത്തലുകൾ തീരെ ഇഷ്ടപ്പെടാത്തവരുമാണ്. ഒരു ദ്വീപ്നിവാസികളുടെ ക്രൂരതയോടുകൂടി അവർ പുറമെനിന്നുള്ള ഏതു കൈ ചെലുത്തലിനേയും എതൃക്കും. എന്നാൽ തങ്ങളുടെ ഇടയിൽ ഉണ്ടാകുന്ന തക്കങ്ങൾ തീക്കുക മുതലായ സ്വന്തം കാര്യങ്ങളൊക്കെ അന്യാശ്രയം കൂടാതെ ഭംഗിയായി നടത്തുന്നതിന്നു അവക്കു കഴിഞ്ഞിരുന്നു. ഇവരുടെ ഭരണയന്ത്രം എങ്ങിനെ തിരിഞ്ഞിരുന്നുവെന്നതിനെക്കുറിച്ച് തെററുധാരണ വേണ്ട. അതൊരിക്കലും തികച്ചും പ്രജായത്തപരമായ ഒരു ഭരണകൂടമായിരുന്നില്ല. എന്നു മാത്രമല്ല അതിൽ സ്ഥിതിസമത്വപരമായ ചായ്‌വിന്നും സ്ഥാനമു ണ്ടായിരുന്നില്ല. പ്രജായത്തമോ, വർഗ്ഗപരമൊ ആയ വ്യവസ്ഥകൾ ഒരു നാടു വാഴിപ്രഭുത്വത്തിൽ, കക്ശമായ ജാതിവ്യത്യാസം കൊണ്ടുള്ള അസമത്വങ്ങൾ നിലനിന്നിരുന്നകാലത്തു പ്രത്യേകിച്ചും—കാണുക ഞെരുക്കമൊണ്. പൊതു വെയുള്ള ചില ആവശ്യങ്ങൾക്കും, താല്പര്യങ്ങൾക്കും അനുരൂപമായ നില യിൽ യുക്തിയെ ആശ്രയിച്ച് ചില ഭരണചട്ടങ്ങൾ ഉണ്ടാക്കിയെന്നേ പറഞ്ഞു കൂടു. ഈ ചട്ടങ്ങൾ മനുഷ്യർ തമ്മിൽ തമ്മിലുണ്ടായിരുന്ന അസമത്വങ്ങളേ യും ഉച്ചനീചത്വങ്ങളേയും ഇല്ലായ്മചെയ്യുന്നതിന്നു പകരം, ആ വക അസ മത്വങ്ങളേയും, ഉച്ചനീചത്വങ്ങളേയും പകരത്തിന്നു പകരം ചില രക്ഷാവ്യ

വസ്തുകളും മററും നൽകി നിലനിർത്തിക്കൊണ്ടുപോരികയാണ് ചെയ്തതു്. ഒരു കണക്കിൽ സമത്വം, സമത്വം എന്നുപറഞ്ഞ്, ഭയങ്കരമായ അസമത്വങ്ങളും, മർദ്ദനങ്ങളും വെച്ചുപോററുന്ന ഇന്നത്തെ ലോകനീതിയേക്കാളും ഭേദം അതായിരുന്നില്ലേയെന്നു തോന്നിപ്പോകുന്നു.

ചുരുക്കിപ്പറഞ്ഞാൽ അന്നത്തെ ഭരണചട്ടങ്ങളുടെയെല്ലാം അടിസ്ഥാനതത്വം, ദേശക്കാരിലോരോരുത്തക്കും ദേശത്തോട് ചെയ്യേണ്ടുന്ന ചില ചുമതലകളുണ്ടെന്നും, പകരം ദേശം അവരോരുത്തരുടേയും അടിയന്തരാവശ്യങ്ങൾ നിർവ്വഹിച്ചുകൊടുക്കേണ്ടതാണെന്നുമാണ്. ദേശം നീട്ടുന്ന സഹായഹസ്തം തട്ടിനീക്കുന്നത് അഹംഭാവവും, ദേശത്തോടു ചെയ്യേണ്ടുന്ന ചുമതലകളിൽ വീഴ്ച വരുത്തുന്നത് കുററകരവുമായിരുന്നു. രണ്ടിനും കിട്ടും ശിക്ഷ—സമുദായഭ്രഷ്ടോ, അതിലപ്പുറം വല്ലതുമൊ.

ഓരോ ജാതിക്കാരനും മററുള്ളവരുടെ ആവശ്യത്തിന്നുവേണ്ടി തൻെറ പ്രത്യേകതൊഴിൽ ചെയ്തുപോന്നു. തൊഴിലിന്നു പ്രതിഫലം, പ്രധാനമായി ഭക്ഷണത്തിന്നുള്ള ധാന്യങ്ങൾ, വസ്ത്രം എന്നീ സാധനങ്ങളായിരിക്കും. വസ്തുവഹകൾ കൈമാററം ചെയ്യുക മുതലായ പ്രധാനപ്പെട്ട ഇടവാടുകൾക്കൊ, മതപരമൊ, രാഷ്ട്രീയമൊ ആയ മററു ചുരുക്കം ചില ഇടവാടുകൾക്കൊ മാത്രമെ പണമായി പ്രതിഫലം കൊടുക്കാറുള്ളു. ഈ വ്യവസ്ഥകൾ സാമാന്യേന ജീവിതത്തിൻെറ എല്ലാ തുറകളിലും ഒരുവിധം ഭംഗിയായി നടന്നിരുന്നു. എന്നാൽ പരസ്പരസഹായം ആവശ്യമായിവരുന്ന ചില പ്രത്യേക സന്ദർഭങ്ങളിൽ ഒരു വ്യക്തിക്ക്, സ്വന്തം ജാതിക്കാരൊ, ഇതര ജാതിക്കാരൊ ആയ മററു വ്യക്തികളിൽനിന്നും, സുനിശ്ചിതമായി അർത്ഥനയൊന്നും കൂടാതെ കിട്ടിക്കൊണ്ടിരുന്ന സഹായങ്ങൾ കാണുമ്പോൾ ആണ്, ഈ ചട്ടങ്ങളുടെ മഹനീയത കൂടുതൽ വ്യക്തമാകുന്നതു്. ഇത്തരം സഹായ സഹകരണങ്ങൾ ഒരു ഭാരമായി അന്നാക്കും തോന്നിയിരുന്നില്ല. പരസ്പരമുള്ള ഇമ്മാതിരി സഹായങ്ങൾക്കു അന്ന് അവകാശം എന്നാണ് പേർ പറഞ്ഞിരുന്നതു്. ഒന്നു രണ്ടു് ഉദാഹരണങ്ങൾ നോക്കാം. ഒരു നായർ തറവാട്ടിൽ ഒരു കല്യാണമുണ്ടെന്നിരിക്കട്ടെ. നായന്മാക്കും, അവരുടെ അവാന്തര വിഭാഗങ്ങൾക്കും മാത്രമല്ല, ഇതരജാതിക്കാക്കും, ഈ കല്യാണനടത്തിപ്പിൽ ചില നിശ്ചിതമായ ബാദ്ധ്യതകളുണ്ടു്. പന്തൽപണിക്കുള്ള സാമാനങ്ങൾ സംഭരിക്കുന്നത് ചിലരുടെ ചുമതലയാണ്. മററു ചിലക്ക് പന്തൽ നിർമ്മാണമായിരിക്കും ചെയ്യേണ്ടതു്. വേറെ ചിലർ, പച്ചക്കറി, തൈർ, എണ്ണ മുതലായി അടിയന്തിരത്തിന്നു വേണ്ടുന്ന സാധനങ്ങൾ

കൊണ്ടുവരേണ്ടതുണ്ടു്. ദേഹാദ്ധ്വാനക്കാരായ മററു ചിലർ സദ്യക്കു് സഹായിക്കാൻ എത്തുന്നു. ചുരുക്കിപ്പറഞ്ഞാൽ കണിയാൻ, പുരോഹിതൻ മുതലായവർതൊട്ടു അടിച്ചുവാരുന്നവരും, പാത്രം തേപ്പുകാരും വരേയുള്ള സകലക്കും, ഈ ആഘോഷത്തിൽ പങ്കുണ്ടു്. അവനവൻെറ പണിയിൽ യോഗ്യത പ്രദശിപ്പിക്കുന്നതിൽ ഈ സാധുജനങ്ങൾ അഭിമാനം കൊണ്ടിരുന്നു. ഉദാഹരണമായി അക്കാലത്തെ ഉയന്ന തറവാട്ടുകാരായ ചിലർക്കുടി, പാചകവൃത്തിയിൽ അവക്കുള്ള വൈദഗ്ദ്ധ്യത്തെപ്പററി പ്രശംസിച്ചു കേൾക്കുന്നതിൽ വലിയ അഭിമാനം കൊണ്ടിരുന്നതായി ഈ ലേഖകന്നു് അറിവുണ്ടു്. ഇന്നത്തെ സ്ഥിതിയിൽ അതു് ഒരു ജാള്യതയായിട്ടാണ് അത്തരം വലിയ സ്ഥിതിയിലുള്ളവർ കണക്കാക്കുന്നതു്.

ഇപ്രകാരം തന്നെ ഒരാൾ മരിച്ചാൽ ചിതക്കുള്ള വിറകു് ഒരുക്കിയിരുന്നതു്, ദേശത്തെ തിയ്യരായിരുന്നു. ഒരു താഴ്ന്ന ജാതിക്കാരനെന്നു കരുതപ്പെട്ടവനായ തളിക്കാരൻ മരണത്തിന്നു ശേഷമുള്ള പതിനഞ്ചു ദിവസങ്ങളിൽ ശുദ്ധികമ്മം നടത്തിവന്നു. പുല, പതിനഞ്ചു ദിവസത്തെ ബലി മുതലായതുകൾക്കു് കിരിയത്തിൽ നായന്മാരുണ്ടാകും. മരിച്ചവരുടെ കുടുംബത്തിൽ പുലക്കാലത്തു് ഭക്ഷണം പാകംചെയ്യാൻ അയൽവീട്ടുകാരെത്തും. ഇങ്ങിനെ പുല പതിനഞ്ചുദിവസവും, പതിനാറടിയന്തിരത്തിന്നും, വേണ്ടതായ സകല ഏപ്പാടുകളിലും, നാട്ടുകാർ തങ്ങൾക്കു് വിധിച്ച ജോലികൾ മുറക്കു് യാതൊരു ചോദ്യവും കൂടാതെ നടത്തിപ്പോന്നിരുന്നു.

വിഷുദിവസം രാവിലെ ഭേദപ്പെട്ട എല്ലാ വീട്ടുകളിലും ദേശത്തെ കണിയാൻ ചെന്നു വിഷുഫലം അറിയിക്കും. പുതുവത്സരത്തിലെ കാലാവസ്ഥയും മഴയുമൊക്കെ ഇന്നത്തെ ''മെടിയോറൊളജിക്കൽ'' ഡിപ്പാർട്ട്മെൻറ്കാരേക്കാൾ ദീർഘദൃഷ്ടിയോടും കൃത്യമായും അയാൾ പ്രവചിച്ചിരുന്നു. നിലങ്ങളിൽ ആദ്യത്തെ ചാലുകീറുന്നതിന്നുള്ള നല്ല സമയവും അയാൾ നിദ്ദേശിക്കും. ഈ കണിയാനെ അന്നെല്ലാവരും, ഒരു വിഡ്ഢിയായിട്ടല്ല, ഒരു പണ്ഡിതനായിട്ടാണ് കണക്കാക്കിയിരുന്നതു്. തറവാട്ടിൽ കാരണവന്മാർ, വിളക്കു്, നിറപറ, പുഷ്പങ്ങൾ മുതലായതു് വെച്ചു കണിയാനെ ഉപചരിക്കും. ഈ കണിയാൻ, കൃഷിക്കാക്കു മാത്രമല്ല നിദ്ദേശം നല്കിയിരുന്നതു്. ദേശത്തുള്ള എല്ലാവക്കും, ജനനം, മരണം മുതലായ അടിയന്തരങ്ങൾക്കും, പുതുതായുള്ള സവ്വസമാരംഭങ്ങൾക്കും, ഇയ്യാളെക്കൊണ്ടാവശ്യമുണ്ടു്. വിഷുദിവസം പ്രഭാതംതൊട്ടു് അയാൾ സഞ്ചരിക്കും. വൈകുന്നേരമാകുമ്പോഴേക്കു് കുറെ പണവും അയാ

ൾക്ക് ഏതാണ്ടൊരു മാസത്തേക്കു വേണ്ടുന്ന നെല്ലും, അരിയും സമ്പാദിച്ച് മടങ്ങും. ഒരു കൊല്ലത്തിൽ ഒന്നിലധികം തവണ ഇത്തരം സന്ദർഭങ്ങൾ അയാൾക്കുണ്ടാകും. കണിയാൻ വലിയ പണക്കാരനൊന്നുമായിരിക്കയില്ല. അങ്ങിനെത്തന്നെയാണ് ദേശത്തിലെ മിക്കവരും. പക്ഷെ ആരും രക്ഷിക്കാനില്ലാതെ ഇന്നത്തെപ്പോലെ കേവലം ഒരഗതിയായി അന്നയാൾക്കു ജീവിക്കേണ്ടിവന്നിരുന്നില്ലെന്നാണ് മെച്ചം.

ദേശത്തിലെ മറെറാരു പ്രധാനി നാട്ടെഴുത്തച്ഛനാണ്. എഴുത്തച്ഛൻ, അഥവാ വിദ്യയുടെ പിതാവ്—ഗോൾഡ്സ്മിത്ത് മുതലായ ഇംഗ്ലീഷ് ഗ്രന്ഥകാരന്മാർ കളിയാക്കിയിരുന്ന വിഡ്ഡിയായ ഒരു സ്കൂൾമാസ്റ്റർ ആയിരുന്നില്ല. അയാൾ വളരെയധികം വായിച്ചറിവുസമ്പാദിച്ച ഈശ്വരവിശ്വാസിയായ ഒരു നല്ല മനുഷ്യൻ ആയിരുന്നു. ഒരു മൂഢനായിരുന്നുവെങ്കിൽ നാട്ടുകാരയാളെ പുച്ഛിച്ചേനെ. ദേശത്തിലെ വിദ്യാപീഠത്തിൻെറ ഉടമസ്ഥനാണയാൾ. ചെറിയ കുട്ടികൾക്ക് എഴുത്തും വായനയും അഭ്യസിപ്പിക്കുന്നതയാളാണ്. പഠിപ്പിൽ പ്രത്യേകമായ വാസന പ്രദർശിപ്പിച്ചിരുന്ന കുട്ടികൾക്ക് ക്രമേണ, സാഹിത്യം, വൈദ്യം, ജ്യോതിഷം, തത്വശാസ്ത്രം മുതലായ ഗഹനങ്ങളായ വിഷയങ്ങളിൽ അഭ്യസനം നല്കപ്പെട്ടിരുന്നു. ഇതിന്നു ഫീസ്സൊന്നും കൊടുക്കേണ്ടിയിരുന്നില്ല. പഠിപ്പിന്നുള്ള ഉപകരണങ്ങളൊ? കഴുകി വൃത്തിയാക്കിയ കുറച്ച് തരിമണലും, കുറെ പനയോലയും, ഒരെഴുത്താണിയും മാത്രം. ഗുരുനാഥനായ എഴുത്തച്ഛന്ന് ശമ്പളമില്ല. അയാളുടെ ആവശ്യത്തിന്നു വേണ്ട ധാന്യങ്ങൾ, വസ്ത്രം, എണ്ണ മുതലായത്, ദേശത്തിലെ ഓരോ വീട്ടുകാരും, കഴിവനുസരിച്ച സംഭാവനചെയ്യും. വിശേഷദിവസങ്ങളിൽ അവരയാളെ സദ്യക്ക് ക്ഷണിക്കും. ഇത്തരം ഗ്രാമവിദ്യാലയങ്ങളിൽ ഉയൎന്ന ജാതിക്കാൎക്കുമാത്രമെ പ്രവേശനമുണ്ടായിരുന്നുള്ളുവെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. പക്ഷെ അതത്ര ശരിയായിരുന്നുവോയെന്നു ശങ്കിക്കേണ്ടിയിരിക്കുന്നു. ഒഴിവില്ലായ്മയാലായിരിക്കണം, താഴ്ന്ന ജാതിക്കാരായി കരുതപ്പെട്ടുന്നവരുടെ കുട്ടികൾ ഈ വിദ്യാലയങ്ങളിൽ പോകാതിരുന്നതെന്നു തോന്നുന്നു. കാരണം ഈ വിഭാഗത്തിൽപെട്ട കുട്ടികൾക്ക് നന്നെചെറുപ്പത്തിൽതന്നെ വീട്ടുജോലികളിലും, പുറംപണികളിലും, അച്ഛനമ്മമാരെ സഹായിക്കേണ്ടിവന്നിരുന്നു. ഇക്കാലത്തുതന്നെ ഉൾനാട്ടുകളിലുള്ള അദ്ധ്യാപകന്മാൎക്ക് സ്കൂൾ പരിശോധന ദിവസങ്ങളിലും മററും, ഇത്തരം കുട്ടികളെയെല്ലാം വയലിൽ പണിയെടുക്കുന്നസ്ഥലത്തുപോയി വിളിച്ചു കൂട്ടിക്കൊണ്ടുവരേണ്ടിവരുന്നുണ്ടെന്ന് എനിക്കറിവുള്ളതാണ്. ഇത്തരം

ഒരെഴുത്തുപള്ളിയിൽ കുട്ടിക്കാലത്ത് ഞാനും പഠിച്ചിട്ടുണ്ട്. അന്നു ഞങ്ങളുടെയൊപ്പം, തിയ്യർ, കണിയർ, വേലർ മുതലായ ജാതിയിൽപെട്ട കുട്ടികൾ പഠിച്ചിരുന്നു. ഇവരിൽപെട്ട കുറച്ച് ചെറു പെൺകുട്ടികളും അന്ന് ഞങ്ങളുടെ ഒപ്പം പഠിച്ചിരുന്നു. ഇത് കാലാന്തരത്തിൽ സംഭവിച്ച ഒരു മാററമാണൊയെന്നെനിക്കറിഞ്ഞുകൂടാ. എന്നാൽ ഒരു കാര്യം ഞാൻ നല്ലവണ്ണം ഓർമ്മിക്കുന്നുണ്ട്. ഇവരിൽപെട്ട രണ്ടുമൂന്നു കുട്ടികൾ അന്നു പഠിപ്പിൽ ഞങ്ങളേക്കാളൊക്കെ മിടുക്കന്മാരായിരുന്നു. അന്നത്തെ സഹപാഠികളിൽ വേലവർഗ്ഗത്തിൽ പെട്ട ഒരു കുട്ടി ഇന്ന് എനിക്കറിയാവുന്ന പണ്ഡിതന്മാരുടെ കൂട്ടത്തിൽ ഒരു പ്രമുഖനായിതീർന്നിട്ടുണ്ട്.

ഇത്തരം പരസ്പരസഹായ ചട്ടങ്ങൾക്കു ഭൂതകാല ചരിത്രത്തിൽ അനവധി ഉദാഹരണങ്ങളുണ്ട്. അവയെയെല്ലാം വിവരിക്കുന്നത് അനാവശ്യമായി തോന്നുന്നു. ചുരുക്കിപ്പറഞ്ഞാൽ മേലെഴുതിയതരത്തിലുള്ള പ്രതിഫലം എല്ലാ പ്രവൃത്തിക്കും ലഭിച്ചിരുന്നു. ധനശാസ്ത്രസംബന്ധമായി അത് സ്വയം വളരുവാൻ സഹായിക്കുന്നതും, അന്യരെ വളരുവാൻ അനുവദിക്കുന്നതുമായ ഒരു വ്യവസ്ഥയായിരുന്നു. സാമാന്യേന സമുദായം, അതിൻെറ ഉള്ളിൽപെട്ട, ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, വെളുത്തേടൻ, ക്ഷുരകൻ, കൂലിപ്പണിക്കാരൻ മുതലായ എല്ലാവരേയും, ഒരുപോലെ പക്ഷപാതരഹിതമായി സംരക്ഷിച്ചു പോന്നിരുന്നു. സമുദായത്തിന്നു അത്യന്താപേക്ഷിതരല്ലാതിരുന്ന, കേവലം കലോപജീവികളായിരുന്ന, പുള്ളവർ (ദേശത്തെ പാട്ടുകാർ) കളിക്കാർ, എന്തിനേറെ, പിച്ചക്കാർ മുതലായവരെക്കൂടി ഈ പരസ്പരസഹായത്തിൻെറ പരിധിക്കുള്ളിൽ പെടുത്തി പരിപാലിച്ചുപോന്നിരുന്നു.

ധനസംബന്ധമായ സകല കാര്യങ്ങളിലും, പരസ്പരസഹായവ്യവസ്ഥകൾ അംഗീകരിച്ചിരുന്നതായി കാണാം. ഉദാഹരണമായി "കുറികൾ". ഇവ പലതരത്തിലുണ്ട്. ജീവരക്ഷാഭോഗം (Insurance), ബാങ്കിംഗ്, ഇവയുടെ തത്വങ്ങളടങ്ങിയതാണ് ഈ കുറികൾ. അടിയന്തരാവശ്യങ്ങൾക്ക് വിളിച്ചെടുക്കാവുന്നതും, കുറേശ കുറേശയായി മാത്രം വെച്ചു നികത്തിയാൽ പോരുന്നതുമായ ഒരു സമ്പാദ്യമെന്ന നിലക്ക് ഈ "കുറി"കൾ പ്രാധാന്യമർഹിക്കുന്നു. കുറിമൂപ്പൻെറ സത്യസന്ധതയും, ധനസ്ഥിതിയും തന്നെയാണ് ഈ "കുറി"കൾക്കുള്ള ഉറപ്പ്. സത്യസന്ധരായ അനവധി നാട്ടുകാർ ഈ കുറികൾ മുഖാന്തരം, മാന്യമായ നിലയിൽ പണം സമ്പാദിച്ചിരുന്നു. ക്രയവിക്രയാദികളിൽ പൂർവ്വികന്മാർ പരിപാലിച്ചുപോന്നിരുന്ന സത്യസന്ധതയും, വിശ്വാസ്യതയും

മകുടോദാഹരണമാണ് ഈ "കുറികൾ". ഇതുസംബന്ധമായി കോടതികയ റേണ്ടുന്ന ആവശ്യം അന്നുണ്ടായിട്ടില്ല.

കുറിക്കല്യാണം അഥവാ ചങ്ങാതിക്കുറി വ്യാപാരസംബന്ധിയായി വളരെയേറെ മെച്ചപ്പെട്ടതല്ല. കിട്ടിയാൽ കിട്ടി, പോയാൽ പോയിയെന്ന ഒരു മനോഭാവമാണതിൽ നിഴലിക്കുന്നത്. പെട്ടെന്നു പണസംബന്ധമായ ഒരു തിടുക്കത്തിന്നു പരിഹാരം കാണ്മാൻ, ഒരാൾ ഒരു വിരുന്നേർപ്പെടുത്തി സ്നേഹജനങ്ങളെ ക്ഷണിക്കുന്നു. ഈ വിരുന്നിന്ന് നല്ല ഒരു സദ്യ, ദീപാലങ്കാരങ്ങൾ, ഏറിവന്നാൽ ഒരു മോഹിനിയാട്ടമോ, സദിരൊ മററന്തെങ്കിലും വിനോദമൊ ഉണ്ടായിരിക്കും. അതിഥികൾ ആഘോഷം കഴിഞ്ഞു തിരിച്ചുപോകുമ്പോൾ അവരുടെ മുമ്പിൽവെച്ചിട്ടുള്ള തട്ടിൽ കഴിവനുസരിച്ച ഒരു സംഖ്യ നിക്ഷേപിക്കും. ഇങ്ങിനെ നിക്ഷേപിക്കപ്പെടുന്ന സംഖ്യകളുടെ ആകത്തുക ഈ ആഘോഷങ്ങളുടെ ചിലവിന്നും, കൂടുതലായി കുറിക്കാരൻെറ തല്ക്കാലത്തെ തിടുക്ക നിവൃത്തിക്കും മതിയാകും. ഈ നിക്ഷേപിക്കുന്ന സംഖ്യകൾക്ക് ഒരു രശീതിയൊ, മററു ലക്ഷ്യങ്ങളൊ വാങ്ങുക പതിവില്ല. മടക്കികൊടുക്കണമെന്ന് നിർബ്ബന്ധിക്കാനും പാടില്ല. കുറിക്കാരനു ആ പണംകൊണ്ട് എന്തും ചെയ്യാം. പകരത്തിന്നു പകരം സന്ദർഭം വരുമ്പോൾ കൊടുത്തെ കഴിയൂ എന്നു നിയമമില്ല. പക്ഷെ സാധാരണയായി മടക്കിക്കൊടുക്കും. കാരണം കുറിക്കാരൻ ആ ദേശക്കാരനാണ്. ആ ദേശത്തിൽ കഴിഞ്ഞുകൂടേണ്ടവനാണ്. ഇന്നത്തെപ്പോലെ പെനാങ്കിലേക്കൊ, സിങ്കപ്പൂരിലേക്കോ ചാടിപ്പോകുന്ന സമ്പ്രദായം അന്നുണ്ടായിരുന്നില്ലെന്നുള്ളത് പ്രത്യേകം സ്മരണീയമാണ്.

മറെറാരു സമ്പ്രദായം പൊലിക്കളിയാണ്. ഒരാൾ ഒരു കഥകളിയൊ, അയ്യപ്പൻ വിളക്കോ നിശ്ചയിക്കും. കുറെയാളുകൾക്ക് ക്ഷണക്കത്തയക്കും. ക്ഷണിക്കപ്പെടുന്നാൾക്ക് പന്തലിൽവെച്ച് കളിക്കാൎക്ക് അവസ്ഥാനുസൃതം എന്തെങ്കിലും കൊടുക്കേണ്ടുന്ന ചുമതലയെയുള്ളു. ഇത്ര വേണമെന്ന് നിർബ്ബന്ധമില്ല. അതൊക്കെ ഓരോരുത്തരുടേയും അഭിമാനത്തിന്നു വിട്ടുകൊടുത്തേക്കും. കളിക്കാൎക്കു വേണ്ടത്ര പണം കൊടുക്കാൻ ആതിഥേയന്നു കഴിഞ്ഞെന്നും, ഇല്ലെന്നും വരാം. അതാരുമത്ര ഗൌനിക്കാറില്ല. കാഴ്ചക്കാരിൽ ഓരോരുത്തരും വന്ന് കളിക്കാൎക്ക് കഴിയുന്ന ഒരു സംഖ്യ സംഭാവനചെയ്യും; കളിക്കാരുടെ പൊലിപ്പാട്ടിൽ അവരെപ്പററി കീൎത്തിക്കപ്പെടും. സംഭാവന സ്ഥിതിക്കനുസരിച്ചു ചെയ്യാത്തവരെ കാണികളിൽ ചെറുപ്പക്കാർ പരിഹസിച്ച് ചിരിക്കും. മാന്യമായി സംഭാവനചെയ്തവരുടെ ഔദാൎയ്യത്തെ പുകഴ്ത്തും. ഈ വക സംഗ

തികളൊന്നും ഇന്നു് നടപ്പില്ല. കാരണം നമ്മളുടെ മടിശ്ശീലയുടെ അഭിമാനം, സ്വന്തം ആഭിമുഖ്യത്തിൽ നടത്തുന്ന ഒരാഘോഷത്തിന്നു നാട്ടുകാരുടെ സഹായം ആവശ്യപ്പെടുന്നത് അപമാനമാണെന്നുള്ള ഒരു ബോധം നമ്മിൽ അങ്കുരിപ്പിച്ചതാണ്.

കഥകളി, ഉത്സവം മുതലായതൊക്കെ എല്ലാവക്കും പണം കൊടുക്കാതെ കാണത്തക്ക ആഘോഷങ്ങളായിരുന്നു. ആരെങ്കിലും ഒരാം ഒരു കഥകളിസംഘത്തെ പ്രോത്സാഹിപ്പിക്കണമെന്നു തീച്ചപ്പെടുത്തിയാൽ ഉടൻ ഒരു കളി നിശ്ചയിക്കും. കേളികൊട്ടു് കേട്ടാൽ നാനാ ഭാഗങ്ങളിൽനിന്നും ആളുകാം എത്തിച്ചേരുകയായി. ചിലർ കളി മുഴുക്കെ കാണണമെന്നുദ്ദേശിക്കുന്നവരായിരിക്കയില്ല. അവക്കു് പുലച്ചെയ്യുള്ള "ചുകന്നാടിയു"ടെ പുറപ്പാടിലാണിഷ്ടം. ചുകന്ന താടി അരങ്ങത്തു് വന്നാൽ വിളിയ്ക്കാൻ കൂട്ടുകാരെ ഏല്പിച്ചു് ചിലർ കളിസ്ഥലത്തുതന്നെ അവരവർകൊണ്ടുവന്ന പരമ്പൊ പായയോ വിരിച്ചു് കിടന്നു് ഉറക്കം തുടങ്ങും. സമുദായത്തിലെ വലിയവരൊക്കെ പന്തലിലും, അരങ്ങിന്നുതൊട്ടുള്ള വീടുകളിലെ വരാന്തയിലുമായിരിക്കും. മററു കാണികാം, അവസ്ഥാനുസൃതം വിസ്തൃതമായ അങ്കണത്തിലും, പറമ്പിലുമായി സ്ഥലം പിടിക്കും. ഒരു കളി സ്വന്തമായി കളിപ്പിക്കാൻ കഴിവുള്ളവർ കുറഞ്ഞെന്നു വരാം. പക്ഷെ എല്ലാവക്കും കളികണ്ടു് ആനന്ദിക്കാൻ അഹതയും, അവസരവുമുണ്ടു്. ആരോടും ടിക്കററു് എവിടെയെന്നാരും ചോദിച്ചിരുന്നില്ല. അധികം ആളുകാം എത്തിച്ചേരുന്നത്, കളിപ്പിക്കുന്നാംക്കു് ഒരഭിമാനമായിരുന്നു.

ഇതൊക്കെ അന്നത്തെ നാടുവാഴി പ്രഭുത്വത്തിൻേറയും പൊതുവെയുണ്ടായിരുന്ന ദാരിദ്ര്യത്തിൻേറയും ഫലമായിരിക്കാം. പണം അന്നു് ഒരപൂവ്വവസ്തുവായിരുന്നു. നോട്ടുകാം അന്നു് നടപ്പില്ല. തന്മൂലം വില വദ്ധനവുണ്ടായിരുന്നില്ല. പഴയ ചെപ്പേടുകാം പരിശോധിച്ചാലറിയാം, അന്നത്തെ പ്രവൃത്തിക്കാക്കു് കൊടുത്തിരുന്ന ശമ്പളത്തോതു്, നാടൊട്ടുക്കുംതന്നെ കുറവായിരുന്നുവെന്നു. ശാന്തിക്കാരൻ നമ്പൂതിരിക്കു് അന്നത്തെ ശമ്പളം മാസത്തിൽ 6 പറ നെല്ലും 2 പണവുമായിരുന്നു. പരികമ്മിയായ വാരിയക്കു് 4 പറ നെല്ലും അരപ്പണവും. അതുപോലെത്തന്നെ വിസ്തൃതമായ ഒരു വളപ്പിന്നു ജന്മിക്കു് കൊടുക്കേണ്ട പുറപ്പാടൊ കൊല്ലത്തിൽ വെറും 8ണ. മാത്രം. ഒന്നാംകിട ചെണ്ടക്കാക്കും, കുഴൽക്കാക്കും, ഒരു ദിവസത്തെ അദ്ധ്വാനത്തിന്നു കിട്ടിയിരുന്നതു് 4ണ.യൊ മറെറാ ആയിരുന്നു. ഒരു രാത്രിയിലെ അദ്ധ്വാനത്തിന്നു, പത്തുനാല്പതാളടങ്ങിയ ഒരു കഥകളിസംഘത്തിന്നു കിട്ടിയിരുന്നതു് 10ക.യാ

യിരുന്നു. ഇത്തരത്തിലുള്ള ഒരു കഥകളിയിൽ ഒരു പ്രധാന നടൻെറ അഭിനയ ചാതുര്യം കണ്ട് അതിശയിച്ച ഒരു തമ്പുരാൻ അയാളെ വിളിച്ച്, സദസ്സിൽ വെച്ച തന്നെ ഒരു നാലണ നാണ്യം പാരിതോഷികമായി നല്കിയ കഥ ഞാനിന്നും ഓർമ്മിക്കുന്നു. ആ നടനാകട്ടെ ഈ പാരിതോഷികം കിട്ടിയതിൽ അതീവ സന്തുഷ്ടനാവുകയും, ദാതാവിനെ താണുതൊഴുത് വിടവാങ്ങുകയും ചെയ്തു. ഇന്ന് ഇങ്ങിനെയൊരു നടന്ന് 4ണ സമ്മാനം കൊടുത്താൽ അയാൾ അത് ആ കൊടുത്താളുടെ മുഖത്ത് വലിച്ചെറിഞ്ഞു് പോകും. അങ്ങിനെ ചെയ്യുന്നതിൽ അയാളെ ആരും കുററപ്പെടുത്തുകയുമില്ല.

ഈ കളിക്കാൎക്കെല്ലാം ഭക്ഷണം വെറുതെ കൊടുത്തിരുന്നു. ഹോട്ടലിലേയൊ, ചായക്കടയിലേയോ ബില്ല് അവൎക്ക് പ്രതീക്ഷിക്കേണ്ടതില്ല. യാത്രച്ചിലവിൻെറ കാൎയ്യം, നാടു മുഴവൻ കാൽനടയായി ചുററിയിരുന്ന അവർ മിണ്ടിയിരുന്നതേയില്ല. ഏററവും അധികം ആദായമുണ്ടായ ഒരു കൊല്ലത്തിൽ എന്തു സമ്പാദിച്ചിരുന്നുവെന്നു ഞാനൊരു കളിക്കാരനോടു ചോദിച്ചു. "20ക കുഞ്ഞെ!" എന്നാണാ വൃദ്ധൻ അഭിമാനത്തോടുകൂടി മറുപടി പറഞ്ഞത്. പിശുക്കിപ്പിശുക്കി ഒരായിരമൊ, രണ്ടായിരമൊ സമ്പാദിച്ചിട്ടുള്ള ഒരാളെപ്പററി അന്നു നാട്ടുകാൎക്കെന്ത് മതിപ്പായിരുന്നുവെന്നൊ! മലബാറിൽ ഇന്ന് മേലെക്കിടയിലുള്ള 10 പണക്കാരെ നോക്കു. ചെട്ടിനാട്ടിലേയൊ ബോമ്പായിലേയൊ പണക്കാരോട് താരതമ്യപ്പെടുത്തുമ്പോൾ അവരൊക്കെ നിൎദ്ധനരല്ലെ?

മേൽപറഞ്ഞതിൽനിന്നൊക്കെ നമുക്ക് മനസ്സിലാവുന്നത് വ്യക്തിപ്രാഭവത്തിൻെറ അന്നത്തെ അഭാവമാണ്. ജീവിതം ഒരു വ്യക്തിയുടേയും കുത്തകയല്ല. എല്ലാവൎക്കുംവേണം ജീവിക്കുക. പരസ്പരം യോജിപ്പുണ്ടായാൽ ഈ ലോകജീവിതം ഒട്ടും ദുഷ്കരവുമല്ല. ഇതന്നുള്ളവർ മനസ്സിലാക്കിയിരുന്നു. ഇന്നാകട്ടെ, വ്യക്തികളുടെ പ്രാഭവം മുന്നിട്ടുനിൽക്കുന്നു. ഇത് പാശ്ചാത്യചിന്തയുടെ ഫലമായുണ്ടായതാണ്. വ്യാവസായികമായും, ബുദ്ധിപരമായും, എന്തിനു മതപരമായിത്തന്നെയും ഈ വ്യക്തിപ്രാഭവം നമ്മുടെ ജീവിതത്തിൽ പ്രകൃതിനിയമങ്ങളോടുള്ള അനുരഞ്ജനത്തിന്നു പകരം, ഒരു മുന്നേററമനോഭാവം പ്രതിഷ്ഠിച്ചു. പണമൊ, സ്ഥാനമാനാദികളൊ, ഉദ്യോഗപ്രൌഢിയൊ ആണിന്ന് പ്രധാനം. ബ്രിട്ടീഷ് ഭരണം പഴയ മാമൂലുകളേയും, പ്രഭുവൎഗ്ഗത്തെയും തട്ടിയുടച്ച്, ഒരു പുതിയ ഉദ്യോഗസ്ഥവൎഗ്ഗത്തെ സൃഷ്ടിച്ചു. പഴയ നാട്ടുപ്രമാണിമാൎക്കു പകരം, തൽസ്ഥാനങ്ങളിൽ വക്കീലന്മാർ, ഇൻസ്പെക്ടർമാർ, താസിൽദാർ

മാർ എന്നിങ്ങിനെ ചിലരെ അന്നത്തെ മദ്ധ്യമവിഭാഗക്കാരിൽനിന്നെടുത്തു പ്രതിഷ്ഠിച്ചു. അവരാകട്ടെ തങ്ങാംക്കും, പൂർവ്വികന്മാക്കും കൈവണങ്ങേണ്ടി വന്നിരുന്ന അന്നത്തെ പ്രഭുകുഡുംബങ്ങളെ ധിക്കരിക്കുന്നതിൽ ഒരുവക സംതൃപ്തിയടഞ്ഞു. പഴയ പ്രഭുക്കന്മാരും നാട്ടുപ്രമാണിമാരും ഈ പുത്തൻ അധികാരിവൃന്ദങ്ങളാൽ ധിക്കരിക്കപ്പെട്ടു. കാരണം, ഉദ്യോഗസ്ഥന്മാക്കു ഒരു സാമ്രാജ്യത്തിൻെറ മുഴവൻ പിൻബലമുണ്ട്. ഈ ബ്രിട്ടീഷ് ഭരണത്തിൽ വന്ന മൌലികമായ ഒരു മാററം, പണവും പ്രതാപവും, പണ്ടത്തെ പുരോഹിതവർഗ്ഗക്കാരിൽനിന്നും പ്രഭുകുലങ്ങളിൽനിന്നും പിടിച്ചെടുത്ത് ഇടത്തരക്കാരിൽ വിതരണം ചെയ്തതും, അധഃകൃതരിൽ നൂതനമായ ഒരു മാനുഷിക ചൈതന്യം കുത്തിവെച്ചതുമാണ്. സിവിൽ ക്രിമിനൽ നിയമസംഹിതകളാണ് ഇംഗ്ലണ്ട് നമുക്കു നൽകിയ ഏററവും വലിയ സമ്മാനം. മറെറാന്നു നമ്മുടെ ഇടയിൽ ഒരു വാണിജ്യാസക്തിയുളവാക്കിയതാണ്. പഴയ നമ്പൂതിരിമാരും, നായന്മാരും കച്ചവടത്തിൽ ഏപ്പെടുന്നത് അഭിമാനത്തിന്ന് ഹാനികരമായി കരുതിയിരുന്നു. കച്ചവടം ചെട്ടികാംക്കും അറബികാംക്കും മാത്രമുള്ള ഒരു തൊഴിലാണെന്നാണ് അവർ കരുതിയിരുന്നത്. ഇപ്പോഴും പുതുതായി കച്ചവടം തുടങ്ങുന്ന മലയാളിയുടെ ലജ്ജാവനമ്രമായ മുഖത്ത് ഈ മനോഭാവത്തിൻെറ ഒരു നേരിയ ലാഞ്ഛന പ്രത്യക്ഷപ്പെടുന്നുണ്ട്. പക്ഷെ അടുത്ത കാലത്തായി സംഗതികാം കുറെയൊക്കെ ഭേദപ്പെട്ടുവരുന്നുണ്ട്—ഫാക്ടറികളും വൻകിട വ്യവസായങ്ങളും മലബാറിൽ വർദ്ധിച്ചുവരുന്നു. അതോടൊപ്പം മുതലാളിത്തവും, ട്രെയിഡ് യൂനിയനുകളും, ഇതിൻെറയെല്ലാം കൂടപ്പിറപ്പായ നാനാവിധ ബുദ്ധിമുട്ടുകളും വർദ്ധിച്ചുവരുന്നു. നാം ഇപ്പോറം ഒരു നൂററാണ്ട് മുമ്പെത്തെ ഇംഗ്ലണ്ടിൻെറ നിലയിലെത്തിയിരിക്കുന്നു.

ഇതിലെല്ലാററിലുമധികം അത്ഭുതകരമായിതോന്നുന്ന സംഗതി, ഈ പാശ്ചാത്യപരിഷ്കാരം നമ്മുടെ സാമൂഹ്യ, സാമ്പത്തിക വ്യവസ്ഥകളെ താറുമാറാക്കുന്ന അതെ അവസരത്തിൽ ഇംഗ്ലണ്ടിൽ, പരസ്പരസഹായ പ്രസ്ഥാനത്തിൻെറ നേതാവായ ജോർജ്ജ് ജേക്കബ് ഹോളിയോക് പരസ്പരസഹായ കടധന വ്യവസ്ഥകാം രൂപീകരിക്കുകയായിരുന്നുവെന്നുള്ളതാണ്. ഈ മനുഷ്യൻെറ പ്രവർത്തനഫലങ്ങളായ പരസ്പരസഹായ വ്യവസ്ഥകാം—അവ നമ്മുടെ പുരാതന വ്യവസ്ഥകളുടെ അടുത്ത് നിൽക്കാൻ യോഗ്യതയില്ലാത്തതാണെങ്കിൽ കൂടിയും—അനവധി കൊല്ലങ്ങാംക്കുശേഷം ഒരു പരസ്പരസഹായ ഡിപ്പാർട്ടുമെണ്ടിൻെറ രൂപത്തിൽ നമ്മുടെ മുമ്പിൽ ആവിർഭവിച്ചപ്പോറം, നാം അതിനെ സ്വീകരിക്കേണ്ടിവന്നുവെന്നുള്ളത് അധികം അത്ഭുതകരമായിതോന്നുന്നില്ലേ!

(1947)

# ഇംഗ്ലീഷ്ഭാഷ ഇന്ത്യയിൽ

**1834-ൽ** ബ്രിട്ടീഷ് ഈസ്റ്റിന്ത്യാകമ്പനി, അവരുടെ ചരിത്രത്തിൽ വെച്ച് ഏററവും പ്രധാനവും കാലോചിതവുമായൊരു പ്രഖ്യാപനം ചെയ്കയുണ്ടായി. ഇന്ത്യക്കാരെ പാശ്ചാത്യചിന്താസരണിയിലൂടെ പരിഷ്കൃതരാക്കാനുള്ളൊരു കടപ്പാട് ഇംഗ്ലണ്ടിൻേറതായിത്തീൎന്നിട്ടുണ്ടെന്നു് ഒട്ടും സങ്കോചം കൂടാതെ വെട്ടിത്തുറന്നു പറഞ്ഞ മെക്കോളെപ്രഭുവിൻെറ—അന്നദ്ദേഹം കല്ക്കത്തയിലെ ഗവൎണ്ണർജനറാളുടെ കൌൺസിലംഗമാണ്—അഭിപ്രായത്തെ സ്വീകരിച്ചുകൊണ്ടു്, അവരുടെ അധീനത്തിലുള്ള പ്രദേശങ്ങളിൽ ഇംഗ്ലീഷുസൎവ്വകലാശാലാ വിദ്യാഭ്യാസത്തിൻെറ ഒരു പദ്ധതി പരീക്ഷിച്ചുനോക്കാമെന്നു് അവരുറച്ചു. കച്ചവടത്തിൽനിന്നു രാജ്യതന്ത്രത്തിലേയ്ക്കു പാടെ മാറുക എന്ന അവരുടെ നയത്തിൻെറ സ്വാഭാവികമായൊരു പരിണതഫലംതന്നെയായിരുന്നു അതു്. എന്നിട്ടു്, അതാണു് സാവേഗവും സാവധാനവുമായി, വ്യത്യസ്തമെന്നല്ല ഏററവും അവസാനത്തേതുകൂടിയായ ഒരു തീരുമാനത്തിലെത്തിച്ചതു് —രണ്ടു കൊല്ലം മുമ്പ് ഇതേ ദിവസത്തിൽ.

ഇന്ത്യാ ബ്രിട്ടീഷുബന്ധത്തിൻെറ ചരിത്രം, വിശകലനം ചെയ്തുനോക്കുമ്പോറം, അനുക്രമങ്ങളായ അഞ്ചു തീരുമാനങ്ങളിലാണു് പടുത്തുയൎത്തിയിട്ടുള്ളതു്. ആദ്യത്തേതു്, ഒരു വണികസംഘത്തിൻെറ രൂപവൽക്കരണവും ഇന്ത്യയുടെ കടലോരത്തിൽ മൂന്നിടത്തു കുടിയിടങ്ങളുറപ്പിയ്ക്കലുമാണു്. ആത്മരക്ഷയുടെ ആവശ്യത്തിൽനിന്നുടലെടുത്ത, തൊട്ടുകിടക്കുന്ന ഇടത്തരം കോയ്മകളുമായുള്ള ഇടപെടലും നമ്മുടെ ആളുകളുടെ ബുദ്ധിശൂന്യമായ ഒടുങ്ങാത്ത അന്യോ

ന്യവിരോധവുംകൊണ്ടു് എളുപ്പം കൂട്ടപ്പെട്ടതുമായ അടിയ്ക്കടി വികസിയ്ക്കാനുള്ള പ്രചോദനവുമാണു് രണ്ടാമത്തേതു്. അതാകട്ടെ, ബോംബെ മദിരാശി കൽക്കത്ത എന്നിവിടങ്ങളിലുള്ള സാക്ഷാൽ കുടിപ്പാർപ്പുകളുടെ ചുററുമായി മൂന്നു് സ്വതന്ത്രങ്ങളായ സംസ്ഥാനങ്ങളിലേയ്ക്കു വളൎന്നുവന്നു. ഇതിനെയൊക്കെ, ഗവൎണ്ണർജനറലും കൌൺസിലുമുള്ള കൽക്കത്തയിലെ ഒരു കേന്ദ്രീകൃത ഭരണത്തിലാക്കുകയായിരുന്നു അവരുടെ മൂന്നാമത്തെ കാൽവെപ്പു്. പിന്നെ, സാമ്രാജ്യത്തിലേയ്ക്കുള്ള വിലയനമായി; അവസാനം, രാഷ്ട്രീയചരിത്രത്തിൽ ആകെത്തന്നെ അത്ഭുതപൂൎവ്വവും മധുരോദാരവുമായ ആ ത്യാഗവും.

സംയോജനത്തിന്റെ മൂന്നാംഘട്ടത്തിൽ, പൊതുവായൊരു ഭരണസമ്പ്രദായത്തിന്റേയും നിയമസംഹിതയുടേയും സാംസ്കാരികപ്രവൎത്തനത്തിന്നുള്ളൊരു സാകല്യകപദ്ധതിയുടേയും ആവശ്യകത അവശ്യമായനുഭവപ്പെട്ടു. ആ സമയത്തു്, വളരെ ശ്രദ്ധേയങ്ങളായ ചില പ്രമാണങ്ങൾ പൊങ്ങിവരികയുണ്ടായി. അതിന്നും നമ്മുടെ കൂടെയുണ്ടു്; ഒരുപക്ഷേ, ഇനിയുമതു ഗണനീയമായ അല്പം ചില കാലത്തേയ്ക്കുകൂടി അങ്ങിനെ തുടൎന്നുപോയേയ്ക്കാനും മതി. അടിസ്ഥാനഭരണഘടന, നികുതിയെപ്പററിയും നിയമപരവുമായ ചട്ടങ്ങൾ, വിദ്യാഭ്യാസതത്വങ്ങൾ—ഇവയൊക്കെ അക്കൂട്ടത്തിൽപ്പെട്ടതാണു്. അതിൽ രണ്ടു പ്രമാണപത്രങ്ങൾ മുന്തിനില്ക്കുന്നു: ഇന്ത്യൻശിക്ഷാനിയമവും അതിലധികം സ്മൎത്തവുമായ ആ വിദ്യാഭ്യാസരേഖയും. രണ്ടും മെക്കോളയുടെ—ഇംഗ്ലണ്ടു നമുക്കയച്ച ഏററവും വലിയ പ്രതിഭാസമ്പന്നന്റെ—തൂലികയിൽ നിന്നുതന്നെ.

കൌൺസിലിലെ അംഗമെന്ന നിലയ്ക്കു്, ഇന്ത്യയ്ക്കാകമാനമുതകുന്ന ഉയൎന്നൊരു വിദ്യാഭ്യാസപദ്ധതി അദ്ദേഹത്തിന്നു രൂപപ്പെടുത്തേണ്ടതുണ്ടായിരുന്നു. പരിഗണനനീയരായ ഇന്ത്യൻ പണ്ഡിതന്മാരുടെ അഭിപ്രായം അദ്ദേഹമതിന്നു് ആരായുകയുമുണ്ടായി. ഉടനെതന്നെ, പഴഞ്ചൻ പഴഞ്ചനെങ്കിലും എന്നും ഇന്ത്യയ്ക്കു പുത്തൻ പുത്തനായ ആ സമ്പ്രദായം, ഭയങ്കരമായ തമ്മിൽത്തല്ലു് അവിടേയും തുടങ്ങി. പണ്ഡിതന്മാർ സംസ്കൃതത്തിന്നുവേണ്ടി മുറവിളികൂട്ടുക, ഉലേമമാർ അറബിക്കോ അല്ലെങ്കിൽ പേർസ്യനോ വേണമെന്നാവശ്യപ്പെടുക, പ്രാദേശികവാദികൾ ബങ്കാളിയ്ക്കു ശാഠ്യംപിടിയ്ക്കുക എന്നിങ്ങനെ. ശാന്തവും എന്നാൽ അധികാരമന്ദ്രവുമായ സ്വരത്തിൽ നിരൎത്ഥകങ്ങളായ ഈ നിലവിളികളെ തട്ടിനീക്കിക്കൊണ്ടു മെക്കോളെ മുന്നോട്ടുപോയി. അദ്ദേഹം പറഞ്ഞു: "ഫലത്തിൽ എല്ലാ പൌരസ്ത്യസംസ്കാരവും യാഥാസ്ഥിതികപാരമ്പര്യം

കൊണ്ടു പങ്കിലമാണ്; പുരോഗമനം ഇംഗ്ലീഷുരാഷ്ട്രീയചിന്തയുടെ ആ തൻേറടം ആവശ്യപ്പെടുന്നു; വലിയൊരു രാഷ്ട്രത്തിൻെറ നിയാമകരെന്ന നിലയ്ക്കു്, ഇന്ത്യൻ ജനതയെ നൂതനവും സ്വതന്ത്രവുമായ സരണിയിൽക്കൂടെ ചിന്തിയ്ക്കാൻ പരിശീലനം കൊടുക്കേണ്ടതു് ഇംഗ്ലീഷുകാരുടെ കടമയാണ്.'' അദ്ദേഹം അന്നുതന്നെ വ്യക്തമായും നിഷ്കൃഷ്ടമായും പറഞ്ഞുവെച്ചിട്ടുണ്ടു്: 'ഈയൊരു പരിശീലനം, ഇംഗ്ലീഷുകാരുടേതുപോലുള്ളൊരു രാഷ്ട്രീയസ്വാതന്ത്ര്യാഭിവാഞ്ഛ ഒരു കാലത്തു് ഇന്ത്യക്കാരനിലും കൈവളർത്തും; അപ്പോൾ, നമ്മിൽനിന്നു് അവനതാവശ്യപ്പെടും; അന്നു നാമതു കൊടുക്കേണ്ടിയുംവരും' എന്നു്. ഒരു നൂററാണ്ടിന്നു മുമ്പാണതു്. ഇരുപത്തഞ്ചു കൊല്ലം കഴിഞ്ഞു, വിക്ടോറിയാ രാജ്ഞിയുടെ വിളംബരം ഇതേ ആശയം, ഏതാണ്ടു് ഈ വാക്കുകളിൽത്തന്നെ ആവർത്തിയ്ക്കുകയുമുണ്ടായി. ഇന്നാകട്ടെ, നമുക്കതു് അനുഭവത്തിൽ വന്നിട്ടുമുണ്ടു്.

ഈ മെക്കോളെ വരുന്നതിന്നുമുമ്പു് ഇവിടെ ഇംഗ്ലീഷുണ്ടായിരുന്നേയില്ല എന്നു നമുക്കു വിചാരിച്ചുകൂടാ. തുടക്കത്തിൽ ഈസ്റ്റിന്ത്യാകമ്പനിയ്ക്കു, വെറും കച്ചവടത്തിന്നുതന്നെ, ധാരാളം പരിഭാഷകന്മാരുടെ സഹായം ആവശ്യമായിരുന്നു. ഇംഗ്ലണ്ടിൽനിന്നു് ആദ്യമാദ്യം വന്നവർക്കു് ഇന്ത്യൻഭാഷകളിൽ വളരെയേറെ ബുദ്ധിമുട്ടേണ്ടിവന്നു. എന്നാൽ, ആ ഭാഷകൾ ഓരോ നൂറു നാഴികയ്ക്കും വളരെയേറെ മാറിമറിഞ്ഞിരുന്നതുകൊണ്ടും, മററു ഭാഷകളോടു് ആംഗ്ലോസാക്സന്നുള്ള വാസന സ്വതേ മന്ദമായിരുന്നതുകൊണ്ടും, നമ്മുടെ കൂട്ടരിൽത്തന്നെ പലരും യോഗ്യഭാഗ്യംപോലെ വരട്ടെ എന്നുവെച്ചു് ഇംഗ്ലീഷു പഠിയ്ക്കാൻ തുടങ്ങി. ഒരു വർഗ്ഗത്തെ മറേറതെങ്കിലുമൊരു വർഗ്ഗം കീഴ്പ്പെടുത്തി വാഴുക പതിവായിരുന്ന നമ്മുടെ രാജ്യത്തു് ഈ ദ്വിഭാഷി അഥവാ തർജ്ജമക്കാരൻ എല്ലാ കാലത്തും ഒരൊഴിയാബാധയാണ്. അങ്ങിനെ, ഒരു തരം ഇംഗ്ലീഷു കഷ്ടിച്ചൊപ്പിയ്ക്കാവുന്ന ആളുകളുടെ ഒരുകൂട്ടം കമ്പനിത്താവളങ്ങൾക്കു ചുററും വളർന്നുവന്നു. അതിൽ കൂടുതൽ സമർത്ഥന്മാർ കമ്പനി കൊടുക്കുന്ന വെറും അഞ്ചുറുപ്പിക ശമ്പളത്തിന്നു ഗുമസ്ഥാക്കളും കണക്കപ്പിള്ളമാരുമായി കയറിക്കൂടി. പിന്നീടു് ചെറിയ ചെറിയ അദ്ധ്യാപനസമൂഹങ്ങൾ ഇവർതന്നെ ഏർപ്പെടുത്തി. അന്തസ്സുള്ളൊരു പുതിയ ജീവിതയാത്രയ്ക്കു നല്ലൊരു മാർഗ്ഗമായി ഈ ഭാഷയെക്കണ്ട ഇടത്തരക്കാരിൽ അവധാനവേഗരായ പലരും അതിനെ തികച്ചും ആദായകരമായി ഉപയോഗപ്പെടുത്തുകയും ചെയ്തു. സ്കൂളുകളെന്ന നിലയ്ക്കൊരു സമ്പ്രദായമെന്തെങ്കിലും അന്നുണ്ടായിരുന്നെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. എന്നാൽ, പ്രാപ്തരും ചുറുചുറുക്കുള്ളവരുമായ ഇന്ത്യൻ

അദ്ധ്യാപകന്മാരുടെ കീഴിൽ വളരെക്കാലത്തോളം ചില അദ്ധ്യാപനസമ്പ്രദായങ്ങൾ ഉണ്ടായിരുന്നെന്നു തീച്ച്. എന്നല്ല, കമ്പനി അവരുടെ സ്വന്തം താല്പര്യങ്ങൾക്കുവേണ്ടിത്തന്നെ ആ സമ്പ്രദായത്തോട് അനുഭാവം പ്രദശിപ്പിച്ചിരിയ്ക്കാനും ഇടയുണ്ട്. ഇംഗ്ലണ്ടിൽനിന്നു വരുത്തുന്ന വലിയ ശമ്പളക്കാരായ ഉദ്യോഗസ്ഥന്മാരുടെ പ്രവൃത്തി നിവ്വഹിയ്ക്കാൻ ഒപ്പിയ്ക്കാവുന്ന പണിക്കാരെ ലാഭത്തിലതു നല്കിയിരുന്നല്ലോ, അതുകൊണ്ട്. അതിൽ നിർഭാഗ്യകരമായതിതാണ്: പിില്ക്കാലങ്ങളിൽ ഈ രണ്ടു സമ്പ്രദായങ്ങളും കൂടികലൎന്നു കുഴഞ്ഞുമറിഞ്ഞു പൊതുപ്രവൎത്തകന്മാരാകട്ടെ, ഇന്ത്യക്കാർമാത്രമുത്തരവാദപ്പെട്ട ആദ്യകാലത്തെ സമ്പ്രദായത്തോടൊട്ടിപ്പിടിച്ചിരുന്ന ഒന്നിനും കൊള്ളാത്ത ന്യൂനവശങ്ങളെ, ഇംഗ്ലീഷു സവ്വകലാശാലാസമ്പ്രദായത്തിൻെറമേൽ ഏറിയ കുറും ആരോപിച്ചു.

ആ ചരിത്രപ്രധാനമായ പ്രഖ്യാപനം കഴിഞ്ഞു കുറച്ചു കാലത്തിന്നുശേഷം, കല്ക്കത്തയിലും മദിരാശിയിലും ബോമ്പെയിലും നമ്മുടെ അനർഘങ്ങളായ സവ്വകലാശാലകൾ രൂപമെടുത്തു. കാവ്യാലങ്കാരങ്ങളെന്നല്ല, നിയമം, എഞ്ചിനീയറിങ്ങ്, വൈദ്യം തുടങ്ങിയ പല പല പ്രവൃത്തിഭാഗങ്ങളും പഠിപ്പിയ്ക്കാൻ ധിഷണാഗ്രണികളായ ചില പ്രഫസർമാർ ഇംഗ്ലണ്ടിൽനിന്നുതന്നെ വരികയുണ്ടായി. കൂട്ടത്തിൽ, ധാരാളക്കണക്കിൽ ക്രൂസ്തീയമതപ്രചാരകന്മാരും വന്നിരുന്നു. മതസംബന്ധങ്ങളായ പല പല കലക്കങ്ങളുടെ നടുക്കാണെങ്കിലും നല്ല കണക്കിൽ കാര്യമായാവശ്യകങ്ങളായ അദ്ധ്യാപനങ്ങൾ അവരിവിടെ ചെയ്തിട്ടുണ്ട്. ഇന്ത്യക്കാരതെല്ലാം എപ്പോഴും അറിഞ്ഞിരുന്നില്ലെങ്കിലും, ആ രണ്ടു ശക്തികൾ വളരെ അകന്നുനില്ക്കുന്നവമാത്രമല്ല പലപ്പോഴും പരസ്പരവിരുദ്ധങ്ങളുമായിരുന്നു. എന്നാൽ, അതിനിടയിൽ അവരൊരുൽകൃഷ്ടമായ പ്രവൃത്തി ചെയ്തു—ഇന്ത്യയ്ക്കിന്നുള്ള ആധുനികശാസ്ത്രജ്ഞാനവും അതിലേറെ പ്രാധാന്യമഹിയ്ക്കുന്ന ഭരണസ്വാതന്ത്ര്യജ്ഞാനവും ഇന്ത്യയ്ക്കവർ പ്രദാനം ചെയ്തു. എന്നുവേണ്ട, ഇവിടത്തെ അവിയൽജാതികളെല്ലാംതന്നെ ഐകരൂപ്യമുററ ഒരൊററ ജനതയാണെന്നു വിചാരിയ്ക്കപ്പെട്ടുമെന്ന ശുഭപ്രതീക്ഷയോടെ, തങ്ങളുടേത് ഒരൊററ രാജ്യമാണെന്ന സ്വന്തമായൊരു ബോധം ഇന്ത്യയ്ക്കാദ്യമായവരനുഭവപ്പെടുത്തിക്കൊടുത്തു.

പഴയ വാമനനെപ്പോലെ, ഇന്ത്യക്കാർ പരിചയം, ചിന്ത, വീക്ഷണം എന്നിവയുടെ ഒരു മുമ്മടങ്ങായ കാൽവെപ്പുകൊണ്ടു സമസ്തസൃഷ്ടിയും അളന്നിരുന്നു. പക്ഷെ അങ്ങിനെ ചെയ്യുമ്പോൾ, ലോകജീവിതത്തിൻെറ, പ്രത്യേ

കിച്ചും തൻെറതന്നെ, യാഥാത്ഥ്യങ്ങളെ ഉദാസീനതയുടേയും വഷളത്തത്തിൻേറയും ഇരുളടഞ്ഞ പാഴ്ക്കുണ്ടിൽ അവൻ വിട്ടേച്ചുപോയി. മെക്കോളെ, ഈ പരലോകൈകതല്പരൻെറ വാരിയ്ക്കൊരു കുത്തുകൊടുത്തു പറഞ്ഞു: 'സോദര, ചുററുമൊന്നു നോക്കൂ; ഈ നാനായുധമൊക്കെയൊന്നു വൃത്തിയാക്കാൻ നിനക്കു കഴിയില്ലേ' എന്നു്. അങ്ങിനെ യാഥാത്ഥ്യത്തിലേയ്ക്കൊന്നു വഴുതിവീണപ്പോഠം നമ്മുടെ പ്രതിഭയ്ക്കും പുതിയ ചില ശബ്ദങ്ങളനുഭവപ്പെട്ടു; ചിലതു മധുരമായും ചിലതു തിക്തമായും. കവികളുടേയും വേദാന്തികളുടേയും രാജ്യതന്ത്രജ്ഞരുടേയും, ഭിന്നകാലദേശങ്ങളിലുള്ളതെങ്കിലും, ഐഹികജീവിതം സ്വതേ വിലയുററതാണെന്നും അതിനെ വേണ്ടുംവണ്ണം നിയന്ത്രിയ്ക്കുന്നതുതന്നെ വലിയൊരു ധമ്മമാണെന്നുമുള്ള ആശയം തന്നെയാണ് അപ്പോഴും അവർ കേട്ടതു്.

നാമിപ്പോഠം, ഇന്നുള്ള സ്ഥിതികളെ അങ്ങിനെതന്നെ ശരിവെയ്ക്കുകയും ഒരു നൂറു കൊല്ലം മുമ്പ് ഇന്ത്യൻജനത എന്തായിരുന്നുവെന്ന വാസ്തവം വിസ്മരിയ്ക്കുയും പതിവായിട്ടുണ്ടു്. വളരെക്കാലംമുമ്പുമുതൽക്കേ ഇന്ത്യയിൽ വ്യക്തിയെ അത്ര കാര്യമായൊന്നും കരുതിയിരുന്നില്ല. ജാതിമതവർഗ്ഗങ്ങളുടെ അളന്നുതിട്ടപ്പെടുത്താനാവാത്തത്ര്യധികം മതിലുകഠംക്കകം അടയ്ക്കപ്പെട്ടിരിയ്ക്കയായിരുന്നു അവൻ. ഒരാഠം രാജാവായിത്തന്നെ പിറക്കുക, പുരോഹിതനായിത്തന്നെ പിറക്കുക, കൈവേലക്കാരനായിത്തന്നെ പിറക്കുക, അതുമല്ലെങ്കിൽ ഒരു തോട്ടിയായി പിറക്കുക—അതായിരുന്നു പതിവ്. എന്നുവേണ്ട, കള്ളന്മാരുടേയും യാചകന്മാരുടേയും ജാതിപോലും അന്നുണ്ടായിരുന്നു. ആയിരമായിരം കൊല്ലങ്ങളോളം ഒട്ടും മാററംപററാത്ത സ്വീകൃതമായൊരടിമത്തത്തിൽ നാം കഴിഞ്ഞുകൂടി. പരിവത്തനത്തിന്നു നാമൊട്ടാഗ്രഹിച്ചതുമില്ല. ഇതായിരുന്നു പുരോഹിതൻ പഠിപ്പിച്ച ധമ്മം. എന്നല്ല, ഇംഗ്ലീഷുരീതിയിലുള്ള ചിന്തയുടെ എരിതീയിലെരിഞ്ഞുരുകി നശിച്ചതും അതാണ്.

ഇന്ത്യൻ ഗ്രാമങ്ങഠം പ്രജായത്തവ്യവസ്ഥയിലായിരുന്നുവെന്നു നാം പറഞ്ഞു കേട്ടിട്ടുണ്ടു്. അവ സ്വന്തമായിത്തന്നെ ഭരിയ്ക്കപ്പെടേണ്ടിവന്നു എന്നതു ശരിതന്നെ. നികുതിപിരിവുകാരിൽനിന്നല്ലാതെ പ്രജകളെപ്പററി യാതൊന്നും അറിയാതിരിയ്ക്കാൻമാത്രം അത്ര ദൂരത്തുള്ളവരോ ഉദാസീനരോ ആയിരുന്നു ഭരണകത്താക്കഠം എന്നതാണതിന്നു കാരണം. പ്രജാക്ഷേമൈകതാല്പര്യത്തെപ്പററി പല ചന്തമുള്ള കഥകളും നാം കേട്ടിട്ടുണ്ടു്. എന്നാൽ, നമ്മുടെ കൊച്ചുരാജാക്കന്മാരധികവും വെറും അക്രമികളോ ദൈവരാജത്വത്തിലുള്ള അന്ധവിശ്വാ

സംകൊണ്ടുമാത്രം നിയന്ത്രിക്കപ്പെട്ട വിഷയലാലസരോ ആയിരുന്നു. കേന്ദ്രത്തിൻെറ ശ്രദ്ധയിൽനിന്നും നിയന്ത്രണത്തിൽനിന്നും ഇങ്ങനെ കടിഞ്ഞാണയച്ചു വിട്ടയയ്ക്കപ്പെട്ട നിലയ്ക്കു്, ഒപ്പിയ്ക്കാവുന്നൊരു നല്ല ജീവിതം ഗ്രാമക്കാക്കിവിടെ പുലർത്തേണ്ടിവന്നു എന്നേയുള്ളു. ഗ്രാമങ്ങൾ ഇങ്ങനെയാണ് ഇന്ത്യയിൽ വളർന്നുവന്നതു്. എന്നാൽ, സമത്വം എന്നൊന്നുണ്ടായിരുന്നുവെന്നു ചരിത്രജ്ഞാനമുള്ളവക്കാക്കും മേനിപറഞ്ഞുകൂടാ. ആദ്യമായിത്തന്നേ, വെപ്പിലും നടപ്പിലും ചോദ്യംചെയ്യപ്പെടാവുന്നൊന്നായിരുന്നില്ല ഗവമ്മേണ്ടു്. രണ്ടാമതായി, മാനുഷികമായ അന്തസ്സിൻെറ വെറും നിഷേധമായിരുന്നു ജാതി. എന്നിരിയ്ക്കേ, പഴയ ഇന്ത്യൻഗ്രാമത്തിൽ പ്രജായത്തവ്യവസ്ഥപോലെ എന്തെങ്കിലുമൊന്നുണ്ടായിരുന്നുവെന്നു പറയുന്നതു വെറും അസംബന്ധമാണു്. ആകെ ഉണ്ടായതെന്താണെന്നോ? പടിപ്പടിയായൊരധമത്വത്തിൻെറ പദ്ധതിയിൽ ഓരോരുത്തനും തന്നിലേയ്ക്കുമാത്രം ചുരുങ്ങി പാരമ്പര്യമായ പരിചര്യകളുടേയും കുലപ്രവൃത്തികളുടേയും ഒരു പരസ്പരസഹായ ഏപ്പാടായിരുന്നു. ഒരു ചെറുമൻ പോലീസുദ്യോഗസ്ഥനായെന്നോ ഒരു ചാലിയൻെറ മകൻ ഹൈക്കോടതിബെഞ്ചിലെ ജഡ്ജിയായിത്തീന്നിട്ടുണ്ടെന്നോ അറിയുമ്പോൾ നാമിന്നു് അത്രയൊന്നും ഞെട്ടുകയില്ല. ഒരു നൂറു കൊല്ലംമുമ്പു് അത്തരമൊരു രൂപാന്തരം ഉണ്ടാവുകവയ്യ. എൻെറ സ്വന്തം നാട്ടിൻപുറത്തുതന്നെ ശൌര്യശാലിയായ നായർ, തൻെറ അടിയാരെ കന്നുകുട്ടത്തെയെന്നപോലെ വിൽക്കുകയും നിശ്ചിതമായ അറുപതടി തൻെറ രാജമാർഗ്ഗത്തിൽനിന്നു വേണ്ടത്ര വേഗത്തിൽ വിട്ടുമാറിനിൽക്കാത്ത താഴ്ന്ന ജാതിക്കാരൻെറ തലവെട്ടുകകൂടിപോലും ചെയ്തിരുന്നു. എന്നിട്ടയാൾ തൻെറ മുറയ്ക്കു, രാജപുരോഹിതവർഗ്ഗങ്ങളിൽപ്പെട്ടവരുടെ പാദസേവ ഭംഗിയായി ചെയ്തുപോന്നു. സമ്മേളനങ്ങളിൽ നാമിന്നു താഴ്ന്നജാതിക്കാരുടെകൂടെ ഇരിയ്ക്കാറുണ്ടു്. പക്ഷെ, അവരിൽ അഭ്യസ്തവിദ്യരും ഉദ്യോഗസ്ഥരുമായവരെത്തന്നെ, നമ്മുടെ വീട്ടിന്നകത്തേയ്ക്കുള്ള ഉമ്മറപ്പടികടക്കാൻ നമ്മിലെത്രപേർ സങ്കോചംകൂടാതെ അനുവദിയ്ക്കും? ആ ബോധം ന്യായീകരിയ്ക്കാവുന്നതോ അല്ലാത്തതോ ആവട്ടെ, എന്തായാലും അതിവിടെ ഉണ്ടെന്നതാണു് വാസ്തവം. ഇന്നുതന്നെ അതിത്രയേറെ ശക്തിയായുള്ള നിലയ്ക്കു്, ഈ സങ്കല്പഗ്രാമങ്ങളിൽ പണ്ടു സാമൂഹ്യസമത്വം എത്രകണ്ടുണ്ടായിരുന്നുവെന്നു നമുക്കൊന്നാലോചിച്ചാൽപ്പോരേ?

ഇന്നു നമ്മെ നാംതന്നെ ഇന്ത്യക്കാരനെന്നു പുറമെയെങ്കിലും പറയുന്നുണ്ടു്. ഈ ബ്രിട്ടീഷുകാർ അവരുടെ സ്വന്തം ആവശ്യങ്ങൾക്കുവേണ്ടിത്തന്നെ

ഇന്ത്യയെന്ന രാഷ്ട്രീയവും ഭരണപരവുമായ മൂലതത്തെ രൂപപ്പെടുത്തുന്നതിന്നു മുമ്പു നാമങ്ങിനെ ചെയ്തിരുന്നില്ല. അന്നുവരെ നമ്മുടെ ജീവിതത്തിൻെറ ഐക്യം, വല്ലതുമുണ്ടെങ്കിൽ, വെറും ഉയൎന്ന വേദാന്തചിന്തകന്മാരെസ്സംബന്ധിച്ച മാത്രമായിരുന്നു. ശരിയാണ്: ഇന്ത്യയിൽ ഓരോ കാലത്തായി ഈ രാജ്യത്തിൻെറ വളരെയധികം ഭാഗങ്ങൾ അടക്കിയൊതുക്കി ഭരിച്ചുകൊണ്ടു വലിയ വലിയ സാമ്രാജ്യങ്ങളുണ്ടായിട്ടുണ്ട്. എന്നാൽ, അവയൊന്നുംതന്നെ ഈ വൎഗ്ഗങ്ങളുടെ ഒരന്യോന്യസമീകരണം സാധിതമാക്കുന്നതിൽ വിജയിച്ചിട്ടില്ല. കാരണം, അവയേറിയകൂറും സൈന്യസജ്ജീകരണമായിരുന്നു എന്നതുതന്നെ. അത്തരമൊരു കേന്ദ്രീകൃതമായ അച്ചടക്കം പോയപ്പോഴൊക്കയും രാജ്യം പരസ്പരവിരുദ്ധങ്ങളായ ചെറിയ ചെറിയ ഖണ്ഡങ്ങളായി ഛിന്നഭിന്നമാക്കപ്പെട്ടു. അതിൽ ഏതിന്നും തൻെറ അയൽക്കാരൻ ഒരു സുഹൃത്തെന്നതിനേക്കാൾ പരമവൈരിയായിരുന്നു. എന്നുവേണ്ട പലപ്പോഴും സ്വന്തം രക്തബന്ധമുള്ള ഒരെതിരാളിയെ തകൎത്തു തരിപ്പണമാക്കാൻ വിദേശീയൻെറ ആപൽക്കരമായ സാഹായ്യമായിരുന്നു അവരുപയോഗപ്പെടുത്തിയിരുന്നതും. ഈയൊരു ഛിദ്രവാസനയാണ് പുറത്തുനിന്നു അക്രമികളെ അലയലയായി അടിച്ചുകൊണ്ടുവന്നതും. അവരാണെങ്കിൽ, തങ്ങളെ ക്ഷണിച്ചുവരുത്തിയ സ്നേഹിതനെത്തന്നെ തമൎത്തി ഈ രാജ്യത്തിൻെറ അധിനായകന്മാരായി വാണരുളിയതും. രണ്ടുദാഹരണം പറയാം: മദിരാശി സൈന്യമാണ് ബങ്കാൾസംസ്ഥാനത്തെ ഏകീകരിച്ചതും എസ്സെനിൽ വെച്ചു മഹാരാഷ്ട്രരെ തോല്പിച്ചതും. അങ്ങിനെതന്നെ, ബങ്കാൾ സൈന്യമാണ് സിക്കുകാൎക്കെതിരായി പടപൊരുതിയത്. മറിച്ച്, ഗൂൎക്കരും സിക്കുകാരും കൂടിയാണ് 1857_ലെ ലഹളയൊതുക്കാൻ മുൻനിന്നു സഹായിച്ചതും. ഇപ്പറഞ്ഞതോ അതിന്നുമുമ്പുള്ളതോ ആയ ആക്രമണദുരന്തങ്ങളൊന്നും ഉണ്ടാകുമായിരുന്നില്ല, നമുക്കു ഇന്നുള്ളപോലെ ഒരിന്ത്യൻ മനോഭാവം ഇത്തിരിയെങ്കിലും അന്നുണ്ടായിരുന്നെങ്കിൽ!

വിസ്തൃതങ്ങളായ പ്രദേശങ്ങളുടേതെന്ന ഭാവത്തിൽ പണ്ടു നാം നിശ്ചയിച്ചിരുന്ന അതിൎത്തിവരമ്പുകൾതന്നെ വാസ്തവത്തിൽ, വളരെ പരിമിതപരിധിയോളമേ വ്യാപൃതമായിരുന്നുള്ളൂ. ആൎയ്യാവൎത്തമെന്നു നാമിന്നു പറയുന്നതുണ്ടല്ലോ, അതു അടിമപ്രവൃത്തിയ്ക്കുപയോഗപ്പെടുത്തുകയല്ലാതെ, അനാൎയ്യന്മാരെ തീരെ ഒഴിച്ചുനിൎത്തുകയായിരുന്നു. അന്നുതന്നെ ഇവിടെ വന്നിരുന്ന മുസ്ലിം, പാർസി തുടങ്ങിയ അഹിന്ദുക്കളെ ഹിന്ദുസ്ഥാനം തിരിഞ്ഞുനോക്കിയിട്ടുകൂടിയില്ല. മഗധം, വിദർഭം, കോസലം, പാണ്ഡ്യം, കേരളം തുടങ്ങിയ മററു നൂറ

നൂറായിരം പേരുകളാകട്ടെ, തദ്ദേശീയമായ ചില ചില്ലറ മേന്മകളുടെ വീമ്പും പറഞ്ഞു തലയുയർത്തിനിന്നിരുന്ന വെറും ചെറിയ സ്വർഥസമൂഹങ്ങൾ മാത്രം; അതും മരുന്നില്ലാത്ത ജാതിക്കുശുമ്പിൻെറയും നീചസംസ്കാരത്തിൻെറയും അജ്ഞതയിലൂടെ. ഈ പഴയ തീ നീറിപ്പുകയുകതന്നെയാണ് ഇന്നും. അല്ലെങ്കിൽ, മുഖം കറുപ്പിയ്ക്കുന്ന ഈ സാമുദായികതാൽപര്യങ്ങളെ തഴച്ചുവളരാനനുവദിയ്ക്കുമാറു കോൺഗ്രസ്സ് വാഗ്ദാനംചെയ്ത പ്രലോഭനത്തിന്നുവേണ്ടി—വർഗ്ഗീയസംസ്ഥാനങ്ങൾക്കുവേണ്ടി(?)—ഉള്ള ഈ ഭ്രാന്തൻ മുറവിളികളെ നാമെങ്ങിനെ മറിച്ചു വ്യാഖ്യാനിയ്ക്കും?

വളരെ മിഥ്യയായ ചില ചരിത്രങ്ങൾ, പ്രത്യേകിച്ചും ബങ്കാളിൽ, ഈയൊരു വാസ്തവത്തെ മൂടിവെയ്ക്കാനും സൃഷ്ടിയുടെ ആരംഭംമുതല്ക്കുതന്നെ ഇന്ത്യ ഏകീകൃതമായിരുന്നുവെന്നു തെളിയിയ്ക്കാനുംവേണ്ടി എഴുതപ്പെട്ടിട്ടുണ്ട്. എന്നല്ല, അതിലിടയ്ക്കൊരു മുറിവുണ്ടായതു ബ്രിട്ടീഷുകാരുടെ വെറും കുതന്ത്രങ്ങൾകൊണ്ടുമാത്രമാണെന്നും. ഈ പൈശാചികമനുഷ്യർ വരുന്നതിന്നുമുമ്പു ഹിന്ദുക്കൾ വളരെ സൌഹാർദ്ദത്തിലും അന്യോന്യാനുകമ്പയിലുമാണ് ജീവിച്ചിരുന്നതെന്നും, ഇന്നും മുസ്ലിംഭരണാധികാരികളാണ് തങ്ങളുടെ സ്വന്തം ആളുകളേക്കാൾ ഹിന്ദുക്കളെ സ്നേഹിയ്ക്കുന്നതെന്നും ഇതൊക്കെ കേൾക്കുമ്പോൾ തോന്നിപ്പോകും. നില്ക്കട്ടേ, ശൂദ്രന്മാരോടും പഞ്ചമന്മാരോടും ആദ്യം പറഞ്ഞതു ശരിയോ എന്നൊന്നു ചെന്നു ചോദിയ്ക്കൂ? ഉദയ്പൂരിലെ റാണകളോടു ചോദിക്കൂ; ഗുരു ഗോവിന്ദനോടു ചോദിക്കൂ; പോരാ, മറിച്ചു രണ്ടാമത്തേതോ ശരിയെന്നു ശിവജിയോടും പോയി ചോദിക്കൂ?

ശുദ്ധാത്മാക്കളായ പൊതുജനങ്ങളെ കൂട്ടം കൂട്ടമായിളക്കിവിട്ടു സ്വാതന്ത്ര്യസമരത്തിലണിനിരത്താൻ ഇത്തരം പൊള്ളവാക്കുകൾ ഉപയോഗപ്പെട്ടിട്ടുണ്ട് എന്നതു മനസ്സിലാക്കാൻ സാധിയ്ക്കും. എന്നാൽ, ഇതിൻെറയൊക്കെ കാലം കഴിഞ്ഞു. എന്നിട്ടും ഈ സത്യത്തെപ്പററി മിണ്ടിക്കൂടാ എന്നു പറയുന്നതിന്നു കാരണം കാണുന്നില്ല. തീച്ചയായും പഴയതും പുതിയതുമായ വാസ്തവികതകളെ അറിയാനുള്ള ഒരടങ്ങാത്ത ആവശ്യം നമുക്കിന്നുണ്ടായിട്ടുണ്ട്: നമ്മെ കടിച്ചു വിഷമേല്പിച്ച പഴയ തിന്മകളെ ഇനിയെങ്കിലും തട്ടിമാററാനും ഭാവിയുടെ ഇരുണ്ടകാലത്ത് ഒന്നിച്ചു കഴിഞ്ഞുകൂടാനുള്ള മാർഗ്ഗങ്ങളെപ്പററി തെളിഞ്ഞുനിന്നൊന്നു ചിന്തിച്ചുകണ്ടെത്താനും.

ബ്രിട്ടീഷുകാരിൽനിന്നു കിട്ടിയകൂട്ടത്തിൽ ഏററവും പ്രധാനമായത് അവരുടെ വിദ്യാഭ്യാസപദ്ധതിയാണ്. മററെല്ലാംതന്നെ അതിന്മേൽ പടുത്തുറപ്പി

ച്ചതാണല്ലോ. ദ്ദശ്യങ്ങളായ കാലഘട്ടങ്ങളിലൂടെ സാകലികമായൊരൈക
രൂപ്യവും രാഷ്ട്രീയസ്വാതന്ത്ര്യം മനുഷ്യൻെറ അവകാശമാണെന്ന ബോധവും
അതിലൂടെ വന്നു. നമ്മുടെ ചരിത്രസംഭവങ്ങളുടെ പ്രചോദനമോ നമ്മുടെ
തന്നെ വിശ്വാസശക്തിയോ മനുഷ്യൻെറ യോഗ്യതയുടെ വളച്ച്യ്ക്ക് അനു
ഗുണമായിരുന്നില്ല. ഒന്നു വള്ളപ്പിളപ്പുകളുണ്ടാക്കി, മറേറതു വഷളത്തങ്ങൾക്ക
ശിങ്കിടിപിടിയ്ക്കാൻ പഠിപ്പിയ്ക്കയും ചെയ്തു മിൽട്ടൻേറയും ബക്കിൻേറയും
പെയിനിൻേറയും മില്ലിൻേറയുമെന്നുവേണ്ട ഇംഗ്ലീഷു ഭരണഘടനാഹവ
ത്തിലെ മററനേകം വീരപോരാളികളുടെയും ധീരാത്മാക്കളെ വഹിച്ചുകൊണ്ടു
സ്വാതന്ത്ര്യമാരുതൻ നമ്മുടെമീതെ തൊട്ടുതഴുകി കടന്നുപോയപ്പോൾ, മന്ദമന്ദം
ഇതൊക്കെയൊന്നു മാറുകയായി. 'മാഗ്നകാർട്ട്'യുടെയും 'റിഫോർമേഷ'ൻേറ
യും 17-ാം നൂററാണ്ടിലെ വിപ്ലവത്തിൻേറയും ഇംഗ്ലീഷുഭരണഘടനാനിയമ
ത്തിൻെറ വളച്ച്യിലുള്ള മററനേകം പതനങ്ങളുടേയും പാഠങ്ങൾ നാം പഠ
ച്ചപ്പോൾ; നമ്മുടെ തരംതാഴ്ന്ന സാമൂഹ്യസ്ഥിതിയെപ്പററി നമ്മുടെ ചരിത്ര
ത്തിലാദ്യമായി നമുക്കൊരു ബോധംവന്നു. എന്നല്ല, എന്നെന്നേയ്ക്കും ബന്ധു
ത്വംകൊണ്ട് അധീശനായി വാഴുന്ന ഒരന്യൻെറ സാന്നിദ്ധ്യം ഇവിടെയു
ണ്ടെന്ന ബോധവും നമുക്കുണ്ടായി. സമരത്തിൻെറ ഒരു പുതിയ ചിന്ത കിള
ർന്നുവന്നു. പെട്ടെന്ന് അവിടെയുണ്ടായ അക്രമം മാത്രമായിരുന്നില്ല അത്.
മറിച്ചു ഭരണാധികാരികൾതന്നെ വാഗ്ദാനംചെയ്തിരുന്നതും അതുകൊണ്ടുതന്നെ
അനിഷേധ്യവുമായ നിയമപരമായ അവകാശങ്ങളുടെ ബോധത്തിൽ വേരൂ
ച്ചൊരെതിർപ്പായിരുന്നു. ഹ്യൂം, വെൽഡർബേൺ എന്നീ രണ്ടു ഇംഗ്ലീഷുകാർ
തുടങ്ങിയതും ഓരോഘട്ടത്തിലും ഉററുനോക്കുന്ന ലോകത്തിൻെറ മുഴുവൻ പ്രകീ
ർത്തനത്തിന്നു പാത്രമായതുമായ ഇന്ത്യൻ നാഷനൽ കോൺഗ്രസ്സായി ഈ
ബോധം രൂപമെടുത്തു. ചുരുക്കം ചിലർ അതിൻെറനേരെ പല്ലിളിച്ചുകാട്ടി
എന്നതു ശരിതന്നെ. പക്ഷെ, എതെങ്കിലും തരത്തിൽ പരിഗണനീയരായിരു
ന്നില്ല അവർ. ചില വാണിജ്യയാത്രക്കാരും പട്ടാളോദ്യോഗസ്ഥന്മാരും ചെ
റിയ പ്രചരണക്കാരും ഹിന്ദുവിൻെറ തോന്നിവാസ (Babu impudence) മെന്ന
തിനെ പറഞ്ഞിരിയ്ക്കാം. ചിലപ്പോൾ തനി സാമ്രാജ്യവാദികൾതന്നെ ഈ
എതിർപ്പുകൊണ്ടു വെറുപ്പുപിടിച്ചു, വെറും ചിലയ്ക്കലെന്ന് അതിനെ അവഹേ
ളിച്ചു പറഞ്ഞിരിയ്ക്കാം. ഇതൊക്കെത്തന്നെ സാരമായ വെറുപ്പു വരുത്തിവെ
ച്ചെങ്കിലും, വളൎന്നുവരുന്ന സ്വാതന്ത്ര്യാഭിവാഞ്ഛയെ ശക്തിപ്പെടുത്തീട്ടേയുള്ളൂ.
ബ്രിട്ടീഷുനയത്തിൻെറ പ്രധാനോപാധികൾ ഒരിയ്ക്കലും പതറിയില്ല എന്ന
താണ് ഇവിടെ സത്ത്വവും.

മിസിസ് ബെസൻറിൻെറ കാലംവരെ ഈ പ്രസ്ഥാനം കൊല്ലത്തിലൊരിയ്ക്കൽ അവകാശങ്ങളെ വാങ്മാത്രമായി പ്രകടിപ്പിയ്ക്കുയായിരുന്നു. അവരാണു്, അതിനെ കൊല്ലത്തോടുകൊല്ലം നില്ക്കുന്ന ഒരു ശക്തിയാക്കി മാററിയതു്. എന്നുവേണ്ട, യൂറോപ്യൻ രാഷ്ട്രീയസമ്പ്രദായങ്ങളും പ്രസ്ഥാനങ്ങളും ആദ്യമായി കൊണ്ടുവന്നതും കോൺഗ്രസ്സ് ഒരു ശക്തിയാണെന്ന ബോധം ഉണ്ടാക്കിത്തീർത്തതും അവരാണെന്നു പറയാൻ ഒട്ടും മടിയ്ക്കേണ്ട. എന്നാൽ, വാസ്തവത്തിലൊരു ശക്തിയുണ്ടായതു, ഗാന്ധിജി നേതൃത്വമേറെറടുത്തു രാഷ്ട്രീയകാര്യങ്ങളിൽ അന്നുവരെ എങ്ങും പരീക്ഷിച്ചുനോക്കാത്ത മാർഗ്ഗങ്ങൾ സ്വീകരിച്ചു, ബ്രിട്ടീഷ് രാജ്യതന്ത്രജ്ഞന്മാരെ അവരുടെ ചിന്തയുടെ കടവരെ എത്തിച്ചപ്പോഴാണു്. ആദ്യവസാനം നിയമാനുസൃതമായിത്തന്നെ ബ്രിട്ടീഷുകാർ ചെറുത്തുപോന്നതും അവസാനം ഒരു മധുരമന്ദസ്മിതത്തോടെ തങ്ങളുടെ പരാജയം സമ്മതിച്ചതും അവരുടെ പ്രത്യേകമായ ആ രാഷ്ട്രീയസംസ്കാരത്തിൻെറ പ്രതിഭാപ്രതിഫലനംകൊണ്ടാണെന്നുവേണം പറയുവാൻ. നമുക്കിതു ബോധ്യപ്പെടാൻ വലിയ സാഹസമൊന്നും വേണ്ടതില്ല. എന്തിനു്, ഇതേതരത്തിൽ ഒഴിച്ചുപോരാനുള്ളൊരാവശ്യത്തോടെതിരിടേണ്ടിവന്നപ്പോൾ ഡച്ചുകാർ ഇൻഡോനേഷ്യയിലും ഫ്രഞ്ചുകാർ ഇൻഡോചൈനയിലും കാട്ടിക്കൂട്ടിയ പേക്കൂത്തുകളും കൊട്ടുംകൊലകളും ഒന്നു എത്തിനോക്കുകയേ വേണ്ടൂ. 'ജീവിക്കൂ; ജീവിയ്ക്കാനനുവദിക്കൂ' എന്നതിനെ അതിൻെറ ഏററവും മഹത്തായ രൂപത്തിൽ ആ തത്വത്തിൻെറ മഹാത്മാക്കളായ ആചാര്യന്മാർ പഠിപ്പിയ്ക്കുയും മനുഷ്യചരിത്രത്തിൽ ഉദാഹരിച്ചു കാട്ടിക്കൊടുക്കുകയും ചെയ്തിട്ടുണ്ടു്. ഇരിയ്ക്കട്ടെ. നാം പഠിയ്ക്കാൻ ശ്രമിച്ചുകൊണ്ടിരിയ്ക്കുന്ന പാഠം അതേവിധത്തിൽ നമ്മളാണെങ്കിൽ അനുഷ്ഠിയ്ക്കാൻ മുതിരുമോ? എന്നെസ്സംബന്ധിച്ചേടത്തോളം അതിന്നുള്ള ഉത്തരം, സർവ്വാശ്ലിഷ്ടമായ ഇംഗ്ലീഷുഭാഷയോടു നാമെത്രകാലത്തോളം സൌഹൃദത്തിലിരിയ്ക്കും എന്നതിനെ ആസ്പദിച്ചാണു്.

ഇംഗ്ലീഷുഭാഷകൊണ്ടു് ഇന്ത്യയിലുണ്ടായിട്ടുള്ള ഫലങ്ങളെ വളരെ നികൃഷ്ടമായിക്കരുതുന്ന ആളുകളുണ്ടായിരുന്നു; ഇന്നും ധാരാളക്കണക്കിലുണ്ടുതാനും. അവരൊക്കെത്തന്നെ, സർവ്വകലാശാലാവിദ്യാഭ്യാസം സിദ്ധിച്ചവരാണെന്നതാണു് അതിലേറെ വിചിത്രമായിത്തോന്നുന്നതു്. അതിൽച്ചിലർ, അത്തരം വർത്തമാനങ്ങൾ ചിലതരം ശ്രോതാക്കളേയും വായനക്കാരേയും വളരെയേറെ രസിപ്പിയ്ക്കുമെന്നുകണ്ടു് അതുതന്നെ നല്ല തഞ്ചമെന്നു വിചാരിച്ചു കൂടുന്നവരാണു്. ഇംഗ്ലീഷിൻെറ കുററമല്ല അതെന്നും ദൈവം നമ്മുടെ രാജ്യത്തിന്നു്

അന്യോന്യം സഹകരിയ്ക്കാത്ത ഒരു നൂറുകൂട്ടം വ്യത്യസ്തഭാഷകൾ തന്നെതാണപക ടമെന്നും മനസ്സിലാക്കാൻ സന്മനസ്സില്ലാതെ, എല്ലാ ജ്ഞാനവും മററൊരു വിദേശഭാഷയിൽ നമുക്കു തരുന്നതിനെച്ചൊല്ലി വിലപിയ്ക്കുകയും കഠിനമായ രിശം കൊള്ളുകയും ചെയ്യുന്നവരാണ് മററു ചിലർ. ഇംഗ്ലീഷുകാർ ഇവിടെ വരുന്നതുവരെയും പഞ്ചാബിലെ ഒരു ഹിന്ദുവും മദിരാശിയിലെ ഒരു ഹിന്ദുവും, ചൈനക്കാരനും പെറൂവിയനും തമ്മിലെന്നതുപോലെ, അത്ര അപരിചിതരാ യിരുന്നെന്നും തങ്ങളുടെ സാംസ്കാരികൈക്യത്തെപ്പററി അവരിരുവരും അന്യോന്യം ആദ്യമായിസ്സംസാരിച്ചത് ഇംഗ്ലീഷിലാണെന്നുമുള്ള കഥ അവർ വിസ്മരിയ്ക്കുന്നു. അത്തരമൊരസംബന്ധംതന്നെയാണ്, ബ്രിട്ടീഷുസ്ഥാപന ങ്ങളുടെ പ്രതിനിധികളും ബ്രിട്ടീഷാശയങ്ങളുടെ നവീനേന്ത്യയിലെ ആചാര്യ ന്മാരുമായ ചിലർ, ബ്രിട്ടീഷുഭരണംകൊണ്ട് ഇന്ത്യയിലുണ്ടായിട്ടുള്ള വിപത്തു കളെ ഉദാഹരിച്ചു സമർത്ഥിയ്ക്കുമ്പോൾ സാധാരണയായി കേൾക്കുന്നതും. അവ രുടെ രാജ്യസ്നേഹപ്രേരണയിൽനിന്നും അതീതമായി തുച്ഛങ്ങളായ സാമാന്യത കളെ അവർ പിന്തുടരുകയും അതേ സമയത്തുതന്നെ പകരംവെയ്ക്കാൻ കൊള്ളാ വുന്നൊരു പദ്ധതിയുടെ നാമനിർദ്ദേശംപോലും ചെയ്യാൻ വശമില്ലാതെ ഉഴലു ന്നതുമാണ് അവരുടെ മറെറാരു പ്രത്യേകത. ഒരു കൂട്ടം കോളേജുവിദ്യാർത്ഥിക ളോട് ഇംഗ്ലീഷു പഠിയ്ക്കുന്നതിലുള്ള അനൌചിത്യത്തെപ്പററി പ്രസിദ്ധനായൊ രിന്ത്യൻസിവിലുദ്യോഗസ്ഥൻ പ്രസംഗിയ്ക്കുന്നതു ഞാനൊരിയ്ക്കൽ കേൾക്കയു ണ്ടായി. "C—A—T—കേററു, R—A—T—റേററു" എന്നു പറഞ്ഞു് അയാൾ സദസ്യരെ വളരെ വിനോദിപ്പിച്ചു. നോക്കണം: അപ്പോഴൊക്കെയും അ ങ്ങേർ സംസാരിച്ചിരുന്നതു് ഈ കുററം പറയുന്ന ഇംഗ്ലീഷിൽത്തന്നെയായി രുന്നു. 'ഗോഡ്' എന്നതു തലതിരിച്ചിടപ്പെട്ട 'ഡോഗാ'ണെന്നയാൾ പറ യേണ്ട താമസം, ചിരി ഒരോരിവിളിയായിത്തീർന്നു. ആ മനുഷ്യൻ ചോദിയ്ക്കു യാണ്: സ്വന്തമായി പണമുണ്ടാക്കി സുഖിയ്ക്കാനുള്ള മാർഗ്ഗങ്ങളൊന്നുമറി യാതെ, വെറുതെയിങ്ങനെ രാജാക്കന്മാരുടേയും യുദ്ധങ്ങളുടെയും കാലവും പഠിച്ചിരുന്നിട്ട് എന്താണൊരു ഗുണമുള്ളതു് എന്നു്. ആദ്ധ്യാത്മികതത്വത്തെ പ്പററി സംസാരിച്ചുകൊണ്ടു് അയാൾ തുടർന്നുപോയി. എന്നിട്ടൊടുക്കം, എല്ലാ മാനുഷികവിജ്ഞാനത്തിൻെറയും കലവറയായ വേദം പഠിയ്ക്കണമെന്ന ഒരു ഗുണോപദേശത്തോടെയാണ് അദ്ദേഹമുപസംഹരിച്ചതു്.

ആ പ്രസംഗം വലിയൊരു വിജയമായിരുന്നു. സദസ്യരെല്ലാംതന്നെ വിനോദിയ്ക്കു മാത്രമല്ല ആവേശംകൊണ്ടു ലഹരിപിടിച്ചു ചാഞ്ചാടുകപോലും

ചെയ്തു. ഓരോരുത്തനും രാഷ്ട്രീയമായ ആഭിജാത്യം അനുഭവപ്പെട്ടു. ഓരോ പേക്ഷം 'പാശ്ചാത്യദേശത്തിലെ അറിവില്ലാത്ത ഭൌതികവാദി'കളെപ്പററി മുഴുത്ത അവജ്ഞയുളവായി. ഞാൻ മാത്രം തീരെ തൃപ്തനായില്ല. ഞാനൊരു കുസൃതിക്കാരനായതുകൊണ്ടായിരിയ്ക്കാം ഒരു നൂറുകൂട്ടം ചോദ്യങ്ങൾ ഞാൻ എന്നോടുതന്നെ ചോദിയ്ക്കുന്നതായി എനിയ്ക്കു തോന്നി. തീച്ച്യയായും ഞാൻ ഒരു ശ്രേഷ്ഠഭാഷയെന്ന നിലയ്ക്കു സംസ്കൃതത്തിൻെറ ഭാഗത്താണ്. പക്ഷെ അതിൻെറ പഠനവും ചെറിയ ചെറിയ ശബ്ദങ്ങൾകൊണ്ടല്ല തുടങ്ങുന്നതെന്നുണ്ടോ? 'ഭഗവാൻ' എന്നതിലെ 'ഭഗം'പോലെയുള്ള ശബ്ദങ്ങളുടെ പരിഹാസ്യമായ തിരിമറികൾ ആ ഭാഷയിലും ഇല്ലെന്നുണ്ടോ? ചരിത്രത്തിൻെറയോ മറേറതെങ്കിലും വിഷയത്തിൻെറയോ വിജ്ഞാനം ഒന്നിന്നും കൊള്ളരുതാത്തതാണെന്നുണ്ടോ? നേരോ, വേദങ്ങൾ ധനാജ്ജനത്തിന്നു പററിയവയാണെന്നോ? ഇന്ത്യയിലെ ഓരോ മനുഷ്യനും ദിവ്യനാണെന്നോ? അല്ലെങ്കിൽ, പാശ്ചാത്യരെല്ലാവരും വെറും ഭൌതികവാദികളെന്നോ?

കാര്യമിതാണ്: നമ്മുടെ ഇപ്പറഞ്ഞ വിദശ്ധന്മാക്കൊന്നും എന്താണ് വിദ്യാഭ്യാസത്തിൽ വേണ്ടതെന്നതിനെപ്പററി ഒരു വ്യക്തമായ രൂപവുമില്ല. എന്നല്ല, അവരുടെ പദ്ധതികളിൽ സാധാരണയായി വരുന്ന അനൌചിത്യങ്ങളെപ്പററി അവക്കൊട്ടറിയുകയുമില്ല. ഒരുവനെ ഒരു പണ്ഡിതനും സന്യാസിയും ധനാഢ്യനും ഒരേ അവസരത്തിലാക്കിത്തീക്കുന്നൊരു വിദ്യാഭ്യാസ പദ്ധതി ലോകത്തിലെങ്ങും കേട്ടിട്ടില്ല. ഒരാൾ ഒരു പ്രൊഫസറോ കച്ചവടക്കാരനോ അതുമല്ലെങ്കിൽ ഒരു സന്യാസിയോ കാലാന്തരംകൊണ്ടായിത്തീന്നേയ്ക്കാം. ഈ എല്ലാ തരക്കാരും ഒരു രാജ്യത്തിന്നാവശ്യമാണ്. പക്ഷെ ഒന്നുണ്ട്, ഓരോന്നും പ്രത്യേകപരിശീലനത്തിന്നു് ഒരായുഷ്ക്കാലംതന്നെ എടുത്തേയ്ക്കും. ഓരോന്നിന്നും വ്യത്യസ്തമായ തരം വിദ്യാഭ്യാസമാണാവശ്യം. ഒരൊററ സമ്പ്രദായംതന്നെ ഒരു മനുഷ്യനെ ഇതൊക്കെയാക്കിത്തീക്കുന്നില്ല എന്നാക്ഷേപമുതിക്കുന്നതിൽ യാതൊരത്ഥവുമില്ല. നാം ജീവിതത്തിൽ അങ്ങനെയാണ് നിലകൊള്ളുന്നതെന്നല്ല, ഓരോ മനുഷ്യനും ഓരോ പ്രത്യേകവഴിയ്ക്കു കൊതിയ്ക്കത്തക്കവണ്ണം അത്രയ്ക്കു നമ്മുടെ കഴിവുകളും വാസനകളും വ്യത്യസ്തം കൂടിയാണ്. അപ്പോൾ ഓരോരുത്തൻേറയും വിദ്യാഭ്യാസം അവൻെറ ആവശ്യങ്ങൾക്ക് ഉതകുമാറാകണം എന്നു വ്യക്തമാവുന്നു.

മെട്രിക്കുലേഷൻ, സവ്വകലാശാലാ പരിശീലനത്തിലേയ്ക്കുള്ള ഒരു പ്രവേശനമായതുകൊണ്ടു, പ്രവൃത്തിയ്ക്കു തിരിയുന്നവക്കുവേണ്ടി, സർ ആൽഫ്രഡ്

ബോൺ, എസ്. എസ്. എൽ. സി. സമ്പ്രദായം കൊണ്ടുവന്നു. പ്രായോഗികവും പാണ്ഡിത്യപരവുമായ രണ്ടു ലക്ഷ്യങ്ങളെ വേർതിരിയ്ക്കാനുള്ള ഒരു ശ്രമമായിരുന്നു അതു്. ആരംഭം മുതല്ക്കേ ഈ പരിവർത്തനത്തെ പൊതുജനം എതിർത്തു. എസ്. എസ്. എൽ. സി.യ്ക്കും മെട്രിക്കുലേഷൻെറ തുല്യപദവി കിട്ടണമെന്നാവശ്യപ്പെട്ടുകൊണ്ടു വളരെക്കാലത്തോളം കൊണ്ടുപിടിച്ചൊരു പൊതുപ്രക്ഷോഭമുണ്ടായിരുന്നു. എന്നിട്ടു്, ഈ രണ്ടു വ്യത്യസ്തപദ്ധതികളുടേയും ആകപ്പാടെ കൂടിക്കുഴഞ്ഞൊരു നിലയിലാണതു പര്യവസാനിച്ചതു്. മെട്രിക്കുലേഷൻ ഇന്നും നിൽപ്പുണ്ടു്: പക്ഷെ എസ്. എസ്. എൽ. സി. യുടെ പരീക്ഷയിൽ മൂന്നാമത്തെ തവണയും തോല്ക്കുന്ന തരംതാഴ്ന്ന കുട്ടികൾക്കു അവസാനമായൊരഭയസ്ഥാനമായി വെറും വിദ്യാഭ്യാസപരമായൊരു ജിജ്ഞാസ എന്ന നിലയ്ക്കു മാത്രം. സർവ്വകലാശാലാപഠനത്തിന്നു പ്രാപ്തനെന്നു പ്രഖ്യാപിയ്ക്കുന്നൊരു പ്രമാണപത്രം കിട്ടാനുള്ള മൂന്നുവപ്പികയുടെ വഴിപാടിൽ മാത്രമേ ഇന്നവതമ്മിലൊരു വ്യത്യാസം കാണുന്നുള്ളു. പരീക്ഷകളിലെ പരാജയങ്ങൾ ശുദ്ധാത്മാക്കളുടെ കൊലയാണെന്നും പറഞ്ഞു പലപ്പോഴും പൊതുയോഗങ്ങളിലും പത്രങ്ങളിലും ആക്ഷേപങ്ങൾക്കും ആക്രന്ദനങ്ങൾക്കും വിഷയമായിട്ടുണ്ടു്. പരീക്ഷകന്മാരാകട്ടെ, ആത്മരക്ഷയുടെ പേരിൽ, കൊല്ലം ചെല്ലുന്തോറും നിലവാരം കുറച്ചു കുറച്ചു വരികയുമായി. അതുകൊണ്ടു, തീരെ കൊള്ളരുതാത്ത യുവാക്കന്മാർ, ഈ കൃത്രിമങ്ങളായ വിജയങ്ങളിലൂടെ ഉയൎന്ന പാനങ്ങൾക്കയയ്ക്കപ്പെടുകയും അവസാനം അവരുടെ നൈസൎഗ്ഗികമായ വാസനയോ അതല്ല മുൻകൂട്ടിയുള്ള ഒരുക്കങ്ങളോ അൎഹരാക്കിത്തീൎക്കാത്ത വിഷയങ്ങളിൽ ചെന്നേപ്പെടുകയും ചെയ്യുതായി കാണുകയാണു്.

ഏതെങ്കിലുമൊരു പദ്ധതി ഒരു രാജ്യത്തിലെ എല്ലാ വകക്കാൎക്കും ഒന്നുപോലെ നന്നായിരിയ്ക്കും എന്ന ധാരണയിലാണു് പിഴ. കിട്ടാവുന്ന വഴികളിലും നൈസൎഗ്ഗികവാസനകളിലും പരിചയപ്പെട്ട നിലവാരങ്ങളിലുമുള്ള വ്യത്യാസങ്ങളിലാണു് എല്ലാം നിലകൊള്ളുന്നതു്. ഒരു ധനികകുടുംബത്തിൽനിന്നു യുവാവു കയറുണ്ടാക്കുന്നതോ കൊട്ട മെടയുന്നതോ പഠിയ്ക്കാനിഷ്ടപ്പെട്ടു എന്നുവരില്ല. ഒരിടത്തരം കുടുംബത്തിലെ മററൊരു കൊച്ചൻ, തനിയ്ക്കു പിറവികൊണ്ടുണ്ടായതിനേക്കാൾ മെച്ചപ്പെട്ടൊരു സാമുദായികയോഗ്യത നേടിക്കൊടുക്കുന്ന വല്ല പ്രവൃത്തിയ്ക്കും ചേരാമെന്ന പ്രതീക്ഷയോടെ സ്കൂളിൽ പോകുന്നു. അങ്ങിനെതന്നെ ഒരു കൃഷിക്കാരൻെറ മകൻ ഒരു ക്ലാൎക്കിൻേറയോ മററുവല്ല കീഴ്ത്തരം ഉദ്യോഗസ്ഥൻേറയോ പദവിയെ ലക്ഷ്യംവെച്ചു എന്നുവരാം. മറിച്ചു,

പഠിച്ചറിവുണ്ടാക്കൽതന്നെ ലക്ഷ്യമായും ചിലരുണ്ട്. ഇതിനൊക്കെപ്പുറമെ, അന്നന്നത്തെ 'ശാപ്പാട്' എങ്ങിനെയെങ്കിലുമൊന്നു നേടുക എന്നതില്ക്കവിഞ്ഞു യാതൊരു പ്രത്യാശയുമില്ലാത്ത നൂറായിരം ആളുകളെയും കാണാം. ആ നിലയ്ക്ക്, ജീവിതചര്യയ്ക്കുള്ള വിദ്യാഭ്യാസപരമായ ഒരുക്കം ഈ ഓരോ ഭിന്നവിഭാഗക്കാർക്കും തീരെ വ്യത്യസ്തമായിരിയ്ക്കുമല്ലോ. അപ്പോൾപ്പിന്നെ, ഇംഗ്ലീഷു നമ്മെ ജീവിതത്തിന്നു കൊള്ളരുതാത്തവരാക്കിത്തീർത്തു എന്നു പറയുന്നത്, അതെടുത്തു പറയാത്തൊരു തൊഴിലിന്നു നേരംകളയാൻ നാം പലരേയും അനുവദിച്ചു എന്നു വിളിച്ചുപറയുകയായിരിയ്ക്കും. ഒരൊററ നൂററാണ്ടിന്നിടയ്ക്കു നൂറുനൂറായിരം ആളുകൾക്ക് അതുകൊണ്ടു പ്രായോഗികമായ ഉപയോഗം ഉണ്ടായിട്ടുണ്ട്. പലരും ദേശീയവും സാർവ്വദേശീയവുമായ സമുന്നതപദവികളാർജ്ജിച്ചതും അതിലൂടെയാണ്. ഗോഖലയേയും ഗാന്ധിജിയേയും നെഹറുവെയും സൃഷ്ടിച്ചുവിട്ട ഒരു സമ്പ്രദായത്തിന് അടിസ്ഥാനപരമായൊരു ന്യൂനതയ്ക്കിടയില്ല.

ഇപ്പറഞ്ഞവരൊന്നും ഇംഗ്ലണ്ടിൻേറതല്ല, ഇന്ത്യയുടെ ആത്മാവിനെയാണ് പ്രതിനിധാനം ചെയ്യുന്നതെന്നും പാശ്ചാത്യചിന്തയും സമ്പ്രദായങ്ങളും കൊണ്ടു് അവർക്കു 'ശുദ്ധംമാറിപ്പോയി'ട്ടില്ലെന്നും ആളുകൾ പറഞ്ഞേയ്ക്കാം. എനിയ്ക്കതപ്പടി വിശ്വസിച്ചുകൂടാ. ഇന്ത്യയുടെ ആത്മീയശക്തി ഏററിവന്നാൽ ത്യാഗത്തിലും ഏററവും കുറഞ്ഞതു എല്ലാം യോഗമാണെന്നു പറയുന്ന നിരാശാമനസ്ഥിതിയിലും അതിൻെറ രൂപം കാട്ടീട്ടുണ്ട്. ശരിയായ ഉന്നമനം ആത്മാവിൽക്കൂടിയേ സാധിക്കൂ എന്നാണ് നമ്മുടെ പഴയ ഋഷിമാർ വിശ്വസിച്ചിരുന്നത്. ഞാനിവിടെ എടുത്തുപറഞ്ഞ ആ മൂന്നുപേരും മഹത്വത്തിൽ ഒട്ടും കുറഞ്ഞവരല്ല. എന്നാൽ, ജീവിതത്തിലെ പങ്കിലും അന്യരുടെ ദുഃഖങ്ങളിൽ പങ്കാളികളാകുന്നതിലും അവരുടെ ഐഹികലക്ഷ്യങ്ങളിലേയ്ക്കുള്ള നേതൃത്വത്തിലും അവർ വിശ്വസിച്ചു. ഒന്നു പറയട്ടെ: വിദേശീയനെ ഇവിടന്നു പുറത്താക്കുക, സ്വാതന്ത്ര്യമായൊരു പൂർണ്ണാധിപത്യം സ്ഥാപിയ്ക്കുക, വർഗ്ഗങ്ങളെ സമീകരിയ്ക്കുക, അതിലെല്ലാററിലുംവെച്ചു പ്രധാനമായി ജനങ്ങൾക്കു ജനങ്ങളുടേതു മാത്രമായ ഒരു ഭരണം ഏർപ്പെടുത്തുക—ഈ ആശയങ്ങളൊക്കെ അവരിലേയ്ക്കു വന്നതു മ്ലേച്ഛന്മാരായ വെള്ളക്കാരിൽനിന്നുതന്നെ. സത്യത്തിൻെറ ഏകീകരണത്തിൽ നമ്മുടെ ഇന്ത്യയിലെ പഴയ പല ഋഷിമാരും പരീക്ഷണംചെയ്തിട്ടുണ്ട്. എന്നാൽ, അവിടെ ക്ഷേത്രങ്ങളിൽവെച്ചു ബൈബിളും കൊറാനും വായിയ്ക്കുക എന്നുവരെ അവരിലാരുംതന്നെ എത്തിയിരുന്നില്ല. ബുദ്ധൻ സത്യവുമന്വേഷിച്ചു കാട്ടിലേയ്ക്കാണ് പോയത്. ക്രിസ്തു കുഷ്ഠരോഗിയെ തൊട്ടു അതേ മനോഭാ

വത്തോടെ, നമ്മുടെ ഗാന്ധിജി ഭംഗി കോളനികളിലേയ്ക്കു പോയി. എന്തിന്? ഹിന്തുമതം വളരെക്കാലമായി രാഷ്ട്രീയമായ പിരിവുകൾക്കൊരു കാരണമായി ത്തീൎന്നിട്ടുണ്ടെന്ന ഭയങ്കരസത്യത്തെ അഭിമുഖീകരിയ്ക്കാൻ. എത്രപേർ ഇതിന്റെ യൊക്കെ എതിൎത്തിരുന്നുവെന്നും ഇന്നും എതിൎക്കുന്നുവെന്നും നാമറിയും. സൂറത്തു കോൺഗ്രസ്സിൽവെച്ചു ഗോഖലെയുടെ നേരെ ചെരിപ്പെറിഞ്ഞ മനുഷ്യൻ, നെഹറുവിന്റെ ഇന്ത്യാതീതങ്ങളായ അനുഭാവങ്ങളിൽ അദ്ദേഹത്തെ പിച്ചി ച്ചീന്താൻ കൊതിയ്ക്കുന്ന മനുഷ്യർ—ഹിന്തുമതത്തിലെ കലഹാങ്കുരത്തിന്റെ പ്രതിനിധികളാണവർ. ഗാന്ധിജിയല്ല, നാഥുറാം വിനായകഗോഡ്സേയാണ് പഴഞ്ചൻ മനോഭാവത്തിന്റെ പ്രതിപുരുഷനായി നിലകൊള്ളുന്നത്. നെഹറു വല്ല, അദ്ദേഹത്തെ എല്ലാപ്പോഴും അലട്ടുന്ന നിസ്സാരരായ പോരാളികളും വൎഗ്ഗീ യവിഭജനത്തിന്നു മുറവിളികൂട്ടുന്നവരുമാണ്, ബ്രിട്ടീഷുകാരിവിടെ വരുന്നതിന്നു മുമ്പുതന്നെ ഇന്ത്യയുടെ അക്ഷന്തവ്യങ്ങളായ അപരാധങ്ങളെ പ്രതിനിധീകരി യ്ക്കുന്നത്.

നമ്മുടെ പുരോഗമനത്തിന്റെ എതിരാളികളിൽച്ചിലർ എത്രത്തോളം തുച്ഛരും അവിവേകികളുമാണെന്നു ചിലപ്പോൾ വളരെ വ്യക്തമായിക്കാണു ന്നുണ്ട്. ഏതാണ്ടൊരു കൊല്ലംമുമ്പു ഡൽഹി പാർലിമെണ്ടിൽ ഒരു പ്രാ സംഗികൻ ഹിന്ദിയിൽ പ്രസംഗിയ്ക്കണമെന്നൊരു നിൎബ്ബന്ധം പ്രകടിപ്പിച്ചു. രാജാജിയ്ക്കതു മനസ്സിലാക്കാൻ സാധിച്ചെന്നു വരില്ല എന്ന ന്യായത്തിന്മേൽ അദ്ധ്യക്ഷൻ ആ സംരംഭത്തെ എതിൎത്തപ്പോൾ, രാജാജിയ്ക്കു ഹിന്ദി അറിഞ്ഞുകൂ ടെങ്കിൽ ഇന്ത്യയിൽ അദ്ദേഹത്തിന്നു യാതൊരു സ്ഥാനവുമില്ലെന്ന് ആ പ്രാസം ഗികൻ ആൎത്തുതിമൎത്തു. അതും, ഇന്ത്യയിലെ പ്രഥമഗണനീയരായ ആറു രാജ്യ ഭക്തന്മാരുടെ കൂട്ടത്തിൽ എന്തുകൊണ്ടും അഗ്രണിയായയൊരു മനുഷ്യനെപ്പററി. രാജാജി അന്നുതന്നെ ഉത്തരം കൊടുക്കുമായിരുന്നു: വളരെയായിരം കൊല്ല ങ്ങൾക്കുമുമ്പ്, ഉത്തരേന്ത്യയിലെ സാമൎത്ഥ്യമില്ലാത്ത നാവുകൾ സംസ്കൃത ത്തിന്റെ മധുരമനോഹരങ്ങളായ ശബ്ദങ്ങളെ ഉച്ചരിയ്ക്കാൻ യത്നിച്ചുനോക്കി യിട്ട് ഒരു പിടുത്തം കിട്ടാതെ ആഭാസമാക്കിത്തീൎത്തു്, അതിനെ അറബിയിലും പേർസ്യനിലുമുള്ള വാക്കുകളുമായി കൂട്ടിക്കലൎത്തി ഇന്നു നാം വിളിച്ചുവരുന്ന ഹിന്തുസ്ഥാനി ഉണ്ടാക്കാൻ കിണഞ്ഞുമെനകെട്ടുമ്പോൾ, തന്റെ പൂൎവ്വികർ വിശാലവും പൂൎണ്ണവുമായയൊരു ഭാഷ സംസാരിയ്ക്കുകയായിരുന്നു എന്ന്. മദിരാ ശിസംസ്ഥാനത്തിലെ ചില ജില്ലാകലക്ടർമാർ അവരുടെ പണിയൊക്കെ തമി ഴിൽച്ചെയ്യണമെന്ന ഒരാജ്ഞപോലും ഉണ്ടായിട്ടുണ്ടെന്നു നാം കേട്ടിട്ടുണ്ട്. വളരെ

എളുപ്പമുള്ള ഇംഗ്ലീഷുപദങ്ങളെ ക്ലിഷ്ടവും പലപ്പോഴും ദുഷ്ടവുമായ തരം തമിഴിലേയ്ക്കു വിവർത്തനം ചെയ്യാൻ എത്ര സമയം വ്യർത്ഥമാവുകയാണ്? എന്നല്ല, മദിരാശിയിലേയും ഡൽഹിയിലേയും സെക്രട്ടേറിയററുകളിൽ ചെല്ലുമ്പോരം അവിടെവെച്ചു ഇംഗ്ലീഷിലേക്കുതന്നെ വീണ്ടുമൊരു സംക്രമണത്തിന്നുള്ള സമയവ്യയവും!

തരംതാഴ്ത്തപ്പെട്ട ഒരു നൂറുകൂട്ടം വർഗ്ഗങ്ങരംക്കു നൂതനമായൊരു ജീവിതമാർഗ്ഗത്തിന്നുള്ള സൌകര്യങ്ങളും മാനുഷികമായ അന്തസ്സും കൊടുക്കുന്നതിൽ ഇംഗ്ലീഷുനിയമവും വിദ്യാഭ്യാസവും തികച്ചും ഉപയുക്തമായിത്തീന്നിട്ടുണ്ടെന്നു നാം നേർത്തെ കണ്ടു. ഈശ്വരൻ ഒന്നാണെന്നും എല്ലാ മനുഷ്യരും ഒന്നുപോലെ അദ്ദേഹത്തിൻെറ സന്താനങ്ങളാണെന്നും ഒരുപക്ഷേ ആ വേദങ്ങളും പറഞ്ഞിരുന്നിരിയ്ക്കാം. എന്നാൽ, ഈ ഇംഗ്ലീഷുവിദ്യാഭ്യാസത്തിൻെറ തുടക്കംതൊട്ടാണ് ആ തത്വം ആംശികമായെങ്കിലും അനുവദിയ്ക്കാൻ നമുക്കു മനസ്സുണ്ടായത്. രാഷ്ട്രീയവശത്തിൽ നമുക്കുണ്ടായിട്ടുള്ള എല്ലാ പുരോഗതികളും അതേ പ്രചോദനം കൊണ്ടാണെന്നും നാം കണ്ടു. അപ്പോരം, ആ വിദ്യാഭ്യാസസമ്പ്രദായത്തെ എതിർക്കുന്നവരൊക്കെത്തന്നെ, നാമിന്നു പ്രയാസപ്പെട്ടെത്തിപ്പെട്ടിട്ടുള്ള ഈ പുതിയ ഉയന്ന ജീവിതത്തെ പാടെ വെറുക്കുന്നവരാണെന്ന നിഗമനത്തിൽ നമുക്കെത്തേണ്ടിവരും.

ഇംഗ്ലീഷ് നമ്മുടെ മതബോധത്തെ ശോഷിപ്പിച്ചുകളഞ്ഞു എന്നതാണ് അതിന്നെതിരായുള്ള ഒരു വാദം. ഇതു തീരെ അവാസ്തവമാണ്. ശങ്കയും അന്ധവിശ്വാസങ്ങളും വളരെ മുമ്പുമുതല്ക്കേ നമ്മുടെ കൂടെയുണ്ട്. നമ്മെപ്പോലെ ധിഷണാശാലികളും ചിന്തകരുമായ ഒരു ജനതയിൽ മതകാര്യങ്ങളിലുള്ള സ്വതന്ത്രസിദ്ധാന്തങ്ങരം പല ഭിന്നരൂപങ്ങളിലും ഉണ്ടായിരുന്നു. ചാർവ്വാകനും ബുദ്ധനും അങ്ങനെതന്നെ ഒരു നൂറായിരം മററു സ്വതന്ത്രചിന്തകരും ഇവിടെ വളർന്നും വാദിച്ചുമിരുന്ന കാലത്ത് ഈ ഇംഗ്ലീഷുകാർ ഒരു ജനതയായിത്തീന്നിട്ടുപോലുമില്ല. വേദാന്തവും ഗീതയും പുരോഹിതനേയും ആചാരാനുഷ്ഠാനങ്ങളേയും നിരാകരിച്ച ചിന്തയുടെ രൂപഭേദങ്ങരംതന്നെ. ബ്രിട്ടീഷുകാരിവിടെ വരുന്നതിന്നു വളരെ മുമ്പുതന്നെ, ലക്ഷക്കണക്കിൽ മുസ്‌ലിങ്ങളും ക്രൈസ്തവരും ജൂതരും പാർസികളും നമ്മുടെ രാജ്യത്തുണ്ടായിരുന്നു. എന്നിട്ട്, അന്നൊന്നും മുസ്‌ലിങ്ങരംക്കും ക്രൈസ്തവർക്കും നമ്മുടെയാളുകളെ ആയിരക്കണക്കിൽ മതം മാററാൻ സാധിച്ചിട്ടുണ്ടെങ്കിൽ, അതു മറെറന്തിനേക്കാളും ഹിന്ദുവിൻെറ ജാതിയെന്ന പാപംകൊണ്ടാണ്. അല്ലാതെ ഇംഗ്ലീഷുപഠനം നമ്മെ

മുമ്പത്തേതിൽനിന്ന് ഇത്തിരിയെങ്കിലും താഴ്ന്ന ഹിന്ദുവാക്കീട്ടില്ല. പ്രത്യുത, ഇന്നത്തെ ഹിന്ദു തൻെറ പൂർവ്വികനേക്കാൾ വിവേകിയായൊരു ദൈവഭക്തനാണ്. ഹരിജനോദ്ധാരണം, ക്ഷേത്രപ്രവേശം മുതലായവ അതിന്നുള്ള പ്രത്യക്ഷദൃഷ്ടാന്തങ്ങളല്ലേ? പണ്ടൊക്കെയുണ്ടായിരുന്നതിനേക്കാൾ ലക്ഷക്കണക്കിലധികം ആളുകൾ അമ്പലങ്ങളിലേയ്ക്കിന്നു തീർത്ഥാടനത്തിന്നു പോവുന്നു. ഇനി അതിനെപ്പററി സംശയമുണ്ടെങ്കിൽ, ഗുരുവായൂരും പഴനിയും രാമേശ്വരവും കാശിയും ഒന്നു ചെന്നുനോക്കുകയേ വേണ്ടൂ. ദിവസം ചെല്ലുന്തോറും അവിടങ്ങളിൽ തീർത്ഥാടനക്കാർ എണ്ണത്തിൽ കുറയുകയോ കൂടുകയോ ചെയ്യുന്നതെന്നു നോക്കൂ. പോരാ, അവരിലെത്ര പേർ ഇംഗ്ലീഷുകൊണ്ടാണവിടങ്ങളിലൊപ്പിയ്ക്കുന്നതെന്നും പോയിനോക്കൂ. വാസ്തവത്തിൽ നിങ്ങളത്ഭുതപ്പെട്ടേയ്ക്കും. കാര്യമിതാണ് : ഇംഗ്ലീഷുകാരൻ ഒരു തരം ക്രിസ്ത്യനാണ്; എങ്കിലും അതിലേറെ മററുള്ളവരുടെ വിശ്വാസങ്ങളിൽ ഇടപെടാതിരിയ്ക്കാൻമാത്രം, അത്രയ്ക്കു സ്വാതന്ത്ര്യത്തിൻെറ ആരാധകൻകൂടിയാണവൻ. അവൻെറ ഗവർമ്മേണ്ട് ഒരു രാജ്യത്തും മതം പഠിപ്പിയ്ക്കുകയില്ല. ലോകത്തിലങ്ങോളമിങ്ങോളമുള്ള ക്രൈസ്തവ മിഷ്യനുകളിൽവെച്ച് എണ്ണത്തിലും വണ്ണത്തിലും ചെറുത് 'ആംഗ്ലിയ്ക്ക' നാണ്. ഒരിംഗ്ലീഷുവൈസ്റോയിയോ ഗവർണ്ണരോ മറെറാരു രാജ്യത്തു മതാധിപനായിരിയ്ക്കയില്ല. നിയമപരമായി അയാൾക്കങ്ങിനെ പാടില്ലതാനും.

വാസ്തവം പറയൂ, നമ്മുടെ ഭാഷകളെ ഇംഗ്ലീഷു തകർത്തുടച്ചിട്ടുണ്ടോ? ഇന്ത്യയുടെ മററുഭാഗങ്ങളിൽ എങ്ങിനെയാണെന്നെനിയ്ക്കറിയില്ല. എന്നാൽ, മലബാറിൽ ഫലം മറിച്ചാണ്. സംസ്കൃതത്തിൻേറയോ മലയാളത്തിൻേറയോ പഠനം ഏതെങ്കിലും വിധത്തിൽ അതുകൊണ്ടു നശിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. വാസ്തവം നോക്കുമ്പോൾ, പണ്ടത്തേക്കാളധികം ആളുകൾക്ക് ഇന്നതു രണ്ടും നല്ലവണ്ണമറിയുകയും ചെയ്യും. ഭട്ടതിരിയുടെ നാരായണീയം പോലെയോ ശങ്കരാചാര്യകൃതികളെപ്പോലെയോ ഉള്ള 'ക്ലാസിക്കു'കൾ എഴുതാവുന്ന ആരും തന്നെ ഇന്നു മലബാറിലില്ലെന്നു പറഞ്ഞുകേട്ടിട്ടുണ്ട്. നാമിവിടെ ഒന്നു വിസ്മരിയ്ക്കുന്നു. അത്തരത്തിലുള്ള ചുരുക്കം ചില കൃതികൾ വളരെയായിരം കൊല്ലങ്ങളിലൂടെയാണ് നമുക്കു കൈവന്നിട്ടുള്ളത്. അത്തരത്തിലുള്ള പ്രതിഭാശാലികളും എല്ലായ്പോഴും എവിടെയായാലും നന്നെ ചുരുക്കമായേ ഉണ്ടായെന്നുവരൂ ഒരു പൊതുഭാഷയല്ല സംസ്കൃതം എന്നും നാമോർക്കേണ്ടതുണ്ട്. അപ്പോൾ വാസ്തവമിതാണ്: സംസ്കൃതമിവിടെ ഉദാസീനമായിട്ടില്ലെന്നല്ല, ഇംഗ്ലീഷിൻെറ രാഷ്ട്രീയപ്രാധാന്യം ഇത്രയൊക്കെ പ്രകട

മായിരുന്നിട്ടും, ഈ കരയിലെ വളരെയായിരം ആളുകൾക്ക സംസ്കൃതത്തിൽ പരിഗണനീയമായൊരറിവുണ്ടായിട്ടുണ്ട്. മലയാളത്തിൽ എണ്ണത്തിൽ മാത്രമല്ല പ്രകൃതത്തിലും അതിന്റെ ഫലം ഇന്നും അത്ഭുതപൂർവ്വമാണ്. ആ ഭാഷയുടെ പുരോഗമനമാകട്ടെ, ശോഭനമാവും. എന്നല്ല, അത് അഗാധവും വിസ്തൃതവു മാവുകയും രൂപഭേദം കൈക്കൊള്ളുകയും ചെയ്തിട്ടുമുണ്ട്. പണ്ടുകാലത്ത് ഈ രാജ്യത്തിലെ ഓരോ മനുഷ്യനും പണ്ഡിതനായിരുന്നെന്നും ബ്രിട്ടീഷുകാർ വന്നതോടെ നമ്മെ പരിപൂർണ്ണമായ അജ്ഞതയിലിട്ടടച്ചതാണെന്നും പറഞ്ഞു നടക്കുന്നവരോടു ഞാനൊന്നു ചോദിയ്ക്കട്ടെ: ബ്രിട്ടീഷുകാരിവിടെ വരുന്ന തിന്നു മുമ്പത്തെ അയ്യായിരം കൊല്ലത്തിന്നിടയ്ക്കു മലബാറിൽ എടുത്തുപറയ ത്തക്കവരായി എത്രയെഴുത്തുകാരുണ്ടായിട്ടുണ്ട്? മറിച്ച്, ഇക്കഴിഞ്ഞ നൂറു കൊല്ലംകൊണ്ട് എത്രപേരുണ്ടായിട്ടുണ്ട്? നമ്മുടെ മലയാളത്തിലെ ഇന്നത്തെ എഴുത്തുകാരിൽച്ചിലർ ഏററവും മുന്തിയതരക്കാരാണെന്നും ശ്രദ്ധേയങ്ങളായ ഗ്രന്ഥങ്ങളുള്ള ഉല്പതിഷ്ണുക്കളായി ഒട്ടനേകംപേർ ഉണ്ടെന്നുമുള്ള വാസ്തവം ആരും നിഷേധിയ്ക്കയില്ല. പോകട്ടെ, ഒരു പുതിയ നിരൂപണസമ്പ്രദായവും മററ നേകം സ്വതന്ത്രസാഹിത്യശാഖകളും പാശ്ചാത്യസാഹിത്യത്തിന്റെ സാഹ ചര്യംകൊണ്ടു നമുക്കുണ്ടായിട്ടില്ല എന്നുണ്ടോ? അതുകൊണ്ടു ഭാഷ സമ്പന്നവും പുരോഗമനോന്മുഖവുമായിട്ടില്ല എന്നുണ്ടോ?

അങ്ങിനെതന്നെ ഞാൻ വിചാരിയ്ക്കുന്നു, ബങ്കാളി, ഹിന്ദി, തമിഴ് തുട ങ്ങിയ മററനേകം ഇന്ത്യൻ ഭാഷകളും ഇംഗ്ലീഷിന്റെ സ്വാധീനതയ്ക്കു കീഴ് വഴങ്ങി നവീനങ്ങളായ അനേകം രൂപങ്ങളിലേയ്ക്കു പുരോഗമിച്ചിട്ടുണ്ടെന്ന്. അന്യോന്യാശ്ലേഷംകൊണ്ട് ഒരു സംസ്കാരം മറെറാന്നിനെ തീരെ നശിപ്പിച്ചു കളയുകയില്ലെന്നു മനുഷ്യന്റെ അനുഭവം നമുക്കെടുത്തുകാട്ടിത്തരുന്നു. അതു കൊണ്ട് അനുചിതങ്ങളും അനൃതങ്ങളുമായവ രണ്ടിൽനിന്നും പുറംതള്ളപ്പെടു കയേയുള്ളു. എന്നിട്ടു, സമുചിതവും സാർത്ഥകവുമായവമാത്രമങ്ങിനെ അന്യോ ന്യോൽക്കർഷത്തിന്നുവേണ്ടി വിനിമയം ചെയ്യപ്പെടുകയാണ്. ഇന്ത്യയുമായുള്ള സമ്പർക്കംകൊണ്ടു തന്റെ ഭാഷയും സാഹിത്യവും പറയത്തക്കതൊന്നും നേടി ട്ടില്ല എന്നു പറയാൻ ഒരിംഗ്ലീഷുകാരനും ധൈര്യപ്പെടുകയില്ല. എന്നി രിയ്ക്കെ, അവരിൽനിന്നും നമുക്കൊന്നും കിട്ടീട്ടില്ല എന്നു പറയുന്നത് ഒരു തര ത്തിലും നമ്മുടെ ആളുകൾക്കൊരു ഭൂഷണമായിക്കരുതിക്കൂടാ.

ഇംഗ്ലീഷുഭാഷാധ്യയനംകൊണ്ടു നമ്മുടെ മതമോ സ്വാഭിമാനമോ ഭാഷ കളോ സംസ്കാരം തന്നേയുമോ അപകടത്തിലായിട്ടില്ല എന്ന സത്യാൽസത്യ

തരമായ കാര്യം സമർത്ഥിക്കാൻ മതിയായവിധം ഞാൻ പറഞ്ഞിട്ടുണ്ടെന്നു വിചാരിയ്ക്കുന്നു. അതിൻെറ നേരിട്ടുള്ള പ്രേരണകൊണ്ടു നമുക്കു പലതും നേടാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് എൻെറ വിശ്വാസം. അതിൻെറ വെറും സാഹിത്യം കൊണ്ടു പുതിയൊരാനന്ദത്തിൻെറയും അറിവിൻെറയും ഒരന്തരീക്ഷംമാത്രമല്ല, രാഷ്ട്രതന്ത്രത്തിൻെറ ഒരു വ്യവസ്ഥയും ശാസ്ത്രവും കൂടെ നമുക്കിന്നുണ്ടായിട്ടുണ്ട്. എന്തിന്, അതാണ് നമ്മെ ഒരു ജനതയാക്കിത്തീർത്തത്; അതാണ് നമ്മിലോരോരുത്തനേയും മനുഷ്യനാക്കിത്തീർത്തതു്.

എന്താണിനി! ശക്തിമാധുര്യങ്ങളുടെ സാരസർവ്വസ്വമായ ഇംഗ്ലീഷിനെ അങ്ങിനെ തീരെ വിട്ടേയ്ക്കുവാനാണോ നാം തുനിയുന്നത്? അതോ അമ്പതു നൂററാണ്ടുകാം നമ്മുടെ കൈകളെ ബലിഷ്ഠങ്ങളാക്കുകയും അതേസമയത്തു കാലുകളെ ശൃംഖലങ്ങളാക്കിക്കളയുകയും മനസ്സിനെ ഉജ്ജ്വലമാക്കുന്നതോടൊപ്പം വികാരംകൊണ്ടു വിഷലിപ്തമാക്കുകയും ചെയ്ത ആ പഴയ കാഷായത്തെ പാഞ്ഞണഞ്ഞു പുൽകാനാണോ നാം മടങ്ങിപ്പോകുന്നതു്?

ലോകത്തിലുള്ള ആളുകളുടെയിടയിൽ നാം മാത്രമിങ്ങനെ ജീവിതാവശ്യങ്ങൾക്കെല്ലാം ഒരു വിദേശഭാഷയുടെ കൂട്ടുപിടിയ്ക്കേണ്ടിവരിക എന്നതു തീർച്ചയായും നിർഭാഗ്യകരംതന്നെ. പക്ഷേ, അതേ സമയത്തുതന്നെ, തങ്ങളുടെ പഴമയുടെ മേലുറച്ചുനിന്ന് അയൽക്കാരനുമായി സഹകരിയ്ക്കാനോ എല്ലാംകൂടെ ഒന്നേകീകരിയ്ക്കാനോ മനസ്സില്ലാത്തതും ശക്തിയുറെറാരു പൊതു താൽപര്യം കൊണ്ടല്ലാതെ മറെറാന്നുകൊണ്ടും ഒന്നിയ്ക്കാനാവാത്തത്ര അന്യോന്യവിരുദ്ധങ്ങളായ അനേകം ചെറുരാഷ്ട്രങ്ങളെ കുഴഞ്ഞിമറിഞ്ഞു കുടുങ്ങിയ നിലയിലുൾക്കൊള്ളുന്ന മറെറാരു രാജ്യവുമില്ല എന്നും നാമൊന്നോർക്കേണ്ടതാണ്. എന്തായാലുംശരി, ബ്രിട്ടീഷുകാർ ഇവിടെ നമുക്കിന്നോളം ഉണ്ടായതിൽവെച്ച ഏററവും വലിയ ഏകീകരണശക്തിയായിരുന്നു. അതിന്നുപോയി. നാമൊന്നാണെന്ന മനോഭാവവും മറയാൻ തുടങ്ങി. ഭയങ്കരങ്ങളായ പഴയ വർഗ്ഗീയ സമൂഹങ്ങളിലേയ്ക്കുതന്നെ നാമിന്നു വീഴുകയാണ്. അപ്പോൾ, ഏതെങ്കിലുമൊരിന്ത്യൻഭാഷയെ നിർബ്ബന്ധമാക്കുകയാണെങ്കിൽ, ഈ പശ്ചാൽഗമനത്തിന്നു വേഗം കൂട്ടുകയേ ഉള്ളു. വികേന്ദ്രീകരണത്തിന്നുള്ള ഇന്നത്തെ കരുത്തുററ വാസനയോടു മെല്ലെയെങ്കിലും മല്ലിട്ടുനില്ക്കാൻ ഇംഗ്ലീഷിൻെറ സ്വാധീനതയ്ക്കേ സാധിയ്ക്കൂ. അതിവിടെ സന്നദ്ധമായി നിൽക്കുകയുമാണ്. ആയിരമായിരം ആളുകൾക്ക് അതുമായി പരിചയമുണ്ടെന്നല്ല, പാശ്ചാത്യചിന്തകാഗ്രണികളെക്കൊണ്ടുപോലും അത്ഭുതത്തോടെ തലകുലുക്കിസ്സമ്മതിപ്പിയ്ക്കാൻ മാത്രംപോന്ന

പാണ്ഡിത്യമുള്ള ഒരു നല്ല സംഖ്യയുമുണ്ടിവിടെ. ഇംഗ്ലണ്ടിൽനിന്നും അമേരിക്കയിൽനിന്നുമുള്ള യാത്രക്കാർ മാത്രമല്ല, അസൂയയുററ ഇംഗ്ലീഷുദ്യോഗസ്ഥന്മാർ പോലും നമ്മുടെ അഭിഭാഷകന്മാരേയും ഡോക്ടർമാരേയും പത്രാധിപന്മാരേയും പൊതുപ്രാസംഗികന്മാരേയുംപററി പുകഴ്ത്തിക്കൊണ്ടു പറയുന്നതു ഈ ഞാൻ പോലും പലവുരു കേട്ടിട്ടുണ്ട്. അക്കൂട്ടത്തിൽ ചിലക്കു സാർവ്വലൌകികമായ സമ്മതിതന്നെ കിട്ടീട്ടുണ്ട്. മിസ്സിസ് സരോജിനിനായ്ഡുവും ടോറുഡട്ടും ടാഗോറും പണ്ഡിററ് നെഹറുവും ഇംഗ്ലീഷുസാഹിത്യത്തിൽ അനശ്വരമായൊരു സ്ഥാനംതന്നെ കൈക്കലാക്കിക്കഴിഞ്ഞവരാണ്. ആദ്ധ്യാത്മികങ്ങളായ കാര്യങ്ങളെ നവീനഭാഷയിൽ അങ്ങനെ നേക്കുപറഞ്ഞു ഫലിപ്പിയ്ക്കാനുള്ള പ്രതിഭാസാമത്ഥ്യത്തിൽ ഗാന്ധിജിയെ വെല്ലാൻ ഇംഗ്ലീഷുകാക്കു കഴിഞ്ഞിട്ടില്ല. രമേശ്ഡട്ട് രാമായണവും മഹാഭാരതവും മനോഹരമായ ഇംഗ്ലീഷുഹെക്സോമീററിലേയ്ക്കു തർജ്ജമചെയ്തു. അബ്ബാസ്, ആർ. കെ. നാരായണൻ, മുൾക്ക്രാജ് ആനന്ദ് തുടങ്ങിയ അനേകം പേർ, ഇംഗ്ലീഷുഭാഷയ്ക്കു് ഇന്ത്യൻ രക്തത്തിൽ അലിഞ്ഞു ചേരാൻ സാധിയ്ക്കുമെന്നും ഇംഗ്ലീഷുപ്രതിഭയും ഇന്ത്യൻ പ്രതിഭയും തമ്മിലിണങ്ങിച്ചേന്നൊരു മധുരമനോഹരമായ ആവിഷ്കരണം സാധിയ്ക്കുമെന്നും കാട്ടിക്കഴിഞ്ഞു. ഇവക്കും ഇങ്ങനെതന്നെ മററനേകം പേക്കും ഇംഗ്ലീഷ് ഒരു വിദേശഭാഷയല്ലാതായിത്തീന്നിട്ടുണ്ട്. എന്തിനു, നാംതന്നെ നമ്മുടെ ദൈനന്ദിനസംഭാഷണങ്ങളിൽ ഇംഗ്ലീഷുവാക്യങ്ങളൊഴിച്ചുകൂടാത്തതായി അനുഭവപ്പെട്ടവരാണ്. സാഹിത്യപരമായതിലധികം സാമ്പത്തികമായ കാരണങ്ങളെക്കൊണ്ടു പ്രശസ്തരാകാതിരുന്ന യുവാക്കന്മാർ എത്രയെങ്കിലുമുണ്ടായിരിയ്ക്കണം. അവരുടെ കാലത്ത്, ഇന്നെന്തെന്നില്ലാതെ വളന്നുവരുന്നതു പോലെ, ഇംഗ്ലീഷു ലേഖനമെഴുത്തുകൊണ്ടു ഉപജീവനം സാദ്ധ്യമായിരുന്നില്ല. അങ്ങിനെതന്നെ പല യുവാക്കളും അവരുടെ സാഹിത്യപരമായ കഴിവുകളെ വലിച്ചെറിഞ്ഞു, ക്ലുപ്തമായൊരു വരുമാനമുണ്ടാകുന്ന മററു പ്രവൃത്തികൾക്ക് ഇറങ്ങിത്തിരിച്ചിട്ടുമുണ്ട്. ഞാൻ വിചാരിയ്ക്കുന്നു: ചരിത്രത്തിൽ 'ആംഗ്ലോ-അമേരിയ്ക്കൻ യുഗം' എന്നു വിളിയ്ക്കാവുന്ന ഇന്നത്തെ പുതിയ പരിതസ്ഥിതിയിൽ, മറേറതിന്ത്യൻഭാഷയിലെന്നതിനേക്കാളും ഇംഗ്ലീഷിലൂടെയാണെങ്കിൽ, ലോകത്തെ ആനന്ദിപ്പിയ്ക്കാനും വേദാന്തങ്ങളിലും മററു കാര്യങ്ങളിലും സ്വാധീനത ചെലുത്തുവാനും സാധിയ്ക്കും എന്ന്.

പ്രായോഗികമായ ബുദ്ധിമുട്ട് എന്നൊരു പ്രശ്നവുംകൂടെയുണ്ട്. നമുക്കിംഗ്ലീഷുപേക്ഷിയ്ക്കാമെന്നു പറയാൻ എളുപ്പംകൂട്ടും. പക്ഷെ, ഇന്ത്യയിൽ അതിൻെറ

സ്ഥാനം പെട്ടെന്നേറെറടുക്കാൻ മറേറതുഭാഷയുണ്ട്? ഒന്നും സന്നദ്ധമോ പൎയ്യാപ്തമോ അല്ല; ഇന്ത്യയിൽ ഏററവുമധികം ഉപയോഗിയ്ക്കുന്നത് ഹിന്ദിയാണെന്ന് അവകാശപ്പെടുന്നു. എന്നാൽ, ഒരു രാഷ്ട്രഭാഷയുടെ ഉത്തരവാദിത്വത്തിന്നു വേണ്ട മറെറാരു ഗുണവും അതിന്നില്ല. സാഹിത്യപരമായ കോപ്പിലാണെങ്കിൽ, ബങ്കാളിയ്ക്കും തമിഴിന്നും താഴെയാണതു തീച്ച്യയായും. ശാസ്ത്രോപയോഗിയായ സാങ്കേതികപദസമ്പത്തിയിലോ ധനശാസ്ത്രം, ചരിത്രം തുടങ്ങിയ വിജ്ഞാനത്തിന്നാവശ്യകങ്ങളായ പൊതുവിഷയങ്ങളെപ്പററിയുള്ള പാഠ്യപുസ്തകങ്ങളുടെ കാൎയ്യത്തിലോ ആവട്ടെ, അതിന്നാദ്യമായിത്തന്നെ നുള്ളിപ്പിടിച്ചുണ്ടാക്കേണ്ടിയിരിയ്ക്കുന്നു. എന്നല്ല, ഏകദേശം ഇരുന്നൂറുമില്യണിലധികം ആളുകൾക്ക് അതു പുതുതായിത്തന്നെ പഠിച്ചുതുടങ്ങേണ്ടതുമുണ്ട്. അവരിൽ വളരെപ്പേർ അതിന്നെതിരാണുതാനും. അതിൻെറ നിൎമ്മാണത്തിന്നും പ്രചരണത്തിന്നും ചുരുങ്ങിയത് അമ്പതുകൊല്ലത്തെ ഇടവിടാതുള്ള യത്നം വേണ്ടിവരും.

ഇന്ദ്രജാലക്കാരൻെറ മാന്തയ്യപോലെ രണ്ടുമൂന്നു ചാട്ടത്തിന്ന് ഒരു ഭാഷ വളൎന്നുവരില്ല. പതുക്കെയെങ്കിലും ശക്തിയുക്തമായ പ്രേരകശക്തിയുടെ സഹായത്തോടെയുള്ള ഒരു വളൎച്ച്യയാണതിൻേറത്. അതിന്നു പ്രചാരം പരത്താൻ അതിനെ ആദ്യംതന്നെ കൊള്ളാവുന്നൊന്നാക്കുകയാണ് വേണ്ടത്; ഒരൌദ്യോഗികമായ ആജ്ഞകൊണ്ട് അതിഷ്ടപ്പെടാത്ത ആളുകളുടെമേൽ വെച്ചുകെട്ടുകയല്ല. മററു ഭാഷകളിൽനിന്ന് ആശയങ്ങളും വാക്കുകളും അതു തന്നിൽ വിലയിപ്പിയ്ക്കുകയും വേണം. അല്ലെങ്കിൽ, അതങ്ങിനെത്തന്നെ നിശ്ചേഷ്ടമായിപ്പോയേയ്ക്കും. ഈ ഇംഗ്ലീഷുതന്നെ ലോകത്തിൽ ഇത്രത്തോളം പരന്നു പടൎന്നുപിടിച്ചതു രാഷ്ട്രീയമായും വ്യാപാരപരമായും കൊള്ളാവുന്നൊന്നായതുകൊണ്ടാണ്. ഇന്നും അതിൻെറ വളൎച്ച നിലച്ചിട്ടില്ല. പുതിയ പുതിയ സാംസ്കാരികരൂപങ്ങൾ എവിടെയെവിടെ കണ്ടെത്തുന്നുവോ അവിടെയൊക്കെ ഓടിച്ചെന്ന് അതോക്കെയും സാത്മീകരിയ്ക്കുമെന്നല്ല, മറേറതുഭാഷയിൽനിന്നുള്ള പദങ്ങളും എന്തൊന്നില്ലാത്തൊരന്തൎദ്ദാഹത്തോടെ അതിൻെറ പദസമ്പത്തിൽ ചേൎക്കുകയും ചെയ്യും. എല്ലാ ശാസ്ത്രീയസാങ്കേതികശബ്ദങ്ങളും ലാററിനിൽനിന്നും ഗ്രീക്കിൽനിന്നുമായതുകൊണ്ട് ഫ്രഞ്ചിലും ജൎമ്മനിയിലും മററനേകം ഭാഷകളിലും അടിസ്ഥാനപരമായൊന്നാണ്. പൊതുവായ ഉപയോഗത്തിന്നുള്ള അതിലെ വാക്കുകളാകട്ടെ, ലോകത്തിലുള്ള എല്ലാ ഭാഷകളിൽനിന്നും സഞ്ചയിച്ചതുമാണ്. കഴിഞ്ഞ മുപ്പത്തഞ്ചു കൊല്ലത്തിലിടക്ക് ഇന്ത്യയിൽനിന്നുമാത്രമാ

യിത്തന്നെ അമ്പതിനായിരത്തിലധികം സ്വീകരിച്ചിട്ടുണ്ട്. ഉറദുവിൽനിന്നും പേർസ്യനിൽനിന്നും എടുത്തതും ഈസ്റ്റിന്ത്യാകമ്പനി ഭരണവിഷയത്തിൽ, പ്രത്യേകിച്ചും റവന്യൂഡിപ്പാർട്ടുമെണ്ടിൽ, ഉപയോഗിച്ചിരുന്നതുമായ സംഗതി കാംതന്നെ നോക്കിയാൽമതി. മറിച്ചു നാമാകട്ടെ, ആധുനികശാസ്ത്രത്തിൻെറ എണ്ണിയാലൊടുങ്ങാത്തത്രയധികം സാങ്കേതികശബ്ദങ്ങളെ ഒരു നൂറുഭിന്ന ഭാഷകളിലേയ്ക്കു തർജ്ജമചെയ്യാൻ ഉററു ശ്രമിയ്ക്കുയാണ്. എന്നിട്ടു വിദേശീയങ്ങളായ പദങ്ങളെ അകററിനിർത്താനുള്ള നമ്മുടെ ബദ്ധപ്പാടിൽ നമുക്കു കിട്ടുന്നതോ അനുചിതങ്ങളും അനിശ്ചിതങ്ങളും സാർവ്വലൌകികപ്രശസ്തിയുള്ള സംജ്ഞകളേക്കാം ഭയാനകങ്ങാംകൂടിയുമായ ഒട്ടനേകം വികൃതസ്വരൂപങ്ങാംമാത്രം. സമയത്തിൻേറയും ശക്തിയുടേയും എന്തൊരുഗ്രമായ വ്യഥാവ്യയം! പുറംരാജ്യങ്ങളിൽ ഉപരിപഠനത്തിന്നു പോവാൻ വല്ലവരും ശ്രമിയ്ക്കുന്നുണ്ടെങ്കിൽ, വീണ്ടുമൊന്നു പഠിച്ചുണ്ടാക്കാൻ അവൎക്കുള്ളൊരു ബുദ്ധിമുട്ടും!

ഇനി ഇംഗ്ലീഷിന്നു പകരം വരുന്നത് ഏതു ഭാഷയായിരിയ്ക്കും? ഇന്ത്യയുടെ ആത്മാവിൻെറ ശരിയായ പിൻതുടൎച്ചാവകാശിയായ സംസ്കൃതംമാത്രമാണ് അതിന്നവകാശി. വളരെക്കാലം മുമ്പു രൂപത്തിലും ഭാവത്തിലും വലിയ ദുശ്ശാഠ്യക്കാരനായതുകൊണ്ടു സ്ഥാനഭ്രംശം വന്നുപോയവനാണവൻ. ഇന്ത്യക്കൊരു രാഷ്ട്രഭാഷ ഇംഗ്ലീഷിൽനിന്നന്യമായി വേണമെങ്കിൽ, സംസ്കൃതത്തെ തിരിച്ചുകൊണ്ടുവരികയേ നിവൃത്തിയുള്ളു. അതിന്നു സൌന്ദൎയ്യവും തറവാടിത്തവും അന്തസ്സും എന്നുവേണ്ട ആശയങ്ങളുടേയും പദങ്ങളുടേയും അതുല്യമായൊരു സമ്പത്തികൂടിയുണ്ട്. ശാസ്ത്രങ്ങാംക്കാവശ്യമായ സാങ്കേതികസംജ്ഞാശാസ്ത്രം നമുക്കു നല്കാൻ അതിന്നേ കഴിവുള്ളു. ഏററവും ആദ്ധ്യാത്മികങ്ങളായ ആശയങ്ങാം ഉാംക്കൊള്ളുന്ന വേദാന്തത്തിൻേറയും മധുരമനോജ്ഞമായ കാവ്യത്തിൻേറയും ഭാഷയാണത്. ഇന്ത്യയിലെ ഹിന്ദിയടക്കമുള്ള മററു ഭാഷകളുടെ സാഹിത്യങ്ങളാകട്ടെ, ഇന്ത്യയിലെ വൎഗ്ഗങ്ങളുടെ സംസ്കാരമാകട്ടെ, ഇതിൻെറ വിജ്ഞാനത്തിൻേറയും സൌന്ദൎയ്യത്തിൻേറയും വെറും കണ്ണാടിയിലാക്കപ്പെട്ട പ്രതിഫലനങ്ങാംമാത്രമാണ്. ഇന്ത്യയുടെ ആത്മാവിനെ പ്രതിഫലിപ്പിച്ചുകാട്ടാനും പാശ്ചാത്യരുടെ ഏതാശയങ്ങളേയും പദസഞ്ചയം കടംവാങ്ങാതെ ആവിഷ്കരിയ്ക്കാനും പോന്ന ഏകഭാഷയും അതാണ്. എന്നല്ല ഈശ്വരനും പ്രകൃതിയും രൂപപ്പെടുത്തിയ വിധത്തിൽ ഇന്ത്യയുടെ രാഷ്ട്രഭാഷയും സാർവ്വലൌകികമായ പഠനത്തിന്നു കൊള്ളാവുന്ന ഏക ഇന്ത്യൻഭാഷയും അതാണ്. എന്തുകൊണ്ട് അതിന്നുവേണ്ടി ഒരു കൊണ്ടുപിടിച്ച വാദം തുടങ്ങുന്നില്ല? ഒരു

പക്ഷെ അതു വെറും അങ്ങാടിപ്പഞ്ചായത്തല്ല, മറിച്ച് നല്ലവണ്ണം പഠിച്ചുണ്ടാക്കേണ്ടതുതന്നെയാണ് എന്നതുകൊണ്ടായിരിയ്ക്കാം. ലക്ഷക്കണക്കിലുള്ള തമിഴരും തെലുങ്കരും മററും ഹിന്ദുസ്ഥാനി പഠിയ്ക്കണമെന്നു ഹിന്ദുസ്ഥാനിക്കാർ സോല്ലാസം ആവശ്യപ്പെടുന്നു. തമിഴും തെലുങ്കും പഠിയ്ക്കണമെന്നൊരു നിർബ്ബന്ധം അവരുടെ മേൽവെച്ചുകെട്ടിയാൽ അവർക്കെന്തായിരിയ്ക്കും അനുഭവപ്പെടുകയെന്നു ഞാൻ ചോദിയ്ക്കുന്നു.

ഇന്ത്യയ്ക്ക് ഇംഗ്ലീഷല്ലാതെ മറെറാരു രാഷ്ട്രഭാഷ കൂടിയേകഴിയൂ എന്നു തോന്നുന്നപക്ഷം, ലോകത്തിലെ ഏററവും മഹത്തായ ഭാഷയുടെ—സംസ്കൃതത്തിൻെറ—മാധുര്യസൌന്ദര്യങ്ങളും ഓജസ്സും അന്തസ്സും പഠിപ്പിയ്ക്കുന്നതിലുള്ള ബുദ്ധിമുട്ടിനെ ഈ ഭാഷക്കാരെല്ലാംതന്നെ പങ്കിട്ടെടുക്കട്ടെ. അവരുടെ അനേകംഭാഷകളിലുള്ള സംഭാഷണങ്ങളിൽ അവയ്ക്കിന്നുള്ളതിനേക്കാൾ അവരെയത് അന്തസ്സുററവരാക്കിത്തീർക്കും. അതവരെ ഒരൊററ ലക്ഷ്യംമാത്രമുള്ള ഗൌരവംകൂടിയൊരു ജനതയാക്കിത്തീർക്കും. അറബിക്കിനോടൊട്ടിപ്പിടിയ്ക്കുന്ന മുസ്ലിമിൻെറ കാര്യമാണ് മറെറാരു പ്രശ്നം. ക്രിസ്ത്യനെപ്പററിയാണെങ്കിൽ, ലോകത്തിലെ ഏതുഭാഷയിൽക്കൂടെയായാലും തൻെറ വേദത്തെ സ്വീകരിച്ചാദരിയ്ക്കാനും പ്രസംഗിയ്ക്കാനും അവന്നു സന്തോഷമേയുള്ളു. മുസ്ലീം അങ്ങനെയൊന്നും വഴങ്ങുന്ന കൂട്ടത്തിലല്ല. അതുകൊണ്ടു, മതസംബന്ധമായ കാര്യങ്ങൾക്കുവേണ്ടി സ്വകാര്യമായി അറബിക് പഠിയ്ക്കാൻ അവരെ അനുവദിയ്ക്കേണ്ടതാണ്. എന്നാൽ, ഇന്നവർ ഇംഗ്ലീഷിനെ എങ്ങിനെ സ്വീകരിച്ചുവോ അങ്ങിനെതന്നെ രാഷ്ട്രഭാഷയേയും സ്വീകരിയ്ക്കണം. സംസ്കൃതത്തിന്നുള്ള ഏക ദോഷം ആ ഭാഷയുടെ ദാർഢ്യമാണ്. ഒരു മൃതഭാഷ വീണ്ടും ഉയിർത്തെഴുനേൽക്കുകയില്ലെന്നു വിദഗ്ദ്ധന്മാർ പറയുന്നു. പക്ഷെ, ലാററിൻ ഇററാലിയനും ഫ്രഞ്ചുമായതുപോലെ, ദൈനന്ദിനമായ വിശാലോപയോഗംകൊണ്ട്, അതു രൂപത്തിൽ പരിവർത്തിതവും ഭാവത്തിൽ പരിഷ്കൃതവുമാവുകയും ചെയ്യും. ഹിന്ദി സംസ്കൃതത്തിൽനിന്നു പൊട്ടിപ്പുറപ്പെട്ട ഒരു ശാഖയാണ്. അതു രാജ്യത്തിൻെറ ഒരൊററഭാഗത്തുമാത്രം ഒതുങ്ങിനിൽക്കുന്നതുമാണ്. ശബ്ദങ്ങളിൽ സ്ഖാലിത്യങ്ങളുണ്ടെന്നുമാത്രമല്ല പദസമ്പത്തിലും സാഹിത്യത്തിലും ദരിദ്രം കൂടിയാണതു്. സംസ്കൃതത്തിന്നാണെങ്കിൽ അത്തരമൊരു കുറവും പറഞ്ഞുകൂടാ. അതിത്രത്തോളം പൂർണ്ണമായിരിയ്ക്കെ, ഹിന്ദി എടുക്കുന്നതിനേക്കാൾ പകുതി സമയംകൊണ്ട് അതിന്നിവിടെ സ്ഥാനാവരോധത്തിന്നു സാധിയ്ക്കുകയും ചെയ്യും. എന്നല്ല, അത്തരത്തിലുള്ള അതിൻെറ പരിഷ്കാരം അതിനെ കൂടുതൽ സ്വീകാര്യയോഗ്യമാക്കുകയേയുള്ളു.

ഹിമാലയംതൊട്ട കന്യാകുമാരിവരെയുള്ള ഓരോ ഭാഷയേയും അടക്കി ഭരിയ്ക്കാൻപോന്ന ഒരു വിദേശഭാഷകൊണ്ട് ഈ പ്രാദേശികഭാഷകാം കീഴമത്ത പ്പെടുകയും അവയെ മുക്കിക്കളകയും ചെയ്യുന്ന ദിവസമായിരിയ്ക്കും ഇന്ത്യയുടെ യഥാൎത്ഥമഹത്വത്തിൻെറ അരുണോദയം. കുറച്ചൊന്നു കഠിനമാണെങ്കിലും, കേന്ദ്രഗവമ്മേണ്ട പത്തുകൊല്ലത്തെ അവധിയെപ്പററിയുള്ള അവരുടെ ഈ പ്രീണനനയത്തെ ഒക്കെയൊന്നു മാററിനിൎത്തി, ഈ കാര്യത്തിലും ഭാഷയെ അടിസ്ഥാനപ്പെടുത്തിയുള്ള സംസ്ഥാനങ്ങളുടെ കാര്യത്തിലും ഒരുറച്ച നയം കൈക്കൊള്ളേണ്ടതാണ്. ഇന്ത്യയിൽ നമുക്ക് ഒരൊററ ഗവമ്മേണ്ടമാത്രം മതി; എന്തിനീ സംസ്ഥാനങ്ങളൊക്കെ? ഒരു കച്ചവടസംഘത്തിൻെറ വളച്ചയിലുള്ള ഓരോ ഘട്ടങ്ങളുടേയും അവശിഷ്ടങ്ങളെന്നല്ലാതെ ഇന്നവയ്ക്കു മറെറാരൎത്ഥവുമില്ല. ഇന്ത്യ ഒന്നാവണമെങ്കിൽ അവ മാഞ്ഞുപോവുകതന്നെ വേണം. ഈ നാട്ടുരാജ്യങ്ങളെയൊക്കെ ഇങ്ങനെ ഒപ്പിയെടുക്കാമെങ്കിൽ, ഈ സംസ്ഥാനങ്ങളെയായിട്ട എന്തുകൊണ്ട വിലയിപ്പിച്ചുകൂടാ?

ഒരു ഗവമ്മേണ്ട് എന്നു പറഞ്ഞാൽ ഒരൊററ വിദ്യാഭ്യാസം മാത്രമാവണം. അതും നിഷ്ക്കൎഷ്കൊണ്ടല്ല. ഇംഗ്ലീഷു വന്നതുപോലെ പ്രേരണകൊണ്ട മാത്രം. ഒരു ക്ലിപ്തസമയത്തിന്നുള്ളിൽ എല്ലാ ആധാരങ്ങളും രാഷ്ട്രഭാഷയിലായിരിയ്ക്കുമെന്നും ഉയൎന്ന ഉദ്യോഗസ്ഥന്മാരുടെ നിയമത്തിന്ന് ആ ഭാഷയിലുള്ളൊരു ഡിഗ്രിയോടൊപ്പം ഇംഗ്ലീഷിൽ പ്രായോഗികമായൊരറിവുംകൂടെ വേണ്ടതാണെന്നും പ്രഖ്യാപിയ്ക്കട്ടേ. പൊതുജനങ്ങളുടെ സ്കൂളുകളും സൎവ്വകലാശാലകളും തീൎച്ചയായും ആവഴിയ്ക്കു പിൻതുടരും. അങ്ങനത്തൊരു പ്രഖ്യാപനവും അത്തരമൊരു നയവും സാംസ്ഥാനികവാദികളെ അരിശംപിടിപ്പിച്ചട്ട ഹസിപ്പിച്ചേയ്ക്കും. സംശയമൊന്നേയുള്ള: അങ്ങനെയൊരു കൊടുങ്കാററിനെ എതിൎത്തു ചെറുത്തുനില്ക്കാനുള്ള ധൈര്യം നമ്മുടെ ഗവമ്മേണ്ടിനുണ്ടാകുമോ എന്നുമാത്രം.

'ഹേ, പിറുപിറുപ്പുകാരാ, അപ്പോഠംപ്പിന്നെ നിനക്കെന്താണ് വേണ്ടത്? ഇംഗ്ലീഷ് എന്നന്നേയ്ക്കും നിലനിൎത്താൻ വേറെയും വാദം കൊണ്ടുവരികയാണോ' നിങ്ങാം ചോദിയ്ക്കും. ഒന്നു വ്യക്തമാണ്: മറെറാരു ഭാഷ ഇംഗ്ലീഷിൻെറ സ്ഥാനത്തു വളൎന്നുവന്നു സാൎവ്വദേശീയമായൊരു സമ്മതിനേടാൻമാത്രം പ്രാധാന്യം കിട്ടുന്നതുവരെ, നമുക്കിംഗ്ലീഷുതന്നെ തുടരേണ്ടതാണ്. പ്രായോഗികങ്ങളായ രണ്ടു നിൎദ്ദേശങ്ങാം എനിയ്ക്കു നല്കാനുണ്ട്. മററു രാഷ്ട്രങ്ങാം ചെയ്തപോലെ ശാസ്ത്രസങ്കേതങ്ങാം നമുക്കും മാററാതിരിയ്ക്കുക. മറെറാന്നു

സാംസ്ഥാനികഭാഷകളെപ്പററിയാണ്. ബ്രിട്ടീഷുകാരുടെ കാലത്തു നമ്മുടെ കുട്ടികൾക്കു രണ്ടു ഭാഷകളേ പഠിയ്ക്കേണ്ടിയിരുന്നുള്ളു: ഇംഗ്ലീഷും സംസ്കൃതമോ അല്ലെങ്കിൽ പ്രാദേശികഭാഷയോ, ഏതെങ്കിലൊന്നും. ഇപ്പോൾ ആവശ്യകതയുടേയും രാജ്യസ്നേഹത്തിൻേറയും കെട്ടിമറിച്ചിൽകൊണ്ട് അവയ്ക്കു മൂന്നുനാലെണ്ണം പഠിയ്ക്കേണ്ടിവരുന്നു; ഇംഗ്ലിഷും ഹിന്ദിയും, ഒഴിച്ചുകൂടാത്തതെന്ന നിലയ്ക്കു പ്രാദേശികഭാഷയും, പഴയ സംസ്കാരത്തെ വിലമതിയ്ക്കുന്നവർക്കുവേണ്ടി സംസ്കൃതവും. ഇതൊക്കെ സമയത്തിൻെറ വ്യർഥവ്യയമാണ്. നമുക്കതു രണ്ടാക്കിച്ചുരുക്കണം: രാഷ്ട്രഭാഷ ഏതാണ് വന്നതെങ്കിൽ അതും സാർവ്വലൌകികകാര്യങ്ങൾക്കുവേണ്ടി ഇംഗ്ലീഷും. രാഷ്ട്രഭാഷ ഒന്നു നിലയുറപ്പിയ്ക്കുന്നതുവരെയെങ്കിലും പ്രാദേശികഭാഷകളെ സ്കൂളുകളിൽ കയററരുത്. അതു സംസാരിയ്ക്കുന്ന ആളുകളുടെ നൈസർഗ്ഗികസ്നേഹത്തിന്നും ആസക്തിയ്ക്കും മുമ്പിൽ നമുക്കതിനെ വിട്ടുകൊടുക്കുക. അങ്ങിനെ ചെയ്തു എന്നിരിയ്ക്കട്ടെ, എന്നാൽത്തന്നെ, അവയങ്ങിനെ ഗതി മുട്ടിപ്പോവുമെന്നു ഞാൻ കരുതുന്നില്ല. എന്തായാലും അവ നിത്യോപയോഗികളാണല്ലോ എന്നല്ല, ഏകീകൃതമായ ഒരിന്ത്യൻ ജീവിതത്തിന്ന് അതെന്നും ആപത്തിൻെറ ബീജങ്ങളായിരിയ്ക്കുകയും ചെയ്യും.

അപ്പോൾ, ഞാൻ പറയുന്നതിതാണ്. കഴിയുന്നതും ഇംഗ്ലീഷിനെത്തന്നെ നിർത്തുകയാണ് ഇന്ത്യയ്ക്കു നല്ലത്. ഇനി വേറൊരു രാഷ്ട്രഭാഷതന്നെ വേണമെന്നുണ്ടെങ്കിൽ, അതിന്നു സംസ്കൃതത്തിന്നുമാത്രമെ അർഹതയുള്ളു. പക്ഷെ, അപ്പോഴും ഒഴിച്ചുകൂടാത്ത ഒരു രണ്ടാം ഭാഷയായി ഇംഗ്ലീഷു തുടൎന്നുപോവുക തന്നെ വേണം! അല്ലെങ്കിൽ, എല്ലാ ഇന്ത്യൻഭാഷകൾക്കും പഴമയിലേയ്ക്കു വലിച്ചിഴയ്ക്കാനുള്ള ഒരു വാസനയുണ്ടു്. അതിനെ തിരുത്തി ശരിപ്പെടുത്താൻ ഇംഗ്ലീഷിന്നേ സാധിക്കു.

KOTTAYAM PUBLIC LIBRARY
KOTTAYAM

Cl. No. 1904 SIV:C Acc. No. 22667

This book should be returned on or before the date last stamped below.

| | | |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |
| | | |

If the book is not returned on due date
a fine of ₹1 per day will be charged

M04
SIV.C
22667

ശിവദാസമേനോൻ. എം. വി.

ചില്ലറ ചില്ലറ നാണ്യങ്ങൾ.